# കൈനകരി ഗ്രാമ പഞ്ചായത്ത്

## വികസന രേഖ





അധികാരം ജനങ്ങളിലേക്ക്



"ഇൻഡ്യയുടെ പുരോഗതി ഗ്രാമങ്ങളിലൂടെ"
മഹാത്മാ ഗാന്ധി
ഗ്രാമസ്വരാജ് യാഥാർത്ഥ്യമാകുന്നു .......


## എഡിറ്റോറിയൽ ബോർഡ്

എം. സി. പ്രസാദ് (ചെയർമാൻ), കെ. എ. പ്രമോദ് (കൺവീനർ),

ബി. കൃഷ്ണകുമാരി, ബേബി പാറക്കാടൻ, പി. റ്റി. ജോസഫ്,

മറിയാമ്മ ജോസഫ്, വേണുഗോപാൽ, സിബിച്ചൻ വർഗ്ഗീസ്, പി. വി. വിനോദ്

40-6


KERALA
ALLEPPEY DISTRICT
ALAPPUZHA DISTRICT
KAINAKARY
Alappuzha Municipality




# കൈനകരി ഗ്രാമ പഞ്ചായത്ത്

# വികസന രേഖ



സി. കെ. ത്രിവിക്രമൻ
(ആദ്യ പ്രസിഡന്റ്)



ശ്രീമതി ബി. കൃഷ്ണകുമാരി
(പ്രസിഡന്റ്)



എം. സി. പ്രസാദ്
(വൈസ് പ്രസിഡന്റ്)



പി. കെ. മാധവൻ
(ചെയർമാൻ സ്റ്റാഡിംഗ് കമ്മറ്റി)

| | |
|---|---|
| എം. എസ്. കുട്ടപ്പൻ | (മെമ്പർ) |
| സെബാസ്റ്റ്യൻ വർഗ്ഗീസ് | ,, |
| മേരിയമ്മ സെബാസ്റ്റ്യൻ | ,, |
| സി. ജി. വിശ്വനാഥൻ | ,, |
| സാവിത്രിക്കുട്ടിയമ്മ | ,, |
| ചാക്കോ കെ. പി. ജി. | ,, |
| എം. ജി. ലേഖാദേവി | ,, |

# ഉള്ളടക്കം


- ★ ആമുഖം
- ★ ചരിത്രം
- ★ ഭൂപ്രകൃതി, ജലപ്രകൃതി, ജനം
- ★ വികസന മേഖലാ അവലോകനം
- ★ കൃഷിയും ജലസേചനവും
  - ★ മൃഗസംരക്ഷണവും, മത്സ്യബന്ധനവും
  - ★ വിദ്യാഭ്യാസം
  - ★ കുടിവെള്ളവും പൊതുജനാരോഗ്യവും
  - ★ വ്യവസായം
  - ★ ഗതാഗതം, ഊർജ്ജം, വാർത്താവിനിമയം
  - ★ പാർപ്പിടവും സാമൂഹ്യക്ഷേമവും
  - ★ സംസ്കാരം
  - ★ വനിത
  - ★ സഹകരണമേഖല
  - ★ പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം
  - ★ ടൂറിസം
  - ★ വിഭവസമാഹരണം
- ★ ഉപസംഹാരം

# ആമുഖം

"നിർദ്ധനനും തൊഴിലില്ലാത്തവനും അവഗണിതനും അശരണനും ആയ ഇവന്റെ മുഖം ഏതു ഭരണനയം ആവിഷ്കരിക്കുമ്പോഴും ഭരണകർത്താവിന്റെ മുന്നിൽ ഉണ്ടായിരിക്കണം" അരനൂറ്റാണ്ട് മുൻപൊരിക്കൽ "ഹിന്ദ് സ്വരാജി' ലൂടെ മഹാനായ രാഷ്ട്രപിതാവ് ഇൻഡ്യൻ ഭരണവർഗ്ഗത്തെ ഓർമ്മിപ്പിച്ചു.

1947 ൽ ഇന്ത്യ സ്വാതന്ത്ര്യം പ്രാപിക്കുമ്പോൾ ഒരു പുത്തൻ ക്ഷേമരാഷ്ട്രത്തിന്റ കിനാവുകൾ ഓരോ ഭാരതീയനിലും കുടികൊണ്ടിരുന്നു. സ്വാതന്ത്ര്യം, നീതി, സമത്വം എന്നിവയിൽ അധിഷ്ഠിതമായ ഒരു സാമൂഹ്യക്രമം പടുത്തുയർത്തുകയെന്നതായിരുന്നു സ്വാതന്ത്ര്യസമ്പാദനാനന്തര ഭാരതനാടിന്റെ മഹാലക്ഷ്യം. പക്ഷെ മഹാസ്വാതന്ത്ര്യത്തിന്റെ അൻപതാണ്ടുകൾ പിന്നിടാൻ പോകുന്ന ഈ വേളയിലും എത്തേണ്ടിടത്തെത്തുവാൻ കഴിയാതെയുഴറുന്ന ഒരു അവസ്ഥയിലൂടെയാണ് നാം മുന്നോട്ടുപോകുന്നത്. നേട്ടങ്ങൾ ഉണ്ടായില്ല എന്നല്ല. തീർച്ചയായും നേട്ടങ്ങളുടെ പട്ടിക തന്നെയുണ്ട്. പക്ഷെ ഈ നേട്ടങ്ങൾ ഉണ്ടാക്കാൻ തെരഞ്ഞെടുത്ത വികസനപദ്ധതികൾ സമൂഹത്തിൽ പുത്തൻ അസമത്വങ്ങൾ സൃഷ്ടിച്ചു എന്നതിൽ സംശയമില്ല. മേലാവിൽ നിന്ന് ആസൂത്രണവും അധികാരവും കീഴോട്ടൊഴുക്കിയപ്പോൾ കുത്തിയൊലിച്ചു കലങ്ങിപ്പോയത് ജനകീയ ആവിശ്യങ്ങളായിരുന്നു.

"ഗ്രാമങ്ങൾ നശിച്ചുപോയാൽ തകർന്നു വീഴുന്നത് ഇൻഡ്യയുടെ ആത്മാവാണെന്ന്" ഉറക്കെ പറഞ്ഞ രാഷ്ട്രപിതാവിന്റെ ചിരകാലാഭിലാഷമായിരുന്നു ഗ്രാമസ്വരാജ്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ മുഴുവനായി ഉൾക്കൊണ്ടിട്ടുള്ളതല്ലങ്കിലും ഇന്നുള്ള പഞ്ചായത്തിരാജ് സംവിധാനം നിലവിൽ വരാൻ നീണ്ട 46 കൊല്ലങ്ങൾ നമ്മുക്കു കാത്തിരിക്കേണ്ടി വന്നു. ജനാധിപത്യത്തിന്റേയും, വികസനത്തിന്റെയും അധികാരവികേന്ദ്രീകരണത്തിന്റേയും ആവേശകരമായ സാഹസിക യജ്ഞത്തിന് തുടക്കം കുറിച്ചിരിക്കുകയാണ് 73 ാം ഭരണഘടനാ ഭേദഗതി നിയമം

വികസന ആസൂത്രണത്തിന്റെ പരമ്പരാഗത വിഗ്രഹങ്ങളെ തച്ചു തകർത്തുകൊണ്ട് വികേന്ദ്രീകരണ ആസൂത്രണചരിത്രത്തിലേക്ക് വിപ്ലവകരമായ ഒരു നൂതന അദ്ധ്യായം കേരളസർക്കാർ ആവിഷ്കരിച്ചിരിക്കുകയാണ്. കേരളത്തിന്റെ മാത്രമല്ല ഇൻഡ്യയുടെ പോലും വികസന വീഥികളിൽ ഒരു പുത്തൻ ചാലുകീറുന്ന മഹായജ്ഞത്തിനാണ് നാം ഇപ്പോൾ കർമ്മസാക്ഷികളാവുന്നത്. കേരളാ ഗവൺമെന്റ് ശ്രീ. ഇ. എം. എസ്സി ന്റെ ധൈഷണിക നേതൃത്വത്തിൽ അധികാരം ഗ്രാമങ്ങളിലെത്തിക്കാൻ ഏകാഗ്രമായി ശ്രമിച്ചുവരികയാണ്. ജനങ്ങൾക്ക് വേണ്ടുന്നത് ജനങ്ങൾ നടപ്പിലാക്കുന്നതാണ് ജനകീയ ആസൂത്രണപദ്ധതിയുടെ ആണിക്കല്ല്. അടിത്തട്ടിൽ നിന്നും മേൽത്തട്ടിലേയ്ക്കുള്ള വികസന വീകേന്ദ്രീകരണത്തിന്റെ ദിശാമാറ്റം വികസനചരിത്രത്തിൽ ത്തന്നെ നാഴികക്കല്ലായി മാറും എന്നതിൽ സംശയമില്ല.

കക്ഷിരാഷ്ട്രീയത്തിനും ജാതി മതഭിന്നതകൾക്കും അതീതമായ ജനപങ്കാളിത്തം 9 ാം പദ്ധതിയുടെ വിജയത്തിന് അനിവാര്യമാണ്. സ്ത്രീകൾക്കും കർഷകർക്കും തൊഴിലാളികൾക്കും സന്നദ്ധസംഘടനകൾക്കും ഈ പ്രസ്ഥാനത്തിൽ ഒന്നുപോലെ പങ്കുണ്ട്. സാങ്കേതിക വിദ്യ അവരുടേതു കൂടിയാകുമ്പോൾ രാജ്യനന്മ പതിന്മടങ്ങു വർദ്ധിക്കുന്നു. ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരും, വിദഗ്ദന്മാരും തികഞ്ഞ പ്രതിബദ്ധതയോടെ ചുമതലകൾ നിറവേറ്റണം നൂതനമായ ഈ സമന്വയമാണ് പുതിയ ആസൂത്രണ തന്ത്രം

നൂറുകണക്കായ കേരളത്തിന്റെ ജീവഗ്രാമങ്ങൾ വിപ്ലവാത്മകമായ ചലനത്തിലേക്കു നീങ്ങുകയാണ് ഈ ശക്തിയാണ് ജനശക്തി നമ്മുടെ ലക്ഷ്യം നമ്മുടെ അഭിലാഷങ്ങളുടെ നവീകരണം, നവകേരളത്തിന്റെ ശില്പവിദ്യ ഇവയെല്ലാം ഒരു വെറും സ്വപ്നം മാത്രമല്ല. യാഥാർത്ഥ്യമാകാൻ പോകുന്ന സത്യങ്ങളാണെന്ന് നാം തിരിച്ചറിഞ്ഞിരിക്കുന്നു. ഈ വഴിത്തിരിവിന്റെ പുണ്യവേ

ളയിൽ ഈ പുതിയ വികസനവികേന്ദ്രീകൃത മഹാസംസ്കൃതിയിലേക്ക് നമുക്കേവർക്കും ഒരു മെയ്യോടെ ഒരു മനസ്സുമായി അണിനിരക്കാം.

1996 സെപ്തം. 17 ന് ചേർന്ന കൈനകരി ഗ്രാമപഞ്ചായത്തു കമ്മിറ്റി നമ്മുടെ പഞ്ചായത്തിലെ ജനകീയ ആസൂത്രണ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയുണ്ടായി. 20.9.96 ൽ പഞ്ചായത്തു തല ഏകദിനശില്പശാല പഞ്ചായത്താഫീസിൽ നടന്നതോട് കൂടി പഞ്ചായത്തിൽ പദ്ധതി പ്രവർത്തനങ്ങൾക്ക് ഗതിവേഗ മുണ്ടായി. സെപ്തം . 28 ാം തീയതി മുതൽ ആരംഭിച്ച ഗ്രാമസഭകൾ ഒക്ടോബർ 13 ന് അവസാനിച്ചു. ചില പോരായ്മകൾ ഉണ്ടെങ്കിലും ജന പങ്കാളിത്തം ഉറപ്പിക്കാൻ കഴിയുന്ന തരത്തിൽ ജനകീയ ആസൂത്രണ പരിപാടിയുടെ ഒന്നാം ഘട്ടം കഴിഞ്ഞു എന്നുള്ളത് ഒരു നേട്ടം തന്നെയാണ്.

## ഗ്രാമസഭാവലോകനം

| വാർഡ് | സ്ത്രീകൾ | പുരുഷന്മാർ | ആകെ |
|---|---|---|---|
| 1 | 16 | 72 | 88 |
| 2 | 70 | 191 | 261 |
| 3 | 26 | 38 | 64 |
| 4 | 24 | 50 | 74 |
| 5 | 19 | 90 | 109 |
| 6 | 81 | 71 | 152 |
| 7 | 29 | 71 | 100 |
| 8 | 20 | 96 | 116 |
| 9 | 37 | 67 | 104 |
| 10 | 183 | 282 | 465 |



കൈനകരി പഞ്ചായത്തിൽ 10-ാം വാർഡിലെ ഗ്രാമസഭയിലെ ഒരു ഗ്രൂപ്പ് ചർച്ച

## പുനരർപ്പണദിനം

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി ഇക്കഴിഞ്ഞ കേരളപിറവിദിനം' പുനരർപ്പണദിനം' ആയി ആചരിച്ചു. പഞ്ചായത്തു തലത്തിലുള്ള ഒരു പരിപാടിയാണു നമ്മുടെ പഞ്ചായത്തിൽ നവം. 1 ന് നടന്നത്. കൈനകരി ബേക്കറി ജംഗ്ഷൻ മുതൽ ഉർമ്പക്കാരം പാലം വരെ 2.75 കിലോമീറ്റർ നടപ്പാത ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് തുടക്കം കുറിച്ചു. പരിപാടിയുടെ ഔപചാരികമായ ഉൽഘാടനം റവ. ഫാദർ വിൻസെന്റ് പണിക്കാപറമ്പിലാണ് നിർവ്വഹിച്ചത്.

## പഞ്ചായത്ത് പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കൈരികരിഗ്രാമപഞ്ചായത്ത് |
| ഗ്രേഡ് | : | 1 |
| വാർഡുകൾ | : | 10 |
| വില്ലേജുകൾ | : | 2 കൈനകരി വടക്ക് വില്ലേജ്, കൈനകരി തെക്ക് വില്ലേജ് |
| ബ്ലോക്ക് | : | ചമ്പക്കുളം |
| ബ്ലോക്കു ഡിവിഷനുകൾ | : | 2 ( ഒന്നു ഭാഗികം) |
| താലൂക്ക് | : | കുട്ടനാട് |
| ജില്ല | ; | ആലപ്പുഴ |
| ജില്ല പഞ്ചായത്ത് ഡിവിഷൻ | : | 1 |
| അസംബ്ലി മണ്ഡലം | : | അമ്പലപ്പുഴ |
| പാർലമെന്റ് മണ്ഡലം | : | ആലപ്പുഴ |
| വിസ്തീർണ്ണം | : | 32 sq KM |
| ജനസംഖ്യ | : | 21,160 (91 സെൻസസ്) |
| സ്ത്രീകൾ | : | 10, 666 |
| പരുഷന്മാർ | : | 10,494 |
| പഞ്ചായത്ത് ഭരണസമിതി ഓഫീസ് | : | കൈനകരി ഗ്രാമപഞ്ചായത്തു ഓഫീസ് (സ്വന്തം കെട്ടിടം) |
| പ്രസിഡന്റ് | : | ശ്രീമതി ബി. കൃഷ്ണകുമാരി |
| വൈസ് പ്രസിഡന്റ് | : | ശ്രീ. എം. സി. പ്രസാദ് |
| സ്റ്റാൻഡിംഗ്കമ്മറ്റി ചെയർമാൻ | : | ശ്രീ. പി. കെ. മാധവൻ |

## മെമ്പറന്മാർ

2. M.S. കുട്ടപ്പൻ
3. സെബാസ്റ്റ്യൻ വർഗീസ്
4. മേരിമ്മ സെബാസ്റ്റ്യൻ
5. സി. ജി. വിശ്വനാഥൻ
6. സാവിത്രിക്കുട്ടിയമ്മ
7. ചാക്കോ കെ. പി. ജി.
9. എം. ജി. ലേഖാദേവി

***പഞ്ചായത്താഫീസ് ഉദ്യോഗസ്ഥവിവരങ്ങൾ***

1. പഞ്ചായത്തുസെക്രട്ടറി : ഒന്ന്
2. ഹെഡ് ക്ലാർക്ക് : ഒന്ന്
3. യു.ഡി.സി. രണ്ട്
4. എൽ. ഡി.സി. രണ്ട്
5. പ്യൂൺ : രണ്ട്
6. പാർട്ട് ടൈം കണ്ടിജൻസി : ഒന്ന്
7. പാർട്ട് ടൈം ഫെറി മെൻ : അഞ്ച്

***ഭരണചരിത്രം***

1953 ന് മുൻപ് കൈനകരി വില്ലേജ് പഞ്ചായത്ത് എന്നറിയപ്പെട്ട നമ്മുടെ പഞ്ചായത്ത് 1953 മുതൽ കൈനകരിപഞ്ചായത്തായികമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ളതായിരുന്നു ആദ്യ പഞ്ചായത്ത് സമിതി. ശ്രീ. സി. കെ. ത്രിവിക്രമൻ ചെറുകായലിൽ പ്രസിഡന്റും ശ്രീ. സി. ആർ ശ്രീധരൻ പിള്ള ചാക്കോം കളം വൈസ് പ്രസിഡന്റുമായിരന്നു. ശ്രീമാന്മാർ എം. എ. രാഘവൻ (പടിഞ്ഞാറേച്ചിറ) റ്റി. സി. കുട്ടി(പാണംപറമ്പ്) കെ. സി. ചാണ്ടി ജി. ശിവരാമപ്പണിക്കർ (എരുമത്ര), സേവ്യർ വെട്ടം. കെ. കൃഷ്ണൻ (കന്നിട്ടപ്പറമ്പ്) സക്കറിയാസ് (അത്തിക്കളം) എന്നിവരായിരുന്നു ആദ്യസമിതിയിലെ മറ്റ് അംഗങ്ങൾ

നമ്മുടെ പഞ്ചായത്തു സമിതിയിലെ ആദ്യവനിത നോമിനേറ്റുചെയ്യപ്പെട്ട ശ്രീമതി. ഭവാനിയമ്മ പുത്തൻ പുരയിലാണ്.

"കണ്ണാട്ടു കാർത്ത്യായനിയമ്മ ഭവാനിയമ്മ വകക്ഷേത്ത്രിന്റെ വടക്കു പുരയിടത്തിൽ വച്ചിട്ടുള്ള കെട്ടിടത്തിന്റെ രണ്ടു മുറിയും തിണ്ണയും 8 രൂപ കൂലി പ്രതിമാസം സമ്മതിച്ച് പഞ്ചായത്താഫീസായി ഉപയോഗപ്പെടുത്താൻ ടിയാൾ അനുവദിച്ച പ്രകാരം ആ കെട്ടിടം പഞ്ചായത്താഫീസിനായി ഉപയോഗിക്കുന്നതിനും, വിവരം ഇൻസ്പെക്ടർ അവർകളെ പ്രസിഡന്റ് എഴുതി അറിയിച്ചതിന് ഈ യോഗം അംഗീകരിക്കുകയും, ചെയ്യുന്നു." ഇതായിരുന്നു 5.9.53 ൽ കൂടിയ ആദ്യപഞ്ചായത്തിന്റെ ആദ്യ തീരുമാനം.

സർവ്വശ്രീ കെ. സി. കുര്യൻ, പി. റ്റി ചെറിയാൻ, പി. കെ. കമലാസനൻ, സി. ജി. വിശ്വനാഥൻ, കെ. എൻ. ചന്ദ്രഭാനു എന്നിവരായിരുന്നു നമ്മുടെ മുൻപഞ്ചായത്തു പ്രസിഡന്റുമാർ.

***പഞ്ചായത്തിലെ സ്ഥാപനങ്ങൾ***

1. കുട്ടമംഗലം ഗവഃ എൽ.പി.എസ്.
2. തോട്ടുവാത്തല ഗവഃ യു.പി.എസ്.
3. തോട്ടുകടവ് ഗവഃ യു. പി. എസ്.
4. ചേന്നംങ്കരി S.N.D.P.L.P.S
5. Govt. H.S. കുപ്പപ്പുറം
6. S.N.D.P.H.S. കുട്ടമംഗലം
7. ഹോളിഫാമിലി ഗേൾസ് ഹൈസ്കൂൾ കൈനകരി
8. St. Mary's H.S. കൈനകരി
9. കൈനകരി വടക്കു വില്ലേജാഫീസ്
10. കൈനകരി തെക്കു വില്ലേജാഫീസ്
11. കൃഷിഭവൻ കൈനകരി
12. മൃഗാശുപത്രി
13. P.H. സെന്റർ കുപ്പപ്പുറം
14. കുടുംബക്ഷേമഉപകേന്ദ്രങ്ങൾ (3)
15. ഇലക്ട്രിസിറ്റി സബ്ബ് എൻജിനീയർ ആഫീസ്
16. ടെലിഫോൺ എക്സ്ച്ചേഞ്ച് ആഫീസ്.
17. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ കൈനകരി
18. ധനലക്ഷ്മി ബാങ്ക് കൈനകരി
19. മിൽമാ സംഘങ്ങൾ (അപ്പെക്സ് 3)
20. സർവ്വീസ് സഹകരണ സംഘങ്ങൾ

| | |
|---|---|
| ചേന്നംകരി | 2758 |
| കുട്ടമംഗലം | 1673 |
| തോട്ടുവാത്തല | 1437 |
| ആറുവാത്തല | 1541 |

21. കക്കാ വ്യവസായ സഹകരണസംഘം
    കുപ്പപ്പുറം (2065)
22. ലോബർ കോൺട്രാക്ടേഴ്സ് സൊസൈറ്റി
    No.A 227
23. പോസ്റ്റ് ഓഫീസ്
    സബ് സെന്റർ 1
    E.D സെന്ററുകൾ 5

★★★★★

# ചരിത്രം

ഇന്ത്യൻ ദേശീയ രാഷ്ട്രീയ ചിത്രങ്ങളിൽ നിറഞ്ഞുനിൽക്കുന്ന ഒരു ഹരിത ഗ്രാമമാണീ കൈനകരി. ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ഈ പുഞ്ചവയലുകളുടെ ഗ്രാമത്തിന്റെ പിറവിയെപ്പറ്റി പറയുന്ന പുരാണങ്ങളേറെയാണ്. സഹസ്രാബ്ദങ്ങൾക്ക് മുൻപ് കടൽ ഇറങ്ങി കരയായ പ്രദേശമാണിതെന്ന് പറയപ്പെടുന്നു. വിസ്തൃതമായ വേമ്പനാട് കായൽ ഈദേശം ഉപേക്ഷിച്ചുപോകാൻ വിസമ്മതിച്ച കടൽ ഭാഗം തന്നെയാണ് ഒരിക്കൽ അലറിയടിച്ച സമുദ്രസ്മരണകൾ വേമ്പനാട്ട് കായലിലൂടെ ഇന്നും കൈനകരിയെ പുളകച്ചാർത്തണിയിക്കുകയാണ്. വേമ്പനാട്ടു കായലിലേക്ക് ഒഴുകിച്ചേരുന്ന പുണ്യവതിയായ പമ്പയുടെ കൈവഴികളും നാട്ടുപേരുകളിൽ ഓമനത്വം തുളുമ്പിയൊഴുകുന്ന ഒരുപാട് ചെറുനദികളും. നോക്കെത്തുന്നിടത്തെല്ലാം നീണ്ടുപരന്നുകിടക്കുന്ന പുഞ്ചപ്പാടങ്ങളും കേരവൃക്ഷങ്ങളുടെ പച്ചമേലാപ്പും ഒക്കെചേർന്ന "ദൈവത്തിന്റെ ഈ സ്വന്തം നാട്" ആരുടേയും കണ്ണിന് കുളിരേകുന്ന മനോഹരതീരമാണ്.

കുട്ടനാടൻ പ്രദേശം മുഴുവൻ വനമായിരുന്നുവെന്നും , തീയിൽപ്പെട്ട് വനം നശിച്ചുവെന്നും. ചുട്ടനാട് പിന്നീട് കുട്ടനാട് എന്നപേരിലറിയപ്പെട്ടുവെന്നും പറയപ്പെടുന്നു. ഇവിടുത്തെ കരിനിലങ്ങളിൽ ഇപ്പഴും വനവിഭവങ്ങളുടെ അവശിഷ്ടം കാണപ്പെടുന്നുവെന്നത് ഇതിന് ഊന്നൽ നൽകുന്നു. കേരളത്തിന്റെ അന്നദാദാവായി കീർത്തികേട്ട കുട്ടനാട്ടിലെ പൊന്നുവിളയുന്ന വയൽപ്പാടങ്ങളെ അധികരിച്ച് കുട്ടനാടൻ പ്രദേശത്തെ 18 കരികളായി അറിയപ്പെട്ടിരുന്നു. ഈ കരികളത്രയും ചെമ്പകശ്ശേരി രാജാവിന്റെ അധീനതയിലുള്ളതായിരുന്നു. ഓരോ കരിയിലുംപെടുന്ന പാടങ്ങളിലെ കൃഷിപ്പണികൾക്ക് മേൽനോട്ടം നൽകിയിരുന്ന തലപ്പുലയന്മാരുണ്ടായിരുന്നു. ഞാറ്റുവേലക്കാലത്ത് വിത്ത് വിതയ്ക്കാനും ചക്രം ചവിട്ടിവെള്ളം പറ്റിക്കാനും കളപറിക്കാനും കൊയ്യാനും മെതിക്കാനുമൊക്കെയുള്ള നിശ്ചയങ്ങളറിയിച്ചിരുന്ന ഈ തലപ്പുലയന്മാരുടെ പേരു ചേർത്തു പിന്നീട് ഈ കരികൾ അറിയപ്പെട്ടു തുടങ്ങി. അങ്ങനെയറിയപ്പെട്ട ഒരു കരിയാണ് നമ്മുടെ കൈനകരിയും. ഈദേശത്തെ വയൽപ്പണികൾക്ക് നേതൃത്വം കൊടുത്തിരുന്നത് 'കനകൻ' എന്ന തലപ്പുലയൻ ആയിരുന്നുവെന്നും അദ്ദേഹത്തന്റെ പേരുപറഞ്ഞ് 'കനകന്റെ കരി' എന്നുള്ളത് ലോപിച്ചാണ് 'കൈനകരി'യുണ്ടായത് എന്ന് വിശ്വസിച്ചുപോരുന്നു. ഈ പഞ്ചായത്തിൽ ഇന്നുള്ള 'കനകാശേരി' എന്ന പാടശേഖരം ഇതിന് ഊന്നൽനൽകുന്നു. അതുപോലെ 'ചേന്നന്റെ' കരിയാണ് 'ചേന്നംകരി' എന്നറിയപ്പെടുന്നതെന്നും ചരിത്രരേഖകളിൽകാണുന്നു. ഈ പ്രദേശങ്ങളെല്ലാം അമ്പലപ്പുഴ കുട്ടനാട് താലൂക്കുകളിൽപ്പെട്ടവയായിരുന്നു. 18ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ചെമ്പകശ്ശേരി രാജാക്കന്മാരായിരുന്നു ഇവിടത്തെ ഭരണാധിപന്മാർ.

ഇരുപതാം നൂറ്റാണ്ടിന്റെ മുപ്പതുകളിൽ ഭക്ഷ്യക്ഷാമം ഒരു ആഗോള പ്രശ്നമായിരുന്നു. തിരുവിതാംകൂറിലും ഭക്ഷ്യക്ഷാമത്തിന്റെ കെടുതികൾ അലയടിച്ചിരുന്നു. പട്ടിണിദുരന്തങ്ങളീ നാടിനെ വിഴുങ്ങാൻ കൊതിപൂണ്ടവേളയിൽ അന്നത്തെ സ്റ്റേറ്റ് ദിവാൻ രാമസ്വാമി അയ്യർ ഭക്ഷ്യക്ഷാമത്തിന് പരിഹാരം കാണുന്നതിനുള്ള കൂലങ്കഷമായ ആലോചനകൾ പലതും നടത്തുകയുണ്ടായി. അന്നത്തെ നിലയ്ക്കുള്ള വിദഗ്ദ്ധന്മാരുമൊക്കെയായി നടത്തിയ ആലോചനയ്ക്കൊടുവിൽ ഒരു പോംവഴികണ്ടെത്തി. വേമ്പനാട്ടു കായലിന്റെ ആഴംകുറഞ്ഞ കിഴക്കൻഭാഗം കുത്തിപൊക്കി കൃഷിക്കനുയോജ്യമാക്കണമെന്നതായിരുന്നു അവർ കണ്ടെത്തിയ പോംവഴി. ഇതൊരു ഭഗീരഥപ്രയത്നമായിരുന്നു. കരകാണാത്ത ദൂരത്തോളം പരന്നുകിടക്കുന്ന, ഒരു കൊച്ചുകാറ്റിൽപ്പോ

ലും അലയടിക്കുന്ന കായലിനോട് മല്ലടിക്കാൻ അന്നത്തെ കുട്ടനാടൻ കാർഷിക പ്രഭുക്കന്മാരാരും മുന്നോട്ടു വരാതിരുന്നപ്പോൾ ഒരു ഒറ്റയാന്റെ കരുത്തും, വീര്യവും കാട്ടി ഈ വെല്ലുവിളിയെ സധൈര്യം ഏറ്റെടുത്തത് കാവാലത്തെ കർഷക പ്രമാണിയായിരുന്ന മുരിക്കുംമൂട്ടിൽ ശ്രീമാൻ ഔസേഫ് ആയിരുന്നു. പിൽക്കാലത്ത് കായൽ രാജാവെന്ന് അറിയപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ ചടുലവും ഉജ്ജ്വലവുമായ നേതൃത്വത്തിൽ നൂറുകണക്കിനായ കുട്ടനാട്ടിലെ കാരിരുമ്പിന്റെ കരുത്തുള്ള തൊഴിലാളികൾ ചേർന്ന് ആദ്യത്തെ കായൽനിലം കുത്തിയെടുത്തു. അതാണ് ഇന്നത്തെ 'ചിത്തിരക്കായൽ'. പിന്നീട് വീണ്ടും പലകായൽ നിലങ്ങളും കുത്തിപ്പൊക്കി നിലമായൊരുക്കിയിട്ടുണ്ട്.

സമുദ്ര നിരപ്പിൽ നിന്ന് 11/2 മീറ്റർ മുതൽ 3 മീറ്റർ വരെ താഴ്ന്ന നമ്മുടേതുപോലുള്ള പ്രദേശങ്ങൾ ലോകത്തുതന്നെ അപൂർവ്വമാണ്. ഈ ഭൂപരമായ വെല്ലുവിളികളെ ചെറുത്തു തോല്പിച്ചുകൊണ്ടാണ് കുട്ടനാട്ടിലെ ഓരോ തലമുറയും തങ്ങളുടെ ചരിത്രം പടുത്തുയർത്തിയിരിക്കുന്നത്. ഭൂപരമായ ഈ വെല്ലുവിളികളെ മാത്രമല്ല മറ്റ് അനേകം പ്രശനങ്ങളെ നേരിട്ടുകൊണ്ടാണ് നാമിപ്പോൾ ഇവിടെയെത്തി നിൽക്കുന്നത്. ഇതു പറയുമ്പോൾ കുട്ടനാടൻ ജനത ദേശീയ സ്വാതന്ത്ര്യത്തിന് മുൻപ് അനുഭവിച്ച നീറിപ്പിടിക്കുന്ന അനുഭവങ്ങളെപ്പറ്റി പറയാതിരിക്കാനാകില്ല. അതുവഴി ഉയർന്നുവന്ന പ്രസ്ഥാനവും അത് ദേശീയ പ്രസ്ഥാനത്തിനു നൽകിയ സംഭാവനകളും നിസ്തുലമാണ്.

കൈനകരിയിലെ പുത്തൻ തലമുറ കേട്ടാൽ ഞെട്ടും വിധം അവിശ്വനീയവും അസഹനീയവുമായ ക്രൗര്യത്തോടെ ജന്മിമാടമ്പിത്തമ്പുരാൻ വർഗ്ഗം അടിച്ചമർത്തി തിമിർത്തു പുളച്ചതിന്റെ കൂത്തരങ്ങുകളിലൊന്നായിരുന്നു കുട്ടനാടിന്റെ ഈ ഹൃദയഭൂമിയും ഒരു വശത്ത് കണ്ണെത്താദൂരത്തോളം പരന്നു കിടക്കുന്ന പാടങ്ങളായ പാടങ്ങളെല്ലാം കൈക്കുമ്പിളിലൊതുക്കിയിരുന്ന ഭൂസ്വാമിമാർ, മറുചേരിയിൽ ഒരു കൂരകുത്തി കൂട്ടാനോ ചത്താൽ കുഴിച്ചിടാനോ പോലും നാഴിമണ്ണ് സ്വന്തമായില്ലായിരുന്ന അടിമ തുല്യരായിരുന്ന ആയിരക്കണക്കിന് കർഷകതൊഴിലാളികളും. എല്ലാത്തിനും മീതെ ഭരണക്കാരെന്ന് പ്രഖ്യാപിച്ച്, ജന്മിവർഗത്തിന്റെ താല്പര്യങ്ങളെ അക്ഷരം പ്രതി നടപ്പിലാക്കി അധാർമ്മികതയ്ക്ക് കൂടപ്പിടിച്ച് കൂത്താടിയ സ്റ്റേറ്റ് ദിവാൻ രാമസ്വാമി അയ്യർ. നാടടക്കി വാണിരുന്ന ഒരു ദുരിതകാലതത്തന്റെ വികൃതചിത്രമാണ് ആറുപതിറ്റാണ്ടുകൾക്കപ്പുറത്ത് ഇവിടെയുണ്ടായിരുന്നത്. ഉദിക്കും മുമ്പ് ചൂട്ടും പിടിച്ച് പാടത്തിറങ്ങി അന്തികഴിയവേ അതേ ചൂട്ട് പിന്നെയുമ കത്തിച്ച് കൂരയിൽ തിരിച്ചെത്തിയിരുന്ന കർഷകതൊഴിലാളികൾ. വേലക്ക് കൂലിചോദിക്കാൻ പാടില്ല. കൊടുക്കുന്നത് വാങ്ങി വായപൊത്തി നട്ടെല്ല് വളച്ച് തിരിച്ചുപോകേണ്ട ഗതികേട്. കൂലിയാനെന്ന കള്ള അളവുപാത്രത്തിൽ കൊടുക്കുന്ന പതിരും മങ്കും മറുത്തൊരു വാക്കുരിയാടാതെ മടിക്കുത്തിൽ വാങ്ങി തിരികെപ്പോകാൻ വിധിക്കപ്പെട്ടവർ. തൊഴിലാളിപെണ്ണുങ്ങളുടെ മാറുമറയ്ക്കുന്നതും അവർ ഒരു പൊട്ടുകുത്തുന്നതും മഹാപരാധമായി കരുതി കൊടിയ ശിക്ഷ നൽകിയിരുന്ന ക്രൂരത നിറഞ്ഞകാലം. ആണുങ്ങൾക്കൊരു മീശവയ്ക്കാനോ വെള്ളമുണ്ടുടുക്കാനോ ഉള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട ദു:രനുഭവങ്ങളുടെ കാലം. അങ്ങനെ ആഢ്യവർഗ്ഗത്തിന്റെ ആജ്ഞകൾക്കു മുന്നിൽ ജീവിതം നഷ്ടപ്പെട്ട തൊഴിലാളിവർഗ്ഗത്തിന്റെ ദുരന്തചരിത്രങ്ങളേറെയാണ്.

19 ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലം മുതൽ അലയടിച്ചുയർന്ന തിരുവിതാംകൂറിലെ നവോത്ഥാന പ്രക്ഷോഭവും, ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ആഞ്ഞടിച്ച സംഘടിത തൊഴിലാളിവർഗ്ഗത്തിന്റെ പോരാട്ടങ്ങളും ജന്മിവർഗ്ഗത്തിന്റെ കൊടിയ മർദ്ദനങ്ങൾക്കും, അധമമായ ചൂഷണങ്ങൾക്കുമെതിരെ സംഘം ചേരുവാൻ ഇവിടുത്തെ തൊഴിലാളികളെ പ്രേരിതരാക്കി കോൺഗ്രസിന്റെ നേതൃത്വത്തിൽ രാജ്യമാകെ കത്തിക്കയറിയ ദേശീയ പ്രക്ഷോഭത്തിൽ കൈനകരി ജനത പങ്കുചേർന്നത് ജന്മിമാടമ്പിമാർക്കെതിരായി നടത്തിയ വീരോജ്ജ്വലമായ പോരാട്ടങ്ങളിലൂടെയാണ്. അങ്ങനെ ജന്മിത്വത്തിന് ശവക്കുഴി തോണ്ടുവാൻ തൊഴിലാളികൾ പ്രഖ്യാപിച്ച മഹായുദ്ധങ്ങൾ ഫലത്തിൽ ദേശീയസ്വാതന്ത്ര്യ സമരത്തിന് കരുത്തുപകരുന്നതായിരുന്നു. മണ്ണിൽ പൊന്നുവിളയിച്ച് പൊന്നു തമ്പുരാന്മാരുടെ അറപ്പുരകൾ നിറച്ചുകൊടുത്ത മണ്ണിന്റെ മക്കൾ, ഒടുവിൽ വിത്തെറിയാനും വിളകൊയ്യാനും മാത്രമല്ല. കൈക്കോട്ടണിയാനും ഞങ്ങൾ തയ്യാറാണെന്ന് ഉറക്കെ പറഞ്ഞപ്പോൾ ഇവിടെ പിറവികൊണ്ടത് ഒരു വലിയ പ്രസ്ഥാനമാണ്. അങ്ങനെ 1940 ൽ കൈനകരി യിലെ ചെറുകായൽ കായലിന്റെ ചിറവരമ്പിൽ കർഷകത്തൊഴിലാളി പ്രസ്ഥാനം ജാനകി എന്ന കർഷകതൊഴിലാളിയുടെ അദ്ധ്യക്ഷതയിൽ പിറവികൊണ്ടു. ഇന്ത്യയിൽ ആദ്യമായൊരു കർഷകത്തൊഴിലാളി പ്രസ്ഥാനത്തിന് ജന്മം കൊടുക്കാനുള്ള അപൂർവ്വ വര ലബ്ധിയുണ്ടായത് ഈ ഹരിതാഭയുടെ

"മറ്റുള്ളവർക്കായ് ഉഴുവാനും നടുവാനും കറ്റ കൊയ്യുവാനും മെതിക്കുവാനും പറ്റുമീക്കൂട്ടങ്ങൾ ഇരുകാലിമാടുകൾ" കുമാരനാശാൻ തന്റെ തൂലികയിലൂടെ വരച്ചിട്ട ഈ ജീവിതാനുഭവങ്ങളുടെ പൊള്ളുന്ന യാഥാർത്ഥ്യങ്ങൾ ഇവിടുത്തെ അധഃസ്ഥിതജനവിഭാഗങ്ങളെ മൃഗതുല്യരായി മാറ്റിയിരുന്ന കാലഘട്ടത്തിൽ ഉച്ചനീചത്വങ്ങൾക്കും അയിത്താചാരങ്ങൾക്കും എതിരെ മഹായുദ്ധത്തിന്റെ കാഹളം മുഴക്കിക്കൊണ്ട് കേരളത്തിന്റെ മഹാനായ ഗുരു. ആത്മീയ വിപ്ലവങ്ങളുടെ വരസൂര്യൻ ശ്രീനാരായണൻ നമ്മുടെ ദേശത്ത് എത്തിയിട്ടുണ്ട്. 1930കളിൽ ഒന്നുരണ്ടു തവണ ശ്രീനാരായണ ഗുരുസ്വാമികളുടെ തൃപ്പാദസ്പർശങ്ങൾ ഏറ്റുവാങ്ങുവാൻ നമ്മുടെ ഈ നാടിന് അവസരമുണ്ടായിട്ടുണ്ട്. ഒരിക്കൽ എസ്. എൻ.ഡി.പി. യോഗത്തിന്റെ വാർഷിക പരിപാടികളിൽ പങ്കെടുക്കുവാൻ പള്ളാത്തുരുത്തിൽ എത്തിയ ഗുരുവിന് ഒന്നുതങ്ങുവാൻ സർക്കാർ സത്രത്തിന്റെ അധികാരികൾ അവസരം കൊടുക്കാതിരുന്നപ്പോൾ മറ്റൊരിടത്ത് ഗുരുവിന് താമസസൗകര്യങ്ങൾ ഒരുക്കിക്കൊടുത്തതിന്റെ കഥയും പറഞ്ഞുകേൾക്കുന്നുണ്ട് പിന്നീട് ഈ വഴി യാത്രചെയ്തപ്പോൾ മണ്ണമ്പള്ളി, ചെറുകാലി കുടുംബങ്ങൾക്ക് അദ്ദേഹത്തിന്റെ ആതിഥ്യം അനുഭവിക്കുവാനുള്ള ഭാഗ്യം കൈവന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ ആഗമനകാലംവരെ ശ്രീനാരായണ പ്രസ്ഥാനത്തിന് ഒരു സംഘടിതരൂപം ഈ പ്രദേശത്ത് ഉണ്ടായിരുന്നില്ല. സ്വജനാനന്ദ പ്രകാശിനി എന്ന ഒരു സംഘടന ഇവിടെ പ്രവർത്തിച്ചിരുന്നുവെന്നും പറയപ്പെടുന്നു. കേവലം ' അരി' പിരിവുകളിൽ മാത്രം ഒതുങ്ങിയിരുന്ന സ്വജനാനന്ദ പ്രകാശിനിക്ക് കാര്യമായ സാമൂഹ്യചലനങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചിരുന്നില്ല. എന്നാൽ നാരായണസ്വാമികളടെ വരവുകൾക്കുശേഷം ഏതാനും വർഷങ്ങൾ കഴിഞ്ഞ് നമ്മുടെ പ്രദേശത്ത് എസ്. എൻ. ഡി.പി.യുടെ ശാഖകൾ ആരംഭിച്ചുതുടങ്ങി. ശ്രീനാരായണ സന്ദേശങ്ങളുടെ കാമ്പ് ഉൾക്കൊണ്ട് യോഗം ശാഖകൾക്ക് ജന്മംനൽകാൻ കഴിഞ്ഞ കുട്ടനാട്ടിലെ ഇരുപതാം നമ്പർ ശാഖയായി ചേന്നംകരി എസ്. എൻ.ഡി. പി. ശാഖായോഗം പ്രവർത്തനം ആരംഭിച്ചപ്പോൾ അത് കൈനകരിയിലെ ഒന്നാമത്തെ ശാഖയെന്ന ബഹുമതി നേടി. പിന്നീട് കുട്ടമംഗലത്തും, കൈനകരിയിലും പള്ളാത്തുരുത്തിയിലും ശ്രീനാരായണ ധർമ്മ പരിപാലന യോഗത്തിന്റെ ശാഖകൾ പിറവികൊള്ളുകയും അതീനാടിന്റെ നെറികെട്ട സാമൂഹികാവസ്ഥകൾക്കു നേരെ ഉഗ്രതാക്കീതായി തീരുകയും ചെയ്തു. 1936ൽ കൈനകരിയ്ക്കാണ്. അനുപമവും, അന്യാദർശവുമാണ് ഈ വർഗ്ഗപ്രസ്ഥാനത്തിന്റെ ആവിർഭാവം. അഗ്നികുണ്ഡത്തിലാരംഭം കുറിച്ച് അഗ്നിസ്ഫുടതയുടെ ജ്വാലാവിശുദ്ധിപകർന്ന് മുന്നേറുന്ന ഈ അഗ്നിപുത്രന്റെ കരുത്തും കാഹളവും കാലാതീതമാണ്. സാമൂഹ്യസ്പന്ദനങ്ങൾക്ക് അനുരോധമായി ഉയിർകൊള്ളുന്ന ഏതും കാലദേശാതിർത്തികളെ അതിലംഘിച്ചുമുന്നേറുമെന്നുള്ളത് ചരിത്രസത്യമാണ്. അതിന് നിദർശനമാണ് ഇവിടുത്തെ പ്രസ്ഥാനത്തിന്റെ ഉദയവും ഗുണാത്മകമായ മുന്നേറ്റവും. 56 ആണ്ടുകൾക്കു മുമ്പിവിടെ ഈ കൈനകരിയിൽ പൊട്ടിമുളച്ച് മലയാളനാടും നിറഞ്ഞ് ഭാരതമാകെ പടർന്നു ഒരു മഹാവൃക്ഷമായി ഇന്ത്യയുടെ സാമൂഹ്യരാഷ്ട്രീയ ഭൂപടത്തിൽ ഈ മഹാപ്രസ്ഥാനം പടർന്നു പന്തലിച്ചു നിലകൊള്ളവേ, അതിനു ജന്മം കൊടുത്ത മഹാസുകൃതവും പേറി പച്ചയാം പട്ടും വിരിച്ച് ഈ കൈനകരി അതിന്റെ ചരിത്രഗാഥ തുടരുകയാണ്. വി. എസ്. അച്ചുതാനന്ദൻ, വർഗീസ് വൈദ്യൻ, എസ്. കെ. ദാസ് എന്നിവർ ആയിരുന്നു ഈ പ്രസ്ഥാനത്തിന്റെ സ്ഥാപകനേതാക്കളിൽ പ്രമുഖർ. ടി. നാരായണൻ, എൻ.സി. രാഘവൻ, പി.കെ. കലമലാസനൻ, കെ.പി. ജോസഫ്, വി. എസ്. ശ്രീധരൻ കെ. ജെ. ജോസഫ്, കെ. പളനി, ഗോപാലൻ കിളിയന്ത്ര എന്നിവർ ആദ്യകാല പ്രവർത്തകരുമായിരുന്നു.

ഒടുവിൽ ഇന്ത്യ സ്വാതന്ത്ര്യം തേടി. എങ്കിലുമിവിടുത്തെ ജന്മികുടിയാൻ ബന്ധങ്ങളിൽ വലിയ മാറ്റങ്ങളുണ്ടാവില്ല. ഇവിടുത്തെ തൊഴിലാളികൾക്ക് ഒടുവിൽ ശാപമോക്ഷം കിട്ടിയത് 1957 ലെ ജനകീയ സർക്കാരിലൂടെയാണ്. അന്നത്തെ ഗവർമെന്റ് ആവിഷ്കരിച്ചു പിന്നീടു നടപ്പിൽ വന്ന ഭൂപരിഷ്കരണനിയമം കേരളത്തിലാകമാനം ചലനങ്ങളുണ്ടാക്കിഎന്നത് നിഷേധിക്കാനാകാത്ത ചരിത്രസത്യമാണ്. കേരളത്തിൽ മാത്രമല്ല. ലോകം മുഴുവൻ അത്ഭുതം കൊള്ളുന്ന സാമൂഹ്യമാറ്റത്തിന് ഭൂരിപരിഷ്കരണം കാരണമായിത്തീർന്നു എങ്കിൽ ഈ കൈനകരിക്ക് നേടാൻ കഴിഞ്ഞത് കൈനകരിയുടെ മുഴുവൻ നേട്ടങ്ങളെയുമാണ്. ഇന്നു നാം കാണുന്ന നമ്മുടെ മണ്ണിന്, അതിന്റെ സ്വരൂപവും മനുഷ്യന് അവന്റെ സ്വത്വവും തിരിച്ചു കിട്ടിയത് വിപ്ലവകരമായ ഈ നിയമത്തിലൂടെ തന്നെയാണ് ഇന്നലെകളുടെ നേട്ടങ്ങൾ വിലയിരുത്തുമ്പോൾ നാളെയിലേക്കുള്ള കുതിച്ചുചാട്ടത്തിന്റെ ഗതിവേഗത്തിന് ആക്കം കൂട്ടാനുതകുന്ന ഒന്നാണ് ജനകീയാസൂത്രണം. ലോകജനത ആകെ ഉറ്റു നോക്കുന്ന ഒരു ചരിത്രസംഭവമാണ് ഈ " കേരളാ മോഡൽ"

ക്ഷേത്രപ്രവേശന വിളംബരത്തിന്റെ പിറ്റേന്ന് കുട്ടമംഗലം ചക്കംകരി ശ്രീഭഗവതി ക്ഷേത്രത്തിലേക്ക് അന്നോളം ആ മതിൽക്കെട്ടുകൾക്കുള്ളിൽനിന്നും ആട്ടിയകറ്റിയ സവർണ്ണ മേൽക്കോയ്മയ്ക്കുനേരെ ഒരു കൊടുങ്കാറ്റിന്റെ ആവേശത്തോടെ വെല്ലുവിളികൾ ഉയർത്തിക്കൊണ്ട് ചക്കംകരി ക്ഷേത്രപ്രവേശനത്തിന് നേതൃത്വംകൊടുത്തത് അന്നത്തെ എസ്. എൻ. ഡി.പി. ശാഖായോഗം സെക്രട്ടറിയായിരുന്ന പി. കൃഷ്ണന്റെ നേതൃത്വത്തിൽ ആയിരുന്നു.

1895ൽ ആരംഭിച്ച പാണ്ടിപ്പള്ളി വെർണാക്കുലർ സ്കൂൾ ഇന്നതിന്റെ 100 വർഷം പിന്നിടുമ്പോൾ ഓർത്തുപോകുന്ന കുറേ കയ്പേറിയ അനുഭവങ്ങൾ ഉണ്ട് പാണ്ടിയപ്പള്ളി കുടുംബക്കാരുടെ ഇരുപത്തിയഞ്ചേകാൽ സെന്റ് ഭൂമിവാങ്ങിയതും അവിടെ സ്കൂൾ തുടങ്ങിയതും ഇവിടത്തെ സവർണ്ണ ഹിന്ദുക്കളുടെ നേതൃത്വത്തിൽ ആയിരുന്നു. ആ പള്ളിക്കൂടത്തിൽ ഈഴവനും പുലയനും പ്രവേശനം നിഷേധിച്ചിരുന്നു. പള്ളിക്കൂടത്തിനകത്തിരുന്നു അറിവിന്റെ ആദ്യാക്ഷരങ്ങൾ നുകരുവാൻ ഇവിടത്തെ മേൽജാതിക്കാരന്റെ കുട്ടികൾക്കേ കഴിഞ്ഞിരുന്നുളളു. തൊട്ടുകൂടാത്തവനും തീണ്ടിക്കൂടാത്തവനും ദൃഷ്ടിയിൽപ്പെട്ടാൽപ്പോലും ദോഷമുളളവരായി തീണ്ടാപ്പാടകലങ്ങളിൽ ജന്മിയുടെ നിലത്ത് വിത്തെറിയുവാനും വിളവെടുക്കുവാനും പത്തായപ്പുരകൾ നിറച്ചുകൊടുക്കാനും മാത്രം വിധിക്കപ്പെട്ട അധഃസ്ഥിതന്റെ കുട്ടികൾക്ക് പള്ളിക്കൂടപടിവാതിൽ പോലുമൊരു സ്വപ്നം മാത്രമായിരുന്നു അന്ന് അധ:സ്ഥിതന്റെ കുട്ടികൾക്ക് വിദ്യ നിഷേധിച്ചതറിഞ്ഞ് അധ:സ്ഥിതന്റെ നേതാവ് ശ്രീ. അയ്യൻകാളി പ്രശ്നത്തിൽ ഇടപെട്ടു പാണ്ടിയപ്പള്ളി പളളിക്കൂടത്തിന്റെ കടവിൽ എത്തിയ അയ്യങ്കാളിയെ കരയ്ക്കിറങ്ങാൻ അനുവദിക്കാതെ കരിങ്കല്ലെറിഞ്ഞ് ഇവിടത്തെ സവർണ്ണ പ്രമാണിമാർ ആട്ടിയോടിക്കുകയുണ്ടായി. ശ്രീമാൻ അയ്യങ്കാളിതിരികെ പോയെങ്കിലും ഇങ്ങോട്ടുള്ള അദ്ദേഹത്തിന്റെ യാത്ര സവർണ്ണ പ്രമാണിത്വത്തിനെതിരെ ഉയർത്തിവിട്ട വമ്പൻപ്രതിഷേധങ്ങൾ സവർണ്ണർക്ക് കണ്ടില്ലെന്ന് നടിക്കുവാനായില്ല. പളളിക്കൂടത്തിൽ ഈഴവകുട്ടികൾക്ക് പഠിക്കാൻ ഭാഗ്യമുണ്ടായി. കുറച്ചുകാലം കഴിഞ്ഞ് പുലയനും അക്ഷരം പഠിക്കാമെന്ന് വന്നു. അങ്ങനെ ശ്രീനാരായണനും മുൻപേ ഈ മണ്ണിലെത്തി ഈനാടിന്റെ ചരിത്രഗതികൾക്ക് വിപ്ലവാത്മകമായ പുതിയൊരു മാനംകൊടുത്തത്അധഃസ്ഥിത വർഗ്ഗത്തിന്റെ പടനായകൻ ശ്രീ. അയ്യങ്കാളി ആയിരുന്നു.

കൈനകരിയുടെ ആത്മീയ നഭസ്സിൽ ഒരു പൊൻതാരകമായി ഉദിച്ചുയർന്ന 'ചാവറ' ചരിതങ്ങൾ ഈ കൊച്ചുകൈനകരിയെ ലോകത്തോളം വളർത്തിയെന്നുള്ളത് ഒരു സത്യഗാഥ തന്നെയാണ്.

"മാമോദിസായിൽ നിന്നും ലഭിച്ച പരിശുദ്ധി ഒരിക്കലും നഷ്ടപ്പെട്ടിട്ടില്ലെന്ന് " മരണ ശയ്യയിൽ കിടന്നു പ്രഖ്യാപിച്ച കൈനകരിയുടെ ആത്മീയ പിതാവ്, പൗരോഹിത്യ വിശുദ്ധിയിലൂടെ സമൂഹത്തിന്റെ നവോത്ഥാനത്തിന് ആക്കംകൂട്ടിയ ധന്യനായ ചാവറ കുര്യാക്കോസ് ഏലിയാസ് 1805 ഫെബ്രുവരി പത്താം തീയതി ചാവറത്തറവാട്ടിൽ കുര്യാക്കോസിന്റെയും മറിയത്തിന്റെയും പുത്രനായി ചാവറ അച്ചൻ ഭൂജാതനായി. കുട്ടിക്കാലത്തു തന്നെ അമ്മയിലൂടെ മകന്റെ മനസ്സിൽ ആത്മീയ ബോധം വളർന്നുതുടങ്ങിയിരുന്നു.

സ്ത്രീകളുടെ വിശുദ്ധ ജീവിതത്തിനും അഭിവൃദ്ധിക്കും വിദ്യാഭ്യാസത്തിനുമായി ചാവറയച്ചൻ സ്ഥാപിച്ച മഠം ആണ് ഇന്ന് സി. എം. ഐ. എന്നപേരിൽ ലോകമെമ്പാടും സേവനം നൽകിപ്പോരുന്നത്. വിദ്യാഭ്യസരംഗത്ത് വിലപ്പെട്ട സേവനങ്ങളാണ് അദ്ദേഹം നൽകിയത് മാന്നാനത്ത് ആശ്രമത്തോട് ചേർന്ന് ഒരു സംസ്കൃത വിദ്യാഭ്യാസ സ്ഥാപനം ആരംഭിച്ചു. പ്രസ്സുകളിൽ അച്ചടിച്ച പ്രാർത്ഥനാ പുസ്തകങ്ങളുടെ അഭാവത്തിൽ പരിഹാരമായി അച്ചൻ തന്നെ പ്രസുണ്ടാക്കാൻ പഠിക്കുകയും മരംകൊണ്ട് അച്ചടി യന്ത്രം ഉണ്ടാക്കുകയും ചെയ്തു. അങ്ങനെ 'ജ്ഞാനപീയൂഷം' എന്ന ഗ്രന്ഥം ജനങ്ങളിലെത്തിച്ചു. ചാവറയച്ചനിൽ മഹാനായ കവിയേയും എഴുത്തുകാരനെയും നമുക്ക് ദർശിക്കാം. അദ്ദേഹത്തിന്റെ 'ആത്മാനുതാപം' എന്ന ആത്മകഥാപരമായ കൃതി, അദ്ദേഹത്തിന്റെ രചനാ പാടവത്തിന് മകുടോദാഹണമാണ്.

1871ൽ സ്വർഗ്ഗത്തിലേക്ക് സമാധാനത്തിന്റെ നിത്യോപഹാരമായി അദ്ദേഹം ക്ഷണിക്കപ്പെട്ടു. പതിറ്റാണ്ടുകൾക്കുശേഷം 1984 ഏപ്രിൽ ഏഴാം തീയതി ആ പുണ്യപുരുഷനെ ജോൺ പോൾ II മാർപാപ്പ 'വാഴ്ത്തപ്പെട്ടൻ' എന്നപദവിയേകി ദൈവസ്പർശത്തിന്റെ വിശുദ്ധമായ ആൾത്താരയിലേക്ക് ആനയിച്ചു.

ഇന്ന് കൈനകരിയുടെ നാട്ടുവഴികളിലൂടെ ലോകമെമ്പാടുമുള്ള ലക്ഷക്കണക്കായ തീർത്ഥാടകർ ചാവറയച്ചന്റെ പവിത്ര ജന്മഗൃഹം തേടി എത്തുമ്പോൾ ലോകംമുഴുവൻ അറിയുന്ന ഒരു പുണ്യഗ്രാമമായി നമ്മുടെ കൈനകരി വാഴ്ത്തപ്പെടുക തന്നെയാണ്

കൈനകരിയുടെ ചരിത്രത്തിലാദ്യമായി കേരളനിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. സി. കെ. സദാശിവൻ ചുങ്കപ്പുരയ്ക്കൽ, രാഷ്ട്രീയകേരളത്തിന് കൈനകരി നൽകിയ സംഭാവനയാണ്.

★★★★★

# ഭൂപ്രകൃതി ജനപ്രകൃതി ജലം

കേരളത്തിന്റെ തീരപ്രദേശത്ത് പൂർണ്ണമായും പമ്പയാൽ ചുറ്റപ്പെട്ടുകിടക്കുന്ന ചെറുതുരുത്തുകളുടെ ഒരു സമാഹാരമാണ് കൈനകരി. ജലാശയങ്ങൾക്ക് ചുറ്റും ബണ്ടുനിർമ്മിച്ചു വെള്ളം വറ്റിച്ചു കൃഷിചെയ്യുന്ന കുട്ടനാടൻ ശൈലിയുടെ പ്രതീകമാണ് കൈനകരി. ഏറ്റവും അധികം പാടശേഖരങ്ങളും കായൽനിലങ്ങളും ഈ പഞ്ചായത്തിന്റെ പ്രത്യേകതയാണ്. വേമ്പനാട്ടുകായലിന്റെ ആഴംകുറഞ്ഞ കിഴക്കൻ ഭാഗങ്ങളെ കുത്തിപ്പൊക്കിയാണ് ഇവിടത്തെ മിക്കപാടങ്ങളും, ആവാസപ്രദേശങ്ങളും പൂർവ്വികർ സൃഷ്ടിച്ചതെന്ന് പറയപ്പെടുന്നു സഹ്യനിൽനിന്നും പുണ്യപമ്പ ആവാഹിച്ചെടുത്തു നമുക്കുതന്ന എക്കൽമണ്ണും കുട്ടനാടിന്റെ സ്വന്തം ചെളിമണ്ണുമാണ് നമ്മുടെ മൺതരങ്ങൾ. പാടശേഖരങ്ങളുടേയും കായൽനിലങ്ങളുടെയും പുറംബണ്ട് വീതിയും ബലവും വരുത്തി നിർമ്മിക്കപ്പെട്ട ചിറകളിൽ കെട്ടിയുയർത്തിയ കെട്ടിടങ്ങളിലും കുടിലുകളിലുമാണ് ജനങ്ങൾ നിവസിക്കുന്നത്.

സ്വാഭാവിക ഫലഭൂയിഷ്ഠി നഷ്ടപ്പെട്ട കൃഷിയിടങ്ങളിൽ കൃത്രിമരാസവളങ്ങളുപയോഗിച്ചാണ് കൃഷിചെയ്യുന്നത്. ജൈവവളങ്ങൾ പൂർണ്ണമായും തിരസ്ക്കരിക്കപ്പെട്ടിരിക്കുന്നു രാസവളങ്ങളുടെ അനിയന്ത്രിതമായ ഉപയോഗം മണ്ണിന്റെ അമ്ലാംശം വർദ്ധിപ്പിച്ചിരിക്കുന്നു. രാസവളങ്ങളുടെ ദുരുപയോഗം നിയന്ത്രിക്കപ്പെടുകയും ജൈവവളങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യണം. കൃഷിഭൂമിയുടെ ആകെ വിസ്തൃതി 3581 ഹെക്ടറാണ്. നെല്ലും തെങ്ങും പ്രധാന കൃഷികളാണ് തെങ്ങിന് ഇടവിളയായി കപ്പ, വാഴ, പച്ചക്കറി, കുരുമുളക്, അടയ്ക്ക എന്നിവ കൃഷിചെയ്യപ്പെടുന്നു. മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ പഞ്ചായത്തിൽ സമൃദ്ധമായി ഉണ്ട് ഫലഭൂയിഷ്ഠി ഉള്ള ഭൂമിയേറെ തരിശായി കിടന്നിട്ട് പോലും പച്ചക്കറി തുടങ്ങിയ ആദായകരമായ കൃഷികൾ ചെയ്യുകയോ, പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നില്ല. നിരന്തരമായി ഉണ്ടാകുന്ന വെള്ളപ്പൊക്കം നമ്മുടെ മണ്ണിന്റെ ഫലഭൂയിഷ്ഠി നഷ്ടപ്പെടുത്തുകയും മണ്ണൊലിപ്പ് അനിയന്ത്രിതമാക്കുകയും ചെയ്യുന്നു. തോട്ടപ്പള്ളി സ്പിൽവേയുടെ ലീഡിംഗ് ചാനലിന്റെ ആഴംകൂട്ടി ഷട്ടറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും തണ്ണീർമുക്കം ബണ്ടിന്റെ മണ്ണിട്ട് നികത്തിയ ഭാഗങ്ങൾ മാറ്റി അവിടെയും ഷട്ടറുകൾ സ്ഥാപിച്ചും സി. ബ്ലോക്ക് ഡി. ബ്ലോക്ക് വേർതിരിക്കുന്ന ആറ് കീറിയും ചിത്തിര റാണി കായലുകളെ വേർതിരിക്കുന്ന തോട് മുറിച്ചും പമ്പയുടെ മുകൾഭാഗങ്ങളിൽ തടയണകൾ കെട്ടിയും വെള്ളപ്പൊക്കത്തെ ഒരു പരിധിവരെ നിയന്ത്രിക്കുവാൻ കഴിയും.

| വിളയുടെ/കൃഷിയുടെ പേര് | ഭൂവിസ്തൃതി (ഹെക്ടർ) |
|---|---|
| നെല്ല് | 2262 |
| തെങ്ങ് | 1118 |
| കൃഷിയോഗ്യമായ തരിശ് | 58 |

പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 59.87 ശതമാനവും ജലാശയങ്ങളാണ്. വേമ്പനാട് കായലും പമ്പാനദിയുമാണ് പ്രധാന ജലാശയങ്ങൾ എണ്ണിയാൽ തീരാത്ത ചെറുതോടുകളും ചെറുതടാകങ്ങളും ഈ പഞ്ചായത്തിന്റെ പ്രത്യേകതയാണ് കിഴക്കുനിന്ന് ഉത്ഭവിക്കുന്ന ജലമാണ് കൂടുതൽ കാലവും ഇതുവഴി കടന്നുപോകുന്നത് വർഷകാലത്ത് മലകലങ്ങിയ വെള്ളമൊഴുകുന്ന ഈ ജലപാതകളിൽ വേനൽക്കാലത്ത് അല്പകാലം ഉപ്പുരസം നിറഞ്ഞ ജലവും എത്താറുണ്ട് പാടശേഖരങ്ങൾ പുറത്തുവിടുന്ന വിഷലിപ്തമായ വെള്ളവും ജലയോരങ്ങളിൽ മലമൂത്ര വിസർജ്ജനം ചെയ്ത് അശുദ്ധമാക്കപ്പെട്ട വെള്ളവും ഒക്കെ ചേർന്ന ഈ ജലമത്രയും മലിന ജലമാണെന്നതിൽ സംശയമില്ല. നിരന്തരമായി മലിനീകരിക്കപ്പെടുന്ന ജലാശയങ്ങളിൽ ജല

ജീവികൾ പോലും വംശനാശത്തെ നേരിടുകയാണ്. ഇതൊക്കെയാണെങ്കിലും ഈ ജലംമാത്രമാണ് കൈനകരി നിവാസികളുടെ കുടിവെള്ള സ്രോതസ്.

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 18.41 ശതമാനവും കർഷകരും 24.1 ശതമാനം കർഷകത്തൊഴിലാളികളുമാണ്. ഈ കണക്കിൽനിന്ന് ഈ പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന ആദായമാർഗ്ഗം കൃഷിയാണെന്ന് വ്യക്തമാണ്. ആകെ കൃഷിക്കാരുടെ 71.5 ശതമാനം ഒരു ഹെക്ടർ കൃഷിഭൂമിയിൽ താഴെയുള്ള നാമമാത്ര കർഷകരാണ്.

| ആകെ കർഷകർ | ഒരു ഹെക്ടിൽ താഴെ ഭൂമിയുള്ളവർ | ഒന്നുമുതൽ രണ്ടുവരെ ഹെക്ടർ ഭൂമിയുള്ളവർ | രണ്ട ഹെക്ടറിന് മുകളിൽ | ശരാശരി ഉൽപ്പാദനം |
|---|---|---|---|---|
| 3896 | 2789 | 995 | 112 | 3 ടൺ/ ഹെക്ടർ |

***കാലാവസ്ഥ, ജലം***

സംസ്ഥാനത്തിന്റെ പൊതുകാലാവസ്ഥയിൽ നിന്ന് വ്യത്യസ്തമല്ലെങ്കിലും താഴ്ന്ന പ്രദേശമായ കൈനകരിക്ക് ആറുമാസക്കാലം വെള്ളപ്പൊക്കമാണെന്നുള്ളതാണ് സത്യം. മഴക്കാലത്ത് ഒഴുകിവരുന്ന കിഴക്കൻവെള്ളം സുഗമമായി സമുദ്രത്തിൽ തള്ളുന്നതിന് തണ്ണീർമുക്കം ഭാഗത്ത് നിർമ്മിച്ചിട്ടുള്ള ബണ്ട് ഒരു തടസമായി നിൽക്കുന്നു. പൂർണ്ണമായും ഷട്ടറുകൾ ഉപയോഗിച്ച് നിർമ്മിക്കപ്പെടേണ്ടിയിരുന്ന ഈ ബണ്ടിന്റെ പകുതിയിലധികം ഭാഗവും മണ്ണിട്ട് നികത്തിയതാണ് ഈ ദുഃസ്ഥിതിക്ക് കാരണം. ജനങ്ങൾ കുടിക്കുന്നതിനും കാർഷികാവശ്യങ്ങൾക്കും ഉപയോഗിക്കുന്ന നദീജലം മലീമസമാണ്. ശുദ്ധജലം ലഭിക്കാവുന്ന ഭൂഗർഭജല സ്രോതസുകൾ കൈനകരിയിൽ ഇല്ലെന്നുള്ളതാണ് ഗവേഷണഫലങ്ങൾ വ്യക്തമാക്കുന്നത്. ഇതുകൊണ്ട് തന്നെ കൈനകിയിലെ ശുദ്ധജലവിതരണ പദ്ധതിയും അവതാളത്തിലാണ്. ലഭിക്കുന്ന മഴയുടെ 60 ശതമാനവും ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ്. ശരാശരി 241.81 മില്ലിമിറ്റർ മഴലഭിക്കുന്നുണ്ട് ശുദ്ധജല ദൗർലഭ്യമുള്ള ഈ പ്രദേശത്ത് പെയ്തുവീഴുന്ന മഴവെള്ളം സംഭരിക്കപ്പെടുന്നതിന് യാതൊരു സംവിധാനവും നിലവിലില്ല.

***പാരിസ്ഥിതിക പ്രശ്നങ്ങൾ***

1. നദി, കായൽത്തീരങ്ങളിൽ ഉണ്ടാകുന്ന നിരന്തരമായ വെള്ളപ്പൊക്കവും അതുമൂലമുണ്ടാകുന്ന മണ്ണൊലിപ്പും.
2. തണ്ണീർമുക്കം ബണ്ടിന്റെ ആവിർഭാവത്തോടുകൂടി തടസ്സപ്പെട്ട സുഗമമായ ജലനിർഗമനം, ജലം മലിനീകരിക്കുകയും മത്സ്യങ്ങൾക്ക മാരകമായ രോഗം ഉണ്ടാവുകയും അതുവഴി മത്സ്യസമ്പത്തിന്റെ പൂർണ്ണമായ വംശനാശ ഭീഷണി ഉയർത്തുകയും ചെയ്യുന്നു.
3. അനിയന്ത്രിതമായി ഉപയോഗിക്കപ്പെടുന്ന രാസവളങ്ങളും കീടനാശിനികളും കൈനകരിയുടെ ഒരു പ്രധാന പരിസ്ഥിതി പ്രശ്നമാണ്.

***ജൈവസമ്പത്ത്***

പഞ്ചായത്തിൽ മൃഗങ്ങളെ സംരക്ഷിക്കുകയും അവയെ ജനങ്ങളുടെ സാമ്പത്തിക പുരോഗതിക്കായി

***മഴയുടെ അളവ് (മി. മി.)***

| വർഷം | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1990 | 22.4 | 25.0 | 83.7 | 37.5 | 624.3 | 516.6 | 565.8 | 177.7 | 154.1 | 336.2 | 254.4 | 47.8 |
| 1991 | 0.6 | 33.5 | 23.6 | 150.8 | 149.5 | 993.7 | 485.7 | 457.4 | 51.5 | 205.6 | 82.6 | 22.0 |
| 1992 | Nil | 4.5 | Nil | 12.8 | 276.4 | 654.8 | 586.8 | 461.0 | 324.2 | 383.0 | 322.6 | 6.2 |
| 1993 | Nil | 20 | 7.0 | 9.0 | 202.4 | 911.5 | 780.8 | 177.0 | 161.2 | 604.1 | 203.5 | 35.6 |
| 1994 | 4.6 | 40.4 | 59.90 | 107.0 | 241.8 | 583.0 | 649.0 | 356.0 | 188.3 | 403.6 | 114.0 | 1.4 |
| 1995 | 12.2 | Nil | 69.6 | 285.25 | 325.9 | 592.6 | 619.8 | 425.9 | 343.1 | 281.4 | 177.8 | Nil |

ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. മാടുകളെ ഉപയോഗിച്ചു നിലമുഴുന്ന പ്രാകൃതമായ രീതി ഇപ്പോഴും തുടരുന്നു.

കാക്ക, പരുന്ത്, ആമ, തത്ത, കുയിൽ, ഞാറ, മരംകൊത്തി, കുളക്കോഴി, പൊന്മാൻ, മഞ്ഞക്കിളി, ഉപ്പൻ, ഓലേഞ്ഞാലി, കുരുവി, മുണ്ടി, കാടപക്ഷി, കടൽകാക്ക, താമരക്കോഴി, നെയ്കോഴി, കത്രികവാലൻ, പ്രാവ്, മൂങ്ങ, വൗവാൽ തുടങ്ങിയ പക്ഷികളെ കണ്ടുവരുന്നുണ്ടെങ്കിലും ഇവയിൽ പലതും വംശനാശത്തെ നേരിടുന്നവയാണ്. ചില പ്രത്യേക കാലങ്ങളിൽ ധാരാളം ' ഇരണ്ട' എന്ന ദേശാടനപക്ഷി പഞ്ചായത്തു പ്രദേശങ്ങളിൽ കൂട്ടംകൂട്ടമായി എത്താറുണ്ട്. കാലഭേദങ്ങളില്ലാതെ വ്യാപകമായി കാണുന്ന ഒരേയൊരു പക്ഷി കാക്കയാണ്.

തുമ്പ, ആടലോടകം, ചെത്തി. കുറുംതോട്ടി, മുയൽചെവിയൻ, വാതക്കൊടി, ചങ്ങലംപരണ്ട, കൂവളം, തുളസി, ആരിവേപ്പ്, മാതളം, അമൃത്, പനികൂർക്ക, ശതാവേലി, മുത്തങ്ങ, മുരിങ്ങ, കുടവൻ, കയ്യെണ്ണ, നീരൂരി, ബ്രഹ്മി, ശംഖുപുഷ്പം, വെളുത്താവണക്ക്, താമര, കൈയ്പദ്രാൽ തുടങ്ങിയ ഔഷധസസ്യങ്ങൾ പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലായി കാണപ്പെടുന്നുണ്ടെങ്കിലും ഇവ സംരക്ഷിക്കപ്പെടുകയോ ശരിയായി ഉപയോഗപ്പെടുത്തുകയോ ചെയ്യിന്നില്ല. ഇവയിൽ പലതും അപത്യക്ഷമാവുകയാണ്.

## ജനപ്രകൃതി

1991ലെ കാനേഷുമാരി പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 21,160 ആണ്. ഇതിൽ 10,666 സ്തീകളും 10494 പുരുഷന്മാരുമാണ്. 1000 പുരുഷന്മാർക്ക് 1016 സ്തീകൾ എന്നതാണ് ജനസംഖ്യാനുപാതം. 87.17 ശതമാനം സ്ത്രീകളും 88.36 ശതമാനം പുരുഷന്മാരും സാക്ഷരരാണ്. ഒരു വീട്ടിലെ ശരാശരി അംഗസംഖ്യ 5.4 എന്നുളളത് ദേശീയ ശരാശരിക്കും (5.6) കേരള ശരാശരിക്കും (5.3) മദ്ധ്യേയാണ്. ജനസംഖ്യയുടെ 7.62 ശതമാനം പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരും 0.024 ശതമാനം പട്ടിക വർഗത്തിൽപ്പെടുന്നവരുമാണ്.
പഞ്ചായത്ത് ജനസംഖ്യയിൽ 1.08 ശതമാനം ഏതെങ്കിലും തരത്തിലുളള അംഗവൈകല്യം സംഭവിച്ചവരാണ്.

***വികലാംഗർ മന്ദബുദ്ധികൾ***

| വാർഡ് | എണ്ണം | | ആകെ | വിദ്യാഭ്യാസം | | ആനുകൂല്യം സിദ്ധിക്കുന്നവർ | | മന്ദബുദ്ധികൾ | | മനോ രോഗികൾ | | അന്ധത പൂർണ്ണം | | അന്ധത ഭാഗികം | | ഊമ | | വിവാഹിതർ | | ചലന വൈകല്യം | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | സ്ത്രീ | പു | | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു |
| 1 | 11 | 9 | 20 | – | – | 2 | 3 | 3 | 5 | – | – | – | – | – | 4 | 3 | 4 | 1 | – | 5 | 3 |
| 2 | 7 | 17 | 24 | – | – | 8 | 5 | – | – | – | – | 7 | 2 | – | – | 5 | 3 | 7 | 5 | 13 | 5 |
| 3 | 5 | 8 | 13 | – | – | 6 | 3 | 3 | 1 | – | – | 1 | 1 | – | – | 1 | – | 3 | 3 | 4 | 2 |
| 4 | 4 | 6 | 10 | – | – | 2 | – | 1 | – | – | – | – | – | 1 | 1 | 3 | 1 | 4 | 1 | 4 | 2 |
| 5 | 10 | 8 | 18 | – | – | 4 | 1 | 3 | 2 | 2 | 1 | – | 4 | 1 | – | 4 | 4 | 2 | 2 | 3 | 6 |
| 6 | 12 | 19 | 31 | – | – | 8 | 3 | 1 | 1 | – | – | 2 | 1 | – | 1 | 5 | 2 | – | 3 | 9 | 6 |
| 7 | 2 | 20 | 22 | 2 | 1 | – | – | 1 | 1 | 2 | – | 4 | 3 | – | 1 | 8 | 8 | 7 | 4 | 10 | 6 |
| 8 | 20 | 19 | 39 | 1 | 2 | 7 | 3 | 5 | 8 | 1 | 2 | 3 | 1 | 3 | 3 | 1 | 3 | 3 | 2 | 6 | 5 |
| 9 | 5 | 12 | 17 | – | – | 9 | – | 1 | 2 | – | – | 1 | – | 1 | – | 3 | 1 | 9 | – | 10 | 2 |
| 10 | 24 | 14 | 38 | 1 | 2 | 5 | 11 | – | – | – | – | 5 | 8 | 2 | 1 | 4 | 7 | 8 | 8 | 7 | 13 |

230 ആകെ വികലാംഗർ
98 132

# ജനസംഖ്യ

| | Ward 1 | Ward 2 | Ward 3 | Ward 4 | Ward 5 | Ward 6 | Ward 7 | Ward 8 | Ward 9 | Ward 10 | Total |
|---|---|---|---|---|---|---|---|---|---|---|---|
| വില്ലേജിന്റെ വിസ്തീർണ്ണം ഹെക്ടറിൽ | | | | | | | | | | | |
| വീടുകളുടെ എണ്ണം | 396 | 443 | 297 | 257 | 360 | 305 | 495 | 685 | 318 | 480 | 4036 |
| കുടുംബങ്ങളുടെ എണ്ണം | 397 | 443 | 297 | 257 | 360 | 305 | 501 | 691 | 319 | 480 | 4050 |
| ആകെ ജനസംഖ്യ | 2147 | 2294 | 1524 | 1335 | 1898 | 1556 | 2623 | 3540 | 1685 | 2558 | 21160 |
| പുരുഷന്മാർ | 1026 | 1139 | 739 | 622 | 926 | 787 | 1262 | 1740 | 887 | 1366 | 10494 |
| സ്ത്രീകൾ | 1121 | 1155 | 785 | 713 | 972 | 769 | 1361 | 1800 | 798 | 1192 | 10666 |
| 0 _ 6 വരെ പ്രായമുള്ളവർ | 239 | 246 | 153 | 137 | 187 | 171 | 2301 | 367 | 158 | 253 | 2141 |
| പുരുഷന്മാർ | 112 | 128 | 74 | 64 | 108 | 96 | 113 | 198 | 88 | 128 | 1109 |
| സ്ത്രീകൾ | 127 | 118 | 79 | 73 | 79 | 75 | 117 | 169 | 70 | 125 | 1032 |
| S.C. Male | 57 | 43 | 18 | 21 | 44 | 67 | 116 | 177 | 119 | 135 | 797 |
| S.C. Female | 73 | 43 | 33 | 22 | 31 | 61 | 118 | 175 | 114 | 146 | 816 |
| S.T. Male | - | - | - | - | - | - | - | - | 2 | - | 2 |
| S.T. Female | - | - | - | - | - | - | - | - | 3 | - | 3 |

### *വിദ്യാഭ്യാസ നിലവാരം*

പുതിയതലമുറയിൽ S.S.L.C വരെ വിദ്യാഭ്യാസം നേടാത്തവർ പഞ്ചായത്തിൽ അപൂർവമാണ് SSLCക്കു മുകളിൽ പൊഫഷണൽ വിദ്യാഭ്യാസരംഗത്ത് പഠിക്കുന്ന അനേകം വിദ്യാർത്ഥികൾ കൈനകരിയിൽ ഉണ്ട്. തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് കൂടുതൽ വിദ്യാർത്ഥികൾ ഇപ്പോൾ ആകർഷിക്കപ്പെടുന്നു എന്നുളളത് പഞ്ചായത്തിൽ സമീപകാലത്ത് ഉണ്ടായ ഒരു പുതിയ പ്രവണതയാണ്. എന്നാൽ തൊഴിലധിഷ്ഠിത സ്ഥാപനങ്ങൾ പഞ്ചായത്തിലില്ല എന്നുളളത് സത്യമാണ്. ആനുകാലിക രാഷ്ട്രീയ സാമൂഹ്യസംഭവവികാസങ്ങൾ വായിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുന്ന ഒരു വലിയ വിഭാഗം കൈനകരിയിലുണ്ട്. നവസാക്ഷരരിൽ 52.70% സ്ത്രീകളും 47.3% പുരുഷന്മാരുമാണ്.

### *തൊഴിൽ*

കാർഷിക മേഖലയുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്യുന്നവരാണ് ആകെ തൊഴിലെടുക്കുന്നവരിൽ ഭൂരിപക്ഷവും പണിയെടുക്കുന്ന ചെറുപ്പക്കാരുടെ ആകർഷക മേഖല പാടങ്ങളിൽ നിന്നുള്ള കക്കാ ശേഖരമാണ് സ്വയം തൊഴിൽ സംരംഭകരും, കാർഷികേതര രംഗങ്ങളിൽ പണിയെടുക്കുന്നവരും പൊതുവേ കുറവാണ്. മത്സ്യബന്ധനവും കള്ളുചെത്തുമാണ് കാർഷികേതര തൊഴിലുകളിൽ പ്രധാനം. ഗവൺമെന്റ് സർവ്വീസിലും സ്വകാര്യമേഖലകളിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും പരിമിതമാണ് ഇവ സംബന്ധിച്ച വ്യക്തമായ കണക്കുകൾ ലഭ്യമല്ല.

★★★★★

# വികസനമേഖലാ
# അവലോകനം

# കൃഷിയും ജലസേചനവും

സമുദ്രനിരപ്പിന് ഒന്നരമുതൽ മൂന്നു മീറ്റർവരെ താഴെ കൃഷി ചെയ്യുന്ന ഭൂപ്രദേശമാണ് കൈനകരി. 26 പാടശേഖരങ്ങളിലായി 2262 ഹെക്ടർ സ്ഥലത്ത് നെല്ലും, 1118 ഹെക്ടർ സ്ഥലത്ത് തെങ്ങും പ്രധാനമായി കൃഷിചെയ്തു വരുന്നു. മാവ്, പ്ലാവ്, പുളി തുടങ്ങിയ ഫലവൃക്ഷങ്ങൾക്കു പുറമെ മരച്ചീനി, ചേന, ചേമ്പ് തുടങ്ങിയ കിഴങ്ങുവർഗങ്ങളും ഏത്തൻ, പാളയൻ തോടൻ, പൂവൻ തുടങ്ങി വിവിധയിനം വാഴകളും കൃഷിചെയ്യുന്നു ആകർഷകമായ ഉൽപ്പാദനമില്ലെങ്കിലും അങ്ങിങ്ങായി കുരുമുളകു കൃഷിയും ചെയ്യുന്നു. തുടർച്ചയായുള്ള വെള്ളപ്പൊക്കം ഇതിനു ഭീഷണിയാകുന്നുണ്ട്. ഇവയ്ക്കു പുറമേ പല തരത്തിലുള്ള പച്ചക്കറികളും, പൂച്ചെടികളും ധാരാളമായി ഈ നാട്ടിൽ കൃഷിചെയ്തുവരുന്നു.

വെള്ളക്കെട്ടായ പ്രദേശങ്ങൾ ബണ്ടുകൊണ്ട് വേർതിരിച്ച് സ്ഥലം കണ്ടെത്തിയാണ് ആദ്യകാലകൃഷിഭൂമിയുടെ തുടക്കം. ഈരക്കാടുകളും കൊമ്പുകാടുകളും കായൽക്കട്ടയും കൊണ്ട് പണിതുകുത്തി കരകം കൊണ്ട് തിരിച്ചുകെട്ടി പുറംബണ്ടുകൾ ബലപ്പെടുത്തിയിരുന്നു. ആദ്യകാലത്ത് ചക്രങ്ങൾ ഉപയോഗിച്ച് വെള്ളം വറ്റിച്ചിരുന്നു. 24,16,12,8 ഇലകളുള്ള ചക്രങ്ങൾ പെട്ടികളിൽ തട്ടുകളായി കെട്ടിനിർത്തിവെള്ളം വറ്റിച്ചിരുന്ന സ്ഥാനത്ത് എഞ്ചിനുകൾ നിലവിൽ വന്നു. താഴ്ന്ന പ്രദേശങ്ങളിൽ നിന്നും പൊതുചാലിലൂടെ വെള്ളം എഞ്ചിൻ തറകളിലേക്ക് തള്ളിവിട്ടിരുന്നത് പെട്ടിയും ചക്രവും ഉപയോഗിച്ചായിരുന്നു. അന്നൊക്കെ മരക്കലപ്പ ഉപയോഗിച്ച് ഏഴ് ചാൽ കന്നുകളെ കൊണ്ട് ഉഴുതു നിലം കൃ



| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | ഒരു ഹെക്ടറിൽ താഴെ | 2,789 |
| 2 | ഒരു ഹെക്ടറിനും 2 ഹെക്ടറിനും ഇടയിൽ | 995 |
| 3. | രണ്ട് ഹെക്ടറിന് മുകളിൽ | 112 |

### *വിള വിസ്തീർണ്ണം*

| നമ്പർ | വിള | വിസ്തീർണ്ണം |
|---|---|---|
| 1 | നെല്ല് (ഒന്നാം വിള) | 2747 Ha |
| 2 | നെല്ല് (രണ്ടാം വിള) | 888.7 Ha |

ഷിയോഗ്യമാക്കിയിരുന്നു. രണ്ടും മൂന്നും വർഷങ്ങളിൽ ഒരിക്കൽ മാത്രമാണ് കൃഷി ചെയ്തിരുന്നത്. ചെറുമണി, ചെമ്പാവ്, ജീരകചെമ്പാവ്, താമരക്കണ്ണൻ , പൂക്കുലചെമ്പാവ്, തിരിഞ്ഞവെള്ള, ഉപ്പുകുറുക, കരിവെണ്ണില, തുളസി, ഞവര, തുടങ്ങിയ നെൽവിത്തുകൾ ഉപയോഗിച്ച് ആദ്യകാലഘട്ടങ്ങളിൽ കൃഷിചെയ്തുപോന്നിരുന്നു. പൊടിയിലും ചേറ്റിലും വിതക്കുന്ന രീതി നിലനിന്നിരുന്നു.

നമ്മുടെ പ്രദേശത്ത് വൈദ്യതി കടന്നു വന്നതോടുകൂടി വെള്ളം വറ്റിക്കുന്നതിന് എഞ്ചിനുകൾക്കു പകരം മോട്ടോറുകൾ ഉപയോഗിക്കുവാൻ തുടങ്ങി. വർഷത്തിൽ ഒരു കൃഷി കുന്നതിക്കര, തൈനൻ, തൈച്ചൊങ്ങ്, IR8 തുടങ്ങിയ ഉല്പാദനശേഷി കൂടിയവിത്തിനങ്ങളും നിലവിൽ വന്നു. ഈ കാലഘട്ടത്തിൽ ഉഴവുരംഗത്തേക്ക് മരക്കലപ്പകൾക്കു പകരം ഇരുമ്പുകലപ്പയും ബോസ്സ് കലപ്പയും കടന്നുവന്നു. മണ്ണ് കൂടുതൽ ഇളകി കിട്ടുന്നതിനു ഇതു സഹായകരമായി.

വൈദ്യുതിയുടെ ലഭ്യത വർദ്ധിച്ചപ്പോൾ കൂടുതൽ മോട്ടോർതറകൾ സ്ഥാപിച്ച് വേഗം വെള്ളം വറ്റിക്കുന്നതിനും ഒരു പൂവിൽനിന്നും ഇരുപൂവിലേയ്ക്ക് കൃഷിരിതിമാറ്റുന്നതിനും സഹായകമായി. ആധുനികകൃഷിരീതികൾ നിലവിൽ വന്നതോടുകൂടി നിലം ഉഴുതുമറിക്കാൻ ട്രാക്ടർ, ടില്ലർ എന്നിവയും മെതിയന്ത്രങ്ങളും, പാറ്റുമെഷീനും നിലവിൽ വന്നു. ശാസ്ത്രസാങ്കേതിക സഹായത്താൽ പത്തുപതിനഞ്ച് മേനിയിൽ നിന്ന് 20-25 മേനിയിലേക്കും പിന്നീട് 35-40 മേനിയിലേക്കും വിളവ് വർദ്ധനവ് ഉണ്ടായി. മങ്കൊമ്പ് കാർഷിക ഗവേഷണകേന്ദ്രത്തിൽ നിന്നുമുള്ള നെൽവിത്തിനങ്ങൾ ഉല്പാദന വർദ്ധനവിന് സഹായകമായി. ചാണകവും ചാരവും, ജൈവവളങ്ങളും ഉപയോഗിച്ചിരുന്ന കർഷകർ ഇന്ന് രാസവളങ്ങൾ ഉപയോഗിക്കുന്നു.

ആദ്യകാലങ്ങളിൽ കൃഷിഭൂമിയുടെ ഉടമസ്ഥാവകാശം ഒരു പിടി ജന്മിമാരിൽ കേന്ദ്രീകൃതമായിരുന്നു. തുഛമായ കൂലി കൈപ്പറ്റി കുടിയാന്മാരായ പണിയാളുകൾ പകലന്തിയോളം പണിയെടുത്തിരുന്നു. അക്ഷരാർത്ഥത്തിൽ പകലന്തിയോളം പണിയെടുത്തിരുന്ന മിണ്ടാപ്രാണികളായ അടിയാളന്മാരായിരുന്നു ആദ്യകാലതൊഴിലാളികൾ. ഒരു തരം പാദസേവചെയ്തുപോന്ന അദ്ധ്വാനവർഗ്ഗം സംഘടിക്കുകയും അതിലൂടെ ഉയർച്ച പ്രാപിക്കുകയും ചെയ്തു. ഭൂപരിഷ്കരണനിയമത്തിലൂടെ ഭൂമിയുടെ കേന്ദ്രീകരണ സ്വാഭവത്തിനു മാറ്റും വരുകയും കൂടുതൽ കൃഷിക്കാർക്ക് ഭൂമിയിൽ ഉടമാവകാശം ലഭിക്കുകയും ചെയ്തു.

സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവരും നിത്യവൃത്തിക്കുമാർഗ്ഗങ്ങൾ ഇല്ലാത്തവരുമായ ഒരു വിഭാഗം ജനത കാർഷിക മേഖലയിൽ കർഷകതൊഴിലാളികളായി രംഗത്തുവന്നു. വൻകിടഭൂഉടമകളായ കർഷകർക്കുവേണ്ടി സ്ഥിരമായി ആണും പെണ്ണും ഉൾപ്പെടെ ഒരു പറ്റം തൊഴിലാളികൾ ജന്മിമാരുടെ അടിമകളായി വേലയെടുത്തിരുന്നു. ഈ കൂട്ടങ്ങൾക്കു നേതൃത്വം നൽകിയ വ്യക്തിയെ 'തലപ്പുലയൻ' എന്നാണ് വിളിച്ചിരുന്നത്. മുതലാളിക്കുവേണ്ടി വിശ്വസ്തതയോടെ കൃഷിപ്പണികൾ ചെയ്യിക്കുന്നതിന് 'നോട്ടക്കാരും' ഉണ്ടായിരുന്നു. അന്നൊക്കെ ഒരു ദിവസം പന്ത്രണ്ടു മുതൽ പതിനാലു മണിക്കൂർ പണിയെടുത്താൽ രണ്ട് കൂലിയാൻ നെല്ല് കൂലിയായും ജന്മിക്കു താല്പര്യമുള്ളവർക്ക് കഞ്ഞിയും കപ്പവേവിച്ചതും ഭക്ഷണമായി നൽകിയിരുന്നു. തുടർന്ന് മൂന്നും നാലും കൂലിയാൻ നെല്ല് കൂലി വർദ്ധനവു് ഉണ്ടായി. ഉല്പന്നമായി നൽകിയിരുന്ന കൂലിവ്യവസ്ഥയിൽ നിന്ന് പുരുഷതൊഴിലാളിക്ക് നാലു ചക്രവും സ്ത്രീതൊഴിലാളിക്ക് രണ്ടരചക്രവും കൂലിയായി നാണയം നൽകാൻ തുടങ്ങി. തിരുവിതാംകൂർ തിരുക്കൊച്ചി സംയോജനത്തിനുശേഷം പുരുഷതൊഴിലാളിക്ക് പന്ത്രണ്ടു അണയും സ്ത്രീതൊഴിലാളികൾക്ക് എട്ട് അണയും കൂലി നിശ്ചയിച്ചു. കേരളപ്പിറവിക്കുശേഷം 1957-ൽ അധികാരത്തിൽ വന്ന ശ്രീ. ഇ. എം. എസ്. മുഖ്യമന്ത്രിയായുള്ള മന്ത്രിസഭയാണ്. കർഷകതൊഴിലാളികൾക്ക് മിനിമം വേജസ് പ്രഖ്യാപിക്കുന്നത്. പുരുഷതൊഴിലാളിക്ക് ഒരു രൂപാ എട്ടണയും

സ്ത്രീതൊഴിലാളിക്ക് ഒരു രൂപയും ഏറ്റവും കുറഞ്ഞ വേതനമായി നിലവിൽ വന്നു. കൊയ്ത്തു മെതി വേതനം, പത്തുകുട്ട നെല്ലിന് ഒരു കുട്ടനെല്ല് പതം കിട്ടിയിരുന്ന സ്ഥാനത്ത് എട്ടിൽ ഒന്നുപതവും പതത്തിന്റെ നാലിൽ ഒന്ന് തീർപ്പുപറയ്ക്ക് നൽകുന്നതിന് ആദ്യമായി തീരുമാനം ഉണ്ടായി. അങ്ങനെ അനിശ്ചിതത്വത്തിലായിരുന്ന തൊഴിലാളിക്കവകാശപ്പെട്ട വേതനമായി ജന്മികൾ അംഗീകരിക്കാതിരുന്ന 'തീർപ്പ്' ആദ്യമായി നിയമം മൂലം അംഗീകരിക്കപ്പെട്ടു. തുടർന്ന് സേവന വേതന വ്യവസ്ഥകൾക്ക് കാലാനുസൃതമായി മാറ്റങ്ങൾ വരുകയും ഇന്നുള്ള സ്ഥിതിയിൽ എത്തിച്ചേരുകയും ചെയ്തു.

ജന്മികളുടെ ജന്മാവകാശമെന്ന് അംഗീകരിച്ചിരുന്ന ഒഴിപ്പിക്കൽ ഒരു പ്രഖ്യാപനം മൂലം അവസാനിപ്പിച്ച്, കൈവശാവകാശത്തിനംഗീകാരം നൽകുകയും ഭൂമിയിന്മേലുള്ള കുത്തകാവകാശം അവസാനിപ്പിക്കുന്ന ഭൂപരിഷ്ക്കരണ നിയമത്തിനു തുടക്കംകുറിച്ചതും 1957ലെ E.M.S സർക്കാരാണ്.

കാർഷികരംഗത്തുണ്ടായ വളർച്ചയോടൊപ്പം പ്രശ്നങ്ങളും വളർന്നു. നെൽകൃഷിചെയ്യുന്ന പ്രദേശങ്ങളുടെ വിസ്തീർണ്ണം കുറഞ്ഞുവരുന്നതും ഉൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തതും പാടത്ത് കൃത്യസമയത്ത് തൊഴിലാളികളെ ജോലിക്ക് കിട്ടാതെ വരുന്നതും തുടങ്ങി വിവിധ പ്രശ്നങ്ങൾ നിലനിൽക്കുന്നു.

പട്ടിക 7

***വളത്തിന്റെ വിഷത്തിന്റെ ഉപയോഗം***

| നമ്പർ | വർഷം | നൈട്രജൻ ടൺ | ഫോസ്ഫേറ്റ് (P) ടൺ | പൊട്ടാഷ് (K) ടൺ | വിഷം Kgm |
|---|---|---|---|---|---|
| 1 | 1990 | 141 | 503 | 170 | 2239 |
| 2 | 1991 | 117 | 511 | 181 | 2227 |
| 3 | 1992 | 129 | 496 | 187 | 2317 |
| 4 | 1993 | 148 | 527 | 180 | 2127 |
| 5 | 1994 | 161 | 541 | 168 | 2310 |
| 6 | 1995 | 163 | 532 | 179 | 2209 |
| 7 | 1996 | 165 | 545 | 186 | 2343 |

നമ്മുടെ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന പ്രധാന പ്രശ്നങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

വെള്ളപ്പൊക്ക ഭീഷണിയിൽ നിന്നും രക്ഷനേടുന്നതിന് എല്ലാ പാടശേഖരങ്ങൾക്കുചുറ്റും അകംപുറം കൽക്കെട്ടുകൾ കെട്ടി നടപ്പാത സൗകര്യം ഉണ്ടാകണം. കൂലിപ്പുരയ്ക്കൽ - കിഴക്കുപുറം പാടശേഖരങ്ങൾ തമ്മിൽ വേർതിരിക്കുന്ന അംബേദ്കർ റോഡ് രണ്ടുവശവും കല്ലുകെട്ടി ഉയർത്തണം. ചെറുകാലിക്കായലും ആറു പങ്കു പാടശേഖരവും തമ്മിൽ വേർതിരിക്കുന്ന തോട് അടിയന്തരമായി തുറന്ന് കല്ലുകെട്ടുകയും പാലം നിർമ്മിക്കുകയും വേണം. കട്ടയിട്ട് റിങ്ങുബണ്ടുകൾ പാടശേഖരങ്ങൾക്ക് ചുറ്റും പിടിക്കുകയും ബണ്ടുകൾ സംരക്ഷിക്കുന്നതിന് മെയിന്റനൻസ് ഗ്രാന്റുകൾ പഞ്ചായത്തു മുഖേന ഏർപ്പെടുത്തുകയും വേണം.

***കൈനകരി ഗ്രാമപഞ്ചായത്ത്***

***ദുരിതാശ്വാസ വിതരണം***

| പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ) | | | |
|---|---|---|---|
| വർഷം | വെള്ളപ്പൊക്കം | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
| 1 | 2 | 3 | 4 |
| 1993-94 | | | |
| 1994-95 | 962.ha | 1618 | 962700 |
| 1995-96 | 312ha | 99 | 52200 |

ഓരോ പാടശേഖരത്തിലും കൃഷിക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ആവശ്യാനുസരണം ട്രാക്ടർ റോഡുകൾ നിർമ്മിക്കണം.

സി.ഡി. ബ്ളോക്കുകൾ വേർതിരിക്കുന്ന ബണ്ടു ബലപ്പെടുത്തി ഇരുഭാഗങ്ങളും തുറന്ന് യാത്രാ സൗകര്യമുണ്ടാക്കി കായലിലേക്ക് തുറക്കാനുള്ള നടപടി ഉണ്ടാകണം. തോട്ടപ്പള്ളി സ്പിൽവേയുടേയും തണ്ണീർമുക്കം ബണ്ടിന്റേയും പോരായ്മകൾ പരിഹരിക്കണം. നിലവിലുള്ള തോടുകളുടെ ആഴംകൂട്ടണം. റാണി_ചിത്തിര കായലുകളെ തമ്മിൽ വേർതിരിക്കുന്ന ആറ് തുറക്കേണ്ടതാണ്.

നെൽകൃഷി ഉറപ്പാക്കിക്കൊണ്ട് പാടശേഖരങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാവുന്നതാണ്.

എല്ലാ പാടശേഖരങ്ങൾക്കും ആവശ്യമായ മോട്ടോറുകൾ ഗവർമെന്റ് തരുകയും മോട്ടോർതറകൾ നിർമ്മിക്കുന്നതിനുള്ള സാമ്പത്തികസഹായം പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുകയും വേണം. മോട്ടോർ തറകളിലേക്ക് വൈദ്യുതി കണക്ഷൻ സ്ഥിരമായി നൽകണം. കുട്ടനാടൻ മേഖലയിൽ പവ്വർകട്ട് ഒഴിവാക്കണം. മോട്ടോർ തൊഴിലാളികളുടെ വേതനം സർക്കാർ നൽ

കുകയും വേണം. ഉല്പാദനക്ഷമതയുള്ള വിത്തിനങ്ങൾ നെല്ല് ഉല്പാദക സമിതികൾ വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം.

നിലവിലുള്ള സഹകരണ സംഘം വായ്പാരീതിയിൽ മാറ്റംവരുത്തണം. സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണബാങ്ക്, പ്രാഥമിക സഹകരണ ബാങ്ക് എന്നീ ത്രിതലവായ്പാ വിതരണ സമ്പ്രദായം നിർത്തലാക്കുകയും ജില്ലാ സഹകരണ ബാങ്കിനെ ഒഴിവാക്കി ദ്വിതലവായ്പാ വിതരണ സമ്പ്രദായം ഏർപ്പെടുത്തുകയും വേണം. കൃത്യസമയത്ത് വായ്പ തിരിച്ചടയ്ക്കുന്ന കൃഷിക്കാർക്ക് പലിശ സബ്സിഡി ഏർപ്പെടുത്തണം. വായ്പയുടെ പലിശ 50% കുറയ്ക്കണം. പ്രൊഡക്ഷൻ ബോണസ് വർദ്ധിപ്പിക്കുകയും യഥാസമയം വിതരണം നടത്തുകയും വേണം. പാടശേഖരാടിസ്ഥാനത്തിൽ ഇൻഷ്വറൻസ് ഏർപ്പെടുത്തണം.

ഉല്പന്നം പഞ്ചായത്തടിസ്ഥാനത്തിൽ സംഭരിച്ച് സംസ്ക്കരിച്ച് വിപണനം ചെയ്യുന്നതിനുള്ള സങ്കേതങ്ങൾ ഉണ്ടാകണം. പാടശേഖരങ്ങൾക്ക് ഗോഡൗൺ അനുവദിക്കുകയും പഞ്ചായത്ത് കേന്ദ്രീകരിച്ച് മോഡേൺ റൈസ്മിൽ തുടങ്ങുകയും വേണം. കീലോൺ സമ്പ്രദായം നടപ്പിൽവരുത്തണം.

പുഞ്ച സ്പെഷ്യൽ ഓഫീസിന്റെ പ്രവർത്തനം തൃപ്തികരമല്ല. അധികാരങ്ങൾ വിഭജിച്ച് പഞ്ചായത്തിനേയും കൃഷിഭവനുകളെയും ഏല്പിക്കുകയും പുഞ്ച സ്പെഷ്യൽ ഓഫീസ് നിർത്തലാക്കുകയും വേണം. പഞ്ചായത്തുതലത്തിൽ മണ്ണുപരിശോധനാ കേന്ദ്രം ഉൾപ്പെടെയുള്ള ആഗ്രോക്ലിനിക് സ്ഥാപിക്കേണ്ടതാണ്. ഗ്രൂപ്പുഫാമിംഗ് പ്രവർത്തനം കാര്യക്ഷമമാക്കണം.

ഉല്പാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ ഉല്പന്നങ്ങൾക്ക് തറവില നിശ്ചയിക്കണം. നെല്ല് ഉൽപ്പാദകസമിതിയുടെ പ്രവർത്തനങ്ങൾക്ക് ഏകീകൃത രൂപം നൽകുന്നതിനുവേണ്ടി പഞ്ചായത്തുകൾക്ക് മേൽനോട്ടം ഉണ്ടായിരിക്കണം. നെല്ല് ഉല്പാദക സമിതിയുടെ കണക്കുകൾ കൃഷിഭവൻ മുഖാന്തിരം ഓഡിറ്റ് ചെയ്യേണ്ടതാണ്. സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ കൃഷിക്കാർക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.

കാർഷിക മേഖലയിലേക്ക് ആവശ്യമുള്ള തൊഴിലാളികളെ യഥാസമയം ആവശ്യാനുസരണം ലഭിക്കുന്നില്ല. ഈ സാഹചര്യത്തിൽ ആവശ്യമായ യന്ത്രവൽക്കരണം നടപ്പിലാക്കുന്നത് നന്നായിരിക്കും. കുട്ടനാടിന്റെ പ്രത്യേക പരിതസ്ഥിതി കണക്കിലെടുത്ത് കാർഷികമേഖലയിലെ പവർകട്ട് ഒഴിക്കാവേണ്ടതാണ്.

സബ്സിഡി നിരക്കിൽ അത്യുല്പാദന ശേഷിയുള്ള തെങ്ങിൻതൈകൾ വിതരണം ചെയ്യണം. രോഗംബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി രോഗപ്രതിരോധ ശക്തിയുള്ള തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കാനുള്ള സംവിധാനം ഉണ്ടാകണം. വെട്ടിമാറ്റുന്ന തെങ്ങുകൾക്ക് മതിയായ നഷ്ടപരിഹാരം നൽകണം. രോഗപ്രതിരോധത്തിന് ആവശ്യമായ മരുന്നുകൾ കൃഷിഭവൻ മുഖേന വിതരണം ചെയ്യണം. ഊർജ്ജിതകേരകൃഷി സ്കീമിൽ കൈനകരി പഞ്ചായത്തിനേയും ഉൾപ്പെടുത്തണം. കൃഷിഭവനുവേണ്ടി വാങ്ങിയ സ്ഥലത്ത് കെട്ടിടം പണിയുവാനുള്ള നടപടികൾ ത്വരിതഗതിയിൽ ആരംഭിക്കണം.

പച്ചക്കറി വികസനത്തിന് പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്. പച്ചക്കറി ഗ്രാമപദ്ധതിയിൽ നമ്മുടെ പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തുവാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. നല്ലയിനം വാഴവിത്തുകൾ, നടിൽ വസ്തുക്കൾ, ഔഷധച്ചെടികൾ എന്നിവ ആവശ്യാനുസരണം കൃഷിഭവൻ മുഖേന വിതരണം ചെയ്യണം. പച്ചക്കറി ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ഉള്ള സൗകര്യങ്ങൾ പഞ്ചായത്ത് ഏർപ്പെടുത്തണം.

നമ്മുടെ മുഖ്യ ആഹാരസാധനമായ അരിയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ കർഷകനു നെൽകൃഷിയിൽ താല്പര്യം ഉണ്ടാക്കാൻ കഴിയണം. അതനാവശ്യമായ പ്രോത്സാഹനം സർക്കാർ കൃഷിക്കാരനു നൽകണം. ഉൽപ്പാദനചെലവുമായി പൊരുത്തപ്പെടാത്തഇന്നത്തെ ഉല്പന്നത്തിന്റെ വിലയിലുള്ള അനിശ്ചിതത്വം ഒഴിവാക്കാൻ കഴിയും എന്നുറപ്പാക്കണം. അതിനു കൃഷിക്കാരനു ലാഭം കിട്ടത്തക്കവിധത്തിലുള്ള വിലയ്ക്ക് സർ

| Ward | തെങ്ങ്കൃഷി വിസ്തീർണ്ണം | തെങ്ങ് എണ്ണം | | | രോഗംബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട്വിൽറ്റ് | ലീഫ്റോട്ട് | ബസ്റൂട്ട് | സ്റ്റം സ്പീഡിംഗ് | മറ്റുള്ളവ | ആകെ. |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | |
| I to X | 11184 | 84115 | 160441 | 244556 | 69308 | 129215 | 65116 | 8512 | 181225 | 244556 |

ക്കാരോ സർക്കാർ നിർദ്ദേശിക്കുന്ന ഏജൻസിയോ നെല്ല് സംഭരണം ഏറ്റെടുക്കണം. ഇന്നത്തെ വർദ്ധിച്ച ഉല്പാദന ചിലവു കുറക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും അത്യല്പാദനശേഷിയുള്ള വിത്തിനങ്ങളുടെ ലഭ്യത ഉറപ്പാക്കണം. വളങ്ങളുടെ ഇന്നത്തെ വർദ്ധിച്ച വിലക്ക് സബ്സിഡി നൽകി കുറഞ്ഞ വിലയ്ക്ക് വളം കിട്ടുമെന്ന വിശ്വാസം കൃഷിക്കാരനുണ്ടാകണം.

കൃഷിയെ ബാധിക്കുന്ന രോഗങ്ങൾക്ക് യഥാസമയം മരുന്നടിച്ചു കൃഷിയെ രോഗപീഡയിൽ നിന്ന് രക്ഷിക്കാൻ കഴിയുമെങ്കിലും ജൈവസംവിധാനം ഏർപ്പെടുത്തി കീടനാശിനിപ്രയോഗം ഒഴിവാക്കാൻ പരമാവധി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

കൃഷി ചെയ്ത് ജനങ്ങളുടെ ആഹാരാവശ്യം നിറവേറ്റാൻ അഹോരാത്രം കഷ്ടപ്പെട്ടു പണിയെടുക്കുന്ന കൃഷിക്കാരൻ ഈ നാടിന്റെ നട്ടെല്ലാണ്. അങ്ങനെ പരിശ്രമിക്കുന്ന കൃഷിക്കാരനെ സർക്കാരും ജനങ്ങളും ഒരു രണ്ടാംകിട പൗരനായിട്ടാണ് കണക്കാക്കുന്നത്. കൃഷിക്കാരനാവശ്യമായ സാമ്പത്തിക സഹായമോ സംരക്ഷണമോ ലഭിക്കുന്നില്ല. വ്യവസായികൾക്കു നൽകുന്നതു പോലുള്ള സഹായങ്ങളും ദീർഘകാല വായ്പകൾ കുറഞ്ഞ പലിശയ്ക്കു നൽകുകയും ചെയ്ത് കൃഷി സംരക്ഷണനടപടികൾ സർക്കാർ സ്വീകരിക്കണം. അങ്ങനെ കൃഷിക്കാരൻ ജീവിതോപാധിയായി ചെയ്യുന്ന കൃഷി സമൂഹത്തിനുവേണ്ടി ചെയ്യുന്ന സേവനമാണെന്ന അംഗീകാരം ഉണ്ടാകണം.

***ജലസേചനം***

സമുദ്രനിരപ്പിൽ നിന്നു താഴ്ന്ന പ്രദേശമായ കൈനകരി പഞ്ചായത്തിന്റെ മൂന്നിൽ രണ്ടു ഭാഗം ജലമാണ് കേരളത്തിലെ ഏറ്റവും വലിയ കായലായ വേമ്പനാട്ടുകായൽ ഈ പഞ്ചായത്തിൻെറ വടക്കേ അതിർത്തിയിൽ സ്ഥിതിചെയ്യുന്നു. പള്ളാത്തുരുത്തിയാറ് പടിഞ്ഞാറും ചേന്നംകരിയാറ് കിഴക്കും അതിർത്തികളാണ്. മദ്ധ്യഭാഗത്തിലൂടെ പമ്പയാറും, വട്ടക്കായലും മീനപ്പള്ളിക്കായലും, ഇടത്തോടുകളും ഒക്കെക്കൊണ്ട് ജലസമ്പത്ത് സമൃദ്ധമാണ്. വർഷത്തിൽ രണ്ടുപ്രാവശ്യം കിട്ടുന്ന മഴയും നമ്മുടെ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നു.

ജലം തടഞ്ഞു നിർത്തി കൃഷി ചെയ്യുന്ന രീതിയല്ല ഇവിടുത്തേത്. കെട്ടി നിൽക്കുന്ന വെള്ളം പമ്പു ചെയ്തു പൊതുജലാശയങ്ങളിലേക്ക് നിർഗമനം നടത്തിയാണ് ഇവിടെ കൃഷി ചെയ്യുന്നത്. പ്രകൃതിയെ മാത്രം ആശ്രയിച്ചുള്ള കൃഷിരീതിയാണ് തുടർന്നു വരുന്നത്. പലപ്പോഴും മെച്ചപ്പെട്ട കൃഷിക്ക് വഴിയൊരുക്കുന്ന കലാവസ്ഥ ചിലപ്പോൾ തകർച്ചയ്ക്കു കാ രണമാകുന്നു. പെട്ടന്നുണ്ടാകുന്ന അതിവർഷവും തൻമൂലമുണ്ടാകുന്ന വെള്ളപ്പൊക്കവും ഇപ്പോഴും ഇവിടെ കൃഷിക്കും ജനജീവിതത്തിനും ഭീഷണിയാണ്.

***ജലവുമായി ബന്ധപ്പെട്ട ആസ്തികൾ***

| നമ്പർ | ആസ്തികൾ | വിസ്തീർണ്ണം (കി.മീ.) | എണ്ണം |
|---|---|---|---|
| 1 | പമ്പ കൈവഴി | 10 കി.മീ. | 1 |
| 2 | പള്ളാത്തുരുത്തി | 5 കി.മീ | 1 |
| 3 | ചേന്നംകരി | 5 കി.മീ. | 1 |
| 4 | വേമ്പനാട്ട് കായൽ | 12ചതു. കി. മീ. | 1 |
| 5 | മീനപ്പള്ളി കായൽ | 4 ചതു. കി. മീ. | 1 |
| 6 | ചേന്നംകരി കായൽ | 1½ ചതു. കി. മീ. | 1 |
| 7 | തോട് | 34.5 കി.മീ. | 14 |
| 8 | കുളം | 2.75 ചതു. കി. മീ. | 36 |
| 9 | ജലസംഭരണി | വാട്ടർ ടാങ്ക്<br>ജലം ഇല്ല | 1 |

## റിങ്ങ് ബണ്ട് നിർമ്മാണ പദ്ധതി വിവരങ്ങൾ

| | പദ്ധതിയുടെ പേര് | പദ്ധതി പ്രദേശ വിസ്തീർണ്ണം | പദ്ധതി പ്രദേശത്തെ നീർച്ചാലുകളുടെ എണ്ണം | അടങ്കൽ തുക | മൊത്തം ഗുണഭോക്താക്കൾ | പദ്ധതി ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | സംരക്ഷിക്കപ്പെട്ടഭൂമിയുടെ വിസ്തീർണ്ണം | പ്രയോജനം ലഭിച്ച ഭോക്താക്കളുടെ എണ്ണം | ചെലവായ തുക | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| | P.M.S.P. | 2590 Ha | – | 3,32,22,160 | 4230 | 1993 | – | 1590 Ha | 2230 | 1,52,142,14 | |

★★★★★



# മൃഗസംരക്ഷണവും മത്സ്യബന്ധനവും

പശു, ആട്, എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ എണ്ണം വളരെ കുറവാണെങ്കിലും എരുമകളും പോത്തുകളും കാളകളും പഞ്ചായത്തിൽ വളർത്തപ്പെടുന്നുണ്ട് 1987 ലെ സെൻസസ് പ്രകാരം രണ്ടുപന്നികളും പഞ്ചായത്തിലുള്ളതായി കണക്കാക്കപ്പെടുന്നു.

വളർത്തുപക്ഷികളിൽ കോഴികളാണ് ഏറ്റവും പ്രധാമായുള്ളത്. പഞ്ചായത്തിലെ 80% വീടുകളിലും കോഴികളെ വളർത്തുന്നുണ്ട് താറാവു കൃഷിക്ക് വളരെയേറെ സാധ്യതകൾ ഉണ്ടെങ്കിലും കോഴികൃഷിയോളം പ്രാധാന്യത്തോടെ താറാവുകൃഷി നടക്കുന്നില്ല. പഞ്ചായത്തിൽ കൊഴിവളർത്തൽ കേന്ദ്രങ്ങളോ യൂണിറ്റുകളോ നിലവിലില്ല.

പഞ്ചായത്തിലെ മൃഗങ്ങളിൽ പ്രധാനമായും വയറുസംബന്ധമായ രോമാണ് കാണപ്പെടുന്നത്. ത്വക്ക് രോഗങ്ങളും വിരസംബന്ധമായ അസുഖങ്ങളും, പ്രസവസംബന്ധമായ രോഗങ്ങളും അകിടുവീക്കവും പഞ്ചായത്തിലെ മൃഗങ്ങൾക്ക് സാധാരണ ഉണ്ടാകുന്നരോഗങ്ങളാണ്. മുടന്തൻപനി, കുളമ്പുരോഗം തുടങ്ങിയവ ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ എന്നീ മാസങ്ങളിലാണ് ഉണ്ടാവാറുള്ളത്.

വളർത്തുപക്ഷികളിൽ ചിലകാലങ്ങളിലുണ്ടാകുന്ന കോഴി വസന്ത താറാവു വസന്ത എന്നിവയാണ് പ്രധാനരോഗങ്ങൾ. ഇതുമൂലമുണ്ടാകുന്ന കൂട്ടമരണങ്ങൾ വളർത്തുപക്ഷികളുടെ എണ്ണത്തിൽ സാരമായ കുറവുണ്ടാക്കുന്നുണ്ട്.

ഭൂപരമായ അസൗകര്യങ്ങളും സാങ്കേതികവിജ്ഞാനത്തിന്റെ കുറവും ധാരണവും ചികിസ്താ സംവിധാനങ്ങളുടെ അപര്യാപ്തതയും കാലിതീറ്റയുടെ വിലവർദ്ധനവും പഞ്ചായത്തിലെ മൃഗപരിപാലനത്തെ ഗണ്യമായ തോതിൽ പിന്നോട്ടടിപ്പിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ മൂന്നു ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ചേന്നംകരി, തൊട്ടുവാത്തല, കുട്ടമംഗലം എന്നിവിടങ്ങളിലാണ്. ടി ക്ഷീരോല്പാദക സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നത്. പഞ്ചായത്തിലുള്ള ഒരേയൊരു മൃഗാശുപത്രി സ്ഥിതി ചെയ്യുന്നത് 6ാം വാർഡിലാണ്. ഇത് ആരംഭിച്ചത് 1991 മാർച്ചു മാസത്തിലാണ്. ഈ ആശുപത്രികൊണ്ട് 25% ത്തോളം ആളുകൾക്കേ ഗുണം കിട്ടുന്നുള്ളു. ഭൂപരമായ പ്രത്യേകതകൾ മൂലം ആശുപത്രി സഹായം വേണ്ടത്ര ഉപയോഗപ്പെടുത്താൻ കഴിയാത്തത് ഈ രംഗത്തെ ഒരു പ്രധാന പ്രശ്നമാണ്. ആവശ്യാനുസരണം ചികത്സകിട്ടാതെ കാലികൾ ചാകുന്ന സ്ഥിതിവിശേഷവും ഉണ്ടാകാറുണ്ട്. മരുന്നുകൾ സൂക്ഷിക്കാനുള്ള ഫ്രിഡ്ജും മറ്റു ലബോറട്ടറിസൗകര്യങ്ങളോ, വാഹനമോ ഈ ആശുപത്രിയിലില്ല എന്നുള്ളത് ഗുരുതരമായ പ്രശ്നമാണ്. ആശുപത്രിക്ക് സ്വന്തമായി കെട്ടിടമില്ലാത്തതു ഗൗരവതരമായി കാണേണ്ടതുണ്ട്. ഇപ്പോൾ പ്രവർത്തിക്കന്ന കെട്ടിടത്തിന്റെ വാടക കൊടുക്കുന്നത് ക്ഷീരോല്പാദക സഹകരണസംഘമാണ്. ഈ ആശുപത്രിക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ഉണ്ടാകേണ്ടതും , ചേന്നങ്കരിയിലും ആയിരംവേലിയിലും രണ്ട് സബ്സെന്ററുകൾ സ്ഥാപിക്കേണ്ടതും വളരെ അത്യാവശ്യമാണ്.

മൃഗസംരക്ഷണവകുപ്പു നടപ്പാക്കുന്ന ചില പദ്ധതികൾ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. S.C.P (സ്പെഷ്യൽ കംപോണന്റു സ്കീം) പ്രകാരം ചാലേച്ചിറ ഹരിജൻ കോളനിയിലെ 28 പേർക്ക് 56 ആടുകളെ നൽകിയിട്ടുണ്ട്. പേപ്പട്ടികൾക്കുള്ള കുത്തിവെയ്പ്പ് ഈ വർഷം നടത്തിയിട്ടുണ്ട്. ഒരു വർഷം രണ്ട് ഗോരക്ഷാ ക്യാമ്പുകൾ വീതം നടക്കാറുണ്ട്. താറാവുകൃഷിയെ പ്രോത്സാഹിപ്പിക്കുവാൻ ഒരാൾക്ക് 20 താറാവ് എന്ന കണക്കിന് 25 പേർക്ക് നൽകിയിട്ടുണ്ട്. (25 യൂണിറ്റുകൾ) നൽകിയിട്ടുണ്ട് ഇതിന് 50% സബ്സിഡിയും ഉണ്ട്.

### കൈനകരി പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന പാൽ

| No. | സംഘം /വ്യക്തി | പ്രവർത്തനമേഖല | ഒരുവർഷത്തെശരാശരി ഉൽപാദനം ലിറ്റർ | പ്രാദേശികം | പുറത്തേക്ക് |
|---|---|---|---|---|---|
| 1. | തോട്ടുവാത്തല A 162 (D) | കൈനകരി പഞ്ചായത്ത് Ward VII & VIII | 37152 | 17352 | 19800 |
| 2. | കുട്ടമംഗലം A182(D) | Ward II, V, X | 87430 | 31032 | 56448 |
| 3. | ചേന്നംകരി A 158(D) | Ward I, III , IV | 70200 | 11160 | 59040 |
| 4. | നടുത്തുരുത്ത് | കൈനകരി Ward IX പുന്നപ്ര Ward IX | 39960 | 7200 | 32760 |
| 5 | വ്യക്തികൾ | എല്ലാവർഡുകളിലും | കണക്ക് ലഭ്യമല്ല | പൂർണ്ണമായും | Nil |
| 6 | ആകെ | എല്ലാവാർഡുകളിലും | 234792 | 66744 | 168048 |

#### പ്രധാനപ്രശ്നങ്ങൾ

1. കാര്യക്ഷമമായി പ്രവർത്തിക്കുന്ന ആശുപത്രിയുടെ അഭാവം
2. കാലിതീറ്റയുടെ വിലവർദ്ധന
3. കാലികളെ വളർത്തുന്നതിനുള്ള സാമ്പത്തിക സഹായത്തിന്റെ ലഭ്യതയില്ലായ്മ
4. വെള്ളപ്പൊക്കകാലത്തെ മൃഗപരിപാലനത്തിനുള്ള ബുദ്ധിമുട്ട്
5. വളർത്തുമൃഗങ്ങൾക്കും, പക്ഷികൾക്കും ഉണ്ടാകാറുള്ള പകർച്ചവ്യാധികളെ നേരിടുന്നതിനുള്ള ഫലപ്രദമായ, പ്രതിരോധ ചികിത്സാ സൗകര്യങ്ങൾ ഇല്ലായ്മ
6. ഉല്പന്നത്തിന്റെ വിലക്കുറവ്
7. പേപ്പട്ടി ശല്യം

### വളർത്തുമൃഗങ്ങൾക്കും പക്ഷികൾക്കും കണ്ടുവരുന്ന രോഗവിവരങ്ങൾ (ശരാശരി ഒരു വർഷത്തിൽ)

| നമ്പർ | രോഗങ്ങൾ | പശു | എരുമ | കാള | ആട് | കോഴി | താറാവ് |
|---|---|---|---|---|---|---|---|
| 1. | ദഹനസംബന്ധം | 392 | 16 | 18 | 120 | | |
| 2. | ശ്വാസകോശസംബന്ധം | 96 | 14 | 12 | 16 | | |
| 3. | ത്വക്ക് രോഗങ്ങൾ | 55 | 10 | 7 | 5 | | |
| 4. | ധാതുലവണക്കുറവ് | 208 | 17 | 5 | 14 | | |
| 5. | പ്രത്യുല്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടരോഗങ്ങൾ | 217 | 32 | 28 | 262 | | |
| 6. | അകിടുവീക്കം | 1503 | 13 | – | 3 | | |
| 7. | മുടന്തൻപനി (ചില പ്രത്യേക് കാലാവസ്ഥകളിൽ ) | 58 | 27 | 14 | 2 | | |
| 8. | പകർച്ചവ്യാധികൾ | 72 | 17 | 13 | 5 | 1006 | 803 |

#### സാദ്ധ്യതകൾ:

1. പഞ്ചായത്തിൽ കാലിവളർത്തൽ വ്യവസായ സഹകരണസംഘം രൂപീകരിക്കുക. ഓരോ വാർഡിലും പാൽ സംഭരണകേന്ദ്രങ്ങൾ സ്ഥാപിക്കുക. ഉല്പാദിപ്പിക്കപ്പെടുന്ന മുഴുവൻ പാലും കാലിവളർത്തൽ വ്യവസായ സഹകരണസംഘം സംഭരിക്കുകയും ഉൽപ്പാദകന് ന്യായമായ വിലനൽകുകയും ചെയ്യുക. ഉപോല്പന്നങ്ങളായ തൈരും നെയ്യും ശേഖരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാവുക. കുറഞ്ഞ വില നിരക്കിൽ മുഴുവൻ കൃഷിക്കാർക്കും കാലിത്തീറ്റ വിതരണം ചെയ്യാൻ സഹകരണസംഘം ശ്രദ്ധിക്കുക

മൃഗാശുപത്രിക്കു സ്വന്തമായി കെട്ടിടവും, ഫ്രിഡ്ജും, ലബോറട്ടറി സംവിധാനങ്ങളും ഉണ്ടാക്കണം. കായൽ മേഖലകളിലേയ്ക്ക് പോകുവാൻ വാഹനം അത്യാവശ്യമാണ് ആശുപത്രിയിൽ ആവശ്യത്തിന് മരുന്നുകൾ എത്തിക്കുക. ചേന്നങ്കരിയിലും (2 ാം വാർഡ്), ആയിരവേലിയിലും ഓരോ സബ്സെന്ററുകൾ സ്ഥാപിക്കുക ഒരു സബ്ബ് സെന്റർ തോട്ടുവാ

ത്തലയിലും ഉണ്ടാകേണ്ടതാണ്.

3. വാർഡുവികസനസമിതികൾ മുഖേന പഞ്ചായത്തിൽ കോഴിവളർത്തലും, താറാവുവകർത്തലും പ്രോത്സാഹിപ്പിക്കുക പകർച്ച വ്യാധികൾക്കുള്ള പ്രതിരോധ കുത്തിവയ്പുകൾ കാര്യക്ഷമമാക്കുക.
4. കന്നുകാലികളെ വാങ്ങുന്നതിനാവശ്യമായ ധനസഹായം ചെയ്യന്നതിനുള്ള പ്രത്യേകസംവിധാനങ്ങൾ ഉണ്ടകേണ്ടതാണ്.
5. തവിടു മുതലായ അസംസ്കൃ സാധനങ്ങളുപയോഗിച്ച് കാലിത്തീറ്റകളുണ്ടാക്കുന്ന വ്യവസായ സംരംഭം ആരംഭിക്കണം.
6. പുൽകൃഷി ആരംഭിക്കാനുള്ള നടപടികൾ ക്ഷീരവികസന വകുപ്പുവഴി പഞ്ചായത്തിൽ നടപ്പാക്കണം.
7. പാലുപയോഗിച്ചുള്ള ഉല്പന്നങ്ങളുണ്ടാക്കുന്നതിന് ധനസഹായം നൽകി കൃഷിക്കാരെ സഹായിക്കണം
8. കന്നുകാലികൾക്കുള്ള പ്രതിരോധ ചികിത്സാ സംവിധാനം കാര്യക്ഷമമാക്കുക
9. വളർത്തുനായ്ക്കൾക്കുള്ള ലൈസൻസ് സംവിധാനം കർശനമാക്കണം അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കാനുള്ള സ്ഥിരംസംവിധാനം പഞ്ചായത്തിൽ ഉണ്ടാവണം.
10. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക
11. തീറ്റക്കോഴി, മുട്ടക്കോഴി, തീറ്റത്താറാവ്, മുട്ടത്താറാവ് എന്നിവയുടെ നല്ലയിനം വളർത്തു പക്ഷികളെ ലഭ്യമാക്കുന്നതിന് ഹാച്ചറികൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.
12. വളർത്തുപക്ഷികൾക്കുള്ള രോഗനിയന്ത്രണസംവിധാനം നടപ്പിലാക്കുക.
13. മുട്ടയും. ഇറച്ചിയും സംഭരിച്ച് ലാഭകരമായി വിപണനം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക
14 പഞ്ചായത്ത് കേന്ദ്രീകരിച്ച് ആധുനിക സംവിധാനമുള്ള ഒരു അറവുശാല സ്ഥാപിക്കണം.
15. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും പ്രയോജനം ലഭിക്കത്തക്കരീതിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന മൃഗാശുപത്രി സ്ഥാപിക്കണം.
16. പഞ്ചായത്തിലെ ഈ രണ്ട് വാർഡുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഇൻസിമിനേഷൻ സെന്ററുകൾ സ്ഥാപിക്കണം.
17. ക്ഷീരകർഷകർക്ക് കന്നുകാലികളെ വളർത്തുന്നതിനുള്ള വായ്പകൾ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കുവാനുള്ള് പദ്ധതി ആവിഷ്കരിക്കുക.
18. കൂടുതൽ പാൽ ലഭിക്കുന്ന പശുക്കളേയും എരുമകളേയും വളർത്തുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുക
19. മുഴുവൻ കന്നുകാലികളെയും ഇൻഷ്വർ ചെയ്യുവാനുള്ള സംവിധാനം നടപ്പിലാക്കുക.
20. ഇപ്പോൾ സംഘങ്ങളിൽ നിന്നും ലഭിക്കുന്ന പാൽ വില വളരെ കുറവാണ്. അത് വർദ്ധിപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
21. പശുക്കളിലും എരുമകളിലും നടപ്പിലാക്കുന്ന ഭ്രൂണമാറ്റം കൈനകരി പഞ്ചായത്തിലുള്ള മൃഗങ്ങളിലും നടപ്പിലാക്കുക.
22. സംഘങ്ങൾ വഴി കാലിത്തീറ്റ 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
23. കോഴിത്തീറ്റകൾ ഉല്പാദിപ്പിക്കുന്നതിനുള്ള സങ്കേതങ്ങൾ സ്ഥാപിക്കുക.
24. അറവുശാലകളിലെ അവശിഷ്ടങ്ങൾ സംഭരിച്ച് വളമാക്കി മാറ്റുന്നതിനുള്ള സൗകര്യം പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുക.
25. മൃഗങ്ങളുടെയും പക്ഷികളുടേയും കാഷ്ഠങ്ങൾ ഉപയോഗിച്ച് ജൈവവളങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സംവിധാനം നടപ്പിലാക്കുക.
26. മൃഗപരിപാലനവും പക്ഷിവളർത്തലും തൊഴിലാക്കിയിട്ടുള്ള മുഴുവൻ ആൾക്കാർക്കും ആവശ്യമായ സാങ്കേതിക പരിജ്ഞാനം നല്കണം

**വളർത്തുമൃഗങ്ങളും പക്ഷികളും**

| നമ്പർ | ഇനം | 1994 | 1995 | 1996 |
|---|---|---|---|---|
| 1 | പശു | 2800 | 3000 | 3100 |
| 2 | കന്നുകുട്ടികൾ | 1000 | 800 | 1100 |
| 3 | എരുമ | 58 | 70 | 65 |
| 4 | കാള | 268 | 168 | 78 |
| 5 | ആട് | 823 | 1500 | 1600 |
| 6 | പട്ടി | 500 | 400 | 258 |
| 7 | കോഴി | 16000 | 17050 | 18,008 |
| 8 | താറാവ് | 7068 | 5000 | 6256 |
| 9 | പന്നി | 4 | 12 | 16 |
| 10 | മറ്റുള്ളവ | 1200 | 1409 | 1527 |

**കൃത്രിമബീജസങ്കലനവിവരം (ശരാശരി ഒരുവർഷം)**

| വളർത്തു മൃഗഇനം. | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2 ൽ അധികം പ്രാവിശ്യം ബീജസങ്കലനം നടത്തിയവ |
|---|---|---|
| പശു | 1937 | 750 |
| എരുമ | 40 | 27 |

★★★★★

# മത്സ്യബന്ധനം

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ ഒഴുകുന്ന ഏതാണ്ട് 30 കി. മീറ്ററോളം നീളമുള്ള പമ്പയുടെ കൈവഴികളും 6 ചതുരശ്ര കി. മീറ്റർ വിസ്തീർണ്ണമുള്ള ചേന്നങ്കരി വട്ടക്കായലും മീനപ്പള്ളി വട്ടക്കായലും, കേരളത്തിലെ ഏറ്റവും വലിയ തടാകമായ വേമ്പനാട്ക്കായലിന്റെ ഭാഗങ്ങളും ചേർന്നതാണ് പഞ്ചായത്തിലെ പ്രധാനപ്പെട്ട ഉപരിതല ജല സ്രോതസുകൾ

മത്സ്യബന്ധനം മുഖ്യതൊഴിലാക്കിയ അഞ്ഞൂറു പേരാണ് പഞ്ചായത്തിലുള്ളതെന്ന് കണക്കാക്കപ്പെടുന്നു. വള്ളവും വലയും ഉള്ളവരുടെ എണ്ണം വളരെ കുറവാണ്. കരിമീൻ, കൊഞ്ച്, ചെമ്മീൻ, വാള, പരൽ ഇനങ്ങൾ എന്നിവയാണ് പ്രധാനപ്പെട്ട മത്സ്യങ്ങൾ. ഇവയുടെ വിപണനം പ്രാദേശികമായി നടത്തപ്പെടുന്നു. കൊഞ്ചു വിദേശത്തേക്ക് കയറ്റി അയക്കപ്പെടുന്ന മത്സ്യം ആണെങ്കിലും മദ്ധ്യവർത്തികളുടെ ഇടപെടലും പൊതുമാർക്കറ്റിന്റെ അഭാവവും നിമിത്തം തൊഴിലാളികൾക്ക് അർഹമായ വില ലഭിക്കാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്.

മത്സ്യകൃഷിക്ക് യോഗ്യമായ കുളങ്ങളും , വല്ലങ്ങളും ധാരാളം ഉണ്ടെങ്കിലും വെള്ളപ്പൊക്കത്തിന്റെ ഭീഷണിമൂലം കർഷകർക്ക് കൃഷിചെയ്യുന്നതിനുള്ള ആത്മവിശ്വാസം ഇല്ലാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. മത്സ്യകൃഷിക്ക് അനുയോജ്യമായ 121 .45 ഏക്കർ കുളങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. അറുപത് ഏക്കറോളം വരുന്ന അറുന്നൂറ്റുംപാടം ചതുപ്പ് ശാസ്ത്രീയമായ മത്സ്യകൃഷിക്ക് അനുയോജ്യമായ പ്രദേശമാണെന്ന് കണക്കാക്കപ്പെടുന്നു.

***ഗ്രാമസഭയിലെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും***

1. വള്ളവും മത്സ്യബന്ധനഉപകരണങ്ങളും വാങ്ങുന്നതിന് മിതമായ പലിശനിരക്കിൽ വായ്പ അനുവദിക്കുക. വായ്പയുടെ പകുതി സബ്സിഡി അനുവദിക്കുക.
2. ക്ഷേമനിധിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും പെൻഷൻ അനുവദിക്കുകയും ചെയ്യുക.
3. തൊഴിലുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന അപകടങ്ങൾക്ക് മതിയായ നഷ്ടപരിഹാരവും, അടിയന്തിരസഹായവും ഏർപ്പെടുത്തുക.
4. തൊഴിലാളികൾക്ക് ഇൻഷ്വറൻസ് സൗകര്യം ഏർപ്പെടുത്തുക
5. തൊഴിലാളികൾക്ക് പ്രത്യേക ഭവനനിർമ്മാണ പദ്ധതി ആവിഷ്കരിക്കുക.
6. പഞ്ഞമാസങ്ങളിൽ സൗജന്യറേഷൻ അനുവദിക്കുക.
7. തൊഴിലാളികൾക്ക് സൗജന്യ വൈദ്യുത കണക്ഷൻ അനുവദിക്കുക.
8. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുക.
9. ഗവൺമെന്റ് തൊഴിലാളികൾക്ക് ഏർപ്പെടുത്തുന്ന ആനുകൂല്യങ്ങൾ അനർഹർ കൈപ്പറ്റുന്നത് തടയാനുള്ള നടപടികൾ സ്വീകരിക്കുക.
10. കുട്ടികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധപ്പിക്കുക.
11. ദിക്കു മനസ്സിലാക്കുന്നതിന് ജലാശയങ്ങളിൽ സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുക.
12. ഉൾനാടൻ ജലാശയങ്ങളിൽ ഉപയോഗിക്കുന്ന "അടക്കം കൊല്ലി" വലകൾ നിരോധിക്കുക.
13. അടുത്ത കാലത്തായി ഉൾനാടൻ ജലാശയങ്ങളിൽ കണ്ടുവരുന്ന മത്സ്യരോഗത്തെക്കുറിച്ച് പഠിച്ച് പരിഹാരം കണ്ടെത്തുന്നതിന് ഗവർമെന്റ് അടിയന്തിരമായി വിദഗ്ദ്ധരെ നിയോഗിക്കണം.
14. പാടശേഖരങ്ങളിൽ അമിതമായ വിഷപ്രയോഗം മൂലം പാടങ്ങളിൽ നിന്നും ജലാശയങ്ങളിൽ എത്തുന്ന മലിനജലം മത്സ്യരോഗങ്ങൾക്ക് കാരണം ആണ്. ഇതു തടയാൻ നടപടി സ്വീകരിക്കണം.

15. കരണ്ട് ഉപയോഗിച്ചുള്ള മത്സ്യബന്ധനം പഞ്ചായത്തിന്റെ അധികാരം ഉപയോഗിച്ച് കർശനമായി തടയുക
16. മത്സ്യം വിപണനം നടത്തുന്നതിനും, സംഭരിക്കുന്നതിനും ഉള്ള സംവിധാനം ഏർപ്പെടുത്തുക
17. സർക്കാർ തലത്തിൽ ഉൾനാടൻ ജലാശയങ്ങളിൽ നിക്ഷേപിക്കുന്ന മത്സ്യക്കുഞ്ഞുങ്ങളെ പിടിച്ച് സ്വകാര്യമത്സ്യകൃഷി നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുക.
18. മത്സ്യങ്ങളുടെ പ്രജനന സമയത്ത്(സെപ്തംബർ, ഒക്റ്റോബർ, നവംബർ) മത്സ്യബന്ധനം തടയേണ്ടതാണ്.
19. മത്സ്യങ്ങൾക്ക് പ്രജനനത്തിന് ആവശ്യമായ സാഹചര്യങ്ങൾ നഷ്ടമായിരിക്കുന്ന ഇപ്പോഴത്തെ അവസ്ഥയിൽ അവ കൃത്രിമമായി സൃഷ്ടിക്കാനുള്ള പരിപാടികൾ ആവിഷ്കരിക്കുക
20. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി സഹകരണമേഖലയിൽ ഗ്രാമസംഘങ്ങൾ രൂപീകരിക്കുക
21. വേമ്പനാട്ട് കായലിലെ കടലുമായി ബന്ധം വിഛേദിക്കുന്ന തണ്ണീർമുക്കം ബണ്ട് കടലുമായി ബന്ധപ്പെട്ട് മത്സ്യങ്ങൾക്ക് വളരുന്നതിനുവേണ്ടി വർഷത്തിൽ കുറച്ചുകാലം തുറന്നിടുന്നതിന് വേണ്ട നടപടി സ്വീകരിക്കുക.
22. പാടശേഖരങ്ങളിലെ മോട്ടോർ തറകളിൽ വലവെച്ച് മത്സ്യബന്ധനം നടത്തുന്നത് നിരോധിക്കുക
23. നിയമാനുസൃതമായ വലകൾ ഉപയോഗിക്കുകയും അല്ലാത്തവ നിരോധിക്കുകയും ചെയ്യുക
24. മത്സ്യഭവനുകൾ പഞ്ചായത്തടിസ്ഥാനത്തിൽ ഉണ്ടാവണം.
25. മത്സ്യസംരക്ഷണ ഉപദേശകസമിതി നിലവിൽ വരണം.
26. ഗുണഭോക്താക്കളെ നിശ്ചയിക്കാനുള്ള അവകാശം പഞ്ചായത്തിനായിരിക്കണം

★★★★★

# വിദ്യാഭ്യാസം

ആലപ്പുഴ ജില്ലയുടെ ആസ്ഥാനമായ ആലപ്പുഴ പട്ടണത്തിൽ നിന്ന് എട്ടു കിലോ മീറ്റർ കിഴക്കു ഭാഗത്തായി പമ്പയാറിന്റെ കൈവഴികളുടേയും വേമ്പനാടുകായലിന്റേയും തിരയിളക്കങ്ങൾ ഏറ്റുവാങ്ങി ചരിത്രങ്ങളുടെ മഹാപുരാണങ്ങൾ തുടിച്ചു നിൽക്കുന്ന ഒരു കൊച്ചു ഗ്രാമമാണ് നമ്മുടെ കൈനകരി. കായൽ നിലങ്ങളിലെ ചെളിമണ്ണിൽ വിത്തെറിഞ്ഞ് കനകം വിളയിക്കുന്ന ഈ മണ്ണ് അദ്ധ്വാനിക്കുന്നവന്റെ വിയർപ്പിന്റെ ഉപ്പു രുചിക്കുന്ന വളക്കൂറുള്ള മണ്ണാണ്. ഒരു കാലത്ത് പാടശേഖരങ്ങളിൽ ആടുമാടുകളെപ്പോലെ പണിയെടുക്കാൻ മാത്രം വിധിക്കപ്പെട്ട് കഴിഞ്ഞിരുന്ന ഈ ഗ്രാമത്തിലെ ഇന്നത്തെ ജനത വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും, സംസ്കാരിക രംഗത്തും വളരെയേറെ മുന്നോട്ടു പോയിരിക്കുന്നു.

19-ാം നൂറ്റാണ്ടിന്റെ അന്ത്യദശകത്തിൽ വിദ്യാഭ്യാസകാര്യങ്ങളിൽ തല്പരരായ നാട്ടുപ്രമാണിമാർ കുടിപള്ളിക്കൂടങ്ങൾ സ്ഥാപിച്ച് സവർണ്ണ സമ്പന്നർക്ക് വിദ്യാഭ്യാസം നൽകിയിരുന്നു. അത്തരം ഒരു കുടിപള്ളിക്കൂടം മാറാഞ്ചേരിയിൽ (വാളത്താറ്റ്) പ്രവർത്തിച്ചിരുന്നു. കൈനകരിയിലെ അന്നത്തെ നാട്ടുപ്രമാണിമാരായ ഓണംപള്ളിയിൽ രാമക്കുറുപ്പ്, പാവൂത്ര നാണുപ്പണിക്കർ, പെരുമ്പള്ളി നാരായണപ്പണിക്കർ, മാറാഞ്ചേരി രാഘവപ്പണിക്കർ എന്നിവർ ചേർന്ന് പാണ്ടിയപ്പള്ളി സഹോദരന്മാരായ പത്മനാഭപ്പണിക്കർ, കുഞ്ഞൻപണിക്കർ എന്നിവർ നൽകിയ 25¹/₄ സെന്റ് വസ്തുവിൽ 1895 ൽ ആരംഭിച്ചതാണ് ഈ ഗ്രാമത്തിൽ ഇന്നും നിലനിൽക്കുന്ന പാണ്ടിയപ്പള്ളി കുട്ടമംഗലം ഗവ. L.P.S. ആണ് പഞ്ചായത്തിലെ പ്രഥമവിദ്യാലയം. മേൽപറഞ്ഞ നാട്ടുപ്രമാണിമാരായ പെരുമ്പള്ളി നാരായണപ്പണിക്കർ, പാവൂത്ര നാണുപണിക്കർ എന്നിവരായിരുന്നു ആദ്യകാലത്ത് കുട്ടികളെ സൗജന്യമായി പഠിപ്പിച്ചിരുന്നത്. ഇവരുടെ അഭാവസമയങ്ങളിൽ ടിയാന്മാരുടെ സഹധർമ്മിണിമാരായ പുതുപ്പറമ്പിൽ കല്ല്യാണിയമ്മയും ചക്കംകളം മാധവിയമ്മയും സൗജന്യസേവനം നടത്തിയിരുന്നു.

അങ്ങനെ ആരംഭിക്കപ്പെട്ട ഈ കുടിപള്ളിക്കൂടത്തിൽ സവർണ്ണരുടേയും ക്രിസ്ത്യാനികളുടേയും കുട്ടികളെ മാത്രമേ ആദ്യഘട്ടങ്ങളിൽ പഠിപ്പിച്ചിരുന്നുള്ളു. ഈഴവരും ഹരിജനങ്ങളും പള്ളിക്കൂടത്തിന്റെ പടിക്കൽ എത്തുന്നതുപോലും നിഷേധിക്കപ്പെട്ടിരുന്നു. ഇതിനെതിരെ പൊതുജനരോഷം ഉയർന്നുവരുകയും അന്നത്തെ അധഃസ്ഥിതരുടെ പടനായകനായ ശ്രീ. അയ്യങ്കാളിയുടെ ഇടപെടലുകൾ ഉണ്ടാവുകയും ചെയ്തു. ഒരു ആവിബോട്ടിൽ പള്ളിക്കൂടത്തിന്റെ വാതിൽക്കലുള്ള കടവിൽ എത്തിച്ചേർന്ന അദ്ദേഹത്തെ കരയ്ക്കിറക്കാതെ സവർണ്ണസമ്പന്നന്മാർ കല്ലെറിഞ്ഞ് ആട്ടിപ്പായിച്ച കഥ ഇന്നത്തെ തലമുറയ്ക്ക് ഒരു പുതിയ അറിവാണ്. എന്നാൽ ആ വരവോടെ ഒരു ചെറു മനസ്സുമാറ്റം സവർണ്ണർക്ക് ഉണ്ടാവുകയും ഈഴവർക്ക് പള്ളിക്കൂട പഠനം അനുവദിക്കുകയും ചെയ്തു. അപ്പോഴും പട്ടികജാതി പട്ടികവർഗ്ഗക്കാരെ അകറ്റിനിർത്തുകയായിരുന്നു സവർണ്ണർ ചെയ്തത്.

ഇതേ കാലഘട്ടത്തിൽ തന്നെ മറ്റു രണ്ടു വെർണാക്കുലർ (ഭാഷ) സ്കൂളുകൾ കൂടി ആരംഭിച്ചു. 1897ൽ

**പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്**

| | L.P | | U.P | | H.S | |
|---|---|---|---|---|---|---|
| ആകെ വിദ്യാർത്ഥികൾ | SC/ST | % | SC/ST | % | SC./ST | % |
| 353 | 73 | 20.6 | 69 | 19.6 | 211 | 59.8 |
| ആകെ 353 | | | | | | |

( ഇന്നത്തെ VIII_ാം വാർഡിൽ) തോട്ടുവാത്തല വെർണാക്കുലർ സ്കൂളും, 1909ൽ ചേന്നംകരി (I_ാം വാർഡിൽ) വെർണാക്കുലർ സ്കൂളും (തോട്ടുകടവ്) ആരം

ഭിച്ചു. ഈ മൂന്ന് സർക്കാർ സ്ഥാപനങ്ങളാണ് കൈനകരിയിലെ വിദ്യാഭ്യാസ സാംസ്ക്കാരിക വളർച്ചയ്ക്ക് ബീജാവാപം നൽകിയത്.

ഈ പഞ്ചായത്തിലെ ആദ്യത്തെ വെർണാക്കുലർ മിഡിൽ സ്കൂൾ 1112ൽ ആരംഭിച്ച കുട്ടമംഗലം SNDP U.P.S ആണ്. കൈനകരിയിലെ വിദ്യാഭ്യാസരംഗത്ത്, SNDP പ്രസ്ഥാനവും. ക്രിസ്ത്യൻ മാനേജുമെന്റും ചെയ്തുവരുന്ന സേവനങ്ങൾ നിസ്തുലമാണ്.

നമ്മുടെപഞ്ചായത്തിൽ 4 പ്രൈമറി സ്കൂളുകളും 4 ഹൈസ്കൂളുകളും 2 U.P. സ്കൂളും പ്രവർത്തിക്കുന്നു.

**സ്കൂളുകളും അവയുടെ സ്ഥാപിതവർഷവും**

| സ്കൂളുകളുടെ പേര് | സ്ഥാപിതവർഷം |
|---|---|
| 1 പാണ്ടിയപ്പള്ള ഗവ. L.P.S/ | 1895 |
| 2 ഗവ. UPS തോട്ടുവാത്തല | 1897 |
| 3 ഗവ. UPS ചേന്നംകരി | 1909 |
| 4 St. Mary's H.S.Kainakary | 1916 |
| 5 Holy family H.S. " | 1925 |
| 6 SNDP H.S Kuttamangalam | 1939 |
| 7 L.F. L.P.S. ആറ്റുവാത്തല | 1928 |
| 8. SNDP L.P.S ചേന്നംകരി | 1938 |
| 9 St. Marys L.P.S. Kainakary | 1914 |

**സ്കൂളുകളും വിദ്യാർത്ഥികളും**

***(5 വർഷത്തെ കണക്ക്)***

| സ്കൂളിന്റെ പേര് | 1992-93 | | | 1993-94 | | | 1994-95 | | | 1995-96 | | | 1996-97 | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| എസ്. എൻ.ഡി.പി. എച്ച് എസ്. കുട്ടമംഗലം | 410 | 350 | 760 | 403 | 327 | 730 | 369 | 344 | 713 | 371 | 339 | 710 | 371 | 339 | 710 |
| സെന്റ് മേരീസ് എച്ച്. എസ്. കൈനകരി | 523 | .. | 523 | 512 | .. | 512 | 482 | .. | 482 | 488 | .. | 488 | 456 | .. | 456 |
| ഹോളിഫാമിലി ഗേൾസ് ഹൈസ്കൂൾ കൈനകരി | .. | 635 | 635 | .. | 629 | 629 | .. | 619 | 619 | .. | 610 | 610 | .. | 571 | 571 |
| ഗവ. ഹൈസ്കൂൾ കുപ്പപ്പുറം | 200 | 203 | 403 | 181 | 158 | 339 | 140 | 137 | 277 | 136 | 118 | 254 | 122 | 104 | 226 |
| സെന്റ് മേരീസ് എൻ.പി.സ്കൂൾ | 108 | 67 | 175 | 103 | 60 | 163 | 89 | 45 | 134 | 77 | 38 | 115 | 70 | 30 | 100 |
| ഗവ. എൽ.പി.സ്കൂൾ കുട്ടമംഗലം | 141 | 119 | 260 | 120 | 94 | 214 | 111 | 74 | 184 | 100 | 73 | 173 | 100 | 73 | 173 |
| ഗവ. എസ്. എൻ.ഡി.പി. എൽ.പി. എസ്. ചേന്നംകരി | 31 | 33 | 64 | 23 | 35 | 58 | 33 | 23 | 56 | 24 | 17 | 41 | 90 | 63 | 153 |
| ലിറ്റിൽ ഫ്ലവർ എൽ.പി. എസ്. ആറ്റുവാത്തല | 134 | 217 | 351 | 132 | 217 | 349 | 137 | 211 | 348 | 141 | 204 | 345 | 159 | 192 | 351 |
| ഗവ. യു.പി.സ്കൂൾ ചേന്നംകരി | 86 | 81 | 137 | 74 | 42 | 116 | 67 | 41 | 108 | 54 | 30 | 84 | 41 | 30 | 71 |
| ഗവ. യു.പി. എസ്.തോട്ടുവാത്തല | 103 | 74 | 177 | 107 | 73 | 180 | 107 | 73 | 180 | 104 | 79 | 183 | 116 | 86 | 202 |
| ആകെ കുട്ടികൾ | 1700 | 1779 | 3479 | 1655 | 1635 | 3290 | 1535 | 1567 | 3102 | 1495 | 1508 | 3003 | 1521 | 1479 | 3,013 |

മൂന്നു പാരലൽ കോളേജുകളും നാലുടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും രണ്ടു തയ്യൽ പരിശീലനകേന്ദ്രങ്ങളും പതിനേഴ് അംഗവൻവാടികളും രണ്ട് നഴ്സറികളും പതിമൂന്ന് നിലത്തെഴുത്ത് ആശാൻകളരികളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

ഏകദേശം 150 ഓളം കുട്ടികൾ ആലപ്പുഴയിലും ചമ്പക്കളത്തുമുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽപോയി പഠിക്കുന്നുണ്ട്.

ഒരു സാങ്കേതിക സ്ഥാപനം പോലും ഈ പഞ്ചായത്തിൽ ഇല്ല. ഇന്ന് ഏറ്റവുമധികം ആകർഷകമായ വിദ്യാഭ്യാസ മേഖലയാണ് സാങ്കേതിക വിദ്യാഭ്യാസമേഖല. തൊഴിലധിഷ്ഠിതമായ ഇത്തരം കോഴ്സുകളിലേക്ക് വിദ്യാർത്ഥികൾ പ്രവഹിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ പഞ്ചായത്തിൽ നിന്ന് പട്ടണങ്ങളിൽപോയി ഇത്തരം സാങ്കേതിക വിദ്യാപഠനം നടത്തുന്ന 500 ഓളം കുട്ടികളുണ്ട്. അഭിരുചിയുള്ള മുഴുവനാളുകൾക്കും ഈ മേഖലയിൽ പ്രവേശനം ലഭിക്കുന്നില്ല. ഇത്തരം ഒരു സാങ്കേതികവിദ്യാലയം എങ്കിലും നമ്മുടെ പഞ്ചായത്തിൽ ഉണ്ടാകേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ ആകെ 120 അദ്ധ്യാപകർ ജോലിചെയ്യുന്നു. അതിൽ 97 പേർ പഞ്ചായത്തിനു പുറത്തുള്ളവരാണ്. വിവിധ കോളേജുകളിലും യൂണിവേഴ്സിറ്റികളിലുമായി നാലുപേർ ജോലിനോക്കുന്നു.

വിദ്യാഭ്യാസരംഗത്ത് ഏറെ മുന്നോക്കംചെന്ന് നിൽക്കുമ്പോഴും നിരക്ഷരതയുടെ ശാപം ഇന്നും നമ്മുടെ പഞ്ചായത്തിലുണ്ട്. കേരളത്തിന് മുഴുവൻ അക്ഷരവെട്ടം നൽകിയ സാക്ഷരതാപ്രസ്ഥാനത്തിന്റെ തുടർ പ്രവർത്തനങ്ങളുടെ അഭാവമാണ് പഞ്ചായത്തിൽ ഇന്നുള്ള

## *L.P. U.P. H.S സ്കൂളുകളുടെ*
## *9.4 അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത*

| ഇല്ലാത്തത് | ഉള്ളത് | ലൈബ്രറി |
|---|---|---|
| 1 | 9 | ലൈബ്രറി പ്രവർത്തിക്കാത്തത് |
| 2 | 8 | ലാബ് |
| 2 | 8 | ലാബ് പ്രവർത്തിക്കാത്തത് |
| 3 | 7 | പഠനോപകരണങ്ങൾ |
| 3 | 7 | റേഡിയോ |
| 5 | 5 | ടേപ്പ്റിക്കോർഡർ |
| ഇല്ല | ഇല്ല | ടെലിവിഷൻ |
| ഇല്ല | ഇല്ല | സിനിമാപ്രൊജക്ടർ |
| ഇല്ല | ഇല്ല | സ്ലൈഡ് പ്രൊജക്ടർ |
| 10 | 86 | ബ്ലാക്ക് ബോർഡ് |
| | | ആവശ്യത്തിനുള്ളവ |
| .. | സജീവം | മാതൃസംഘം സജീവം |
| .. | പ്രവർത്തി | പി.ടി. എ. |
| | ക്കുന്നു | പ്രവർത്തിക്കുന്നുണ്ടോ |

## *S.S.L.C വിജയശതമാനം*

| സ്കൂൾ | 1991–92 | 1992–93 | 1993–94 | 1994–95 | 1995–96 |
|---|---|---|---|---|---|
| ഹോളിഫാമിലി ഗേൾസ് ഹൈസ്കൂൾ കൈനകരി | 29% | 61% | 64% | 47% | 52% |
| സെന്റ് മേരീസ് എച്ച്. എസ്. കൈനകരി | 75.6% | 35% | 36% | 41% | 38% |
| ഗവ. ഹൈസ്കൂൾ കുപ്പപ്പുറം .. | " | 16% | 4% | 20% | 14% |
| SNDP HS കുട്ടമംഗലം | 53% | 28% | 52% | 41% | 30% |
| ആവറേജ് 33.25% | | | | | |

ഒരു ചെറിയ ശതമാനം നിരക്ഷരതയ്ക്ക് കാരണം.

പഞ്ചായത്തിലെ ആകർഷകമല്ലാത്തതും അടിസ്ഥാന സൗകര്യങ്ങൾ വേണ്ടത്രയില്ലാത്തതുമായ സർക്കാർ സ്കൂളുകളിൽ ആവശ്യത്തിന് അദ്ധ്യാപകർ ഇല്ല എന്നുള്ളതും വേദനാകരമാണ്. കൈനകരിയുടെ വിദ്യാഭ്യാസ പുരോഗതിയുടെ ആണിക്കല്ലായിരുന്ന സർക്കാർ സ്കൂളുകളുടെ ഇന്നത്തെ ശോചനീയാവസ്ഥ പരിഹരിക്കപ്പെടേണ്ടതാണ്. ഇതിന് അദ്ധ്യാപകരുടേയും രക്ഷിതാക്കളുടേയും വിദ്യാഭ്യാസ സാംസ്ക്കാരിക പ്രവർത്തകരുടേയും കൂട്ടായ ഒരു യജ്ഞം ആവശ്യമാണ്.

ലഭ്യമായ സൗകര്യങ്ങളോടുകൂടി പ്രശംസനീയമായ സേവനമനുഷ്ഠിചുപോരുന്ന പഞ്ചായത്തിലെ സ്വകാര്യവിദ്യാലയങ്ങളിലും യാതൊരുവിധ ലബോറട്ടറി സൗകര്യങ്ങളോ, ലൈബ്രറി സംവിധാനങ്ങളോ ഇല്ല എന്നുള്ളത് വിദ്യാഭ്യാസപരമായ ഗുണമേന്മയില്ലായ്മയ്ക്ക് കാരണമാകുന്നുണ്ട്. പഞ്ചായത്തിൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകളില്ലെങ്കിലും കുറെ കുട്ടികൾ അകലെയുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പോയി പഠിക്കുന്നുണ്ട്. ഇങ്ങനെ പഠിക്കുന്നവരിൽ നല്ലൊരു ശതമാനം പ്രാഥമിക ക്ലാസുകൾക്കുശേഷം മലയാളം മീഡിയത്തിൽ ചേർന്നു പഠിക്കുന്ന പ്രവണതയും ഇപ്പോൾ കണ്ടുവരുന്നു. അടുത്തകാലത്തായി ഗവ. സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കൂടിവരുന്നതായി പട്ടികയിൽ നിന്ന് ബോദ്ധ്യപ്പെടുന്നു. മാറ്റത്തിന്റെ കാറ്റ് പഞ്ചായത്തിൽ വീശിത്തുടങ്ങിയിരിക്കുന്നുവെന്ന് കരുതാം.

വിദ്യാഭ്യാസ രംഗത്ത് ഇടപെടാൻ ഗ്രാമപഞ്ചായത്തുകൾ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുതല സ്കൂൾ കോംപ്ലക്സുകളും സാമൂഹ്യ ഇടപെടലുകളും വിദ്യാഭ്യാസരംഗത്ത് പുതിയ ഉണർവും ഗു

## *അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ച വിവരങ്ങൾ*

| സ്കൂളുകൾ | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | മറ്റു സൗകര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കെട്ടിടം | | ഫർണിച്ചർ | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ |
| HS | 20 | 63 | 83 | 949 | 1014 | 1963 | 3 | 1 | 2 | 2 |
| UPS | 3 | 11 | 14 | 157 | 116 | 273 | .. | 2 | .. | 2 |
| L.P.S | 6 | 17 | 23 | 425 | 352 | 777 | 2 | 2 | 2 | 2 |

ണനിലവാരവും സൃഷ്ടിക്കുമെന്ന് കരുതാം. മിടുക്കന്മാരായ വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹനം നൽകാനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത പ്രകടമാണ്. ചില സഹകരണസംഘങ്ങളും ചില വ്യക്തികളും ഇക്കാര്യത്തിൽ കാണിക്കുന്ന താൽപ്പര്യം ഒരു പൊതുപരിപാടിയായി വികസിപ്പിച്ച് എടുക്കേണ്ടത് അനിവാര്യമാണ്.

കൈനകരിയിലെ വിദ്യാഭ്യാസരംഗം ഇന്നുനേരിടുന്ന ഒരു പ്രധാന വെല്ലുവിളി യാത്രാക്ളേശമാണ്. സമയത്ത് വിദ്യാഭ്യാസ സ്ഥാപനത്തിൽ എത്തിച്ചേരാൻ കഴിയാതെ വിഷമിച്ചുനിൽക്കുന്ന അദ്ധ്യാപകരും കുട്ടികളും പഞ്ചായത്തിലെ ജെട്ടികളിൽ ഒരു പതിവുകാഴ്ചയാണ്. ഏക യാത്രാമാർഗ്ഗമായ ബോട്ടുകളുടെ അഭാവവും കൃത്യതയില്ലായ്മയും ഒരു പ്രധാന പ്രശ്നമാണ്. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ആവശ്യമായ സമയങ്ങളിൽ യാത്ര ഉറപ്പുവരുത്തുന്ന തരത്തിലുള്ള ബോട്ട് സർവ്വീസുകൾ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

പത്ത് ഗ്രാമസഭകളിലും വിദ്യാഭ്യാസത്തെ സംബന്ധിച്ച് വളരെ ഉയർന്ന നിലവാരത്തിലുള്ള ചർച്ചകളാണ് നടന്നത്. ഗ്രാമസഭകളിൽ ഉയർന്നുവന്ന ഗൗരവതരമായ പ്രശ്നങ്ങളും സ്ഥിതിവിവരങ്ങളും ഈ റിപ്പോർട്ടുതയ്യാറാക്കാൻ വളരെ സഹായിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള സ്ഥാപനങ്ങളുടെ സ്ഥിതിമെച്ചപ്പെടുത്തുന്നതിനും അതുവഴി വിദ്യാഭ്യാസമേഖലയെ കരുപ്പിടിപ്പിക്കാനും ഗ്രാമസഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളാണ് ചുവടെ. ഇവയെ വരുന്ന അഞ്ചുവർഷത്തേക്കുള്ള പദ്ധതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

1. മാതൃഭാഷയ്ക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള നഴ്സറി സ്കൂളുകൾ എല്ലാ വാർഡുകളിലും ആരംഭിക്കുക.
2. എല്ലാ വാർഡുകളിലും ആശാൻ കളരികൾ ആരംഭിക്കണം. നിലവിലുള്ള സ്കൂളുകളുമായി ചേർന്ന് ആശാൻ കളരികൾ ഉണ്ടാകണം.
3. ഒരു ITI, ITCയും പഞ്ചായത്തിൽ ആരംഭിക്കണം.
4. പ്രാദേശിക തൊഴിലിനോട് ആഭിമുഖ്യം പുലർത്തുന്ന മാനസികാവസ്ഥ കുട്ടകളിൽ വളർത്തിയെടുക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസം ഹൈസ്കൂൾതലം മുതലേ നൽകുക.
5. കൃഷിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും മത്സ്യബന്ധനവുമായി ബന്ധപ്പെട്ടതുമായ വിഷയങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന തൊഴിലുന്മുഖ കോഴ്സുകൾ ഹൈസ്കൂളുകളിൽ ആരംഭിക്കുക.
6. തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ പുനരാരംഭിക്കുക.
7. എല്ലാ വിദ്യാലയങ്ങൾക്കും വൈദ്യുതി സൗകര്യങ്ങൾ കുടിവെള്ളം, പ്രാഥമികസൗകര്യങ്ങൾ എന്നിവയുണ്ടാകണം.
8. U.P തലം മുതൽ തന്നെ ലബോറട്ടറി, ലൈബ്രറി സംവിധാനങ്ങൾ ഏർപ്പെടുത്തുക.
9. തോട്ടുവാത്തല ഗവ. U.P.S., ചേന്നംകരി ഗവ. U.P.S. എന്നിവ അപ്ഗ്രേഡ് ചെയ്യുക.
10. R. ബ്ളോക്കിൽ ഒരു സർക്കാർ പ്രൈമറി സ്കൂൾ ആരംഭിക്കുക.
11. പ്രാദേശിക പരിഗണനകൾ കൂടി നൽകി പാഠ്യപദ്ധതി രൂപീകരിക്കുക.
12. സ്കൂൾ അറ്റകുറ്റപ്പണികൾക്കുള്ള പണം P.T.Aയ്ക്ക് നേരിട്ട് നൽകണം.
13. SNDP H.S-ൽ + 2 ആരംഭിക്കണം.
14. സ്കൂളുമായി ബന്ധപ്പെട്ടു ലഭിക്കുന്ന എല്ലാ വരുമാനവും വിനിയോഗിക്കാൻ P.T.A.യെ അനുവദിക്കണം.
15. വിദ്യാഭ്യാസരംഗത്തെ ക്ഷേമ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനാവശ്യമായ ഒരു വിദ്യാഭ്യാസ നിധി (വിഭവസമാഹരണം) പഞ്ചായത്തുതലത്തിൽ ശേഖരിക്കണം.
16. സ്കൂൾ വർഷാരംഭത്തിൽ തന്നെ ആവശ്യമായ അദ്ധ്യാപകരെ നിയമിക്കുകയും പാഠപുസ്തകങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.
17. യാത്രയ്ക്കുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് പഞ്ചായത്തുതലത്തിൽ അദ്ധ്യാപകർക്കായി ഒരു ക്വാർട്ടേഴ്സ് ആരംഭിക്കണം.
18. അദ്ധ്യാപക നിയമനങ്ങളിൽ പ്രാദേശിക മുൻഗണന നൽകുക.
19. കുട്ടികൾക്ക് ഭാരമാകാത്തതരത്തിലുള്ള പാഠ്യപദ്ധ

**അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്**

| ആകെ അദ്ധ്യാപകർ (പഞ്ചായത്തിൽ) | ഗവ. വിദ്യാലയത്തിലെ അദ്ധ്യാപകരുടെ എണ്ണം | എയ്ഡഡ് അദ്ധ്യാപകരുടെ എണ്ണം | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവ. സ്കൂളിലെ വിദ്യാർത്ഥികൾ | ഗവ. സ്കൂളിലെ വിദ്യാർത്ഥികളുടെ ശതമാനം |
|---|---|---|---|---|---|
| 120 | 33 | 87 | 3,013 | 656 | 21.77 |

### ഭൗതിക സാഹചര്യങ്ങൾ 199697

| നമ്പർ | സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1 | ഹോളിഫാമിലി ഗേൾസ് ഹൈസ്കൂൾ കൈനകരി | 571 | 26 | 8 | 8 | ഇല്ല | ഉണ്ട് |
| 2 | ലിറ്റിൽ ഫ്ലവർ എൽ.പി.സ്കൂൾ ആറ്റുവാത്തല | 35 | 17 | 2 | ഇല്ല | ഇല്ല | ഉണ്ട് |
| 3 | സെന്റ് മേരീസ് ഹൈസ്കൂൾ കൈനകരി | 456 | 19 | 2 | 2 | ഉണ്ട് | ഉണ്ട് |
| 4 | സെന്റ് മേരീസ് എൽ.പി. സ്കൂൾ കൈനകരി | 100 | 4 | 1 | 1 | ഇല്ല | ഇല്ല |
| 5 | ഗവ. യു.പി.സ്കൂൾ ചേന്നംകരി | 71 | 7 | 1 | ഇല്ല | ഇല്ല | ഉണ്ട് |
| 6 | എസ്. എൻ.ഡി.പി. ഹൈസ്കൂൾ കുട്ടമംഗലം | 710 | 31 | 2 | 2 | ഇല്ല | ഉണ്ട് |
| 7 | ഗവ. എസ്. എൻ.ഡി.പി. എൽ.പി. സ്കൂൾ ചേന്നംകരി | 153 | 3 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 8 | ഗവ. എൽ.പി.സ്കൂൾ കുട്ടമംഗലം | 173 | 4 | 21 | 21 | ഇല്ല | ഉണ്ട് |
| 9 | ഗവ. യു.പി.സ്കൂൾ തോട്ടുവാത്തല | 202 | 8 | 1 | 1 | ഉണ്ട് | ഉണ്ട് |
| 10 | ഗവ. ഹൈസ്കൂൾ കുപ്പപ്പുറം | 226 | 11 | 1 | .. | ഇല്ല | ഉണ്ട |

തികൾ ആവിഷ്ക്കരിക്കുക.

20. സ്കൂളുകളിലെ കലാകായിക അഭിരുചിയുള്ള കുട്ടികളെ പരശിലിപ്പിക്കുന്നതിനുള്ള പ്രത്യേക സംവിധാനങ്ങളുണ്ടാകണം.
21. എല്ലാ സ്കൂളുകളിലും ഒരു സ്പെഷലിസ്റ്റ് അദ്ധ്യാപകനെയെങ്കിലും നിയമിക്കുക.
22. പാരലൽ കോളേജിൽ പഠിക്കുന്ന സാമ്പത്തിക പിന്നോക്കാവസ്ഥയുള്ള SC/ST കുട്ടികൾക്കും മറ്റുള്ളവർക്കും സാമ്പത്തിക സഹായം ചെയ്തുകൊടുക്കുക.
23. സമർത്ഥരായ, സാമ്പത്തികമില്ലാത്ത കുട്ടികൾക്ക് സാമ്പത്തികാനുകൂല്യങ്ങൾ ഏർപ്പെടുത്തുക.
24. വിദ്യാർത്ഥികളുടെ ശാരീരിക ക്ഷമതാ പരിശോധനയ്ക്ക് ഒരു സ്ഥിരം സംവിധാനമുണ്ടാകണം.
25. മാനേജുമെന്റ് സ്കൂളുകളിലും അദ്ധ്യാപക നിയമനത്തിന് സംവരണം ഏർപ്പെടുത്തണം.
26. പഞ്ചായത്തിലെ കുട്ടികൾക്ക് പഠനത്തിനും മറ്റു വിജ്ഞാനപ്രദമായ കാര്യങ്ങളിലും മാർഗ്ഗനിർദ്ദേശവും പരിശീലനവും നൽകുന്ന ഗൈഡൻസുസെന്ററുകളും കോച്ചിംഗ് സെന്ററുകളും ആരംഭിക്കണം.
27. അനഭിലഷണീയ പ്രവണതകളിൽ നിന്ന് കുട്ടികളെ പിന്തിരിപ്പിക്കുന്നതിന് സ്കൂളുകളിൽ കൗൺസിലിംഗ് സംവിധാനം ഏർപ്പെടുത്തണം.
28. പഞ്ചായത്തിലെ വിദ്യാർത്ഥികളെ മാത്രം പങ്കെടുപ്പിച്ചുകൊണ്ടുള്ള കലാ കായിക മത്സരങ്ങൾ സംഘടിപ്പിക്കുക.
29. ഉച്ചഭക്ഷണ വിതരണത്തിനുള്ള സാമ്പത്തികസഹായം വർദ്ധിപ്പിച്ച് കാര്യക്ഷമമാക്കുക.
30. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുക.
31. കുട്ടനാട്ടിൽ ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് സ്ഥാപിക്കണം.
32. പഞ്ചായത്തിലെ കുട്ടികൾക്ക് ആവശ്യമായ നോട്ടുബുക്കുകളുടെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ഹൈസ്കൂൾതലത്തിലുള്ള വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുക. ഇതിനാവശ്യമായ സാങ്കേതികസഹായവും സൗജന്യ നിരക്കിൽ അസംസ്കൃത സാധനങ്ങളും നൽകുക.
33. ഒരു ദൃശ്യ_ശ്രാവ്യസങ്കേതം സ്ഥാപിച്ച് അനൗപരാചിക വിദ്യാഭ്യാസം നൽകുകയും എല്ലാ സ്കൂളുകളേയും ഈ കേന്ദ്രവുമായി ബന്ധപ്പെടുത്തുകയും ചെയ്യുക. പഞ്ചായത്തിലെ ജനങ്ങൾക്ക് ആരോഗ്യ വിദ്യാഭ്യാസ പരിഃസ്ഥിത 1ബോധവൽക്കരണം ഈ കേന്ദ്രം വഴി നൽകുക.
34. പ്രൈമറി വിദ്യാഭ്യാസം പൂർണ്ണമായും മാതൃഭാഷയിലായിരിക്കണം.
35. അമ്പലപ്പുഴയിൽ ഒരു ഗവൺമെന്റ് കോളേജ് സ്ഥാപിക്കണം.

36. വ്യക്തമായ മാനദണ്ഡമില്ലാതെ ടീച്ചേർസ് ട്രെയിനിംഗ് കോളേജ് പുതിയതായി അനുവദിക്കരുത്.
37. അദ്ധ്യാപക രക്ഷകർത്താ, മാതൃസംഗമ സമിതികൾ കാര്യക്ഷമമാക്കണം. അനുബന്ധ പ്രവർത്തനങ്ങളിൽ ഈ സമിതികൾക്ക് പങ്കാളിത്തം നൽകണം.

**പഠനം നിർത്തിയവരുടെ കണക്ക്**

| SC/ST | | ആകെ | മറ്റുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | | ആൺ | പെൺ | ആകെ |
| 2 | 3 | 5 | 17 | 10 | 27 |
| 2 | 3 | 5 | 17 | 10 | 27 |

| അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | മാനേജുമെന്റ് | സ്കൂൾ |
|---|---|---|---|---|---|---|---|
| ആകെ | പുരു. | സ്ത്രീ | ആകെ | ആൺ | പെൺ | | |
| 26 | | | 571 | .. | 571 | എയ്ഡഡ് | ഹോളിഫാമിലി ഗേൾസ് ഹൈസ്കൂൾ |
| 7 | | | 351 | 192 | 159 | എയ്ഡഡ് | ലിറ്റിൽ ഫ്ലവർ എൽ.പി.സ്കൂൾ |
| 19 | | | 456 | 456 | .. | " | " സെന്റ് മേരീസ് ഹൈസ്കൂൾ |
| 4 | | | 100 | 70 | 30 | " | " സെന്റ് മേരീസ് എൽ.പി.സ്കൂൾ |
| 7 | | | 71 | 41 | 30 | ഗവൺമെന്റ് | ഗവ. യു.പി.സ്കൂൾ, ചേന്നംകരി |
| 31 | | | 710 | 371 | 339 | എയ്ഡഡ് | എസ്. എൻ.ഡി.പി.ഹൈസ്കൂൾ, കുട്ടമംഗലം |
| 3 | | | 153 | 90 | 63 | ഗവൺമെന്റ് | ഗവ. എസ്. എൻ.ഡി.പി.എൽ.പി.സ്കൂൾ, ചേന്നംകരി |
| 4 | | | 173 | 73 | 100 | ഗവൺമെന്റ് | ഗവ. എൽ.പി.സ്കൂൾ കുട്ടമംഗലം |
| 8 | | | 202 | 116 | 86 | ഗവൺമെന്റ് | ഗവ.യു.പി.സ്കൂൾ തോട്ടുവാത്തല |
| 11 | | | 226 | 122 | 104 | ഗവൺമെന്റ് | ഗവ. ഹൈസ്കൂൾ കുപ്പപ്പുറം |
| 120 | | | 3013 | 1531 | 1482 | | ആകെ 10 |

★★★★★

# കുടിവെള്ളവും പൊതുജനാരോഗ്യവും

"വെള്ളം വെള്ളം സർവ്വത്ര,
ഇല്ല കുടിക്കാൻ ഒരു തുള്ളി'' എന്ന കവിവാക്യം കൈനകരിയെ സംബന്ധിച്ചിടത്തോളം അന്വർത്ഥമാണ്. പമ്പാനദിയുടെ കരവലയങ്ങളിൽ ഒതുങ്ങിക്കഴിയുന്ന കൈനകരിക്ക് ഇന്ന് കുടിക്കാൻ ഒരു തുള്ളി ശുദ്ധജലം പോലും അപ്രാപ്യമാണ്. 4,50,000 ലിറ്റർ സംഭരണശേഷിയുള്ള ഒരു വാട്ടർടാങ്ക് കമ്മിഷൻ ചെയ്തിട്ട് (27.5.1989ൽ) വർഷങ്ങളായി എങ്കിലും ഒരു തുള്ളി ശുദ്ധജലം പോലും ഇവിടെനിന്നും വിതരണം ചെയ്തിട്ടില്ല. ജനങ്ങൾ കുടിക്കുവാനായി ഇപ്പോഴും ഉപയോഗിക്കുന്നത് നദികളിലേയും തോടുകളിലേയും കായലുകളിലേയും മലിനജലമാണ്. മലിനജലത്തിന്റെ ഉപയോഗം സാംക്രമിക രോഗങ്ങൾക്കും ഉദരരോഗങ്ങൾക്കും കാരണമാകുന്നു. പാടശേഖരങ്ങളിൽ കീടനിയന്ത്രണത്തിനായി ഉപയോഗിക്കുന്ന കീടനാശിനികളുടേയും വളത്തിന്റേയും നല്ലൊരു ഭാഗം മോട്ടോർ പമ്പിങ്ങ് മൂലം നദികളെ നിരന്തരം മലിനീകരിക്കുകയാണ്. ഈ മലിനീകരണം നിയന്ത്രിക്കുന്നതിന് യാതൊരു സംവിധാനവും നിലവിലില്ല. പരിസരശുചീകരണത്തിൽ ജനങ്ങൾക്കുള്ള അശ്രദ്ധ സാംക്രമികരോഗങ്ങളെയും മറ്റും വിളിച്ചുവരുത്തുന്നതിന് സഹായിക്കുകയാണ്. കൊതുക്, എലി എന്നീരോഗവാഹികൾ പെരുകുന്നതിനുള്ള സാഹചര്യമാണ് നിലവിലുള്ളത്. കായലോരങ്ങളിൽ വളർന്നുകിടക്കുന്ന കടകൽ എലികൾക്കും കൊതുകിനും താവളമായി മാറിയിരിക്കുന്നു.

നദികളിലേക്ക് വച്ചിരിക്കുന്ന കക്കൂസുകളും വലിച്ചെറിയുന്ന ജൈവ അവശിഷ്ടങ്ങളും അനാരോഗ്യകരമായ ചുറ്റുപാടുകൾ ഉണ്ടാക്കുന്നവയാണ്. രോഗബാധിതരായ ആളുകളെ ചികിത്സിക്കുന്നതിനുള്ള പ്രാഥമിക സൗകര്യങ്ങൾപോലും നിലവിലില്ല. ഒരു പ്രൈമറി ഹെൽത്ത് സെന്ററും രണ്ടു സബ്സെന്ററുകളും നിലവിലുണ്ടെങ്കിലും ആധുനികമായ യാതൊരു സംവിധാനങ്ങളും ഇവിടങ്ങളിൽ സജ്ജമാക്കിയിട്ടില്ല. പെട്ടെന്ന് ആർക്കെങ്കിലും ഒരു രോഗമുണ്ടായാൽ കിലോമീറ്ററുകൾ താണ്ടി ആലപ്പുഴയിൽ എത്തിക്കുകയല്ലാതെ മറ്റു മാർഗ്ഗങ്ങൾ ഒന്നും തന്നെയില്ല. ഹാർട്ട് അറ്റാക്കുപോലെ ഗുരുതരമായ അസുഖങ്ങളുണ്ടായാൽ രോഗിയെ മരണത്തിനു വിട്ടുകൊടക്കുകയല്ലാതെ മറ്റ് പോംവഴികൾ അസാദ്ധ്യമാണ്. സ്വകാര്യ ആശുപത്രികൾപോലും ഇവിടെയില്ലെന്നുള്ളത് ആരോഗ്യരംഗത്തെ ശോചനീയാവസ്ഥയെ ഉയർത്തിക്കാട്ടുന്നു.

**കൈനകരി ഗ്രമാപഞ്ചായത്ത്**

**8.2 കുട്ടികളുടെ ആരോഗ്യപോഷക നിലവാരം**

| പ്രായം | നോർമൽ | | 1_ാം ഗ്രേഡ് | | 2_ാം ഗ്രേഡ് | | 3_ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 105 | 90 | 48 | 42 | 5 | 2 | 0 | 0 |
| 1_3 വയസ്സ് | 143 | 134 | 112 | 108 | 24 | 19 | 0 | 2 |
| 3_6 വയസ്സ് | 163 | 131 | 105 | 123 | 20 | 18 | 0 | 2 |

ഒന്നാം ഗ്രേഡ് _ ലഘുവായ പോഷകക്കുറവുള്ളവർ
രണ്ടാം ഗ്രേഡ് _ മിതമായ പോഷകക്കുറവുള്ളവർ
മൂന്നാം ഗ്രേഡ് _ ഗുരതുരമയാ പോഷകക്കുറവുള്ളവർ

**പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ**

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെന്റർ കുപ്പപ്പുറം | 9 | 1976 | 17 |
| 2 | കുട്ടമംഗലം സബ്സെന്റർ | 10 | | 1 |
| 3 | കൈനകരി സബ്സെന്റർ | 7 | | 1 |

### പ്രശ്നങ്ങൾ

**ശുദ്ധജലം**

1 ഒരു വാർഡിൽപ്പോലും ശുദ്ധജലം ലഭ്യമല്ല.

2 വെള്ളം വിതരണം ചെയ്യുന്നതിനുവേണ്ടി വർഷങ്ങൾക്ക് മുൻപ് ഇട്ടിട്ടുള്ള മുഴുവൻ പൈപ്പുകളും പൊട്ടിക്കിടക്കുകയാണ്.

3 വാട്ടർ ടാങ്ക് നോക്കുകുത്തിയായി നിലനിൽക്കുന്നു.

4 പഞ്ചായത്തിന്റെ വാർഡുകളിൽ പൂർണ്ണമായും പൈപ്പുകളും ടാപ്പുകളും സ്ഥാപിച്ചിട്ടില്ല.

5 പൊതുകിണറുകളുടേയും കുളങ്ങളുടേയും അഭാവം.

6 ഉള്ള കിണറുകളുടേയും കുളങ്ങളുടേയും ശുദ്ധിയില്ലായ്മ.

7 വാട്ടർ ടാങ്കിലേക്ക് ആവശ്യമായ ശുദ്ധജല ഉറവിടത്തിന്റെ അഭാവം.

**ആരോഗ്യം**

1. ഒറ്റപ്പെട്ടുകിടക്കുന്ന പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ
2. പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ ശോച്യാവസ്ഥ
3. ആരോഗ്യ പ്രവർത്തകരുടെ അഭാവം
4. ആരോഗ്യകേന്ദ്രങ്ങളുടെ അഭാവം
5. ആധുനിക സൗകര്യങ്ങളുള്ള ഒരു ആശുപത്രിയുടെ അഭാവം
6. സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കാൻ ഉതകുന്ന ഭൗതിക സാഹചര്യങ്ങൾ
7. ജലമലിനീകരണം (കടകലുകൾ, പോള, മറ്റു അവശിഷ്ടങ്ങൾ)
8. പാടശേഖരങ്ങളിൽ നിന്നും പൊതു ജലാശയത്തിലേക്ക് പമ്പു ചെയ്യുന്ന മലിനജലം
9. ആറുകളിലേക്കും, തോടുകളിലേക്കും, കായലുകളിലേക്കും ഇരിക്കുന്ന കക്കൂസുകൾ
10. രോഗപ്രതിരോധപ്രവർത്തനങ്ങളുടെ അഭാവം.
11. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കൾ
12. എലികൾക്കും, കൊതുകകൾക്കും വളരുവാൻ ആവശ്യമായ ഭൗതികസാഹചര്യം വെള്ളം കെട്ടിക്കിടക്കുന്ന അവസ്ഥ.
13. കൊതുകുനിവാരണത്തിന്റെ അഭാവം.

### സാദ്ധ്യതകൾ

**കുടിവെള്ളം**

1. കൈനകരിയിലെ വാട്ടർ ടാങ്കിൽ ശുദ്ധജലം എത്തിക്കുക. ഇതിനുവേണ്ടി തിരുവല്ലയിൽ നിന്നും ജലം എത്തിക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തുക (കുട്ടനാട് ടെക്നോളജി സ്കീമിൽപ്പെട്ടിട്ടുള്ള).
2. എല്ലാ പ്രദേശങ്ങളിലും കുടിവെള്ളം എത്തത്തക്കവിധം നിലവിലുള്ള ഉപയോഗശൂന്യമായ പൈപ്പുകളും ടാപ്പുകളും മാറ്റി പുതിയവ സ്ഥാപിക്കുക.
3. ഒന്നുമുതൽ പത്തുവരെ വാർഡുകളിലെയും ഉൾപ്രദേശങ്ങളിൽ ഇപ്പോൾ പൈപ്പുലൈനുകൾ നിലവിലില്ല. ഈ പ്രദേശങ്ങളിൽ പൈപ്പുലൈനുകൾ ടാപ്പുകളും സ്ഥാപിക്കുക.
4. ഒന്നാം വാർഡിലൂടെ കടന്നുപോകുന്ന നെടുമുടി ചാവറ റോഡിൽ പൈപ്പുലൈനുകൾ ഇടുക.
5. പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ വെള്ളം ലഭിച്ചുകൊണ്ടിരുന്നതാണ്. എന്നാൽ ഇപ്പോൾ അതു ലഭിക്കുന്നില്ല. അതു ലഭിക്കാനുള്ള നടപടി ഉണ്ടാകണം. ഉദാഃ ഒന്നാം വാർഡിലെ തെക്കേ അതിർത്തി, 8 ാം വാർഡിന്റെ ചില പ്രദേശങ്ങൾ.
6. എല്ലാ വാർഡുകളിലും പൊതുകിണറുകളും കുളങ്ങളും നിർമ്മിക്കുക നിലവിലുള്ള കുളങ്ങളും കിണറുകളും വൃത്തിയാക്കി കുടിവെള്ളക്ഷാമം പരിഹരിക്കുക.
7. ഏഴാം വാർഡിൽ സ്ഥിതിചെയ്യുന്ന അറുനൂറും പാടം വല്ലം നന്നാക്കി കുടിവെള്ളക്ഷാമം പരിഹരിക്കുക.
8. R. ബ്ളോക്കിൽ ശുദ്ധജലം ലഭിക്കുന്നതിന് ഒരു കുഴൽക്കിണർ സ്ഥാപിക്കുക.
9. പാടശേഖരങ്ങളുടെ മദ്ധ്യത്തിൽ താമസിക്കുന്ന ജനങ്ങൾക്ക് ശുദ്ധജലം എത്തിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കുക.
10. ജലമലിനീകരണത്തിനെതിരെ ബോധവൽക്കരണ ക്ലാസ് നടത്തുക.
11. ടൂറിസ്റ്റു ബോട്ടുകളിൽനിന്നുള്ള മലിനീകരണം ഒഴിവാക്കുക.

***II ആരോഗ്യം***

1 പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും പ്രയോജനം ലഭിക്കത്തക്കരീതിയിൽ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് പ്രാഥമികാരോഗ്യ കേന്ദ്രം ആധുനിക സജ്ജീകരണങ്ങളോടുകൂടി സ്ഥാപിക്കുക.

2. എല്ലാ വാർഡുകളിലും സബ് സെന്ററുകൾ ( ആരോഗ്യകേന്ദ്രം) തുടങ്ങുക.
3. പ്രൈമറി ഹെൽത്ത് സെന്ററുകളുടെ ഇപ്പോഴത്തെ ശോചനീയാവസ്ഥ പരിഹരിക്കുക.
4. ആരോഗ്യകേന്ദ്രങ്ങളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കകു ഒരു ഡോക്ടറുടെ സേവനം സ്ഥിരമായി ഉണ്ടാകണം. (Charge arrangements പാടില്ല)
5. കായലുകളിലും തോടുകളിലും ആറുകളിലും വളർ

ന്നുവരുന്ന മുഴുവൻ കടകലുകളും പോളകളും നശിപ്പിക്കുക.

6. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ കൊല്ലുക.
7. കൊതുകു നിവാരണം നടത്തുക.
8. പൊതുജനാരോഗ്യത്തെ ബാധിക്കുന്നരീതിയിൽ സ്ഥാപിച്ചിട്ടുള്ള കക്കൂസുകൾ മുഴുവൻ ഒഴിവാക്കണം.
9. പൊതുജനാരോഗ്യം ലക്ഷ്യമാക്കി, കക്കൂസില്ലാത്ത വീടുകൾക്ക് കക്കൂസു നിർമ്മിക്കാനുള്ള സംവിധാനം നടപ്പാക്കുക.
10. പഞ്ചായത്തിന്റെ മുഴുവൻ വാർഡുകളിലും സമയാസമയങ്ങളിലും പ്രതിരോധ കുത്തിവയ്പ്പ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
11. മുഴുവൻ സ്കൂളുകളിലേയും കുട്ടികൾക്കും പോഷകാഹാരം ലഭിക്കത്തക്കരീതിയിൽ പദ്ധതി ആവിഷ്ക്കരിക്കുക.
12. പൊതുസ്ഥലങ്ങളിൽ കന്നുകാലികളെകെട്ടുന്നതും താറാവിൻ കൂടു വയ്ക്കുന്നതും തടയുക.
13. ആരോഗ്യസന്ദർശകരുടെ സേവനം മെച്ചപ്പെടുത്തുക.
14. രോഗികളെ കിടത്തിചികിത്സിക്കാൻ കഴിയുന്നരീതിയിലുള്ള ഒരു സർക്കാർ ആശുപത്രി പഞ്ചായത്തിൽ തുടങ്ങുക.
15. റോഡുകൾ മൂലം അടഞ്ഞുപോയ തോടുകൾക്ക് നീരൊഴുക്ക് ലഭിക്കുന്നതിനുവേണ്ടി കലുങ്കുകൾ നിർമ്മിക്കുക.
16. അറവുമാടുകളുടെ അവശിഷ്ടങ്ങൾ ആറ്റിൽ ഒഴുക്കുന്നതു തടയുക.
17. പൊതുവഴിയോടു ചേർന്ന് സ്ഥാപിച്ചിട്ടുള്ള പശുത്തൊഴുത്തുകൾ മാറ്റിസ്ഥാപിക്കുക.
18. പഞ്ചായത്തിനടുത്ത് സ്ഥിതിചെയ്യുന്ന ഹെൽത്ത് സെന്റർ സ്ഥിരം പ്രവർത്തിക്കുന്നതായി മാറ്റുക.
19. പത്താം വാർഡിലുള്ള ഹെൽത്ത് സെന്ററിന്റെ ഗ്രൗണ്ട് ഉയർത്തുന്നതിനുള്ള നടപടി ഉണ്ടാക്കുക.
20. തോടുകളിലേക്ക് വച്ചിട്ടുള്ള മോട്ടോർകൾ ആറ്റുതീരങ്ങളിലേക്ക് മാറ്റിസ്ഥാപിച്ച് മലിനജലം പമ്പു ചെയ്യേണ്ടതാണ്
21 പഞ്ചായത്തിന് ഹോമിയോ ആയുർവേദ ആശുപത്രികൾ സ്ഥാപിച്ചുകിട്ടേണ്ടതാണ്.
22. R ബ്ളോക്കിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഒര P.H. സെന്റർ സ്ഥാപിക്കുക.

പട്ടിക 2

***ഗർഭിണികളുടേയും കുട്ടികളുടേയും പ്രതിരോധ കുത്തിവയ്പ്പ്***

| കുട്ടികൾ | ബി.സി.ജി. | ഡി.പി.റ്റി. | | | | പോളിയോ | | | | ഡി.റ്റി | | | | മീസിൽസ് | ആകെ കുട്ടികൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | | |
| 1 വയസ്സിന് താഴെ | | | | | | | | | | | | | | | 283 |
| 2_3 വയസ്സ് | | | | | | | | | | | | | | | 305 |
| 3_5 വയസ്സ് | | | | | | | | | | | | | | | 559 |

***രോഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ***

***(പ്രതിവർഷം _ എണ്ണം)***

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട്പേഷ്യന്റ് എണ്ണം | ത്വക്ക്രോഗം | വാതരോഗം ( എല്ലാവിഭാഗവും) | പകർച്ചവ്യാധികൾ | വിഷചികിത്സ | മറ്റുള്ളരോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|---|---|
| 1992_93 | .. | 10,618 | 47 | 711 | 1,115 | .. | 8.745 | 10,618 |
| 1993_94 | .. | 12,311 | 28 | 421 | 9,15 | .. | 10,947 | 12,311 |
| 1994_95 | .. | 8,890 | 19 | 328 | 6,15 | .. | 7,928 | 8,890 |
| 1995_96 | .. | 14,968 | 65 | 512 | 5,94 | .. | 13,797 | 14,968 |
| ആകെ | .. | 46,787 | 159 | 1,972 | 3,239 | .. | 41,617 | 46,787 |

★★★★★

# വ്യവസായം

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന പ്രദേശമാണ് കൈനകരി ഗ്രാമ പഞ്ചായത്ത്. ആധുനികമായ യാതൊരു വ്യവസായ സംരംഭങ്ങളും ഇവിടെയില്ല. ചില പരമ്പരാഗത വ്യവസായങ്ങൾ പ്രാകൃതികമായി നടക്കുന്നുവെന്നു മാത്രം. നിരവധി അസംസ്കൃത പദാർത്ഥങ്ങൾ ലഭ്യമാകുന്ന പ്രദേശമാണെങ്കിലും അവയുമായി ബന്ധപ്പെട്ട വ്യവസായസംരംഭങ്ങൾ ഉയർന്നു വരുന്നില്ല. പരമ്പരാഗതമായി ഖനനം ചെയ്യപ്പെടുന്ന കക്ക, 26 പാടശേഖരങ്ങളിലായി ഉൽപ്പാദിപ്പിക്കുന്ന നെല്ല്, നദീതീരത്തും കായലോരത്തും വളരുന്ന കൈതയോല, വട്ടിപ്പുല്ല്, തെങ്ങിൽനിന്നും ലഭിക്കുന്ന ഓല, ചകിരി, ചിരട്ട, വഴുക തുടങ്ങിയവ ഉപയോഗിച്ചിട്ടുള്ള വ്യവസായസംരംഭങ്ങൾ ഉയർന്നുവരുന്നില്ല. പാടശേഖരങ്ങളിൽ നിന്നും നദികളിൽ നിന്നും ലഭിക്കുന്ന കക്ക നീറ്റി കുമ്മായം ഉൽപ്പാദിപ്പിക്കുന്ന പ്രവർത്തനം മാത്രമാണുള്ളത്.

വ്യവസായ സംരംഭങ്ങൾക്ക് പ്രധാനമായ ഊർജ്ജത്തിൻെറ അഭാവം നിലനിൽക്കുകയാണ്. യാത്രാസൗകര്യത്തിന്റെ പോരായ്മ വ്യവസായ സംരംഭകരെ നിരുത്സാഹപ്പെടുത്തുന്ന ഘടകമാണ്. നെല്ലിന്റെ കച്ചിയും നെല്ലിന്റെ തവിടും കൊപ്രയുടെ പിണ്ണാക്ക് എന്നിവ കാലിത്തീറ്റയ്ക്ക് ഉപയോഗിക്കാമെങ്കിലും ഇതുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ രൂപീകരിക്കപ്പെട്ടിട്ടില്ല.

**ചെറുകിട വ്യവസായ യൂണിറ്റുകൾ**

| ക്രമ നമ്പർ | ഇനം | ആകെവ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | സ്ത്രീ | പു. | ആകെ |
| 1 | നാളികേരം | 5 | | 15 | 15 |
| 2 | തടിവ്യവസായം | 2 | .. | 6 | 6 |
| 3 | അച്ചടി | 1 | 1 | 2 | 3 |
| 4 | മറ്റുള്ളവ | 27 | 11 | 95 | 106 |
| 5 | ഇലക്ട്രിക്കൽ സ്വിച്ച് ബോർഡ് നിർമ്മാണം | 1 | 1 | 1 | 2 |
| 6 | Rice mill | 26 | .. | 26 | 26 |

| നമ്പർ | വ്യവസായം | എണ്ണം |
|---|---|---|
| 1 | തേങ്ങാവെട്ട് | 5 |
| 2 | നെല്ല് പുഴുക്ക് | 3 |
| 3 | റൈസ്/ഫ്ലവർമില്ല് | 26 |
| 4 | സോഡാ വാട്ടർ | 6 |
| 5 | കക്കാനീറ്റ് | 9 |
| 6 | തടിമില്ല് | 2 |
| 7 | ഫർണിച്ചർ നിർമ്മാണം | 3 |
| 8 | പ്രസ് | 1 |
| 9 | മെറ്റൽ വർക്ക്സ് | 1 |
| 10 | ഓയിൽ മില്ല് | 1 |
| 11 | അവിൽമില്ല് | 1 |
| 12 | സിമിന്റ് വർക്ക്സ് | 2 |

### പ്രശ്നങ്ങൾ

1. വ്യവസായങ്ങൾക്ക് ആവശ്യമായ ഊർജ്ജം ലഭിക്കുന്നില്ല
2 ഗതാഗതസൗകര്യത്തിന്റെ അപര്യാപ്തത
3 അസംസ്കൃത പദാർത്ഥങ്ങളുടെ അപര്യാപ്തത.
4 വിപണനസൗകര്യമില്ലായ്മ

### സാദ്ധ്യതകൾ

1 കക്ക ഉപയോഗിച്ച് വൈറ്റ്സിമന്റ് യൂണിറ്റ് തുടങ്ങണം.
2 ഒരു മോഡേൺ റൈസ്മിൽ ആരംഭിക്കുക.
3 നെല്ല് ഇടി വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.
4 ടൂറിസത്തെ വ്യാവസായികമായി വികസിപ്പിക്കുക.

5 കച്ചി ഉപയോഗിച്ച് ഹാർഡ് ബോർഡ് വ്യവസായ യൂണിറ്റ് ആരംഭിക്കുക.

6. റെഡിമെയ്ഡ്, കരകൗശല ഉല്പന്നങ്ങൾ, കാലിത്തീറ്റ നിർമ്മാണം ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ് അസംബ്ലിംഗ് യൂണിറ്റുകൾ, ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന വ്യവസായങ്ങൾ എന്നിവ ഉൾപ്പെടുന്ന വ്യാവസായിക എസ്റ്റേറ്റുകൾ സ്ഥാപിക്കുക.

7. ടൂറിസവുമായി ബന്ധപ്പെട്ട് ഹോട്ടലുകളും റസ്റ്റോറന്റുകളും സ്ഥാപിക്കുക.

8. എണ്ണ ആട്ടു വ്യവസായം ആരംഭിക്കുക.

9. ഖാദി ബോർഡിന്റെ കീഴിൽ വനിതാ വ്യവസായ സംഘങ്ങൾ ആരംഭിക്കുക.

10. ആർട്ടിസാൻസ് കോർപ്പറേഷന്റേയും ഹാന്റി ക്രാഫ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെയും ബ്രാഞ്ചുകൾ ആരംഭിക്കുക.

11. കയർ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

12. പെട്രോൾ, ഡീസൽ പമ്പുകൾ ആരംഭിക്കുക.

13. ഒരു ഷോപ്പിംഗ് കോംപ്ലക്സ് ആരംഭിക്കുക.

14. തവിടിൽ നിന്നും കാലിത്തീറ്റയും എണ്ണയും നിർമ്മാണം നടത്തുന്നയൂണിറ്റ് ആരംഭിക്കുക.

★★★★★

# ഊർജ്ജം വാർത്താവിനിമയം ഗതാഗതം

സ്വാതന്ത്ര്യാനന്തര കാലഘട്ടം മുതൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ടു വൈദ്യുതോർജ്ജത്തിന്റെ ഉപഭോഗം കൈനകരിയിൽ തുടങ്ങി. പാടശേഖരങ്ങളിലെ വെള്ളം വറ്റിക്കുന്നതുമായി ബന്ധപ്പെട്ട മോട്ടോറുകളുടെ ഉപയോഗത്തിനാണ് ആദ്യമായി വൈദ്യുതി ഉപയോഗം തുടങ്ങുന്നത്. ഗാർഹിക ആവശ്യത്തിന് അന്നും ഇന്നും പ്രധാനമായി ഉപയോഗിക്കുന്ന ഊർജ്ജസ്രോതസ് വിറകാണ്. വൈദ്യുതിയുടെ ഉപഭോഗം ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ തുടങ്ങിയിട്ട് അധികകാലമായില്ല. ആകെ വീടുകളുടെ 71% മാത്രമേ വൈദ്യുതി ഉപയോഗിക്കുന്നുള്ളു. 44 ഓളം ട്രാൻസ്ഫോർമറുകൾ കൈനകരിയുടെ വിവിധഭാഗങ്ങളിലായി ഉണ്ടെങ്കിൽപ്പോലും വോൾട്ടേജ് ക്ഷാമം ഇന്നും നിലനിൽക്കുകയാണ്. ഗാർഹിക ഉപയോഗത്തിന്റെ 90% ഉം വെളിച്ചത്തിനുവേണ്ടി മാത്രമാണ് ചിലവഴിക്കുന്നത്. ഉൽപ്പാദിപ്പിക്കപ്പെടുന്നതും, വിതരണം ചെയ്യുന്നതുമായ വൈദ്യുത ഊർജ്ജത്തിന്റെ വിന്യാസം അശാസ്ത്രീയമായ ഊർജ്ജമാനേജുമെന്റിന്റെ അപാകതയിലേക്ക് വിരൽചൂണ്ടുന്നു. കൈനകരി പഞ്ചായത്തിന്റെ കീഴിൽ സ്ട്രീറ്റ് ലൈറ്റ് ഇനത്തിൽ പ്രതിമാസം 3686 രൂപ അടയ്ക്കുന്നുണ്ടെങ്കിലും അതിന്റ 1/4 ഭാഗം മാത്രമേ ഉപകരിക്കുന്നുള്ളു. വെള്ളപ്പൊക്കത്തിന്റെയും , മഴയുടെയും അലോസരങ്ങൾമൂലം താറുമാറായി കിടക്കുന്ന വഴികളിലൂടെ രാത്രികാലങ്ങളിൽ സഞ്ചരിക്കണമെങ്കിൽ വഴിവിളക്കുകൾ അത്യാവശ്യമാണ്.

***പഞ്ചായത്തിലെ വഴിവിളക്കുകളെക്കുറിച്ചുള്ള വിവരങ്ങൾ***

| വാർഡ് | ഫ്ളൂറസെന്റ്ട്യൂബ് | ബൾബ് | ആകെ |
|---|---|---|---|
| 1 | 1 | 30 | 31 |
| 2 | - | 8 | 8 |
| 3 | - | 30 | 30 |
| 4 | 1 | 25 | 26 |
| 5 | 2 | 20 | 22 |
| 6 | - | 24 | 24 |
| 7 | 1 | 16 | 17 |
| 8 | - | 16 | 16 |
| 9 | - | 19 | 19 |
| 10 | - | 8 | 8 |

ഏറ്റവും പ്രധാനമായി ഉപയോഗിക്കപ്പെടുന്ന വിറകിന്റെ നല്ലൊരു ശതമാനം പാഴായിപോകുകയാണ്. പ്രാകൃതമായ വിറക് അടുപ്പുകൾ ഉപയോഗിക്കുന്ന വീടുകളാണ് ബഹുഭൂരിപക്ഷവും പാചകാവശ്യത്തിന് മണ്ണെണ്ണ, ഗ്യാസ് തുടങ്ങിയ വാണിജ്യ ഇന്ധനങ്ങൾ ഉപയോഗിക്കുന്നവർ അംഗുലീപരിമിതമാണ്. ബയോഗ്യാസ് തുടങ്ങിയ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ ഉപയോഗിക്കുന്നവർ ഇല്ലെന്നുതന്നെ പറയാം. ആവശ്യത്തിന് ലഭിക്കാത്ത മണ്ണെണ്ണയും അപ്രാപ്യമായ പെട്രോളിയം ഗ്യാസും ഉപയോഗപ്പെടുത്തിയാൽ പാചകവുമായി ബന്ധപ്പെട്ടു നിൽക്കുന്ന സ്ത്രീകളുടെ ആരോഗ്യത്തിന് ഗുണകരമായിരിക്കും.

പ്രശ്നങ്ങൾ:

1. ആവശ്യത്തിന് വോൾട്ടേജ് ലഭിക്കാറില്ല.
2. 29% വീടുകളിൽ വൈദ്യുതി കണക്ഷൻ ഇല്ല.
3. ട്രാൻസ്ഫോർമറുകളുടെ അപര്യാപ്തത.

4. 4000 ത്തിനടുത്ത് കണക്ഷനുകൾ ഉണ്ടെങ്കിലും ഒരു സെക്ഷൻ ഓഫീസുപോലും കൈനകരിയിൽ ഇല്ല.
5. ആവശ്യത്തിന് വിറക് ലഭിക്കുന്നില്ല.
6. ദക്ഷത കൂടിയ വിറക് അടുപ്പുകളെ സംബന്ധിച്ച് ജനങ്ങൾ യാതൊരു ധാരണയുമില്ല.
7. ആവശ്യത്തിന് മണ്ണെണ്ണ ലഭിക്കുന്നില്ല.
8. ഗ്രാമീണ മേഖലയിൽ പാചകവാതകം ലഭ്യമാകുന്നില്ല.
9. പാരമ്പര്യേതര ഊർജ്ജസ്രോതസുകളെ സംബന്ധിച്ചും അവ ഉപയോഗപ്പെടുത്തേണ്ടതിനെപ്പറ്റിയും ജനങ്ങൾക്ക് ധാരണയോ, ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുടെ ബോധവൽക്കരണമോ ഉണ്ടാകുന്നില്ല.
10. ആവശ്യത്തിന് സ്ട്രീറ്റ്ലൈറ്റുകൾ ഇല്ല.
11. ഉള്ളലൈറ്റുകളിൽ പലതും കത്തുന്നില്ല.
12. ദക്ഷതകൂടിയ വൈദ്യുതോപകരണങ്ങൾ പ്രചാരത്തിലില്ല
13. വൈദ്യുതലൈനുകളുടെ സ്ഥിതി പരിതാപകരമാണ്.
14. വൈദ്യുതജീവനക്കാരുടെ കൃത്യവിലോപവും അപര്യാപ്തതയും നിലനിൽക്കുന്നു.
15. വൈദ്യുതിയുടെ ദുരുപയോഗം തടയപ്പെടുന്നില്ല.
16. വൈദ്യുത സബ്സ്റ്റേഷന്റെ അഭാവം.
17. ടച്ചിംഗ്വഴിയുള്ള വൈദ്യുതശോഷണം ഉണ്ടാകുന്നു.

***സാദ്ധ്യതകൾ***

1. കൈനകരിയിൽ ഒരു വൈദ്യുത സബ്സ്റ്റേഷൻ സ്ഥാപിക്കുക.
2. ഒരു മേജർ സെക്ഷൻ ഓഫീസ് സ്ഥാപിക്കുക.
3. പുതിയതായി 10 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക
4. എല്ലാ വീടുകളിലും വൈദ്യുതികണക്ഷൻ എത്തിക്കുക.
5. വൈദ്യുതകണക്ഷനുള്ള സമ്മതപത്രം നിർത്തലാക്കുക.
6. വൈദ്യുതലൈനുകൾ മാറ്റി പകരം കേബിളുകൾ സ്ഥാപിക്കുക.
7. വൈദ്യുതിയുടെ ദുരുപയോഗം കർശനമായി തടയുക.
8. ആവശ്യത്തിന് വൈദ്യുതി ജീവനക്കാരെ നിയമിക്കുക.
9. പ്രധാനപ്പെട്ട എല്ലാ വഴികളിലും ബോട്ടുജെട്ടികളിലും വഴിവിളക്കുകൾ സ്ഥാപിക്കുക.
10. അഞ്ചുവർഷത്തിനുള്ളിൽ പഞ്ചായത്തിൽ ഉപയോഗിക്കുന്ന വഴിവിളക്കുകളുടെ 50% എങ്കിലും 'CFL' ആക്കുക. സാധാരണ ബൾബുകളുടെ ഉപയോഗം പരമാവധി നിരുത്സാഹപ്പെടുത്തുക.
11. വൈദ്യുത ഹീറ്റർ നിരോധിക്കുക.
12. കുടുംബാംഗങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മണ്ണെണ്ണ പെർമിറ്റുകൾ ലഭ്യമാക്കുക.
13. പാചകവാതകവിതരണത്തിന് ഗവ. ഏജൻസി ആരംഭിക്കുക.
14. ദക്ഷതകൂടിയ വിറകടുപ്പുകൾ സാർവ്വത്രികമാക്കുക.
15. പാഴ്മരങ്ങൾ വച്ചുപിടിപ്പിച്ച് വിറകിന്റെ ലഭ്യത വർദ്ധിപ്പിക്കുക.
16. പ്രാദേശിക ഊർജ്ജസ്രോതസുകൾ (ഗോബർഗ്യാസ്, ജൈവോർജ്ജം) ഉൽപ്പാദിപ്പിക്കുക.
17. വൈദ്യുത ലൈനുകളിലെ ടച്ചിംഗ് എല്ലാ കാലവർഷാരംഭത്തിനു മുമ്പായും വെട്ടിനീക്കുക.
18. വൈദ്യുതലൈനിന്റെ കപ്പാസിറ്റി ലോഡ് അനുസരിച്ച് യഥാകാലം മാറ്റിസ്ഥാപിക്കുക. കേടായ മുഴുവൻ മീറ്ററുകളും മാറ്റിവയ്ക്കുക.
19. വൈദ്യുത ബോർഡിന്റെ അന്യായമായ സ്ലാബുസമ്പ്രദായം നിർത്തലാക്കുക. (Self Reading, Spot billing സമ്പ്രദായം ഏർപ്പെടുത്തുക)
20. Over Head Line വലിച്ച് കണക്ഷൻ ലഭിക്കേണ്ട മുഴുവൻ ഉപഭോക്തക്കാൾക്കും പ്രത്യേകിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായി ലൈൻ വലിച്ചുകൊടുക്കുക.
21. OYEC പോലുള്ള ജനദ്രോഹ നടപടികൾ നിർത്തലാക്കി അപേക്ഷകൾക്ക് കാലതാമസം ഒഴിവാക്കി എത്രയും പെട്ടെന്ന് കണക്ഷൻ കൊടുക്കുക.
22. പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ, ലക്ഷംവീടു കോളനികൾ എന്നിവയിൽ കണക്ഷൻ ലഭിക്കാത്തവയ്ക്ക് കൂടി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുക.

## വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

| | | | |
|---|---|---|---|
| നിലവിലുള്ള ഉപഭോക്താക്കൾ | 1 | ഗാർഹികം | 3476 |
| | 2 | വ്യാവസായം | 35 |
| | 3 | വ്യാപാരം | 77 |
| | 4 | കാർഷികം | 5 |
| കണക്ഷൻ ഇതുവരെയും ലഭിക്കാത്ത അപേക്ഷകൾ | 1 | Ordinary | 370 |
| | 2 | OTP | 17 |
| | 3 | OYEC | 33 |
| സ്ട്രീറ്റ്ലൈറ്റുകളുടെ എണ്ണം | 1. | ബൾബ് | 193 |
| | 2. | ഫ്ളൂറസന്റ് ട്യൂബ് | 5 |
| ആകെ വൈദ്യുതീ കരിച്ച കോളനികൾ 4 | 3. | മെർക്കുറി | ഇല്ല |
| | 4. | സോഡിയം | ഇല്ല |
| തൻവർഷത്തെകണക്ഷൻ | | S.S.I Unit | 1 |
| | OTP | 2 | |
| | OYEC | 50 | |

| | |
|---|---|
| ആകെ L.T. ട്രാൻസ്ഫോർമറുകൾ | 40 |
| സ്ട്രീറ്റ് ലൈറ്റിനുവേണ്ടി അടയ്ക്കുന്ന തുക | 3686/ |

| | |
|---|---|
| പുഞ്ച താൽക്കാലിക കണക്ഷൻ | 44 |

| അവസാന നൽകിയ കണക്ഷന്റെ അപേക്ഷാതീയതികൾ | |
|---|---|
| Normal OH | 30.9.91 |
| W/P | 30.9.93 |
| OTP . OH | 2/96 |
| W/P | 6/96 |
| OYEC | 20.9.96 |

### ഹരിജൻ കോളനികളിലെ വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | കോളനിയുടെ പേര് | പണം നൽകി ഉപയോഗിക്കുന്നവർ | വൈദ്യുതി കണക്ഷൻ കിട്ടിയ കുടുംബങ്ങൾ | സൗജന്യ സ്ലാബ് ഉപയോഗിക്കുന്നവർ |
|---|---|---|---|---|
| I | ഏലപ്പള്ളിച്ചിറ | 20 | 4 | 16 |
| II | ചാലേച്ചിറ | 32 | 4 | 28 |
| VIII | കാട്ടിച്ചിറ | 15 | 3 | 12 |
| IX | കനകാശ്ശേരി | 17 | 7 | 10 |

23. അനർട്ട് ഉൽപ്പന്നങ്ങൾക്ക് പഞ്ചായത്തിൽ വിതരണ സൗകര്യം ഉണ്ടാക്കുകയും സബ്സിഡിയോടുകൂടി ഉപഭോക്താക്കൾക്ക് അവ ലഭ്യമാക്കുകയും ചെയ്യുക.

24. വോൾട്ടേജ് ക്ഷാമമുള്ള പ്രദേശങ്ങളിൽ പവർകൂടിയ ട്രാൻസ്ഫോർമർകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം. പഴകിദ്രവിച്ച മുഴുവൻ പോസ്റ്റുകളും മാറ്റി കോൺക്രീറ്റു പോസ്റ്റുകൾ ഇട്ട് ലൈൻ ഭദ്രാമാക്കുക.

കിഴക്ക്, വടക്ക് ഭാഗങ്ങളിലും തോട്ടുവാത്തല പണ്ടാരക്കുളം കായൽപ്രദേശത്തെ വീടുകളുടെ മുകളിലൂടെ വലിച്ചിരിക്കുന്ന 11 KV ലൈൻ കമ്പികൾ മാറ്റിസ്ഥാപിക്കണം.

25. ഉമ്പിക്കാരം പാലം മുതൽ വടക്കോട്ട് കൈലാസം വീടുവരെയും അവിടെനിന്നും ശ്രീനിവാസന്റെ വീടുവരെയും തെരുവുവിളക്ക് സ്ഥാപിക്കണം.

26. ഗോവേന്ദപള്ളി മുതൽ ചാവറമഠംവരെയും ബേക്കറി ജംഗ്ഷൻ മുതൽ ചാവറവരെയും തെരുവ് വിളക്ക് സ്ഥാപിക്കണം.

27. കാട്ടുതറച്ചിറ മുതൽ കിഴക്കോട്ട് പഴയമഠം ശശിയുടെ വീടുവരെ വഴിവിളക്കു സ്ഥാപിക്കുക.

തങ്കച്ചന്റെ വീടുമുതൽ ശ്മശാനംവരെ വഴിവിളക്ക് സ്ഥാപിക്കുക.

28. AC റോഡുമുതൽ പഞ്ചയാത്താഫീസ് ( ആറ്റുതീരം) വരെയുള്ള 3 3/4 കി.മീറ്റർ നീളത്തിൽ പുതുതായി ലൈൻ ഇട്ട് വഴിവിളക്കു സ്ഥാപിക്കുക.

29. എ. കെ. ജി. ജംഗ്ഷൻ മുതൽ മുണ്ട്ചിറവരെ വഴിവിളക്കു സ്ഥാപിക്കുക.

30 ആറ്പങ്കിന്റെ കിഴക്കുഭാഗത്തുള്ള വീടുകളുടെ മുകളിലുള്ള വൈദ്യുതി ലൈനുകൾ മാറ്റുക.

31. പീതാമ്പരന്റെ വീടുമുതൽ എ. കെ. ജി. ജംഗ്ഷൻ വരെ വഴിവിളക്കുകൾ സ്ഥാപിക്കുക.

★★★★★

# വാർത്താവിനിമയം

ഗതാഗത വാർത്താവനിമിയ രംഗങ്ങളിൽ വളരെ പിന്നോക്കമാണ് കൈനകരി. ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയെ ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിയുന്ന ടെലികമ്മ്യൂണിക്കേഷൻ സംവിധാനങ്ങളുടെ വികസനവും ഇന്ന് ഒരു മരീചികയാണ്. നൂറു കണക്കിന് അപേക്ഷകർ കാത്തിരിപ്പുണ്ടെങ്കിലും ടെലിഫോൺ സംവിധാനം വിപുലമാക്കുവാൻ അധികാരികൾ ശ്രമിക്കുന്നില്ല. പലപ്പോഴും കൈനകരിക്ക് അനുവദിക്കുന്ന ആധുനിക സംവിധാനങ്ങൾ മുഴുവൻ തട്ടിയെടുക്കുന്ന പതിവാണ് നിലനിൽക്കുന്നത്. യാതൊരുവിധ സൗകര്യങ്ങളും ഇല്ലാത്ത എക്സ്ചേഞ്ച് കെട്ടിടംമാറ്റി ആവശ്യമായ സൗകര്യങ്ങൾ ഉള്ള സ്ഥലമോ കെട്ടിടമോ വാങ്ങുന്നതിനുള്ള പരിശ്രമംപോലും ടെലികമ്മ്യൂണിക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ഒരു പബ്ലിക് കോൾ ബൂത്തുപോലും കൈനകരിക്കനുവദിക്കുവാൻ അധികാരികൾ ഇതുവരെ തയ്യാറായിട്ടില്ല.

ആവശ്യമായ തപാൽ വിതരണ സംവിധാനത്തിന്റെ അഭാവവും നിലനിൽക്കുകയാണ്. R. Block Branch Post Office ഉം നാലു ബ്രാഞ്ച് പോസ്റ്റാഫീസുകളും ഒരു സബ്ബ് പോസ്റ്റാഫീസും കൈനകരിയിൽ ഉണ്ടെങ്കിലും പോസ്റ്റുമാൻമാരുടെയും മറ്റു അനുബന്ധജോലിക്കാരുടെയും അഭാവം നിലനിൽക്കുകയാണ്. വർഷത്തിൽ ആറുമാസം വെള്ളപ്പൊക്കക്കെടുതിയനുഭവിക്കുന്ന കൈനകരിക്ക് അനുയോജ്യമായ രീതിയിൽ തപാൽ വിതരണമേഖല ആധുനികവൽക്കരിക്കപ്പെടേണ്ടിയിരിക്കുന്നു.

***സാദ്ധ്യതകൾ***

***<u>തപാൽ മേഖല:</u>***

1. 54 വില്ലേജുകളിലായി കിടക്കുന്ന കുട്ടനാട്ടിൽ വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന കൈനകരി പഞ്ചായത്തിലുള്ള തപാൽ ഓഫീസുകൾ ആളുകൾക്ക് സൗകര്യ പ്രദമായി ചെന്നെത്തുവാൻ സാധിക്കുന്ന സ്ഥലങ്ങളിൽ സ്ഥാപിക്കുക.
2. തപാലുരുപ്പടികളുടെ വർദ്ധന അനുസരിച്ച് പോസ്റ്റ്മാൻമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുക.
3. മെയിൽ ബാഗുകൾ കുട്ടനാട്ടിൽ, എത്തിക്കുവാൻ 1987 ൽ പരീക്ഷിച്ചതുപോലെ ഡിപ്പാർട്ടുമെന്റ് സ്വന്തമായി ബോട്ട് ഏർപ്പെടുത്തുക. ഗ്രാമീണ റോഡിന്റെ പണിപൂർത്തിയാകുമ്പോൾ മെയിൽ ബസ്സ് ഏർപ്പെടുത്തുക.
4. STD സംവിധാനം പോസ്റ്റാഫീസിൽ ഏർപ്പെടുത്തുക. STD ബൂത്തുസ്ഥാപിക്കുക.
5. തപാൽ വിതരണം, ടെലിഗ്രാം വിതരണം ഇവ താമസ്സം കൂടാതെ വിതരണം ചെയ്യുവാൻ ജീവനക്കാർക്ക് സൈക്കിൾ മുതലായ വാഹനങ്ങൾ ഉപയോഗിക്കുവാൻ ഗ്രാമീണ റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുക.
6. പലസ്ഥലത്തും സ്ഥാപിച്ചിട്ടുള്ള തപാൽ പെട്ടികൾ ജീവനക്കാർ യഥാസമയം തുറന്ന് കത്തുകൾ പോസ്റ്റാഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുക.
7. തപാൽ ജീവനക്കാരിൽ നിന്നും മെച്ചപ്പെട്ട സേവനം ലഭിക്കുന്നുവോ എന്ന് ഉറപ്പ്വരുത്തുക. ഇല്ലെങ്കിൽ ബന്ധപ്പെട്ട അധികാരികളെ വിവരം ധരിപ്പിക്കുക.
8. ജീവനക്കാർക്ക് പൊതുജനങ്ങളുടെ പരിപൂർണ്ണ സഹകരണം ഉറപ്പുവരുത്തുക.

9. STD, ISD ഫാക്സ് എന്നീ സൗകര്യങ്ങൾ പഞ്ചായത്തു പ്രദേശത്തു ഏർപ്പെടുത്തുക

***ടെലികോം മേഖല***

1. കൈനകരി ടെലിഫോൺ എക്സ്ചേഞ്ച് 1000 ലൈൻ ശേഷിയുള്ള എക്ചേഞ്ച് ആയി ഉയർത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക
2. എക്സ്ചേഞ്ച് ഒരു ടെലികോം ജൂനിയർ എൻജിനീയറുടെ ചുമതലയിലുള്ള എക്ചേഞ്ചായി ഉയർത്തുക.
3. ടെലിഫോൺ തകരാറുകൾ ഉടൻ നന്നാക്കുവാൻ വേണ്ട ക്രമീകരണങ്ങൾ നടപ്പാക്കുക.
4. STD കാളുകൾ ലഭിക്കുവാൻ വേണ്ട STD ബൂത്തുകൾ സ്ഥാപിക്കുവാൻ അധികാരികളുമായി ബന്ധപ്പെടുക.
5. കൂടുതൽ കണക്ഷനുകൾ നൽകുവാൻ ശേഷിയുള്ള ബോർഡുകൾ സ്ഥാപിക്കുവാൻ പറ്റിയ കെട്ടുറപ്പുള്ള കെട്ടിടം ടെലിഫോൺ എക്ചേഞ്ചിനുവേണ്ടി കണ്ടെത്തുക.
6. ആധുനിക സാങ്കേതിക വിദ്യയുടെ നേട്ടങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുക.
7. ധൃതഗതിയിലുള്ള വികസനവും, ജോലിഭാരവും കണക്കിലെടുത്ത് പുതിയ തസ്തികകൾ സൃഷ്ടിക്കുവാനുള്ള സാഹചര്യം അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരിക.
8. സ്വകാര്യവൽക്കരണ നീക്കം ഉപേക്ഷിച്ച് പൊതുമേഖലയിൽ തന്നെ ഡിപ്പാർട്ടുമെന്റ് വികസനം നടത്തുവാനും, വികസനപ്രദേശത്തിന്റെ ഭൂപ്രകൃതിയും, ജനകീയ ആവശ്യങ്ങൾക്കനുസൃതവുമായ സ്കീമുകൾ, പദ്ധതിയുടെ ഭാഗമായി നടപ്പാക്കുവാൻ ശ്രമിക്കുക.
9. കൈനകരി സബ്ബ് പോസ്റ്റാഫീസിന്റെ കീഴിലുള്ള ഫോൺ സൗകര്യം ഇല്ലാത്ത ബ്രാഞ്ച് ഓഫീസുകളായി തോട്ടുവാത്തല ചേന്നംകരി, കൈനകരി ഈസ്റ്റ് എന്നിവിടങ്ങളിൽ ടെലിഫോൺ സൗകര്യം ലഭ്യമാക്കുക.
10. ടെലിഫോൺ ബില്ലുകൾ കുറ്റമറ്റതാക്കുക.
11. R. Block ൽ പബ്ലിക് ടെലിഫോൺ ബൂത്ത് ആരംഭിക്കുക.

★★★★★

# ഗതാഗതം

ഗതാഗതരംഗത്ത് വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് കൈനകരി. പ്രധാനമായും ജലഗതാഗതത്തെ ആശ്രയിച്ചാണ് ജനങ്ങൾ കഴിയുന്നത്. കാലാവസ്ഥപോലും പ്രതികൂലമായി ബാധിക്കുന്ന, ജലഗതാഗതത്തെ മാത്രം ആശ്രയിക്കുന്ന കൈനകരിയിലെ ജനങ്ങൾക്ക് പുരോഗതി നേടണമെങ്കിൽ റോഡുഗതാഗത സൗകര്യം ഉണ്ടാകേണ്ടത് അനിവാര്യമാണ്.

1982 മുതൽ പഞ്ചായത്തിനു ലഭിച്ചുകൊണ്ടിരിക്കുന്ന മുഴുവൻ ഗ്രാന്റുകളും, ഫണ്ടുകൾ (NREP, RLEGP. JRY Untied Fund, പഞ്ചായത്തു ഫണ്ട് ) എന്നിവയുടെ 95% വും ജില്ലാ കൗൺസിലിന്റെ 4 ലക്ഷം Flood Relief Fund, M.P. ഫണ്ട്, ജലധാര എന്നിവയും ഉപയോഗിച്ചിട്ടും A.C.റോഡിലെ കൈനകരി ജംഗ്ഷനിൽ നിന്നും ആരംഭിച്ച് 8,7 വാർഡുകളിൽ കൂടി പഞ്ചായത്താഫീസിനു സമീപം ആറ്റുതീരത്തുവരെ ഗതാഗത യോഗ്യമായി ഈ റോഡ് സജ്ജമാക്കിത്തീർക്കുന്നതിനുപോലും സാധിച്ചിട്ടില്ല. 3.75 കി. മി. നീളം മാത്രമുള്ള ഈ റോഡിന്റെ വീതി ശരാശരി 3 മീറ്റർ മാത്രമാണ്. ഇപ്പോൾ ആലപ്പുഴയിൽ നിന്നും കൈനകരി ബോർഡ് വച്ചു വരുന്ന ബസ്സുകൾ പള്ളാത്തുരുത്തി വരെ എത്തി പഞ്ചായത്തിലേക്കു കടക്കാതെ തിരിച്ചുപോകുന്നു. നിലവിലുള്ള ഈ ബസ്സുകളും പുതിയതായി ആരംഭിക്കേണ്ട സർവ്വീസുകളും പഞ്ചായത്താഫീസിനു സമീപം ആറ്റുതീരത്തു വന്നെത്തിയെങ്കിൽ മാത്രമേ റോഡു ഗതാഗതത്തിന്റെ ആദ്യചുവടുവെയ്പ്പ് എങ്കിലും ആകുന്നുള്ളു.

***റോഡ്.***

കരുവാറ്റ കുപ്പപ്പുറം MLA റോഡ് തുടക്കത്തിൽ മൃതപ്രായമായ അവസ്ഥയിലാണ്. ഇത് ഇപ്പോൾ സഞ്ചാരയോഗ്യമല്ലാത്തപഞ്ചായത്തുറോഡിന്റെ കിഴക്കുഭാഗത്തുനിന്നു വടക്കോട്ടു തുടങ്ങി ഏതാണ്ട് ത്രിശങ്കു സ്വർഗത്തിൽ എന്നപോലെ ഒരു പ്രയോജനവും ഇല്ലാത്ത അവസ്ഥയിൽ പുത്തൻ തോടിന്റെ അരുകിൽ എത്തി നിൽക്കുന്നു. ഇതിന്റെ തുടർച്ചയായിവരുന്ന പുത്തൻ തോടുപാലം കോൺട്രാക്റ്റർ എഗ്രിമെന്റ് വച്ചിട്ടു പണി ഉപേക്ഷിച്ചുപോയ അവസ്ഥയിലാണ്. പഞ്ചായത്തു റോഡിനു തുടർച്ചയായി 4,3,1 വാർഡുകളിൽ കൂടി കടന്നുപോകുന്നു. പള്ളികടവ് കളപ്പുരയ്ക്കൽ, കളപ്പുരയ്ക്കൽ പയ്യംപള്ളി, തട്ടേഴം വൈള്ളാമത്ര റോഡുകളും യാത്രായോഗ്യമല്ല. നെടുമുടി പഞ്ചായത്തിലെ I കൈനകരി പഞ്ചായത്തിലെ I 2,5, വാർഡുകളിൽ കൂടി പോകുന്ന നെടുമുടി ചാവറ ഭവൻ റോഡു നിർമ്മാണം പൂർത്തിയാകാത്ത അവസ്ഥയിൽ തന്നെ നശിച്ചിരിക്കുന്നു. 7 ാം വാർഡിൽ പഞ്ചായത്തു റോഡിൽ നിന്നു തുടങ്ങി പൗവ്വം ജട്ടിവരെ 7,6,9 വാർഡുകളിലൂടെ കടന്നുപോകുന്ന M.L.A റോഡ് 9 ാം വാർഡിൽ ചുങ്കപ്പുരയ്ക്കൽ തുടങ്ങി കുപ്പപ്പുറം വരെയുള്ള റോഡ് എന്നിവ വർഷങ്ങൾക്കുമുമ്പ് പണിതുടങ്ങി ഇനിയും പൂർത്തീകരിക്കാത്ത അവസ്ഥയിലാണ്.

***റോഡുസമ്പന്ധിച്ച വിവരങ്ങൾ***

| കച്ച | പക്ക | മെറ്റൽ | PWD | NH | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| 47.1Km | 30.5 Km. | 1Km. | 600 m's | Nil | M.L.A Road 1Km | 79.75 |

***നടപ്പാത***

മഴക്കാലം ആരംഭിച്ചാൽ നടന്നുപോകുവാൻപോലും നടപ്പാതകളില്ലാത്ത ദയനീയ അവസ്ഥയിലാണ്. കഷ്ടി

ച്ച് രണ്ടാൾക്കുപോലും ഒരുമിച്ചു നടക്കാൻ കഴിയുന്ന നടപ്പാതകളില്ല. നടപ്പാതകൾ ഉണ്ടാക്കുന്നതിന് ആവശ്യമായതുക ചെലവഴിക്കുന്നതിന് പഞ്ചായത്തിന് കഴിയാത്ത അവസ്ഥയാണുള്ളത്. ജനങ്ങളുടെ സഹകരണവും ഇക്കാര്യത്തിൽ ലഭിക്കാറില്ല. വാർഡുകൾക്കു ചുറ്റുമുള്ള വഴികളിൽപോലും മരങ്ങളും മറ്റും വളർന്നു നിന്ന് മാർഗതടസ്സം സൃഷ്ടിക്കുകയാണ്. ഉള്ള വഴികളിൽ ഇടയ്ക്കിടയ്ക്കുള്ള തോടുകളെ മറികടക്കുവാൻ സഞ്ചാരയോഗ്യമായ ചെറുപാലങ്ങളുടെ അഭാവവും നിലനിൽക്കുന്നു. പ്രധാനമായും ഇപ്പോൾ ജനങ്ങൾ ആശ്രയിക്കുന്ന ജല ഗതാഗതം താറുമാറായ അവസ്ഥയിലാണ്. ബോട്ടുകാത്ത് മണിക്കൂറുകളോളം ജെട്ടികളിൽ നിന്നാലും യാത്ര ചെയ്യുവാൻ പറ്റാത്ത അവസ്ഥയാണുള്ളത്. ജെട്ടികളിൽ ആവശ്യമായ താങ്ങുകുറ്റികൾ ഇല്ലാത്തത് ബോട്ടുകളുടെ സുരക്ഷയ്ക്കു ഭീഷണിയാകുന്നു. ബോട്ടു മാർഗ്ഗം അല്ലാതെ മറ്റ് യാതൊരു യാത്രാസൗകര്യവും ഇല്ലാത്ത കൈനകരിക്ക് ആവശ്യമായ സമയങ്ങളിൽ ബോട്ടുസർവ്വീസു നടത്തുന്നതിന് വേണ്ട ക്രമീകരണങ്ങൾ സ്വീകരിക്കുന്നതിന് ജലഗതാഗത ഡിപ്പാർട്ടുമെന്റ് വിമുഖത കാട്ടുന്നു. രാത്രി 8. 30 ന് ശേഷം കൈനകരി വഴി നിലവിൽ സർവ്വീസു നടത്തുന്നത് ഒഴിവാക്കി ആ ബോട്ടുകൾ നെടുമുടിയിൽ വച്ച് വേണാട്ടു കാടുവഴി തിരിച്ചു വിടുന്നതിനുള്ള ലാഭകരമായ ശ്രമവും ഡിപ്പാർട്ടുമെന്റിനെ ഭാഗതത്തു നിന്നും ഉണ്ടാകുന്നില്ല. ജലഗതാഗതത്തിന്റെ കുത്തകയുള്ള SWTD ക്ക് ആവശ്യാനുസരണം സർവ്വീസുനടത്തുന്നതിനുള്ള ബോട്ടുകളുടെ അപര്യാപ്തത തീക്ഷ്ണമാണ്. ബോട്ടുകൾക്ക് ആവശ്യത്തിലധികം ഉള്ള ഉയരവും തോടുകളിൽ കൂടിയുള്ള ജല ഗതാഗതത്തെ തടസ്സപ്പെടുത്തുന്നു. സർവ്വീസുബോട്ടുകളുടെ കൂടാരം ഇളക്കി മാറ്റാവുന്നതായിരിക്കണം എന്ന നിബന്ധനപോലും പാലിക്കുവാൻ ഡിപ്പാർട്ട്മെന്റ് തയ്യാറാവുന്നില്ല.

## കടത്ത് സമ്പന്ധിച്ച വിവരങ്ങൾ

| No. | ഇനം | എണ്ണം | വരുമാനം | മറ്റ് വിവരങ്ങൾ | എണ്ണം |
|---|---|---|---|---|---|
| 1. | PWD | 1 | | ലേലം ചെയ്യാത്ത പഞ്ചായത്ത് വക കടത്തുകൾ | 5 |
| 2 | പഞ്ചായത്ത് ലേലം ചെയ്യുന്നത് | 5 | 18975.00 | | |

### സാധ്യതകൾ

1. A.C. റോഡുമുതൽ കൈനകരി പഞ്ചായത്താഫീസിനു സമീപം ആറ്റുതിരം വരെയുള്ള പഞ്ചായത്തു റോഡിന്റെ വീതി 8 മീറ്റർ ആക്കി വർദ്ധിപ്പിക്കുകയും ഈ റോഡു പി. ഡബ്ലിയു. ഡി. ഏറ്റെടുക്കുകയും ആറ്റുതീരത്തു റോഡു എത്തി വലിയ വാഹനങ്ങൾ തിരിയുന്നതിനും പാർക്കുചെയ്യുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കേണ്ടതാണ്.
2. നെടുമുടി കുപ്പപ്പുറം റോഡുപണി പൂർത്തീകരിക്കുക.
3. പള്ളിക്കടവു മുതൽ വെള്ളാമത്ര വരെയുള്ള റോഡു PWD യെ ക്കൊണ്ട് ഏറ്റെടുപ്പിക്കുക.
4. കൈനകരി പഞ്ചായത്തിലെ V ാം വാർഡിലെ ചാവറഭവൻ മുതൽ II, I വാർഡുകളെബന്ധിപ്പിച്ചു നെടുമുടിയിലേക്കു പോകുന്ന ചാവറ ഭവൻ റോഡിന്റെ പണി പൂർത്തിയാക്കുക ഇത് PWD ഏറ്റെടുക്കുക.
5. എല്ലാ വാർഡുകളേയും ചുറ്റി ഓട്ടോ സഞ്ചരിക്കാൻ പറ്റുന്ന റോഡുകൾ നിർമ്മിക്കുക.
6. നടപ്പാതകൾക്ക് മൂന്ന് മീറ്റർ ഉള്ളിൽ യാത്രക്കു തടസ്സം നിൽക്കുന്ന വൃക്ഷലതാതികൾ മുറിച്ചു മാറ്റേണ്ടതാണ്.
7. ഒന്നാം വാർഡിലുള്ള അംബേദ്കർ റോഡ് വീതികൂട്ടി രണ്ടുവശവും കല്ലുകെട്ടി ഉയർത്തുക.

8. R. ബ്ലോക്ക് നടിച്ചിറ നടപ്പാത നിർമ്മിക്കുക.
9. തായിപ്പള്ളി മുതൽ ഇളങ്കാവിന് തെക്കുവശം വരെയുള്ള റോഡു വികസിപ്പിക്കണം.
10 റെഡ്യാർ ചിറമുതൽ വടക്ക് പുളിക്കപ്പറമ്പുവരെയുള്ള റോഡിന്റെ പണി പൂർത്തിയാക്കുക.
11. ബേക്കറി ജംഗ്ഷൻ മുതൽ ഉമ്പിക്കാരം വരെയുള്ള റോഡുപണി പൂർത്തിയാക്കുക.
12. കല്ലുപാലം മുതൽ ചെറുകായൽ സഹദേവൻ ജെട്ടി വരെ റോഡു നിർമ്മിക്കുക.
13. കല്ലുപാലത്തിൽ നിന്നും കിഴക്കോട്ട് ആറുപങ്ക് ചുറ്റി സഹദേവൻ ജെട്ടിവരെ റോഡു നിർമ്മിക്കുക.
14. ചാവറ ഭവൻ മുതൽ പള്ളാത്തുരുത്തി ഔട്ട്പോസ്റ്റ് വരെയുള്ള റോഡുപണിയുക.
15 ബേക്കറിജംഗ്ഷൻ മുതൽ ആയിരവേലി വരെ റോഡു നിർമ്മിക്കുക.
16. R. ബ്ലോക്കിനു ചുറ്റും നടപ്പാത നിർമ്മിക്കുക.
17 കാട്ടുതറച്ചിറ കല്ലുപാലം മുതൽ ചാലേച്ചിറ വരെ റോഡുനിർമ്മിക്കുക.
18. പുഞ്ചിരിമുതൽ കനകാശ്ശേരികോളനിവരെയുള്ള റോഡു നിർമ്മിക്കുക.
19 ടെലിഫോൺ എക്സ്ചേഞ്ച് മുതൽ കളപ്പുരയ്ക്കൽ വരെയുള്ള റോഡ് കുപ്പപ്പുറം ജെട്ടിമുതൽ ചേരിമൂല വരെ നടപ്പാതയും നിർമ്മിക്കുക
20 കല്ലുപാലം മുതൽ 2 ാം വാർഡിൽ AKG ജംഗ്ഷൻ വരെ റോഡു നിർമ്മിക്കുക.
21. മുട്ടേൽ ജെട്ടിമുതൽ കാനാച്ചേരി വരെ നടപ്പാത നിർമ്മിക്കുക.
22. കല്ലുപാലം മുതൽ ഉമ്പിക്കാരം പാലംവരെ ഓട്ടോ റോഡു നിർമ്മിക്കുക
23. ഉമ്പിക്കാരം പാലം മുതൽ ചെറുകായൽ കായൽ ജെട്ടിവരെ മൂന്നുമീറ്റർ വീതിയിൽ നടപ്പാത നിർമ്മിക്കുക.

***പാലങ്ങൾ***

1. പയ്യമ്പള്ളി തട്ടേഴം റോഡുപാലം നിർമ്മിക്കുക.
2. കൈനകരി കുപ്പപ്പുറം റോഡുകളെ ബന്ധിപ്പിക്കുന്ന പുത്തൻതോടുപാലം, മുട്ടേൽ പാലം, പനയ്ക്കൽപ്പാലം എന്നിവ നിർമ്മിക്കുക
3. ഒന്നാം വാർഡിൽ മേച്ചിലാത്രപാലം, കോന്നത്തു പാലം, നാലുപുരയ്ക്കൽ പാലം, കുടിലിൽ പാലം എന്നിവ നിർമ്മിക്കുക.
4. കൈനകരിയും പുളിങ്കുന്നും തമ്മിൽ ബന്ധിപ്പിക്കുന്ന വെള്ളാമത്ര പാലം നിർമ്മിക്കുക
5. രണ്ടാം വാർഡിൽ കെ. ആറിന്റെ പാലം ആറുപങ്കും പരുത്തിവളവും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം എന്നിവ നിർമ്മിക്കുക.
6. പരുത്തി വളവും പൂനന്തുരവും ബന്ധിപ്പിക്കുന്ന പാലം ഉതിമട പരുത്തിവളവും ബന്ധിപ്പിക്കുന്ന പാലം വണ്ടി കയറുന്നതരത്തിൽ പണിയുക.

V ഉം II ഉം വാർഡുകളെ ബന്ധിപ്പിക്കുന്ന ചെറുകാലിപ്പാലം വണ്ടി കയറുന്നതരത്തിൽ പണിയുക. ചാലേച്ചിറ പാലം പുതുക്കിപ്പണിയുക. (വണ്ടികയറുന്ന രീതിയിൽ). II ഉം X ഉം വാർഡുകളെ ബന്ധിപ്പിക്കുന്ന കുതവറച്ചിറപ്പാലം പണിയുക.

7. മൂന്നാം വാർഡിൽ മുട്ടേൽപ്പാലം, കോയിത്രപ്പാലം, കൊട്ടികപ്പള്ളിപ്പാലം മുല്ലശ്ശേരി ഐലന്റ് പാലം, തുമ്പേൽക്കളം പാലം, ചേക്കയിൽ പ്പാലം, വാഴപ്പറമ്പിൽ നിന്ന് നാലാം വാർഡിലേക്കു ഒരു പാലം എന്നിവ നിർമ്മിക്കുക
8. IV ഉം V ഉം വാർഡുകളെ ബന്ധിപ്പിക്കുന്ന പള്ളിപ്പാലം, തേവർകാട് പഞ്ചായത്തു റോഡുപാലം എന്നിവ പണിയുക. തേവർകാട്പാലം പുതുക്കിപ്പണിയുക.
9. ബേക്കറി ജംഗ്ഷൻ പാലം പൊളിച്ചു വണ്ടി കയറുന്ന പാലമാക്കുക
10. V ഉം VI ഉം വാർഡുകളെ ബന്ധിപ്പിക്കുന്ന മുട്ടേൽ ജെട്ടി ഗൊവേന്ദപാലം നിർമ്മിക്കുക.
11. വാഴക്കളം പാറക്കാട്ടുതുരുത്ത് പാലം നിർമ്മിക്കുക.
12. കണ്ണാട്ടു മഠം ബണ്ടുമുറിച്ച് കലുങ്ക് നിർമ്മിക്കുക.
13. 6 ാം വാർഡിൽ മുട്ടേൽ, മണലോടി, കാനാച്ചേരി, മൂലശ്ശേരി, പുതുശ്ശേരി, പറപ്പള്ളിത്തറ, എട്ടിന്റെ മൂല, അടിയവന, കാനാച്ചേരി വടക്ക്, പുന്നപ്പറമ്പിൽ, കണിച്ചേരിയിൽ നിന്നും കിഴക്കോട്ടും പടിഞ്ഞാറോട്ടുമുള്ള പാലങ്ങൾ മുതലായവ നിർ

മ്മിക്കുക.

14. 7 ാം വാർഡിൽ പള്ളിച്ചിറപ്പാലം, കൈലാസ് വീടിനു സമീപം കല്ലുങ്ക് കാട്ടുപള്ളിപ്പാലം, കൊട്ടുകപള്ളിപ്പാലം എന്നിവ നിർമ്മിക്കുക. കായൽ ചിറപ്പാലം, പാട്ടപ്പറമ്പ് കലുങ്ക് [illegible] [illegible] ജെട്ടിക്കുസമീപം പാലം ഇവ നിർമ്മിക്കുക

15. എട്ടാം വാർഡിൽ പുളിക്കൽപ്പാലം ഓട്ടോപാലമാക്കുക

16. പഴൂർപ്പാലം പണിയുക, ഇടപ്പള്ളി സോമാതുരം പാലം നിർമ്മിക്കുക. സ്വാമി തോടിന് കുറകെ കിഴക്കേ അറ്റത്തുംപടിഞ്ഞാറെ അറ്റത്തും പാലം നിർമ്മിക്കുക, തലപ്പള്ളിപ്പാലം പണിയുക, സോമാതുരം റെഡ്യാർപാലം നിർമ്മിക്കുക പൊയ്യക്കര കൊട്ടാപ്പള്ളി തൈപ്പറമ്പ് പാലം. പാല അക്കരക്കളം ഓഫീസ് പാലം

17 ഒമ്പതാം വാർഡിലെ ഇരുമ്പനവും, കനകാശ്ശേരിയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം PWD യെ ക്കൊണ്ടു പണിയിക്കുക. ചെട്ടിശ്ശേരി, തോട്ടുകടവ്, ചേരിമൂല, തോഴം മഠം മഠത്തിൽ പുതമന എന്നീ പാലങ്ങൾ നിർമ്മിക്കുക

18. പത്താം വാർഡിൽ കാട്ടുതറച്ചിറപ്പാലം പൊളിച്ചു വണ്ടി പോകുന്ന രീതിയിൽ പണിയുക. സി. ബ്ളോക്ക് പാലം പണിയുക കാമിച്ചേരി പാലം പണിയുക. കുപ്പിശ്ശേരിച്ചിറപ്പാലം പണിയുക പാലുകാരൻ തോടിനു കുറുകെ അഞ്ചും പത്തും വാർഡുകളെ ബന്ധിപ്പിക്കുന്ന പാലം പണിയുക

19. പഞ്ചായത്താഫീസിനു സമീപമുള്ള തലപ്പള്ളിപ്പാലം യാത്രായോഗ്യമാക്കുക.

***ഗതാഗതം***

1. ആലപ്പുഴയിൽ നിന്നും കൈനകരിപഞ്ചായത്താഫീസുവരെ ബസ്സ് സർവ്വീസ് ആരംഭിക്കുക.
2. വേണാട്ടുകാട് നെടുമുടി എടത്വാ ബോട്ടുകൾ പത്തിച്ചിറവരെ ദീർഘിപ്പിക്കുക.
3. വേണാട്ടുകാടു വഴിയുള്ള ബോട്ടുകൾ കൈനകരി സ്കൂളിൽ അടുപ്പിക്കുക.
4. ആലപ്പുഴയിൽ നിന്നും രാത്രി 8. 30നും 9.30 നും കൈനകരി കന്നിട്ട ഗൊവേന്തവഴി നെടുമുടിക്ക് ബോട്ടുസർവ്വീസ് തുടങ്ങുക.
5. നെടുമുടി, വേണാട്ടുകാട്, കൈനകരി ആയിരവേലി വഴി പ്രത്യേക സർക്കുലർ സർവ്വീസ് ആരംഭിക്കുക.
7. ബോട്ടുജട്ടികളിൽ താങ്ങുകുറ്റികളും ടയറും സ്ഥാപിക്കുക
8. SWTD ആവശ്യത്തിനുള്ള ബോട്ടുകൾ നൽകുകയും കേടായ ബോട്ടുകൾ അടിയന്തിരമായി റിപ്പയർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.
9. നെടുമുടിയിൽ നിന്നും, കൈനകരി, ഉമ്പിക്കാരം, ചിത്തിര 24000 കായൽ വഴി കോട്ടയത്തിന് രാവിലെ 6.30 ന് നെടുമുടിയിൽ നിും 14.30 ന് തിരിച്ചും സർവ്വീസ് തുടങ്ങുക
10. എടത്വായിൽ നിന്നും നെടുമുടിവരെ വന്ന് യാത്ര അവസാനിക്കുന്ന ബോട്ടുകൾ കൈനകരി സ്കൂൾ ജെട്ടിവരെ വന്ന് തിരികെ പോകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
11. രാത്രി 7. 15 കഴിഞ്ഞാൽ ആലപ്പുഴ നിന്നും കന്നിട്ടവഴി നെടുമുടിക്ക് സർവ്വീസ് ഇല്ല. ഈ പോരായ്മ അടിയന്തിരമായി പരിഹരിക്കുക.
12. നെടുമുടിയിൽ നിന്നും 9.45 കഴിഞ്ഞാൽ 11.00 മണിക്കേ ആലപ്പുഴയ്ക്ക് സർവ്വീസുള്ളു 1 1/4 മണിക്കൂർ ഗ്യാപ്പുണ്ട് 10.30 ഒരു സർവ്വീസ് ആവശ്യമാണ്.
13. ആലപ്പുഴയിൽ നിന്നും കൈനകരി വഴി വേണാട്ടുകാടിലേക്കുള്ള എല്ലാ ബോട്ടുകളും കൈനകരി സെന്റ്മേരീസ് സ്കൂളിൽ അടുക്കുക.
14. നെടുമുടി കൈനകരി വഴി R ബ്ളോക്കു ബോട്ട് സർവ്വീസ്
15. വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം ആലപ്പുഴയിൽ നിന്നും 5.30 A.M നു R ബ്ളോക്ക് കോട്ടയം സർവ്വീസ് ആരംഭിക്കണം
16. R ബ്ളോക്കിൽ SWTD സബ്സ്റ്റേഷൻ സ്ഥാപിക്കുക
17. നെടുമുടിയിൽ നിന്നും വേണാട്ട് കാടുവഴിC. Block വരെ ബോട്ട് സർവ്വീസ് നടത്തുക.

നടപ്പാത

1. ചെമ്പിപ്പാടം പാടശേഖരിത്തിന്റെ ചുറ്റളവിൽ ട്രാക്ടർ റോഡ് നിർമ്മിക്കുക വാർഡ് ഒന്ന്
2. ഉതിമട പുനാന്തുരം പാടശേഖരത്തിനു ചുറ്റും ട്രാക്ടർ റോഡ് പരുത്തിവളവ് പാടശേഖരത്തിനുചുറ്റും ട്രാക്ടർ റോഡ്
3. പുല്ലാട്ടു പാടശേഖരത്തിനു ചറ്റും ട്രാക്ടർ റോഡ്
4. വാവക്കാടു തെക്കുപാടശേഖരത്തിനു ചുറ്റു ട്രാക്ടർ റോഡ്
5. വാവക്കാട് വടക്കു പാടശേഖരത്തിനു ചുറ്റം ട്രാക്ടർ റോഡ്
6. മീനപ്പള്ളി പാടശേഖരത്തിനുചുറ്റും ട്രാക്ടർ റോഡ്
7. മുട്ടേൽ ജെട്ടി മുതൽ മണലോടിതോടിന്റെ തെക്കേക്കരയിൽ നടപ്പാത
8. പഴുപ്പാടം പാടശേഖരത്തിനു ചുറ്റും നടപ്പാത.
9. കിഴക്കേ പാടം മുതൽ പടിഞ്ഞാറെ പാടം വരെ നടപ്പാത
10 അറുന്നൂറ്റം പാടം ചുറ്റിനും കുറുകെയും നടപ്പാതകൾ

പുത്തൻ തുരം പാടശേഖരത്തിനുചുറ്റും നടപ്പാത

11. ഇരുമ്പനം സോമാതുരം പാടശേഖരം ചുറ്റി നടപ്പാത, കാടുകയ്യാർ പാടത്തിന് വടക്കും പടിഞ്ഞാറും നടപ്പാത പൊങ്ങപാടശേഖരത്തിനു വടക്കും പടിഞ്ഞാറും നടപ്പാത, തോട്ടുവാലത്ത വായനശാല മുതൽ പടിഞ്ഞാറോട്ട് വേതമംഗലം കുറപ്പശ്ശേരി ക്ഷേത്രംവരെ നടപ്പാത
12. വലിയകരി, കനകാശ്ശേരി, കുപ്പപ്പുറം ചുറ്റി നടപ്പാ ത
13. ചെറുകായൽ കായൽ C. Block ആറുപങ്കു R ബ്ലോക്ക് പാടശേഖരങ്ങൾ ചുറ്റി നടപ്പാത
14. രണ്ടാം വാർഡിൽ -ഊരാളിശ്ശേരി തുരുത്തിനുചുറ്റും നടപ്പാത
15. കൂവക്കാട്ടുചിറമുതൽ ഭജനമഠംക്ഷേത്രംവരെ നടപ്പാത

കല്ലുകെട്ട്

1. കല്ലുകെട്ടില്ലാത്ത പാടശേഖരങ്ങളിൽ പുറംബണ്ട് സംരക്ഷിക്കുന്നതിനുവേണ്ടിയും വെള്ളപ്പൊക്കം തടയുന്നതിനുവേണ്ടി കല്ലുകെട്ടുക. നിലവിലുള്ള കല്ലുകെട്ടുകൾ ഉയർത്തുകയും ചെയ്യുക.
2. ചെമ്പിപ്പാടം പാടശേഖരം, വല്യാറ, ആക്കാമൂല വിഷ്ണുഭവൻ, കുഴിയിൽ തുരത്തുകൾ കല്ലുകെട്ടുക.
3. ഉതിമട പുനാതുരം കൽക്കെട്ട് ഉയർത്തുക, പരുത്തിവളവിന്റെ കല്ലുകെട്ടു ഉയർത്തുക. ഊരാളശ്ശേരി, ഭജനമഠം മിത്രക്കരിപ്പറമ്പിൽ കുറ്റിക്കാട്ടുപറമ്പ് കല്ലുപറമ്പ് കൊളുത്താടി തുടങ്ങിയവ കല്ലുകെട്ടുക.
4. പുല്ലാട്ടു പാടത്തിനു ചുറ്റളവിലും ഐലന്റ് തുരുത്തുകായലിപ്പറമ്പ് പൊരിയം മാത്ര കല്ലുകെട്ടുക
5. കൈനകരി പള്ളിത്തോടിന്റെ ഇരുകരകളും ബേക്കറിജംഗ്ഷൻ മുതൽ ആയിരവേലിവരെ കല്ലുകെട്ടു ഉയർത്തുക.
6. ബേക്കി ജംഗ്ഷൻ മുതൽ വാവക്കാട് വടക്ക് പാടശേഖരത്തിനു ചുറ്റും കല്ലുകെട്ടുക പാറക്കാട്ടു തുരുത്തു കല്ലുകെട്ടുക.
7. മീനപ്പള്ളി പാടശേഖരത്തിനു ചുറ്റും മണലോടി തോടിനു ഇരുവശവും കല്ലുകെട്ടുക.
8. പഞ്ചായത്താഫീസിന്റെ തെക്കുവശമുള്ള തോട് കണ്ടുകൃഷിതോട് കായൽചിറ തോട് കോലത്തുജെട്ടി പടിഞ്ഞാറുവശം. മുക്കം ജെട്ടിയുടെ പടിഞ്ഞാറെ തോടിന്റെ ഇരു കരയും പാടശേഖരത്തിന്റെ ചുറ്റളവും കല്ലുകെട്ടുക.
9. വളവിങ്കൽ മുതൽ പുളിക്കൽ പാലം വരെയുള്ള ഭാഗം കല്ലുകെട്ടുക.

ഇരുമ്പനം തോടിന്റെ ഇരുകരകളും മാമ്പ്രാ പള്ളി മുതൽ സ്കൂൾ പാലം വരെ തോട്ടുവാത്തല സ്കൂൾ മുതൽ തോട്ടുവാത്തല പാലം വരെ കല്ലുകെട്ടി റോഡ് ബലപ്പെടുത്തുക.

കാട്ടിച്ചിറകോളനിമുതൽ തെക്കോട്ട് കൃഷിഭവൻവരെ പതിശ്ശേരി മുതൽ കാട്ടിച്ചിറ കോളനിവരെ സ്വാമിച്ചിറ മുതൽ കന്നിട്ടപ്പറമ്പുവരെ.

വെളുത്തേട, പൊയ്യങ്കര ദ്വീപിന് ചുറ്റും കല്ലുകെട്ടി കരയുമായി ബന്ധിപ്പിക്കുക

10. ചിറയിൽ മുതൽ തട്ടുങ്കൽ ചിറവരെ ചെട്ടിശ്ശേരി മുതൽ പുഞ്ചിരി വരെ. വലിയകരി പാടശേഖരം കനകാശ്ശേരി കുപ്പപ്പുറ പാടശേഖരം ആറുപങ്ക, ചെറുകാലിൽ കായൽ , സി. ബ്ലോക്ക് തുടങ്ങിയവ കല്ലുകെട്ടുക.

11. വട്ടക്കായലിന്റെ തീരം കല്ലുകെട്ടുക. മൂന്നാംവാർഡിൽ ജഗദമ്മയുടെ പുരയിടത്തിന് ചുറ്റും കല്ലുകെട്ടുക.

12 പഴൂപ്പാടം പാടശേഖരത്തിന്റെ ചുറ്റളവ്, അറുന്നൂറ്റുമ്പാടം, വട്ടക്കായലിന്റെ തുരുത്തുകളും കല്ലുകെട്ടുക.

13. പണ്ടാരക്കുളം കായൽ കല്ലുകെട്ടുക.

14. തായ്പ്പള്ളി മുതൽ ലാസർ ജെട്ടിവരെ കല്ലുകെട്ടുക.

15. പത്താവാർഡിൽ കല്ലുപാലം മുതൽ കിഴക്കോട്ട് കല്ലുകെട്ടുക.

16. പത്താംവാർഡിലൂടെ ഒഴുകുന്ന കള്ളിച്ചാലിന്റെ ഇരുകരകളും കല്ലുകെട്ടുക.

ബോട്ട് സർവ്വീസ് പോകുന്ന എല്ലാ തോടുകളും ആറുകളും കല്ലുകെട്ടി ഉയർത്തിസംരക്ഷിക്കണം.

★★★★★

# സാമൂഹ്യക്ഷേമം പാർപ്പിടം

ജനസംഖ്യയിൽ നല്ലൊരു ഭാഗം ദാരിദ്ര്യരേഖയ്ക്ക് തഴെ കഴിയുന്നവരാണ്. പ്രാഥമിക സൗകര്യങ്ങളില്ലാത്ത 38% കുടുംബങ്ങൾ ഇപ്പോഴും ചെറ്റകുടിലുകളിൽ കഴിയുന്നു. കുടിക്കാനുള്ള ശുദ്ധജലംപോലും ലഭിക്കാത്ത ഹതഭാഗ്യരാണ് കൈനകരിക്കാർ മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളിൽ പ്രധാനങ്ങളായ യാത്രാസൗകര്യത്തിന്റേയും ശുചിത്വത്തിന്റേയും കാര്യത്തിൽ പോലും ഇന്നും കൈനകരി വളരെ പിന്നിലാണ്. കുട്ടികൾക്ക് പഠിക്കുവാൻ പ്രാഥമിക സൗകര്യങ്ങൾ ഉള്ള വിദ്യാലയങ്ങൾ പോലും അപ്രാപ്യമാണ്.

പട്ടിക

***IRDP സർവ്വേ പ്രകാരം ദാരിദ്രരേഖയുടെ താഴെയുള്ളവരുടെ വിവരം***

| വർഷം | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്രരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്രരേഖയ്ക്കുതാഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ച വരുൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1992-93 | 1971 | 177 | | | | |
| 1993-94 | 1918 | 159 | | 711 | 252 | 10,086 |
| 1994-95 | 1873 | 141 | | | | |
| 1995 -96 | 1828 | 123 | | | | |
| 1996-97 | 1785 | 111 | | | | |

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഉപരിപഠനത്തിന് മറ്റു പട്ടണങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയാണ് നിലവിലുള്ളത്. വിദ്യാഭ്യാസ നിലവാരത്തിൽ മുന്നിലാണ് കൈനകരി. ലിംഗവ്യത്യാസം കൂടാതെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്ന കാര്യത്തിൽ ജനങ്ങൾ തൽപ്പരരാണ്. ഒരു ചെറിയ പനിവന്നാൽപോലും പ്രാഥമിക ചികിത്സ നൽകുവാൻ ഉതകുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രംപോലും ഇന്ന് ഇവിടില്ല. ഇതിനും ആലപ്പുഴ പട്ടണത്തിൽ എത്തേണ്ട ഗതികേടിലാണ് ജനങ്ങൾ. ഉള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ പോലും ജനങ്ങൾക്ക് എത്തിപ്പെടാൻപറ്റാത്ത ദൂരത്തിലാണ് സ്ഥിതിചെയ്യുന്നത്. ആവശ്യത്തിന് റോഡോ, നടപ്പാതകളോ ജലഗതാഗത സൗകര്യമോ ഇല്ല.

നിർദ്ദനവിഭാഗങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ കൃത്യമായും വിതരണം ചെയ്യപ്പെടുന്നില്ല. 38% ത്തോളം വരുന്ന കുടിൽവാസികൾക്ക് വീടുകെട്ടിക്കൊടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായേണ്ടിയിരിക്കുന്നു. 80% വീടുകളിൽ ആരോഗ്യകരമായ കക്കൂസോ മറ്റു സൗകര്യങ്ങളോ ഇല്ല.

വിവിധയിനം പെൻഷനുകൾക്ക് അർഹതയുള്ളവരും കൈപ്പറ്റുന്നവരുമായ അവശ ജനവിഭാഗങ്ങൾ പഞ്ചായത്തിലുണ്ട്. സഹായധനങ്ങളുടെ കാലതാമസം ഒരു വലിയ പ്രശ്നമാണ്. കൂടാതെ സർക്കാർ തലങ്ങളിൽ നടക്കേണ്ട നടപടിക്രമങ്ങളുടെ ഇഴഞ്ഞുള്ള നീങ്ങൽ അവശ ജനത അനുഭവിക്കുന്ന ഒരു തീരാവ്യഥയായി ഇന്നു മാറിയിട്ടുണ്ട്.

ഗ്രാമത്തിൽ പശ്ചാത്തല സൗകര്യങ്ങളുടെ അഭാവം സാംക്രമികരോഗ ബീജങ്ങളുടെ ഉൽപ്പാദനത്തിനു

സഹായകരമായ അവസ്ഥയിലാണ്. ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്ന പകർച്ചവ്യാധികൾ ജനങ്ങളെ ആശങ്കാകുലരാക്കുന്നു. ആരോഗ്യരംഗത്ത് ഉണ്ടായിട്ടുള്ള പിന്നോക്കാവസ്ഥ ജനങ്ങളുടെ ആരോഗ്യത്തെ പന്താടകുയാണ്. മാതൃശിശുമരണങ്ങൾ അത്യപൂർവ്വങ്ങളാണെങ്കിലും ഈ രംഗത്തെ വൈദ്യശുശ്രൂഷകർ സത്വരശ്രദ്ധപതിപ്പിക്കുന്നില്ല. ആയുർദൈർഘ്യത്തിൽ സംസ്ഥാന നിലവാരത്തോടൊപ്പം ആണ് കൈനകരി എന്നത് ഒരു അത്ഭുതമായി നിലനിൽക്കുന്നു.

പട്ടിക 1F

***പെൻഷനുകൾ, ധനസഹായം സംബന്ധിച്ച് വിവരങ്ങൾ***

| വർഷം | വില്ലേജ് | അഗതി പെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | അവശകലാകാര/ സാഹിത്യകാര പെൻഷൻ | അവശകായികതാര പെൻഷൻ | ക്ഷയരോഗി പെൻഷൻ | കുഷ്ഠരോഗി പെൻഷൻ | കാൻസർരോഗി പെൻഷൻ | കർഷക തൊഴി ലാളിപെൻഷൻ | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1990 91 | | | | | | | | | | | 1456 | 281 |
| 1991 92 | | | | | | | | | | | 1528 | 400 |
| 1992 93 | | | | | | | | | | | 1558 | 417 |
| 1993 94 | | | | | | | | | | | 1607 | 468 |
| 1994 95 | | | | | | | | | | | 1645 | 552 |
| 1995 96 | | | | | | | | | | | 1694 | 480 |
| ആകെ | | | | | | | | | | | | |

## പാർപ്പിടം

പട്ടിക 1 A

***വീടുകളുടെ തരംതിരിവ്***

| വാർഡ് | ഓട് | ടെറസ് | ഓല | ടെറസ്/ഓട് | ഇരുനില | കുടിൽ | ആകെ |
|---|---|---|---|---|---|---|---|
| 1 | 319 | – | – | – | – | – | 319 |
| 2 | 324 | – | – | – | – | – | 324 |
| 3 | 232 | – | – | – | – | – | 232 |
| 4 | 212 | – | – | – | – | – | 212 |
| 5 | 378 | 1 | – | – | – | – | 379 |
| 6 | 232 | – | – | – | – | – | 232 |
| 7 | 447 | – | – | – | – | – | 447 |
| 8 | 594 | – | – | – | – | – | 594 |
| 9 | 194 | – | – | – | – | – | 194 |
| 10 | 339 | – | – | – | – | – | 339 |

ജനങ്ങളുടെ പാർപ്പിടപ്രശ്നം ഇന്നും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ഒരു പോരായ്മയായി നിലനിൽക്കുന്നു സർക്കാരിൽ നിന്നും അനുവദിക്കുന്ന വായ്പകളും, ഗ്രാന്റുകളും, യഥാസമയം ലഭിയ്ക്കാഴികയും തുകയുടെ അപര്യാപ്തതയും, ഭവന നിർമ്മാണത്തിന് പുരോഗതി ഉണ്ടാക്കുന്നില്ല. പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണസഹകരണസംഘം ഇല്ലാത്തതും ഒരു പോരായ്മയാണ്. ലക്ഷം വീടു കോളനികൾ പഴയ നിലവാരത്തിൽ തന്നെ ഇപ്പോഴും നിലനിൽക്കുകയാണ്. ഒരു കെട്ടിടത്തിൽ തന്നെ രണ്ടു കുടുംബങ്ങൾ കഴിയുന്നത് താമസസൗകര്യത്തെ സാരമായി ബാധിക്കുന്നു. മുഴുവൻ ലക്ഷം വീടുകോളനികളും ഇടിഞ്ഞുപൊളിഞ്ഞു നിലം പതിക്കുന്ന സ്ഥിതിയിലാണ്. അറ്റകുറ്റപണികൾ നടത്തുന്നതിന് ആവശ്യമായ ഗ്രാന്റ് ലഭിക്കുന്നില്ല. ഭവന നിർമ്മാണത്തിന്റെ കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന മറ്റൊരു ഘടകം സ്വന്തമായി സ്ഥലം ഉണ്ടെങ്കിൽ പോലും പട്ടയം ലഭിക്കാതിരിക്കുന്നു എന്നുള്ളതാണ്.

പട്ടിക 1B

| പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|
| 3270 | 3239 | 3244 | 3248 | 3256 | 3271 |

സാമൂഹ്യക്ഷേമരംഗത്തെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകേണ്ടിയിരിക്കുന്നു. ഇപ്പോൾ നൽകിവരുന്ന കർഷകതൊഴിലാളി പെൻഷൻ, അഗതി പെൻഷൻ, വികലാംഗപെൻഷൻ വിധവാപെൻഷൻ തുടങ്ങിയവ അർഹരായവർക്ക് ലഭിക്കുന്നുണ്ടോ എന്ന പരിശോധന അനിവാര്യമായിരിക്കുന്നു. ഇപ്പോൾ നൽകിവരുന്ന പെൻഷനുകൾ യഥാ സമയം നൽകുന്നതിനും തുക വർദ്ധിപ്പിച്ചു നൽകുന്നതിനും ഉള്ള നടപടികൾ ഉണ്ടാകേണ്ടത് അനിവാര്യമാണ്. പെൻഷനുകൾ ലഭിക്കുന്നതിന് ആവശ്യമായ രേഖകൾ മുഴുവൻ പഞ്ചായത്തുവഴിനടപ്പിലാക്കിയാൽ വളരെ ഗുണകരമാകും അർഹത ഉണ്ടായിട്ടും പെൻഷനുകൾ ലഭിക്കാത്ത ധാരാളം ആളുകൾ പഞ്ചായത്തിൽ ഇപ്പോഴും നിലനിൽക്കുന്നു. അറിവില്ലായ്മയും, സർട്ടിഫിക്കറ്റുകൾ ലഭിക്കുവാനുള കാലതാമസവും ഇതിന് കാരണമാകുന്നു. പെൻഷനുകളും, തൊഴിലില്ലായ്മവേതനവും പഞ്ചായത്തുവഴിനടപ്പിലാക്കിയാൽ അർഹതയുള്ളവർക്കു ലഭ്യമാകുമെന്ന് ഉറപ്പു വരുത്തുവാൻ കഴിയും. സാമൂഹ്യക്ഷേമരംഗത്തെ പ്രധാനമായ ഒരു രംഗമാണ് അംഗൻവാടികൾ. അംഗൻവാടികളിൽ പിഞ്ചുകുട്ടികളെ അയക്കുന്നതിൽ മാതാപിതാക്കൾ മടികാട്ടുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. കാരണം അംഗൻ വാടിയിലെ വിദ്യാഭ്യാസം കുട്ടികൾക്ക് ഗുണകരമാകുന്ന രീതിയിലാകുന്നില്ല എന്നുള്ളതാണ്. പ്രധാനമായും അവിടെ നിന്ന് അക്ഷരാഭ്യാസം ലഭിക്കുന്നില്ല എന്നുള്ളതാണ്. ഗർഭിണികൾക്കും കുട്ടികൾക്കും നൽകിവരുന്ന പോഷകാഹാരം തൃപ്തികരമായി ജനങ്ങൾക്കു തോന്നുന്നില്ല. കൂടുതൽ അംഗൻവാടികളുടെ ആവശ്യവും നിലനിൽക്കുന്നു. വിവിധവിഭാഗം തൊഴിലാളികൾ പഞ്ചായത്തില തൊഴിൽ ചെയ്യുന്നുവെങ്കിലും എല്ലാവർക്കും ക്ഷേമനിധി നിലവിലില്ല.

പട്ടിക 5

***CRDS കക്കൂസുകൾ അനുവദിച്ചത്***

| നമ്പർ | വർഷം | SC | O/C | ആകെ |
|---|---|---|---|---|
| 1. | 1992 93 | - | - | - |
| 2 | 1993 94 | 4 | 46 | 50 |
| 3 | 1994 95 | 5 | 45 | 50 |
| 4 | 1995 1996 | | | 16 |

സമൂഹത്തിൽ ഏറ്റവുമധികം പരിഗണന അർഹിക്കുന്നവരും എന്നാൽ അവഗണിക്കപ്പെടുന്നവരുമായ ഒരു വിഭാഗമാണ് വികാലാംഗർ. ഏകദേശം 250 പേർ വികലാംഗരാണെന്ന് കണ്ടെത്തിയിരിക്കുന്നു. അതിൽ 98 സ്ത്രീകളും 132 പുരുഷന്മാരും ആണ്. ഇവരിൽ സ്വന്തമായി ഒരു തൊഴിലോ, വീടോ ഉള്ളവർ വിരലിലെണ്ണാവുന്നവർ മാത്രമാണ്.

പട്ടിക 2

***IRDP സർവെ സഹായം ലഭിച്ചവരുടെ എണ്ണം***

| വർഷം | SC | പിന്നോക്ക വിഭാഗത്തിലുള്ളവർ | ആകെ. | സ്ത്രീകൾ | PHC |
|---|---|---|---|---|---|
| 1992 93 | 18 | 35 | 53 | 27 | 1 |
| 1993 94 | 18 | 27 | 45 | 18 | 0 |
| 1994 95 | 18 | 27 | 45 | 8 | 2 |
| 1995 96 | 12 | 31 | 43 | 17 | 1 |

***പ്രശ്നങ്ങൾ***

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ ഇല്ല.
2. കെട്ടിടനിർമ്മാണ സാമഗ്രികൾ ന്യായവിലയ്ക്ക് വിതരണം ചെയ്യുവാൻ ഗവർമെന്റ് ഏജൻസികൾ ഇല്ല.
3. ഭവന നിർമ്മാണ ചെലവ് വർദ്ധിക്കുന്നു.
4. സർക്കാർ വായ്പകൾക്ക് സാങ്കേതിക തടസ്സങ്ങൾ ഏറെയാണ്.
5. പദ്ധതികളെ സംബന്ധിച്ച അറിവില്ലായ്മ
6. വായ്പാ വിതരണത്തിലെ കാലതാമസം
7. Stage Certificate
8. ചെലവു കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുന്നില്ല.
9. ഭവന നിർമ്മാണ വായ്പകളുടെ തുക കുറവാണ്.
10. J.R.Y രാജീവ് ദശലക്ഷ പദ്ധതികളുടെ വായ്പാ തുക കുറവാണ്.
11. പ്രകൃതിക്ഷോഭപുനരധിവാസ പദ്ധതികൾക്ക് ആവശ്യമായ തുക ലഭ്യമാക്കുന്നില്ല.
12. അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഇല്ല.
13. ആവശ്യത്തിന് അംഗൻ വാടികൾ ഇല്ല.
14. അംഗൻവാടികളിൽ കൃത്യമായി പോഷകാഹാര വിതരണം നടക്കുന്നില്ല.
15. അർഹരായ എല്ലാ ആളുകൾക്കും ക്ഷേമപെൻഷൻ ലഭിക്കുന്നില്ല.
16. തൊഴിലില്ലായ്മ വേതനം അർഹരായ മുഴുവൻ പേർക്കും നൽകുന്നില്ല.

17. വികലാംഗരുടെ ക്ഷേമപദ്ധതികൾ മുഴുവൻ നടപ്പാക്കുന്നില്ല.
18. വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ
19. വിധവകൾക്ക് പ്രായപൂർത്തിയായ ആൺകുട്ടികൾ ഉണ്ടെങ്കിൽ പെൻഷൻ ലഭിക്കുന്നില്ല.
20. തൊഴിലില്ലായ്മ വേതനത്തില അനർഹരുടെ കടന്നുകയറ്റം.
21. പൊതു വിതരണകേന്ദ്രത്തിലെ പോരായ്മകൾ
22. പഞ്ചായത്തിലെ സിവിൽ സപ്ലൈസ് മാവേലിസ്റ്റോർ ഇല്ല.

**ട്രൈസം പരിശീലന ലഭ്യത**

| വർഷം | SC | പിന്നോക്ക വിഭാഗത്തിലുള്ളവർ | ആകെ. | സ്ത്രീകൾ | P.H.C |
|---|---|---|---|---|---|
| 1992 93 | 3 | 5 | 8 | 1 | 0 |
| 1993 94 | 0 | 2 | 2 | 2 | 0 |
| 1994 95 | 2 | 2 | 4 | 0 | 1 |
| 1995 96 | 2 | 1 | 3 | 2 | 0 |

***സാദ്ധ്യതകൾ***

1. ഭവനനിർമ്മാണ സഹകരണം സംഘം രൂപീകരിക്കുക.
2. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ചു വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.
3. വായ്പാ പലിശ കുറയ്ക്കുക
4. വായ്പാതുക കൂട്ടുക
5. പദ്ധതികളെ സംബന്ധിച്ച് ജനങ്ങൾക്ക് അറിവുപകരുക
6. Stage Certificate നൽകുന്നതിനുള്ള അധികാരം പഞ്ചായത്ത് മെമ്പർ മാർക്ക് നൽകുക.
7. പ്രകൃതിക്ഷോഭം മൂലം വീടു നഷ്ടപ്പെടുന്നവർക്ക് കാലതാമസം കൂടാതെ പുതിയ വീടു വെച്ചുകൊടുക്കുക.
8. J.R.Y. രാജീവ്ദശലക്ഷം എന്നീപദ്ധതികളുടെ വായ്പാ തുക വർദ്ധിക്കുക.

പട്ടിക 6

***DWCRA ലഭ്യതാ കണക്ക്***

| വർഷം | SC | O/C | ആകെ |
|---|---|---|---|
| 199293 | - | 1 | 1 |
| 199394 | - | 1 | 1 |
| 1994 95 | - | 1 | 1 |
| 199596 | - | 1 | 1 |

9. ലക്ഷം വീടുകോളനികൾ പുനരുദ്ധരിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകുക.
10. കെട്ടിടത്തിൽ രണ്ടുകുടുംബം എന്ന ലക്ഷം വീടുകോളനികളിലെ സ്ഥിതിമാറ്റി ഒരു കുടുംബത്തിന് ഒരു കെട്ടിടം എന്ന രീതിയിൽ പുനർനിർമ്മിക്കുക
11. രജിസ്ട്രാഫീസിലെ അമിതമായ ഫീസ് ഇല്ലാതാക്കുക.
12. ഭവന രഹിതരുടെ പ്രശ്നം പരിഹരിക്കുന്നതിന് പ്രാഥമികമായി ഭൂമി ലഭിക്കേണ്ടതാണ്. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലുള്ള മിച്ചഭൂമിയും, പുറമ്പോക്ക് ഭൂമിയും, ലീഡ്ഭൂമിയും സർക്കാർ ഏറ്റെടുത്ത് അഞ്ചുസെന്റ് ഭൂമി വീതം നൽകി അവിടെ എ. ഐ. സി. തുടങ്ങി കേന്ദ്രപൊതുമേഖല സ്ഥാപനങ്ങളിലൂടെ ഏറ്റവും ചുരുങ്ങിയ പലിശക്കുള്ള വായ്പ ലഭ്യമാക്കി വീടിന്റെ നിർമ്മാണം നിർമ്മിതി കേന്ദ്രം നടത്തികൊടുക്കുക.
13. അർഹരായ മുഴുവന്‍ ആളുകൾക്കും പെൻഷൻ ലഭിക്കുന്നതിനുള നടപടികൾ നടപ്പിലാക്കുക.
14. ആൺകുട്ടികൾ പ്രായപൂർത്തിയായാൽ വിധവകൾക്ക് പെൻഷൻ ലഭിക്കില്ല എന്ന നിയമം മാറ്റി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ നൽകുക.
15. വികലാംഗർ ആണന്നുള്ള സർട്ടിഫിക്കറ്റ് കിട്ടുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.
16. കർഷക തൊഴിലാളി പെൻഷൻ അനർഹർ കൈപ്പറ്റുന്നത് തടയുന്നതിനും, അർഹരായവർക്കു ലഭിക്കുന്നതിനുമായി അർഹരായവരെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം പഞ്ചായത്തിനു നൽകുക.
17. തൊഴിലില്ലായ്മ വേതനം അനർഹർ കൈപ്പറ്റുന്നതു തടയാൻ വേതനം നൽകുന്നതിനുള്ള അധികാരം പഞ്ചായത്തിൽ നൽകുക.
18. ഏതെങ്കിലും സാമ്പത്തിക ഏജൻസിയെ കൊണ്ടോ J.R.Y ഫണ്ടോ ഉപയോഗിച്ച് അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക.
19. പഞ്ചായത്ത് ലീഡ് ഭൂമിയോ, മിച്ചഭൂമിയോ അംഗൻവാടികൾക്ക് കെട്ടിടം പണിയാൻ കൊടുക്കുക.
20. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ആവശ്യാനുസരണം അംഗൻവാടികൾ തുടങ്ങുക
21. അംഗൻവാടികളിൽ കളിപ്പാട്ടം വാങ്ങാൻ ഫണ്ട് അനുവദിക്കുക
22. അംഗൻവാടി ജീവനക്കാരെയും, വർക്കർമാരേയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും അവരുടെ ശമ്പളം വർദ്ധിപ്പിക്കുകയും ചെയ്യുക.

23. പൊതുപ്രവർത്തനത്തിൽ അംഗൻവാടി ജീവനക്കാരെ സജീവമാക്കാൻ ബോധവൽക്കരണം നടത്തുക.
24. അർഹതയുള്ള മുഴുവൻ കർഷക തൊഴിലാളികളേയും ക്ഷേമനിധിയിൽ ചേർക്കുക. ക്ഷേമനിധിയിൽ നിന്നും ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ പൂർണ്ണമായും ഉറപ്പാക്കുക.
25. അർഹതയുള്ള മുഴുവൻ കെട്ടിടനിർമ്മാണ തൊഴിലാളികളേയും ക്ഷേമനിധിയിൽ ചേർക്കുകയും അർഹതയില്ലാത്ത ആളുകളെ ഒഴിവാക്കുകയും ചെയ്യുക.
26. പൊതുവിതരണ കേന്ദ്രത്തിൽ വിലനിലവാരപ്പട്ടിക പ്രസിദ്ധപ്പെടുത്തുക. ബിൽ നിർബന്ധമാക്കുക.
27. പൊതുവിതരണ കേന്ദ്രത്തെ 1996 ലെ റേഷനിംഗ് ആക്ട് പ്രകാരം റേഷൻ ഷോപ്പ് എന്നാക്കുക.
28. റേഷൻ ഷോപ്പുകളുടെ അധികാരം പൂർണ്ണമായും പഞ്ചായത്തിന് നൽകുക
29. റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് പരിഹാരം കാണുക.
30. കൈനകരി പഞ്ചായത്തിൽ സിവിൽ സപ്ളൈസിന്റെ ഒരു മാവേലി സ്റ്റോർ ആരംഭിക്കുക.
31. പഞ്ചായത്തിലെ സൈറൺ പ്രവർത്തിപ്പിക്കുക
32. പഞ്ചായത്തിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെ കൊല്ലുക.
33. പട്ടിവളർത്തുന്നതിനുള്ള ലൈസൻസ് കർശനമാക്കുക.
34. പൊതുനിരത്തുകൾ മലിനമാക്കുന്നതു തടയുക.
35. പള്ളാത്തുരുത്തി പാലത്തിനു താഴെ കന്നുകാലികളെ കെട്ടുന്നതും താറാവിൻ കൂടു വയ്ക്കുന്നതും നിരോധിക്കുക.
36. റോഡുകളിൽ കറ്റവെയ്ക്കുന്നതും, കന്നുകാലികളെ കെട്ടുന്നതും തടയുക.
37. കടകൾ, പോള എന്നിവ നിർമ്മാർജ്ജനം ചെയ്യുക.
38. അറവുമാടുകളെ കശാപ്പു ചെയ്യുന്നവർ അവശിഷ്ടങ്ങൾ പൊതുജലാശയങ്ങളിൽ തള്ളുന്നത് തടയുക.
39. പരിസര മലിനീകരണത്തിനെതിരെ ബോധവൽക്കരണം നടത്തുക.
40 പഞ്ചായത്തിലെ മുഴുവൻ നടപ്പാതകളും ഗ്രാവൽ വിരിച്ചു സഞ്ചാര യോഗ്യമാക്കുക.
41. വനിതാ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആവശ്യമായ ധനസഹായം ലഭ്യമാക്കുക.
42. കൈതൊഴിലുകൾ പ്രോൽസാഹിപ്പിക്കുക
43. പൊതുവഴികളിലും റോഡുകളിലും വഴിവിളക്കുകൾ സ്ഥാപിക്കുക.

പട്ടിക 7

***ട്രൈസം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ***

| ക്രമ നമ്പർ | വർഷം | സ്വയം തൊഴിൽ ചെയ്യുന്നവരുടെ എണ്ണം | ദിവസക്കൂലിയിൽ ജോലിചെയ്യുന്നവരുടെ എണ്ണം |
|---|---|---|---|
| 1 | 1992 93 | 1 | 7 |
| 2 | 1993 94 | | 2 |
| 3 | 1994 95 | | 2 |
| 4 | 1995 96 | 1 | 2 |

***കുട്ടികളെയും സ്ത്രീകളെയും സംബന്ധിച്ചവിവരങ്ങൾ***

| | |
|---|---|
| ആകെ ജനസംഖ്യ | 21160 |
| സ്ത്രീകൾ | 10666 |
| പട്ടികജാതി പട്ടികവർഗ്ഗം | 1788 |
| അംഗൻവാടികൾ | 17 |
| ഒരുവയസ്സിൽ താഴെയുള്ള കുട്ടികൾ | 283 |
| 1 മുതൽ രണ്ടുവരെ കുട്ടികൾ | 268 |
| രണ്ടുമുതൽ മൂന്നുവരെ കുട്ടികൾ | 305 |
| 3 മുതൽ 5 വരെ കുട്ടികൾ | 559 |
| ഗർഭിണികൾ ആകെ | 100 |
| പ്രത്യേക പരിചരണം വേണ്ട ഗർഭിണികൾ | 8 |
| മുലയൂട്ടുന്നവർ | 136 |
| കഴിഞ്ഞവർഷത്തെ ആകെ ജനനം | 126 |
| ആകെ മരണങ്ങൾ | 90 |
| പോഷകാഹാരം ലഭിക്കുന്ന സ്ത്രീകൾ | 349 |
| പോഷകാഹാരം ലഭിക്കുന്ന ഗർഭിണികൾ | 62 |
| പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാർ | 72 |

★★★★★

### *1.4 (a) കെട്ടിടനികുതി സംബന്ധിച്ച വിവരങ്ങൾ (9596)*

**മേൽപുരയുടെ സ്വഭാവം**

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടം | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | വിവിധ നിർമ്മാണ പദ്ധതിയിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം | ആകെ |
|---|---|---|---|---|---|---|---|---|
| I | 317 | Nil | Nil | 319 | Nil | Nil | Untied 1<br>JRY 1ലക്ഷംവീട് 5 | 435 |
| II | 324 | Nil | Nil | 324 | Nil | Nil | JRY 1 | 516 |
| III | 232 | Nil | Nil | 232 | Nil | Nil | Untied 1<br>JRY 1 | 325 |
| IV | 212 | Nil | Nil1 | 212 | Nil | Nil | Untied 1 | 291 |
| V | 379 | Nil | Nil | 378 | Nil | Nil | JRY_1 ലക്ഷം 5 | 508 |
| VI | 232 | Nil | Nil | 232 | Nil | Nil | ലക്ഷംവീട് 10 RCGP2 | 350 |
| VII | 447 | Nil | Nil | 447 | Nil | Nil | Untied 1 | 610 |
| VIII | 594 | Nil | Nil | 192 | Nil | Nil | JRY 1 | 825 |
| IX | 192 | Nil | Nil | 192 | Nil | Nil | JRY 1 | 367 |
| X | 339 | Nil | Nil | 339 | Nil | Nil | | 659 |
| Total | 3270 | 91 92 | 92 93 | | 94 95 | | 95 96 | |
| | | 3239 | 3244 | | 3256 | | 3270 | |

# സംസ്കാരം

"ഒരു സമൂഹത്തിലെ അംഗീകൃത മൂല്യങ്ങളുടേയും ആചാരങ്ങളുടേയും ആകെ തുകയാണ് സംസ്കാരം.'' ഒരു ജനതയുടെ ജീവിതരീതികളെ വാർത്തെടുക്കുന്നതിൽ സംസ്കാരത്തിനുള്ള പങ്ക് നിസ്തുലമാണ്. ഒരു ദേശത്തിന്റെ യശസ്സിന്റെ അളവുകോലും അവിടുത്തെ സാംസ്കാരിക പൈതൃകമാണ്. കുട്ടനാടിന്റെ ഹൃദയഭൂമിയായ നമ്മുടെ പഞ്ചായത്തിന്റേയും തനതു സംസ്കാരം കാർഷിക സംസ്കാരമാണ്. ഞാറ്റുപച്ചയും, ഞാറ്റുവേലപ്പാട്ടും. തേക്കുപാട്ടും, തോറ്റംപാട്ടിന്റെ തുടിമേളവും വഞ്ചിപ്പാട്ടിന്റെ ആരവങ്ങൾക്ക് അലയൊലി താളമേകി ഓടിയൊഴുകുന്ന നീർപ്പാത്തകളുടെ തുടിതാളവും നമ്മുടെ സംസ്കാരത്തിലെ സജീവത തന്നെയാണ്. എല്ലാത്തനുമുപരി തൊഴിലാളിവർഗ്ഗസംസ്കാരത്തിന്റെ ഈറ്റില്ലമാണീ കൈനകരി. മണ്ണും, മണ്ണിൽ പണിയുന്നവനും തമ്മിൽ കാത്തുപോരുന്ന പൊക്കിൾ കൊടി ബന്ധം ഈ നാടിന്റെ പ്രത്യേകതയാണ്. ഇവിടുത്തെ കാറ്റിൽ ഒഴുകിപ്പരക്കുന്ന ചേറ്റുമണം നമ്മുടെ പൈതൃകങ്ങളുടെ മരിക്കാത്ത ഓർമ്മകളുണർത്തുകയാണ്. പണ്ട് ആർത്തലച്ചു വന്ന മലവെള്ളം പാടത്തിൻെറ ചിറവരമ്പിന് മടയിട്ട് വയലിലേക്ക് കുത്തിയൊഴുകിയപ്പോൾ മടയ്ക്കൽ ഉയിരിനെ കുരുതികൊടുത്ത് ജന്മിയോടുള്ള വിധേയത്വവും മണ്ണിനോടുള്ള മരിക്കാത്ത കൂറും നെഞ്ചിൽ ചേർത്ത ഒരു സംസ്കാരത്തിൽ നിന്നുള്ള നമ്മുടെ പ്രയാണം, ഇന്നു നമ്മെ സ്വത്വബോധത്തിന്റെ തിരിച്ചറിയലിന്റെ മഹാസംസ്കാരത്തിലേക്ക് വളർത്തിയിരിക്കുന്നു

ദേശീയ പ്രസ്ഥാനത്തിന്റെ പോരാട്ടഗാഥകളും നവോത്ഥാന നായകരുടെ ചരിത്രം തിരുത്തിയ ആഗമനങ്ങളും നാട്ടുപ്രമാണിമാർ തുടങ്ങിവച്ച കുടിപള്ളിക്കൂടങ്ങളും നമ്മുടെ സംസ്കാരവഴികളിൽ വിതറിയിട്ട ഇതിഹാസങ്ങളേറെയാണ്.

പുരാതനമായ പുണ്യക്ഷേത്രങ്ങളും വിശുദ്ധ ക്രൈസ്തവ ദേവാലയങ്ങളും, വാഴ്ത്തപ്പെട്ടവന്റെ ജന്മപുണ്യങ്ങളും നമ്മുടെ സംസ്കാരത്തിന് കീർത്തിയുടെ മകുടം അണിയിക്കുന്നു. ജാതിമതഭേദങ്ങളുടെ അതിർവരമ്പുകൾക്കപ്പുറത്ത്, സ്നേഹസൗഹാർദ്ദങ്ങളുടെ വസന്തകാലമൊരുക്കി മുന്നേറുന്ന ഈ കൈനകരി ലോകത്തിന് തന്നെ മാതൃകയാണ്. ആണ്ടോടാണ്ട് കൊണ്ടാടപ്പെടുന്ന ക്ഷേത്രോത്സവങ്ങളിലും പള്ളിപെരുന്നാളുകളിലും നമ്മുടെ ജനത ഒന്നുപോലെ പങ്കുകൊള്ളുന്നത് നമ്മുടെ ഐക്യബോധത്തിന്റെ മഹനീയത തന്നെയാണ്. 14 ക്രിസ്ത്യൻ ആരാധനാലയങ്ങളും 17 ഹൈന്ദവക്ഷേത്രങ്ങളും ഇഴചേർന്ന് ഉയർന്നുനിൽക്കുന്ന ഈ മണ്ണിൽ വിശുദ്ധ ബാങ്കുവിളികളുടെ പവിത്രനാദങ്ങളും ഉയർന്നുകേൾക്കുന്നുണ്ട്.

| വാർഡ് | ക്രിസ്ത്യൻ ദേവാലയങ്ങൾ | ഹിന്ദു ദേവാലയങ്ങൾ | മുസ്ലീംപള്ളികൾ |
|---|---|---|---|
| 1 | 2 | 1 | |
| 2 | | 1 | |
| 3 | 1 | 3 | |
| 4 | 3 | | |
| 5 | 2 | 3 | |
| 6 | | 1 | |
| 7 | 2 | 3 | |
| 8 | 2 | 4 | |
| 9 | 1 | 1 | |
| 10 | 2 | | |

ക്ഷേത്രങ്ങളിലേറ്റം പുരാതനമായത് കണ്ണാട്ടുകളരി ക്ഷേത്രമാണ്. പണ്ടിവിടുള്ള നായർ തറവാടുകളിൽ നിന്ന് യുവാക്കൾ വടക്കൻ നാടുകളിൽ പോയി ആയോധനമുറ അഭ്യസിച്ചിരുന്നു. കളരിമുറകൾ പഠി

ച്ച് തിരിച്ചുവരുന്നവർ കളരിയാശാന്മാർ എന്നറിയപ്പെട്ടിരുന്നു. അങ്ങനെ അറിയപ്പെട്ട കണ്ണാട്ടു കുടുംബത്തിൽപ്പെട്ട ആശാൻമാരിലൊരാൾ സ്ഥാപിച്ചതാണ് കണ്ണാട്ടുകളരി ക്ഷേത്രമെന്ന് പറയപ്പെടുന്നു.

1860 ൽ ആരംഭിച്ച കൈനകരി സെന്റ് മേരീസ് പള്ളിയാണ് കൈനകരിയിലെ ആദ്യത്തെ ക്രൈസ്തവ ദേവാലയം മതപരിവർത്തനം നടത്തിയ പിന്നോക്ക ക്രിസ്ത്യാനികൾക്ക് വേണ്ടി സ്ഥാപിക്കപ്പെട്ടതാണ് കൈനകരി പള്ളി എന്നാണ് ഐതീഹ്യം.

നമ്മുടെ പഞ്ചായത്തിൽ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ആരംഭം കുറിക്കുന്നത് 1895 ൽ സ്ഥാപിക്കപ്പെട്ട പാണ്ടിയപള്ളിവെർണാക്കുലർ പള്ളിക്കൂടത്തിന്റെ ആരംഭത്തോടെയാണ്. അതിനുശേഷം 1897 ൽ തോട്ടുവാത്തല വെർണാക്കുലർ സ്കൂളും 1909 ൽ ചേന്നങ്കരി വെർണാക്കുലർ സ്കൂളും ആരംഭിച്ചതോട് കൂടി നമ്മുടെ നാടിന്റെ സംസ്കാരം പുതിയ രൂപഭാവങ്ങൾ കൈവരിക്കുകയുണ്ടായി. ജവഹർലാൽ നെഹ്രുവിന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന കണ്ണാട്ടു കുടുംബാംഗമായിരുന്ന ശ്രീമാൻ കെ. കെ. നായർ പ്രാഥമിക വിദ്യാഭ്യാസം ചെയ്തത് തോട്ടുവാത്തല വെർണാക്കുലർ സ്കൂളിലായിരുന്നു ഡെപ്യൂട്ടി കളക്ടർ ആയി വിരമിച്ച ശ്രീമാൻ എം. ജി. ബാബുജി കൊച്ചുപറമ്പ് ആദ്യാക്ഷരങ്ങൾ നുകർന്നത് പാണ്ടിയപള്ളി സ്കൂളിൽ നിന്നാണ്. ദിവാൻ പേഷ്കാരായിരുന്ന. റ്റി. ചാണ്ടി തേവർകാട് കൈനകരിയുടെ പൂർവ്വവിദ്യാർത്ഥിയായിരുന്നു. ഇന്ന് 4 പ്രൈമറി സ്കൂളുകളും 2 U P സ്കൂളുകളും 4 ഹൈസ്കൂളും ഉൾപ്പെടെ 10 വിദ്യാലയങ്ങൾ കൈനകരിയുടെ വിദ്യാഭ്യാസസംസ്കാരത്തിൽ കുറിച്ചിട്ട മുന്നേറ്റചരിതങ്ങൾ അവിസ്മരണീയമാണ്.

പത്ത് വിദ്യാലയങ്ങളുണ്ടെങ്കിലും അവയുടെ ഭൗതികസാഹചര്യങ്ങൾ അപര്യാപ്തമാണ്. വിദ്യ അഭ്യസിച്ച് പുറത്തുവരുന്ന തലമുറ, നാടിന്റെ തനതു സംസ്കാരത്തിന്റെ കാമ്പുൾക്കൊള്ളാതെ പൊതു നന്മയിൽ പങ്കാളികളാവാതെ കേവലം ധനസമ്പാദനത്തിനുള്ള മാർഗ്ഗങ്ങൾ തേടിപ്പോകുന്നത് നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പോരായ്മ തന്നെയാണ് നാടിന്റെ സാംസ്കാരിക പൈതൃകങ്ങളുൾക്കൊള്ളുന്ന തരത്തിലുള്ള ഒരു വിദ്യാഭ്യാസസംസ്കാരം പടുത്തുയർത്തേണ്ടത് കാലഘട്ടത്തിന്റെ ആവിശ്യമാണ്. ഈ മണ്ണിൽ പിച്ചവച്ച് പഠിച്ച് ഇവിടുത്തെ ഫലമൂല്യങ്ങളുപയോഗിച്ച് അധികാരസ്ഥാനങ്ങളിലെത്തിയവരും, സമ്പത്തു സമാഹരിച്ചവരും നാട്ടു പുരോഗതിക്കായി കാര്യമായി ഒന്നും ചെയ്യാതെ സ്വന്തം മേച്ചിൽ പുറങ്ങൾ തേടിപ്പോകുന്നത് നമ്മുടെ കൈനകരിയുടെ പിന്നോക്കാവസ്ഥക്ക് കാരണമായിത്തീരുന്നുണ്ട്. പ്രാരാബ്ദങ്ങളേറെയുണ്ടെങ്കിലും സാമൂഹ്യ, രാഷ്ട്രീയ, കലാ_കായിക സാംസ്കാരിക രംഗങ്ങളിൽ താരത്തിളക്കമുള്ള ഒട്ടേറെ പ്രതിഭകൾക്ക് നമ്മുടെ നാട് ജന്മം കൊടുത്തിട്ടുണ്ട്

പ്രിയ എസ്. നായർ, കൈനകരി തങ്കരാജ്, കൈനകരി മധു, കൈനകരിബേബി തുടങ്ങിയവർ കലാരംഗത്തും, കൈനകരി ഷാജി, റ്റി. പി. വിദ്യാനന്ദൻ, റവ. ഡോക്ടർ എൻ. എ. തോമസ്സ് എന്നിവൻ സാഹിത്യരംഗത്തും ജോസഫ് ചാവറ ലാൽ ജി. തയ്യിൽ, ജോസഫ് വർഗ്ഗീസ് ചെക്കനാട് കെ. സി. ജോമോൻ കൊച്ചുപറമ്പ് തുടങ്ങിയവർ കായികലോകത്തും വ്യക്തിമുദ്രപതിപ്പിച്ച കൈനകരിക്കാരാണ്.

മ' പ്രസിദ്ധീകരണങ്ങളുടെയും ആധുനിക മാധ്യമങ്ങളുടെയും തള്ളിക്കയറ്റം നമ്മുടെ യുവതലമുറയെ നിഷ്ക്രിയരാക്കുന്നതോടൊപ്പം ഈനാടിന്റെ സംസ്കാരം അന്യം നിന്നു പോകുന്നതിനും ഇടയാക്കില്ലേ എന്നു ശങ്കിക്കേണ്ടിയിരിക്കന്നു. കേരളത്തനിമയാർന്ന വസ്ത്രധാരണ രീതിയും പഴമയുടെ സംസ്കാരം സംഭാവന ചെയ്ത സാമൂഹ്യബന്ധങ്ങളും അർപ്പണബോധവും പ്രതിബദ്ധതയും ചോർന്നു പോകുന്നുവോഎന്നൊരു ആശങ്കയും ഈ നാടിനെ ഗ്രസിച്ചിട്ടില്ലേ എന്നൊരു സംശയം ബാക്കി നില്ക്കുന്നു.

ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്കും അരങ്ങൊരുക്കിയ മണ്ണാണ് കൈനകരി. അരനൂറ്റാണ്ട് മുമ്പ് തന്നെ ഇവിടെ വായനശാലകൾ സ്ഥാപിക്കപ്പെട്ടിരുന്നു. കൈനകരി സ്കൂളിന്റെ സമീപത്തായി ഉദ്ദേശം 35 കൊല്ലങ്ങൾ മുമ്പുവരെയുണ്ടായിരുന്ന സത്യപ്രകാശിനി വായനശാല & ഗ്രന്ഥശാല കുട്ടനാട്ടിലെ തന്നെ പ്രമുഖ ഗ്രന്ഥശാലകളിലൊന്നായിരുന്നു. കൈനകരിയിലെ ആദ്യത്തേതും. 6 ാം വാർഡിലെ സന്മാർഗ്ഗദായിനി വായനശാല & ഗ്രന്ഥശാല, തോട്ടുവാത്തലയിലുള്ള തോട്ടുവാത്തല, വായനശാല & ഗ്രന്ഥശാല ചേന്നംകരി ടാഗൂർ വായനശാല & ഗ്രന്ഥശാല, കുട്ടമംഗലം യുവജനവായനശാല ഗ്രന്ഥശാല, തോട്ടുവാത്തല ജി.വി.കെ. വായനശാല, കുപ്പപ്പുറത്തുള്ള മാമ്മൻ മാപ്പിള വായനശാല & ഗ്രന്ഥശാല എന്നിവ കൈനകരി

യിൽ വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന ഗ്രന്ഥശാലാ പ്രസ്ഥാനങ്ങളാണ് . ഇതിൽ ടാഗൂർ വായനശാലയും സന്മാർഗ്ഗദായിനിയും തോട്ടുവാത്തല ഗ്രന്ഥശാലയുമാണ് ഒരുവിധം നന്നായി പ്രവർത്തിച്ചു പോരുന്നത് . സ്വന്തമായി സ്ഥലമില്ലാത്തതും കെട്ടിടങ്ങൾ ഇല്ലാത്തതും സാമ്പത്തിക പരാധീനതയും മൂലം 'ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും, എന്ന അവസ്ഥയാണ്' കൈനകരിയിലെ സാംസ്കാരിക ഭവനങ്ങൾക്കുള്ളത്. യുവജനവായനശാല & ഗ്രന്ഥ ശാലയ്ക്ക് സ്വന്തമായി സ്ഥലം ഉണ്ടെങ്കിലും മേൽപ്പറഞ്ഞ മറ്റ് അസൗകര്യങ്ങൾ മൂലം ഈ വായനശാല 'കുഴകാലിലിഴയുകയാണ്'. വായനാശീലം ജനങ്ങളിൽ കുറഞ്ഞു വരുന്നു എന്നതിന് തെളിവാണ് ഗ്രന്ഥശാലകളുടെ ഈ തകർച്ച. നാടിന്റെ സ്വന്തം പൈതൃകങ്ങളിലേക്ക് തനത് സംസ്കാരവീഥികളിലേക്ക് മറ്റേതോ ചാനലുകൾ ഒഴുക്കി വിടുന്ന വിഷം പുരട്ടിയ വിദേശക്കാഴ്ചകളും വാർത്തകളും നമ്മുടെ യുവതലമുറയെ ശുദ്ധസംസ്കാരത്തിൽ നിന്നും അടർത്തിമാറ്റുന്നുവെന്നത് ദുഃഖസത്യമാണ്.

കലാ കായിക സാംസ്കാരിക സംഘടനകൾ ഒരുപാട് ജനിക്കുകയും അതിവേഗം മരിക്കുകയും ചെയ്ത നാടാണ് കൈനകരി. ചിലത് കുറച്ചു നാളേക്ക് പിടിച്ചുനിൽക്കുമെങ്കിലും നിലനിന്നുപോരുന്നത് അപൂർവ്വം ചിലതുമാത്രമാണ്. കുപ്പപ്പുറത്തെ ഹെപ്റ്റാഡ് കബഡി ക്ലബ്ബ്, കുട്ടമംഗലം വേമ്പനാട് ബോട്ട് ക്ലബ്ബ് കൈനകരി MASC, യുവഭാവന ചേന്നംങ്കരി തുടങ്ങിയവ വർഷങ്ങളുടെ പൈതൃകമുള്ള സംഘടനകളാണ്. വർഷാവർഷം വോളിബോൾ മത്സരത്തിന്റെ ആവേശാരവങ്ങളാലീകൈനകരിയെ പുളകമണിയിക്കുന്ന MASC ഒട്ടൊക്കെ മങ്ങലോടെ ഇന്നും തുടരുന്നുണ്ട്. വോളിബോൾ മത്സരത്തിന്റെ പുത്തൻ തരംഗങ്ങളുയർത്തുന്ന ഹിറ്റ് സ്പോർട്സ് ക്ലബ്ബ് കൈനകരിയുടെ ഭാവി വാഗ്ദാനമാണ്. ഏറിവരുന്ന പഠനഭാരവും സ്വന്തം കാര്യങ്ങളിലേക്കുള്ള ഉൾവലിയലും ജീവിതപ്രാരാബ്ദങ്ങളും, ആധുനിക വാർത്താമാധ്യമങ്ങൾ തീർക്കുന്ന സ്വപ്നലോകവും സാമ്പത്തിക പരാധീനതയും സംഘടനാപ്രവർത്തനങ്ങളിൽ നിന്നും കൈനകരിയുടെ യുവതലമുറയെ പിന്നോക്കം വലിക്കുന്ന ഘടകങ്ങളാണ്. എല്ലാ സംഘടനകളുടെയും അസ്തമനത്തിന്റെ പ്രധാന കാരണം സാമ്പത്തികം തന്നെയാണ്. കൈനകരിയുടെ വേലപ്പാട്ടും, കുട്ടനാടിന്റെ തുടിതാളമേളലയങ്ങളുമെല്ലാം ആകാശവാണിയിലൂടെ ഈ മലയാളക്കരയിലാകെ അലയടിപ്പിക്കുന്ന ഡാവിഞ്ചി ആർട്ട് & റേഡിയോക്ലബ്ബ് കൈനകരിയിലെ ആദ്യത്തെ റേഡിയോ ക്ലബ്ബാണ്.

സംഘടനാ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തമില്ലായ്മ നാം ശ്രദ്ധാപൂർവ്വം വീക്ഷിക്കേണ്ടതാണ്. 'മ' പ്രസിദ്ധീകരണങ്ങളും ദൂരദർശൻ പരമ്പരകളും ഏറ്റവും ആകർഷിച്ചിട്ടുള്ളത് സ്ത്രീകളെത്തന്നെയാണ്. പാടത്തു പണിക്കുപോയിതിരികെ വന്ന് ധൃതിയിൽ വല്ലതും വച്ചുണ്ടാക്കി ദൂരദർശന് മുമ്പിലേക്ക് മത്സരയോട്ടം നടത്തുന്ന സ്ത്രീകൾ ഇന്ന് നമ്മുടെ ഗ്രാമത്തിലെയും പതിവു കാഴ്ചയായിരിക്കുന്നു. പുരുഷന്മാരും മോശമല്ല പഠിക്കുന്ന കുട്ടികളും ഒന്നുമറിയാത്ത പിഞ്ചുകിടാങ്ങളും ഒരുപോലെയിന്ന് പെട്ടിക്കാഴ്ചകൾക്കായി അന്തിനേരങ്ങളിൽ കണ്ണും നട്ടിരിക്കുന്നത് ഖേദകരമാണ്. ഓരോ തലമുറയും കൈമാറി കൈമാറി കനകത്തിളക്കം വന്ന മുത്തശ്ശിക്കഥകളും പഴംകഥകളും ഇന്നു പാടെ മാഞ്ഞുപോയിരിക്കുന്നു. നമ്മുടെ കൃഷിയിടങ്ങളിൽ നിന്നുയരുമായിരുന്ന വേലപ്പാട്ടുകൾ ഇന്നു അന്യം നിന്നു പോയിരിക്കുന്നു ആറ്റുതീരങ്ങളിലും പുഴയരുകുകളിലും ഒത്തുചേരുമായിരുന്ന അന്തിക്കൂട്ടങ്ങളും സായാഹ്നസഭകളും ഇന്ന് അസ്തമിച്ചുപോയിരിക്കുന്നു.

വള്ളക്കഥകളില്ലാത്ത ഒരു സംസ്ക്കാരത്തെ പ്പറ്റി നമ്മുക്ക് ചിന്തിക്കാനാവില്ല. കൊതുമ്പുവള്ളങ്ങൾ മുതൽ ചുണ്ടൻവള്ളങ്ങൾ വരെ ഈ ജലഭൂമിയിലെഴുതിയ സുന്ദരകഥകൾ എണ്ണമറ്റതാണ്. ചുണ്ടൻ വള്ളങ്ങൾ സ്വന്തമായുണ്ടായിരുന്ന പ്രമാണികുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. കുറ്റിക്കാടൻ ചുണ്ടൻ, ചേന്നങ്കരി ചുണ്ടൻ, അറയ്ക്കൽ ചുണ്ടൻ കൊക്കരക്കൽ ചുണ്ടൻ തുടങ്ങിയവ ഇങ്ങനെയുള്ള ചുണ്ടൻ വള്ളങ്ങളായിരുന്നു. കളിവള്ളമേറി തുഴയെറിഞ്ഞ് ജലത്തുള്ളികളിൽ മാരിവില്ല് വിരിയിച്ച് ആർപ്പുവിളികളുടെ തിരതിമിർപ്പുകളുമായി കൊണ്ടാടിപ്പോരുന്ന ജലോത്സവങ്ങളിൽ കൈനകരി എഴുതിചേർത്തിട്ടുള്ള ഇതിഹാസങ്ങൾ ചുണ്ടൻ വള്ളങ്ങളെ പോലെ മനോഹരങ്ങളാണ്. UBC, FBC, VBC, PBC തുടങ്ങിയ ബോട്ട് ക്ലബ്ബുകൾ ആർക്കും കീഴടക്കാനാവാത്ത കരുത്തിനെ, ഈ കൈനകരിയുടെ ആത്മാഭിമാനത്തെ, ഈ വിശ്വത്തോളം വളർത്തിയവരാണ്.

സാക്ഷരതാ പ്രസ്ഥാനത്തിനുശേഷം പൊതു

രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തമില്ലായ്മ ഒരു പ്രധാന പ്രശ്നമാണ്. സ്ത്രീകളുടെ പദവിയെപ്പറ്റി വളരെ ഗൗരവതരമായി ചർച്ച ചെയ്യപ്പെടേണ്ടതാണ്. നിലവാരമില്ലാത്ത പ്രസിദ്ധീകരണങ്ങളുടേയും പെട്ടിക്കാഴ്ചകളുടേയും തടവറകളിൽ നിന്ന് നമ്മുടെ യുവതീയുവാക്കളെ മോചിതരാക്കേണ്ടത് അത്യന്താപേക്ഷിതമാണ് നമ്മുടേതെല്ലാം മറന്ന് മറ്റെവിടെയ്ക്കോ നാം ആകർഷിക്കപ്പെടുന്നു എന്നത് ഒരു വർത്തമാന കാല ദുരന്തം തന്നെയാണ്.

കൈനകരിയുടെ ഭാഗമായ R ബ്ലോക്ക് പ്രത്യേക ഭൂസംസ്കാരം കുടികൊള്ളുന്ന ഒരു പ്രദേശമാണ്. കുട്ടനാട്ടിൽ ചരിത്രത്തിലാദ്യമായി ഹോളണ്ട് സ്കീം നടപ്പാക്കിയതിവിടെയാണ്.

***സാദ്ധ്യതകൾ***

1. നിലവിലുള്ള വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നിലവാരം മെച്ചപ്പെടുത്തിക്കൊണ്ട് കഴിയുന്നത്രവാർഡുകളിൽ വായനശാലകൾ സ്ഥാപിക്കണം.
2. അവയ്ക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ സഹായങ്ങൾ (സ്ഥലം, കെട്ടിടം, ഗ്രാന്റ്) അടിയന്തിരമായി ചെയ്തു കൊടുക്കണം.
3. പഞ്ചായത്താഫീസുമായി ബന്ധപ്പെടുത്തി പബ്ലിക്ക് ലൈബ്രറി സ്ഥാപിക്കണം.
4. കലാ കായിക സംഘടനകൾക്ക് പഞ്ചായത്തുമുഖേന ഗ്രാന്റുകൾ അനുവദിക്കുക.
5. പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി ഹാൾ പ്രധാന കേന്ദ്രങ്ങളിൽ ടെലിഫോൺ ബൂത്തുകൾ എന്നിവ ആരംഭിക്കുക.
6. പഞ്ചായത്തു തലത്തിൽ സാംസ്കാരിക സമിതി രൂപീകരിക്കുക.
7. വായനശാലകൾക്ക് റ്റി.വി. നൽകണം. ദൂരദർശൻ, നിലവാരമുള്ളതും കൂടുതൽ വിജ്ഞാനപ്രദവുമായ പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതാണ്.
8. പഞ്ചായത്തിൽ ഒരു സിനിമാതീയേറ്റർ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കണം.
9. സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ലൈബ്രറി ആരംഭിക്കണം.
10. Women's ക്ലബ്ബുകൾ ആരംഭിക്കുന്നതിനും, ഊർജിതമായി പ്രവർത്തിക്കുന്നതിനും പഞ്ചായത്ത് മുൻകൈ എടുക്കണം.
11. കോലടി, പരിശമുട്ടുകളി, നടിച്ചിൽ പാട്ട് വഞ്ചിപ്പാട്ട്, കൊയ്ത്തുപാട്ട്, തേക്കുപാട്ട് തുടങ്ങിയ നമ്മുടെ പഞ്ചായത്തിന്റെ പഴയ കലകൾ അന്യം നിന്നു പോകാതിരിക്കുവാനാവശ്യമായ നടപടികൾ പഞ്ചായത്ത് സഭ സ്വീകരിക്കണം.
12. എല്ലാ സ്കൂളുകളിലേയും കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്തുതല യുവജനോത്സവങ്ങൾ നടത്തുകയും പഞ്ചായത്ത് ഇന്ന് നടത്തിവരുന്ന കേരളോത്സവം പോലെയുള്ള പരിപാടികളുടെ കാര്യക്ഷമമായ നടത്തിപ്പിലൂടെ കലാകായിക പ്രതിഭകളെ കണ്ടെത്തുന്നതിൽ ശ്രദ്ധിക്കുകയും വേണം.
13. പൊതു കളിസ്ഥലവും സ്റ്റേഡിയവും നിർമ്മിക്കണം.
14. സാംസ്കാരിക സംഘടനകളെ ഏകോപിപ്പിച്ച് സാംസ്കാരിക നിലയങ്ങൾ ഉണ്ടാക്കണം. 6 ാം വാർഡിലെ പഞ്ചായത്ത് ഗ്രൗണ്ട് സ്റ്റേഡിയമാക്കി മാറ്റണം.
15. മിനി മാഗസിൻ പഞ്ചായത്തു നിലവാരത്തിൽ തുടങ്ങണം
16. വായനാശീലം വർദ്ധിപ്പിക്കുന്നതിന് വീടുകളിൽ പുസ്തകങ്ങൾ എത്തിക്കുന്നതിനാവശ്യമായ സംവിധാനം പഞ്ചായത്തിൽ ഉണ്ടാക്കുക.
17. റേഡിയോക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിന്റെ സഹായം വേണം.

### *വായനശാലകൾ , ഗ്രന്ഥശാലകൾ*

| വാർഡ് | വായനശാല ഗ്രന്ഥശാല പേര് | ഗ്രാന്റ് ലഭിക്കുന്നത് |
|---|---|---|
| 2 | ടാഗൂർ വായനശാല & ഗ്രന്ഥശാല ചേന്നങ്കരി | ഉണ്ട് |
| 6 | സന്മാർഗദായിനി വായനശാല & ഗ്രന്ഥശാല പടിഞ്ഞാറെ കുട്ടമംഗലം | ഉണ്ട് |
| 8 | 1.തോട്ടുവാത്തല വായനശാല & ഗ്രന്ഥശാല 2. ജി. വി. കെ. വായനശാല, തോട്ടുവാത്തല | ഉണ്ട് |
| 9. | മാമ്മൻമാപ്പിള മെമ്മോറിയൽ വായനശാല & ഗ്രന്ഥശാല കുപ്പപ്പുറം | |
| 10. | യുവജനവായനശാല& ഗ്രന്ഥശാല കുട്ടമംഗലം. | |

★★★★★

# വനിതാക്ഷേമം

പഞ്ചായത്തിലെ ആകെ ജനസംഖ്യ 21160 അതിൽ സ്ത്രീകൾ 10666. 172 സ്ത്രീകൾ കൂടുതൽ. കാലത്തിന്റെ മാറ്റത്തിനൊത്ത് മുന്നേറാൻ മടിക്കുന്ന ഇന്നത്തെ സ്ത്രീകൾക്ക് ആവേശം പകരേണ്ടതാണ് മുൻകാല സ്ത്രീചരിത്രം. വിപ്ലവപോരാട്ടത്തിൽ പങ്കുചേർന്നുകൊണ്ട് അവകാശങ്ങൾ നേടിയെടുക്കാൻ പുരുഷനോടൊപ്പം അണിനിരന്ന് ജന്മിമാടമ്പിത്വത്തെ വെല്ലുവിളിച്ച് ജയിലറകൾ പൂകിയ വീരാംഗനമാരുടെ നാട്. സമൂഹത്തിൽ മറ്റുള്ളവർക്കൊപ്പം ജീവിക്കാനുതകത്തക്ക വിധം തങ്ങളുടെ അദ്ധ്വാനഭാരത്തിന് ന്യായമായ പ്രതിഫലം ലഭിക്കുന്നതിനുള്ള തൊഴിലാളിവർഗ്ഗ പോരാട്ടത്തിൽ ഒരു അജയ്യ ശക്തിയായിരുന്നുഇവിടുത്തെ സ്ത്രീകൾ. നൂറ്റാണ്ടുകൾക്കു മുമ്പ് നിലവിലുണ്ടായിരുന്ന പ്രാകൃത സമ്പ്രദായമായ മുലക്കരം ഇല്ലായ്മചെയ്യാൻ തന്റെ മുല അറുത്തു നൽകിയ കാളിക്കുട്ടി ഈ പഞ്ചായത്തിലെ മണത്തറ കുടുംബാംഗമായിരുന്നുവെന്നു പറയപ്പെടന്നു. ഇവർ നേടിത്തന്ന അവകാശത്തിന്റെ തണലിൽ മതിമറന്നു കഴിയുന്ന ഇന്നത്തെ തലമുറയ്ക്ക് ഒന്നുമറിയാതെ ഒതുങ്ങിക്കഴിയുന്നതിലാണ് താൽപ്പര്യം പഞ്ചായത്തിലെ ആദ്യവനിതാ മെമ്പർ ഭവാനിയമ്മ പുത്തൻപുരയിലാണ്. നിലവിലുള്ള പ്രസിഡന്റ് ബി. കൃഷ്ണകുമാരി പഞ്ചായത്തിലെ ആദ്യവനിതാ പ്രസിഡന്റാണ്.

ആദ്യകാലഘട്ടത്തിൽ സ്കൂൾ വിദ്യാഭ്യാസം പെൺകുട്ടികൾക്ക് അപ്രാപ്യമായിരുന്നു. ജാതി വ്യവസ്ഥകൊടികുത്തി വാണിരുന്ന ആ കാലത്ത് എല്ലാ ജാതിയിൽ പ്പെട്ടവർക്കും വിദ്യാലയത്തിൽ പ്രവേശനമുണ്ടായിരുന്നില്ല. 1895 ൽ പ്രാഥമിക വിദ്യാഭ്യാസത്തിന് സൗകര്യം ലഭിച്ചിരുന്നെങ്കിലും ഉന്നത വിദ്യാഭ്യാസത്തിന് കഴിഞ്ഞിരുന്നില്ല. അതുകൊണ്ടുതന്നെ സ്ത്രീകൾ അടുക്കളയിൽ ഒതുങ്ങി. ബഹുഭൂരിപക്ഷം വരുന്ന സാധാരണ സ്ത്രീകളാവട്ടെ, കൂടുതൽ തൊഴിലവസരങ്ങൾ ഉള്ളതും വൈദഗ്ദ്യവും ഉത്തതവിദ്യാഭ്യാസം ആവശ്യമില്ലാത്തതുമായ കാർഷിക മേഖലയിൽ പണിയെടുത്തു പോരുന്നു. തൊഴിലെടുക്കുന്ന സ്ത്രീകളിൽ ഏറ്റവും കൂടുതൽ കർഷകതൊഴിലാളികളും, നാമമാത്രമായികർഷകരും ഉൾപ്പെടുന്നു. മറ്റുള്ള മേഖലയിൽ, ഉന്നതവിദ്യാഭ്യാസം ആവശ്യമുള്ള മേഖലയിൽ കൂടുതലും അദ്ധ്യാപികമാരാണ്. അടുത്ത പട്ടണ പ്രദേശത്തുപോയി 'Sales Girl' ആയി തൊഴിലെടുക്കുന്ന അഭ്യസ്ഥവിദ്യരായ സ്ത്രീകളും ഉണ്ട്. സംഘടിതവർഗ്ഗമെന്ന നിലയിൽ പോരാട്ടത്തിലൂടെ മറ്റുള്ളവർ തങ്ങളുടെ അവകാശം സംരക്ഷിക്കുമ്പോൾ അസംഘടിതരായ സ്ത്രീകൾ ചൂഷണം ചെയ്യപ്പെടുന്നു തുല്യജോലിക്ക് തുല്യവേതനം കിട്ടാത്ത അവസ്ഥയുമുണ്ട്.

പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തക്കുറവ് മുമ്പത്തെപോലെ ഇന്നും തുടരുന്നു. ചില വാർഡുകൾ കേന്ദ്രീകരിച്ച് നാലുഗ്രാമവികസന കേന്ദ്രങ്ങളും രണ്ടു D.W.C.R.A. യൂണിറ്റും പ്രവർത്തിക്കുന്നു. സ്ത്രികളുടെ ചുമതലയിൽ കഴിയുന്ന കുടുംബങ്ങൾ പഞ്ചായത്തിൽ നിരവധിയാണ്. വിദ്യാഭ്യാസം നൽകുന്ന കാര്യത്തിൽ ആൺകുട്ടികളോടൊപ്പം പെൺകുട്ടിൾക്കും പരിഗണന നൽകുന്നു. സ്കൂൾ തലത്തിൽ പെൺകുട്ടികൾ ഉയർന്ന നിലവാരം പുലർത്തുന്നു. എന്നാൽ സാങ്കേതിക തലത്തിൽ പിൻതള്ളപ്പെടുന്നു. പൊതുവിജ്ഞാന സമ്പാദനത്തിലും, രാഷ്ട്രീയ ജ്ഞാനത്തിലും പെൺകുട്ടികൾ വിമുഖരായി കാണപ്പെടുന്നു.

സാമൂഹ്യരംഗത്ത് പിന്നോക്കം നിൽക്കുന്ന സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലുകളിലൂടെ മുന്നോട്ടു കൊണ്ടുവന്നാലേ പൊതു ജീവിതത്തിലും, തൊഴിൽ മേഖലയിലും അർഹമായ പങ്കു വഹിക്കാൻ കഴിയൂ. ഏറ്റെടുത്ത ജോലികൾ ഭംഗിയായും ഉത്തരവാദിത്വത്തോടെയും ചെയ്യാൻ സ്ത്രീകൾക്കു കഴിയുമെങ്കിലും പൊതുവെ ജോലികൾ ഏറ്റെടുക്കുന്ന പ്രവണതയില്ല. അവരെ ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കുന്നതിന് താൽ

പ്പര്യക്കുറവ് പുരുഷന്മാർക്കുമുണ്ട്. ആത്മവിശ്വാസമില്ലായ്മ സ്ത്രീകളുടെ ഇടയിൽ ഒരു പ്രധാന പ്രശ്നമാണ്. ജനസംഖ്യയിൽ പകുതിയിലധികം വരുന്ന വിഭാഗമാണ് തങ്ങളെന്ന് സ്ത്രീകൾക്കു സ്വയം തോന്നേണ്ടിയിരിക്കുന്നു. ജീവിതത്തിന്റെ സമസ്തമേഖലകളിലും പുരുഷന്മാരോടൊപ്പം നിൽക്കാനുള്ള ബുദ്ധിയും കഴിവും സ്ത്രീകൾ ആർജിച്ചിട്ടുണ്ടെങ്കിലും അതു പ്രകടിപ്പിക്കാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു.

സാമ്പത്തിക സ്വാതന്ത്ര്യമില്ലായ്മയാണ് സ്ത്രീകൾ നേരിടുന്ന മുഖ്യപ്രശ്നം. സ്വന്തമായി ഒരു തൊഴിൽ അവരുടെ സ്വപ്നമാണ്. പരാശ്രയം കൂടാതെ ജീവിക്കുന്നതിന് അനുയോജ്യമായ തൊഴിൽ മേഖലകണ്ടെത്താനാകാത്ത അവസ്ഥനിലനിൽക്കുന്നു. സമൂഹത്തിലുണ്ടാകുന്ന ഏതുപ്രശ്നവും സ്ത്രീയെ ബാധിക്കുന്നുവെന്നതുകൊണ്ട് തന്നെ അവൾ എന്നും അസ്വസ്ഥയാണ്. സാമ്പത്തിക ഭദ്രതയില്ലാതെ കുടുംബത്തിന്റെ പ്രാരാബ്ധങ്ങൾ ഏറ്റുവാങ്ങി മാനസികമായും ശാരീരികമായും തളരുന്ന സ്ത്രീയുടെ അവസ്ഥ വളരെ ദയനീയമാണ്. അമിതമായ അദ്ധ്വാനവും വേണ്ടത്ര പരിരക്ഷ കിട്ടാതിരിക്കുകയും മൂലം സ്ത്രീ നിത്യരോഗിയായി മാറുന്നു. പുരുഷന്മാരേ അപേക്ഷിച്ച് സ്ത്രീകളാണ് കൂടുതലും രോഗാവസ്ഥയിൽ. സ്ത്രീകളിൽ പ്രത്യേകമായി ഉണ്ടാകുന്ന രോഗങ്ങൾ കാൽ വേദന, കാൽമുട്ടിൽ നീർവീക്കം എന്നിവയാണ്. ആശുപത്രികളിൽ എത്തുന്ന രോഗികളിൽ സ്ത്രീകളാണ് കൂടുതൽ എന്നു കാണപ്പെടുന്നു. സ്ത്രീക്ക് സമൂഹത്തിൽ വേണ്ടത്ര പരിരക്ഷകിട്ടുന്നില്ല. സ്ത്രീധന പ്രശ്നത്തിന്റെ പേരിൽ വിവാഹം ചെയ്യപ്പെടാത്ത സ്ത്രീകളും ഉണ്ട്. പാലിക്കപ്പെടാത്ത ഒരു നിയമമായി സ്ത്രീധന നിരോധനം തുടരുന്നു. സ്ത്രീധനപീഢനം റിപ്പോർട്ടു ചെയ്യപ്പെടാറില്ല.

മാതൃശിശു സംരക്ഷണകേന്ദ്രങ്ങൾ, അംഗൻവാടികൾ എന്നിവ വഴിയുള്ള പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാൽ അതിന്റെ ഗുണം മാതാക്കൾക്കു ലഭിക്കുന്നില്ല. പൊതുവിജ്ഞാനമില്ലായ്മ മൂലം പൊതു വേദികളിൽ സ്ത്രീകൾ പിൻതള്ളപ്പെടുന്ന അവസ്ഥയുണ്ട്. വീട്ടിലുള്ളവരുടെ എതിർപ്പും പുറത്തുള്ളവരുടെ വിമർശനവും പൊതുരംഗത്തേയ്ക്ക് വരുന്നതിൽ സ്ത്രീയെ പിൻതിരിപ്പിക്കുന്നു. വർത്തമാനകാല രാഷ്ട്രീയ സാമൂഹ്യമാറ്റത്തിന് അനുസരണമായ പങ്കാളിത്തം സ്ത്രീക്ക് ഇനിയും ലഭിച്ചിട്ടില്ല എന്ന വസ്തുത സ്ത്രീകൾ പോലും വിസ്മരിച്ചിരിക്കുന്നു. പൊതുപ്രശ്നങ്ങൾതന്നെ വേണ്ടുവോളം അവളെ അലട്ടുമ്പോൾ സ്വന്തം പ്രശ്നം വിസ്മരിക്കപ്പെടുന്നു. ഈ അവസ്ഥയാണ് ഗ്രാമസഭകളിലും പ്രതിഫലിച്ചത്. പൊതുപ്രശ്നങ്ങളായ കുടിവെള്ളം, ആരോഗ്യം, യാത്രാസൗകര്യങ്ങൾ തുടങ്ങിയവയിലായിരുന്നു. സ്ത്രീകൾക്ക് താല്പര്യം ഇവയൊക്കെയും മറ്റു ഗ്രൂപ്പുകളിൽ ചർച്ചചെയ്യപ്പെടുമെന്നതുകൊണ്ട് വനിതാഗ്രൂപ്പിൽ സ്ത്രീകളുടെ തനതായ പ്രശ്നങ്ങളാണ് ചർച്ചചെയ്യപ്പെടേണ്ടത് എന്നുള്ളത് ഗൗരവമായി എടുക്കണം.

സാക്ഷരതയിൽ സ്ത്രീക്ക് പുരുഷനൊപ്പമെത്താൻ കഴിഞ്ഞിട്ടില്ല. പെൺകുട്ടികൾക്ക് മാത്രമായി പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ പ്രവർത്തിക്കുന്നുണ്ട്. സ്കൂൾ തലത്തിൽ ആൺകുട്ടികളേക്കാൾ പെൺകുട്ടികൾ മുന്നിലാണെങ്കിലും, ഉപരിപഠനതലത്തിൽ പിന്നോട്ടടിയാണുണ്ടാവുന്നത് പ്രാദേശിക തൊഴിലുമായി ബന്ധമില്ലാത്ത വിദ്യാഭ്യാസമാണ് നടപ്പിലുള്ളത്. അതിനാൽ പ്രാദേശിക തൊഴിലിനോട് പ്രത്യേകിച്ച് കാർഷിക രംഗത്തോട് വിമുഖതയാണ് പുതിയ തലമുറയ്ക്ക് ഇത് കാർഷിക മേഖല ഇന്നു നേരിടുന്ന ഒരു പ്രതിസന്ധിയാണ്. മാന്യമായി ജീവിക്കുന്നതിനുള്ള വേതനം പ്രദേശത്ത് കിട്ടുന്ന അവസ്ഥയിലും മറുനാട്ടിൽ പോയി അല്പമാത്രവരുമാനം കൊണ്ട് ജീവിതം തള്ളിനീക്കാൻ വിഷമിക്കുന്ന യുവാക്കൾ ഏറെയുണ്ട്. ശരിയായ ബോധവൽക്കരണത്തിലൂടെ മാത്രമേ അന്യവൽക്കരിക്കപ്പെടുന്ന ഈ മനുഷ്യസമ്പത്ത് നമ്മുടെ നാടിന് ഉപയുക്തമാക്കാൻ കഴിയൂ...

തൊഴിലെടുക്കുന്ന സ്ത്രീകളിൽ ഏറെയും കർഷകത്തൊഴിലാളികളാണ്. കർഷകത്തൊഴിലാളികൾക്ക് ക്ഷേമനിധി നിലവിലുണ്ടെങ്കിലും അതിന്റെ പ്രവർത്തനം പൂർണ്ണതോതിൽ കാര്യക്ഷമമായിട്ടില്ല. സമയനിഷ്ടപാലിക്കാത്തതിനാൽ ഈ മേഖലയിൽ സ്ത്രീകൾ ചൂഷണം ചെയ്യപ്പെടുന്നു ഇവരുടെ എണ്ണം 3000 ത്തോളം വരും. അംഗൻ വാടിജീവനക്കാർ, മഹിളാപ്രധാൻ ഏജന്റുമാർ എന്നീ തലങ്ങളിലും സ്ത്രീകൾ തൊഴിലെടുക്കുന്നു. വിവിധതുറകളിലായി തൊഴിലെടുക്കകുന്ന സ്ത്രീകൾ ഉണ്ടെങ്കിലും സർവ്വീസ് രംഗത്തുമാത്രമാണ് പുരുഷനോടൊപ്പം സ്ത്രീക്കും തുല്യവേതനം ലഭിക്കുന്നത്. മറ്റു അവിദഗ്ദമേഖലകളിൽ തുല്യജോലിക്ക് തുല്യവേതനം ലഭിക്കുന്നില്ല. പഞ്ചായത്തിൽ വനിതാവ്യവസായകേന്ദ്രങ്ങളോ വനിതാസംഘങ്ങളോ പ്രവർത്തിക്കുന്നില്ല. എന്നാൽ ഇതിനു സന്നദ്ധത പ്രകടിപ്പിച്ച് സത്രീകൾ ഗ്രാമസഭകളിൽ മുന്നോട്ടുവന്നിട്ടുണ്ട്എന്നുള്ളത് ആശാവഹമാണ്.

സ്ത്രീകളിൽ അംഗവൈകല്യങ്ങൾ ഉള്ളവർ ധാരാളമുണ്ട് വിധവാ പെൻഷൻ, കർഷകതൊഴിലാളിപെൻഷൻ, അഗതി പെൻഷൻ തുടങ്ങി സാമൂഹ്യക്ഷേമ പദ്ധതികൾ നിലവിലുണ്ടെങ്കിലും ഇതു യഥാസമയം ലഭ്യമാകാത്തത് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നു. വിധവാപെൻഷനുകൾ അനുവദിച്ചു കിട്ടുന്നതിന് സർക്കാരാഫീസുകൾ കയറിയിറങ്ങി കഷ്ടപ്പെടുന്ന അവസ്ഥയുണ്ട്. നിലവിലുള്ള ആനുകൂല്യങ്ങളെക്കുറിച്ചും നിയമനടപടികളെക്കുറിച്ചുമുള്ള അജ്ഞത പ്രശ്നപരിഹാരത്തിനു കാലതാമസം വരുത്തുന്നു.

***<u>നിർദ്ദേശങ്ങൾ</u>***

സ്ത്രീകളുടെ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുക.

വ്യവസായയൂണിറ്റുകൾ വഴി കൂടുതൽ തൊഴിൽ സാധ്യതകൾ ഉറപ്പാക്കുക. വനിതാ സഹകരണസംഘങ്ങൾ സ്ഥാപിക്കുക. വികലാംഗരായ സ്ത്രീകൾക്ക് മുൻഗണനയും സംവരണവും ഏർപ്പെടുത്തുക. ആടുവളർത്തൽ, കോഴിവളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കുക. വിത്തും വളവും കീടനാശിനികളും മറ്റു ആനുകൂല്യങ്ങളും നൽകി പച്ചക്കറി കൃഷി ചെയ്യുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുകയും, അവ വിറ്റഴിക്കുന്നതിന് പൊതു മാർക്കറ്റ് സ്ഥാപിക്കുകയും ചെയ്യുക. എല്ലാ മേഖലയിലും തുല്യജോലിക്ക് തുല്യവേതനം നൽകുക.

പ്രാദേശിക അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന യൂണിറ്റ് സ്ഥാപിച്ച് പരിശീലകരെ നിയമിക്കുക. സാക്ഷരതാ പഠിതാക്കൾക്കും , പ്രവർത്തകർക്കും മുൻഗണന നൽകുക. മിൽമാസംഘവും മിൽമാ പ്രോസസ്സും ആരംഭിക്കുക പഞ്ചായത്തിലെ മൃഗാശുപത്രിയിൽ നിന്നും സൗജന്യമായി മരുന്നുഗുണഭോക്താക്കൾക്കു ലഭ്യമാകുന്നുവെന്നുറപ്പ് വരുത്തുക.

സർക്കാർ ആശുപത്രി മുഴുവൻ സമയസേവനം ലഭിക്കത്തക്കവണ്ണം ആശുപത്രി സൗകര്യം മെച്ചപ്പെടുത്തണം. പ്രസവഫീസ് നിർത്തലാക്കണം. വാഹനങ്ങളിൽ സംവരണം ചെയ്യപ്പെട്ടിട്ടുള്ള സീറ്റ് സ്ത്രീകൾക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നിയമനടപടികൾ ഉണ്ടാക്കണം. പഞ്ചായത്തിൽ നിന്നും ദുർബലവിഭാഗത്തിൽ പെട്ട സ്ത്രീകൾക്ക് നൽകിവരുന്ന പ്രസവാനുകൂല്യം കൃത്യമായി നൽകണം. തൊഴിലെടുക്കുന്ന സ്ത്രീ കർഷകതൊഴിലാളികൾക്ക് സർക്കാർ ആഫീസുമായി ബന്ധപ്പെടണമെങ്കിൽ പണി നഷ്ടപ്പെടുത്തേണ്ട അവസ്ഥയുണ്ട്. ഇതുപരിഹരിക്കുന്നതിന് ആഫീസുകൾ അഞ്ചു മണിവരെ കൃത്യമായി പ്രവർത്തിപ്പിക്കണം

സ്ത്രീധനത്തിന്റെ പേരിൽ അവിവാഹിതകളായി കഴിയുന്ന സ്ത്രീകൾ പഞ്ചായത്തിലുണ്ട്. ഇതിനു പരിഹാരമായി സ്ത്രീധന സമ്പ്രദായത്തിനെതിരെ ബോധവൽക്കരണം ഉണ്ടാകണം പഞ്ചായത്തുതലത്തിൽ സമൂഹവിവാഹങ്ങൾ നടത്തി സ്ത്രീധനം ഇല്ലായ്മചെയ്യണം.

വാർഡ് അടിസ്ഥാനത്തിൽ ക്രഷേകൾ സ്ഥാപിക്കണം കല്യാണം, മരണം തുടങ്ങിയ പൊതു ചടങ്ങുകൾക്ക് മദ്യം ഉപയോഗിക്കുന്നത് നിർത്തലാക്കണം. ചീട്ടുകളി അവസാനിപ്പിക്കുകയും വ്യാജമദ്യനിർമ്മാണവും, വിതരണവും തടയുകയും വേണം. പൊതുരംഗത്തേയ്ക്ക് സ്ത്രീകളെ ആകർഷിക്കുന്നതിന് ബോധവൽക്കരണം നൽകണം. അഭ്യസ്തവിദ്യരായ യുവജനങ്ങൾ ഇവിടം വിട്ട് മറ്റുനാടുകളിൽ പോയി കുറഞ്ഞ വേതനം പറ്റി കഷ്ടപ്പെടേണ്ടിവരുന്ന അവസ്ഥ ഒഴിവാക്കാൻ ശ്രമിക്കണം. ഈ നാടിന്റെ മാനവവിഭവശേഷി സംരക്ഷിക്കാൻ നടപടി ഉണ്ടാക്കണം.

കൂലി നിരക്ക് സ്ത്രീപുരുഷ താരതമ്യപഠനം

| തരം | സ്ത്രീ | പുരുഷൻ | വ്യത്യാസം | വ്യത്യാസം ശതമാനത്തിൽ |
|---|---|---|---|---|
| കാർഷിക മേഖല | 44രൂപ | 75രൂപ | 31രൂപ | 70% |

***<u>സ്ത്രീകളുടെ സാക്ഷരത</u>***

| ആകെ ജനസംഖ്യ | ആകെ സ്ത്രീകൾ | സാക്ഷരർ | നവസാക്ഷരരായ സ്ത്രീകൾ |
|---|---|---|---|
| 21160 | 10666 | 9297 | 271 |
| ശതമാനത്തിൽ | 50.41 | 87.16 | 52.7 |

★★★★★

# സഹകരണ മേഖല

സ്വാതന്ത്ര്യസമ്പാദനത്തിനു മുൻപേ സഹകരണ പ്രസ്ഥാനം കൈനകരിയിൽ സജീവം. പരസ്പര സഹായം എന്ന ആശയത്തിൽ തുടങ്ങി കർഷകന്റെ ആവശ്യങ്ങൾക്ക് പരമാവധി സഹായം നൽകുന്ന ഘട്ടത്തിൽ എത്തിനിൽക്കുന്നു ഇവിടെയുള്ള സഹകരണസംഘങ്ങൾ. ഏതാനും വ്യക്തികളിൽ നിന്ന് തുടങ്ങി ഇന്ന് കൈനകരിയുടെ സമസ്തമേഖലകളേയും ഉൾക്കൊള്ളുന്ന രംഗമായി സഹകരണ മേഖല വളർന്നുകഴിഞ്ഞിരിക്കുന്നു. പ്രാഥമികകാർഷിക സഹകരണ സംഘങ്ങൾക്കാണ് കൈനകരിയിൽ മുൻതൂക്കം. നാലുകാർഷിക സഹകരണ സഘങ്ങളും ഒരു പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘവും മൂന്നു ക്ഷീരോല്പാദക സഹകരണ സംഘങ്ങളും ഒരു കക്കാ വ്യവസായസഹകരണ സംഘവും ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘവുമാണ് ഇപ്പോൾ പ്രവർത്തനത്തിലുള്ളത്. പ്രാഥമിക സഹകരണസംഘങ്ങളിൽ മൂന്ന് എണ്ണം ക്ലാസ് III ലും ഒന്ന് ക്ലാസ് IV (തോട്ടുവാത്തല) നിലവാരത്തിലുള്ളതുമാണ്. നിലവിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയാൽ ടി സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷനിൽ സാരമായ പിന്നോട്ടടിയുണ്ടാകും.

കാർഷിക പ്രാധാന്യമുള്ള പഞ്ചായത്തിൽ കാർഷികാവശ്യത്തിന് വായ്പനൽകുന്ന സംഘങ്ങൾ അല്ലാതെ ഉൽപ്പന്നങ്ങൾ ശേഖരിച്ച് ന്യായവിലയ്ക്ക്വിറ്റഴിക്കാനുതകുന്ന വിപണനരംഗത്തുള്ള സഹകരണ സംഘങ്ങളുടെ പോരായ്മ നിലനിൽക്കുകയാണ്. ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സ്വകാര്യസ്ഥാപനങ്ങളെയാണ് കർഷകർ ആശ്രയിക്കുന്നത്. കൂണുപോലെ ഉയർന്നുവരുന്ന സ്വകാര്യ കമ്പനികൾ സഹകരണ ബാങ്കുകളുടെ നിക്ഷേപത്തേയും അതോടൊപ്പം കർഷകരേയും ബാധിക്കുവാനിടയാകുന്നു. ആവശ്യാനുസരണം കർഷകന് സഹകരണ സംഘങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. വാണിജ്യബാങ്കുകൾ പരമാവധി നിക്ഷേപം സ്വരൂപിക്കുന്നുണ്ടെങ്കിൽ പോലും പ്രാദേശികാവശ്യങ്ങൾ നിറവേറ്റത്തക്കരീതിയിൽ വായ്പ ലഭ്യമാക്കുന്നില്ല.

## കാർഷികസഹകരണ സംഘം

സഹകരണ ഡിപ്പാർട്ടുമെന്റിന്റെ അശാസ്ത്രീയമായ ഓഡിറ്റിംഗും അനാവശ്യമായ കൈകടത്തലും അനിയന്ത്രിതമായ രാഷ്ട്രീയ ഇടപെടലുകളും ഈ മേഖലയ്ക്ക് ഒരു തീരാശാപമാണ്. അപ്പെക്സ് സംഘങ്ങളിൽ നിന്നും വാങ്ങി പ്രാഥമിക സഹകരണ സംഘങ്ങൾ വിതരണം ചെയ്യുന്ന വായ്പകളുടെ പലിശയുടെ മാർജിൻ 1964 ൽ ഉണ്ടായിരുന്നതു തന്നെയാണ് ഇപ്പോഴും തുടരുന്നത്. ഈ മാർജിൻ സംഘങ്ങൾ വിതരണം ചെയ്യുന്ന വായ്പകൾക്കുവേണ്ടി ഉപയോഗിക്കുന്ന സ്റ്റേഷനറി ചെലവുകൾക്കുപോലും അപര്യാപ്തമാണ്. സംഘങ്ങൾ പ്രധാനമായും വ്യാപാരം നടത്തുന്ന വളം, കീടനാശികൾ എന്നിവയുടെ വിലയിൽ അടുത്തകാലത്ത് 4 ഉം 5 ഉം ഇരട്ടി വിലവർദ്ധനവ് ഉണ്ടായിട്ടും സംഘങ്ങൾക്ക് ഇവയുടെ വില്പനയിൽ ലഭിക്കുന്ന കമ്മീഷൻ തുകയിൽ യാതൊരു മാറ്റവും വന്നിട്ടില്ല. ശമ്പളത്തിലും മറ്റും ഉണ്ടാകുന്ന വർദ്ധനവ് താങ്ങുന്നതിന് സംഘങ്ങൾക്ക് കഴിയാത്ത അവസ്ഥയാണുള്ളത്. കാലാകാലങ്ങളിൽ ഗവൺമെന്റിൽ നിന്നോ അപ്പെക്സ് ബാങ്കിൽ നിന്നോ കിട്ടേണ്ടുന്ന ഗ്രാന്റുകളോ മറ്റു സഹായങ്ങളോ ലഭിക്കുന്നില്ല. സമയാസമയങ്ങളിൽ കൃഷിക്കാരന് വായ്പ ലഭ്യമാ

ക്കുന്നതിനുള്ള അവസരമോ അധികാരമോ പ്രാഥമിക സംഘങ്ങൾക്ക് ഇല്ലായെന്നത് കാർഷിക മേഖലയെ സാരമായി ബാധിക്കുന്നു. ബ്ളോക്കടിസ്ഥാനത്തിലുള്ള കൃഷിനാശ നഷ്ടക്കണക്കെടുപ്പ് തികച്ചും അശാസ്ത്രീയവും പ്രാദേശികമായി കൃഷിക്കാരനെ കടക്കെണിയിൽ പ്പെടുത്തുന്നതുമാണ്. ഗവർൺമെന്റിന്റെ നയപ്രകാരം നടത്തിയ നെല്ലെടുപ്പ് വിപണനം ചെയ്യുവാനുണ്ടായ ബുദ്ധിമുട്ടുകളും കാലതാമസവും മൂലം സംഘങ്ങൾക്കുണ്ടായ ഭീമമായ നഷ്ടം സംഘങ്ങളുടെ പ്രവർത്തനത്തെ ഗുരുതരമായി ബാധിച്ചിരിക്കുന്നു. പ്രാഥമിക കാർഷിക സംഘങ്ങൾ എല്ലാം തന്നെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന അവസ്ഥ കൃഷിക്കാരുടെ താൽപ്പര്യത്തിന് ഹാനികരമായി ഭവിച്ചിരിക്കുന്നു. സംഘങ്ങളുടെ നിലവിലുള്ള ഏരിയ പരിഗണിക്കാതെ പുതിയ സംഘങ്ങൾ രൂപീകരിക്കുന്നതും പുതിയതായി മുളച്ചുവരുന്ന പോക്കറ്റുസംഘങ്ങളും സഹകരണ മേഖലയ്ക്ക് ഒരു ഭീഷണിയാണ്. ക്ഷീരോല്പാദന മേഖലയിലെ സഹകരണ സ്ഥാപനങ്ങളുടെ അശാസ്ത്രീയരൂപീകരണം ക്ഷീരോല്പാദക കർഷകരെ ചൂഷണം ചെയ്യുന്ന അവസ്ഥയിൽ എത്തിക്കുന്നു. മിൽമ വിൽക്കുന്ന പാലിന്റെ വിലയും കർഷകനു ലഭിക്കുന്ന പാലിന്റെ വിലയും താരതമ്യം ചെയ്താൽ ഇതുബോദ്ധ്യപ്പെടും. ഇവയിലെ ജീവനക്കാർ ആവശ്യമായ വേതനം ലഭിക്കാതെ ചൂഷണം ചെയ്യപ്പെടുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ വായ്പാ ആവശ്യങ്ങൾ നിറവേറ്റുന്ന തരത്തിലേക്ക് ഈമേഖലയിലെ സംഘങ്ങൾ ഉയർന്നുവരുന്നില്ല. കാലോചിതമായി ഈ സംഘങ്ങളെ ഉയർത്തിക്കൊണ്ടുവരാൻ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റോ ഗവൺമെന്റോ ശ്രമിക്കുന്നില്ല. കിട്ടുന്ന ആനുകൂല്യങ്ങൾ പോലും യഥാസമയം വിനിയോഗിക്കുവാൻ അംഗങ്ങളും തയ്യാറാകുന്നില്ല.

***സഹകരണസംഘങ്ങൾ ഇനം തിരിച്ച്***

| സംഘങ്ങൾ | എണ്ണം |
|---|---|
| APCS | 4 |
| വ്യാവസായിക സംഘങ്ങൾ | 1 |
| മിൽക്ക് മാർക്കറ്റിംഗ് | |
| സൊസൈറ്റികൾ (ഒന്ന് ഭാഗികം) | 4 |
| പട്ടികജാതി സഹകരണസംഘം | 1 |
| ലേബർ കോൺട്രാക്ട് സൊസൈറ്റി | 1 |

## വ്യവസായ സഹകരണ സംഘം

നിലങ്ങളിൽ നിന്നും നദികളിൽനിന്നും ഖനനം ചെയ്തെടുക്കുന്ന കക്കയുടെ വിപണനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘത്തിനും തൊഴിലാളികൾക്കും നിരവധി പ്രശ്നങ്ങളാണുള്ളത്. ഈ മേഖലയുമായി ബന്ധപ്പെട്ട് തൊഴിലെടുക്കുന്നവരിൽ നാമമാത്ര തൊഴിലാളികൾക്കേ അംഗത്വമുള്ളു. മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റ് ഖനനത്തിന്റെ പേരുപറഞ്ഞ് ഈടാക്കുന്ന റോയൽറ്റി സംഘത്തേയും തൊഴിലാളികളേയും പ്രതികൂലമായി ബാധിക്കുന്നു. ഖനനം ചെയ്യപ്പെടുന്ന കക്കവിറ്റഴിക്കപ്പെടാതെ വരുന്നതും ഈ മേഖലയ്ക്ക് പ്രതിസന്ധിസൃഷ്ടിക്കുന്നു.

## ലേബർ കോൺട്രാക്ട് സംഘം

നിലവിലുള്ള ലേബർ കോൺട്രാക്ട് സഹകരണ സംഘം തൊഴിലാളികളെ തൊഴിൽമേഖലയിലേക്ക് നിയമിക്കുക എന്ന പരമ പ്രധാനമായ പദ്ധതിയും ഏറ്റെടുക്കുന്നില്ല. ഗവൺമെന്റ് ടെന്ററുകളിൽ ലേബർ കോൺട്രാക്റ്റ് സംഘത്തിനുള്ള പ്രത്യേക ആനുകൂല്യം സ്വീകരിക്കുന്നതോടൊപ്പം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ശ്രദ്ധിക്കുന്നില്ല.

***സാദ്ധ്യതകൾ:***

1. കാർഷിക ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനും വിറ്റഴിക്കുന്നതിനുമായി പഞ്ചായത്തടിസ്ഥാനത്തിൽ വിപണന സഹകരണ സംഘം രൂപീകരിക്കുക.

2. വാണിജ്യബാങ്കുകളുടെ നിക്ഷേപവായ്പാ അനുവാദം തുല്യമാക്കുക.

3. നിയമാനുസൃതമല്ലാത്ത സ്വകാര്യ ബാങ്കുകളേയും വ്യക്തികളേയും കർശനമായി നിയന്ത്രിക്കുക.

4. സഹകരണ മേഖലയിൽ മോഡൽ ആക്ട് നടപ്പാക്കുക. (സഹകരണമേലയിൽ പൂർണ്ണമായും ജനാധിപത്യ സമ്പ്രദായം നിലനിർത്തുന്ന ആക്ട്)

5. പ്രാഥമിക സഹകരണ സംഘങ്ങളുടെ നഷ്ടം നികത്താനുള്ള ആവശ്യമായ ഗ്രാന്റ് ഗവൺമെന്റ് നൽകുക.

6. പ്രാഥമിക സംഘങ്ങൾ 5% പലിശ മാർജിൻ അപ്പെക്സു സംഘങ്ങൾ ഉറപ്പാക്കുക.

7. വളം വില്പനയിൽ പ്രാഥമിക സംഘങ്ങൾക്ക് 10% ഉറപ്പുവരുത്തുക.

8. യഥാസമയം കാർഷിക വായ്പ നൽകുന്നതിന് പ്രാഥമിക സംഘങ്ങൾക്ക് അധികാരം നൽകുക.

9. നെല്ലു വിപണനത്തിൽ സംഘങ്ങൾക്കുണ്ടായിട്ടുള്ള നഷ്ടം മുൻകാലങ്ങളെപ്പോലെ കൃഷിവകുപ്പ് പരിഹരിക്കുക.

10. കൃഷിനാശം പാടശേഖര അടിസ്ഥാനത്തിൽ നിജപ്പെടുത്തുക.

11. പോക്കറ്റ് സഹകരണ സംഘങ്ങൾ നിർത്തുലാക്കുകയും നിലവിലുള്ള സംഘങ്ങളുടെ അതേ സ്വഭാവത്തിലുള്ള സംഘങ്ങൾ അനുവദിക്കാതിരിക്കുകയും ചെയ്യുക. വായ്പാ ജാമ്യ വ്യവസ്ഥകൾ ഏകീകരിക്കണം. സ്വയംതൊഴിൽ വായ്പകൾ ഉദാരമാക്കുക.

മിൽമ എന്ന അപെക്സ് സംഘം നിർത്തലാക്കുക മിതമായ നിരക്കിൽ കർഷകർക്ക് കാലിത്തീറ്റയും മറ്റു മൃഗസംരക്ഷണത്തിനു ആവശ്യമായ മറ്റു വസ്തുക്കളും എത്തിച്ചുകൊടുക്കുക. ക്ഷീരോപാദക സംഘങ്ങളിലെ ജീവനക്കാർക്ക് ആവശ്യാധിഷ്ഠിത മിനിമം വേതനം നടപ്പാക്കുക. മൃഗകർഷകന് മിൽമ വില്പന നടത്തുമ്പോൾ കിട്ടുന്ന ലാഭത്തിന്റെ അടിസ്ഥാനത്തിൽ വിലനൽകുക. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ആവശ്യമായ ഗ്രാന്റ് അനുവദിക്കുക.

വ്യവസായ സഹകരണ സംഘവുമായി ബന്ധപ്പെട്ട ജോലിചെയ്യുന്ന മുഴുവൻ തൊഴിലാളികൾക്കും സംഘത്തിൽ അംഗത്വം നൽകുക. ഉൽപ്പാദിപ്പിക്കുന്ന കക്ക ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിക്കുക. കക്ക ഖനനം പൂർണ്ണമായും സഹകരണ മേഖലയിലാക്കി ഇടത്തട്ടുകാരെ ഒഴിവാക്കുക. മൈനിംഗ് ആൻഡ് ജിയോളജി ഡിപ്പാർട്ടുമെന്റ് ചുമത്തുന്ന റോയൽറ്റിയിൽ നിന്ന് വ്യവസായ സഹകരണ സംഘങ്ങളെ ഒഴിവാക്കുക. ലേബർ കോൺട്രാക്ട് സംഘങ്ങൾ വർക്ക് പിടിച്ചു സ്വകാര്യ വ്യക്തികൾക്ക് മറിച്ചുകൊടുക്കാതെ തൊഴിലാവസരങ്ങൾ സൃഷ്ടിക്കുന്ന വിധത്തിൽ സ്വന്തമായി വർക്കു ചെയ്യുക.

വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് ജോലി വനിതകൾക്കായി സംവരണം ചെയ്യുക.

## സഹകരണസംഘങ്ങളെക്കുറിച്ചുള്ള പൊതുവിവരങ്ങൾ

| സഹകരണസംഘങ്ങളുടെ പേര് | സ്ഥാപിച്ച വർഷം | പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം | അംഗങ്ങളുടെ എണ്ണം | ഗവൺമെന്റ് ഓഹരി | ലോൺഔട്ട് സ്റ്റാൻഡിംഗ് | ക്ലാസ്സ് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|
| കൈനകരി SCB No. 1437 | 1102 ME | 2,7,24,60 | 1968 | 88,000 | 41,12,424 | IV | 4 |
| ആറ്റുവാത്തല SCB. No. 1541 | 1102 ME | 4,75,620 | 2046 | 77,000 | 71,51,413 | III | 5 |
| കുട്ടമംഗലം SCB. No. 1673 | 1103 ME | 7,75,977 | 2795 | 52,500 | 62,42,905 | III | 4 |
| ചേന്നങ്കരി SCB. No 2758 | 1123 ME | 3,80,467 | 2860 | 41,000 | 22,94,603 | III | 5 |
| കക്കാവ്യവസായ സഹകരണസംഘം കുപ്പപ്പുറം 2065 | 1113 ME | 82080 | 196 | | | | 4 |

★★★★★

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

പഞ്ചായത്തിലെ എല്ലാവാർഡുകളിലും പട്ടിക ജാതി വിഭാഗങ്ങൾ ഉണ്ടെങ്കിലും 9 ാം വാർഡിൽ മാത്ര മായി ഒരു പട്ടിക വർഗ്ഗവും പാർക്കുന്നു. പൊതുവേ സാമ്പത്തികമായി പിന്നോക്കാവസഥയിൽ നിൽക്കുന്ന വിഭാഗമാണെങ്കിലും ക്ഷേമപദ്ധതികളിലൂടെയും വി ദ്യാഭ്യാസപുരോഗതിയിലൂടെയും ഇവരിൽ പുരോഗതി ഉണ്ടായിട്ടുണ്ട്.

| Ward | Sc | Mate | Femate | St. | Male | Female | Remarks |
|---|---|---|---|---|---|---|---|
| I | 130 | 57 | 73 | | | | 1991 ലെ |
| II | 86 | 43 | 43 | | | | സെൻസസ് |
| III | 51 | 18 | 31 | | | | പ്രകാരം |
| IV | 43 | 21 | 22 | | | | |
| V | 75 | 44 | 31 | | | | |
| VI | 128 | 67 | 61 | | | | |
| VII | 234 | 116 | 118 | | | | |
| VIII | 352 | 177 | 175 | | | | |
| IX | 233 | 119 | 114 | 5 | 2 | 3 | |
| X | 281 | 135 | 146 | | | | |
| ആകെ | 1613 | 797 | 816 | 5 | 2 | 3 | |

ആകെ ജനസംഖ്യയുടെ 7.65% മാത്രമാണ് പട്ടിജാതി പട്ടികവർഗ്ഗങ്ങൾ. ഇവർക്കുവേണ്ടി ഗവർമെന്റ് തയ്യാറാക്കി നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ പ്രയോജന പ്രദമാണന്ന് പറയാനാവില്ല പശ്ചാത്തലസൗകര്യങ്ങളും പ്രാദേശിക പ്രശ്നങ്ങും പരിഗണിക്കാതെ നടപ്പിലക്കുന്ന പദ്ധതികൾ വൃഥാവിലാകുകയാണ്. സാമൂഹ്യമായ പിന്നോക്കാവസ്ഥ അനുഭവിക്കാത്ത വിഭാഗമാണ് കൈനകരിയിലെ പട്ടികജാതി പട്ടികവർഗ്ഗങ്ങൾ എന്നു പറയാം. ഈ വിഭാഗത്തെ സമൂഹത്തിന്റെ ഭാഗമായിത്തന്നെ കണക്കാക്കുവാൻ മറ്റുവിഭാഗങ്ങൾ തയ്യാറാകുന്നു. ക്രൈസ്തവസഭയിൽ ചേർന്നു പോയതുകൊണ്ടുമാത്രം യാതൊരു വിധ ആനുകൂല്യങ്ങളും ലഭിക്കാത്ത ഒരു വിഭാഗവും പിന്നോക്കാവസ്ഥയിൽ കഴിയുന്നുണ്ട്. ഇവരുടെ പിന്നോക്കാവസ്ഥമാറ്റിയെടുക്കുവാൻ ക്രിയാത്മകമായ യാതൊരു നടപടികളും സ്വീകരിക്കപ്പെടുന്നില്ല.

<u>പ്രശ്നങ്ങൾ</u>

1. ദളിത് ക്രൈസ്തവർ ഒരു വിഭാഗത്തിലും പെടാതെ ഒറ്റപ്പെടുന്നു.
2. പട്ടികജാതി വിഭാഗങ്ങളുടെ ഭവനനിർമ്മാണ പദ്ധതിക്കുള്ള തുക അപര്യാപ്തമാണ്
3. ഭൂരഹിതരായവർക്ക് ഭൂമി ലഭിക്കുന്നില്ല.
4. വൈദ്യുതീകരിക്കാത്ത വിടുകൾ നിരവധിയാണ്.
5. സ്വയം തൊഴിൽ വായ്പകൾ ലഭിക്കാറില്ല.
6. കോളനികൾ എണ്ണത്തിൽ കുറവാണ്.
7. മണ്ണൊലിപ്പ് തടയുന്നതിന് ആവശ്യമായ സംരക്ഷണം ലഭിക്കുന്നില്ല.
8. വിദ്യാഭ്യാസ ആനുകൂല്യൾ അപര്യാപ്തമാണ്.
9. പട്ടിക ജാതി വിഭാഗങ്ങൾക്ക് ശ്മശാനം ഇല്ല.
10. താമസഭൂമിക്ക് രേഖകൾ ഇല്ലാത്തവരുണ്ട്.
11. ആവശ്യത്തിന് കോളനികൾ ഇല്ല.

<u>സാദ്ധ്യതകൾ</u>

1. ദളിത് ക്രൈസ്തവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തുക.
2. പട്ടികജാതി വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ഭവന നിർമ്മാണ ഗ്രാന്റ് വർദ്ധിപ്പിക്കുക
3. ഭൂരഹിതരായവർക്ക് മിച്ചഭൂമി ലഭ്യമാക്കുക.
4. സ്വയം തൊഴിൽ വായ്പകൾ ഉദാരമാക്കുക.
5. ആവശ്യമായ IHDP കോളനികൾ VII ാം വാർഡിൽ അറുനൂറ്റുംപാടം, പത്താംവാർഡിൽ കമ്മട്ടിക്കളം എന്നിവിടങ്ങളിൽ സ്ഥാപിക്കുക.
6. മണ്ണൊലിപ്പു തടയുന്നതിനു കരിങ്കൽ ഭിത്തി നിർമ്മിക്കുക
7. കായലിന് തീരത്ത് താമസിക്കുന്നവരുടെ ഭൂമിയും

വീടും സംരക്ഷിക്കുന്നതിനാവശ്യമായ കരിങ്കൽ ഭിത്തികെട്ടുക

8. സെറ്റിൽമെന്റ് കോളനികളിൽ ടെലിവിഷൻ സെറ്റ് സ്ഥാപിക്കുക
9. 2 ാം വാർഡിലെ IHDP കോളനിക്ക് അനുവദിച്ചിരിക്കുന്ന അംഗൻവാടി, ആശാൻ കളരി, തയ്യൽസ്കൂൾ എന്നിവ ഉടനെ ആരംഭിക്കുക.
10. കിണർ, കക്കൂസ്, വീട് എന്നിവ നിർമ്മിച്ചുനൽകുക.
11. കുപ്പപ്പുറം ഏലപ്പള്ളിച്ചിറ എന്നീകോളനികൾ IHDP കോളനികൾ ആക്കുക.
12. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക.
13. ഒരു ശ്മശാനം സ്ഥാപിക്കുക.
14. നിർദ്ധനരായ വീടുകളിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുക.
15. പട്ടിക വിഭാഗങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ അവർക്ക് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുക
16. പട്ടയം ലഭക്കാത്തവർക്ക് പട്ടയം നൽകുക.
17. അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർക്കു സ്വയം തൊഴിൽ വായ്പകൾ കുറഞ്ഞ പലിശ നിരക്കിൽ നൽകുക

| പ്ലാൻ | | | |
|---|---|---|---|
| വർഷം | 1993-94 | 1994 -95 | 1995-96 |
| എസ്. എസ് എൽ. സി. തോറ്റവർക്ക് വേണ്ടി | 5,350 | 22,000 | 12,000 |
| മിശ്രവിവാഹം | 2,000 | 8,000 | 2,000 |
| സ്ഥലമുണ്ടായിട്ടും വീടില്ലാത്തവർക്ക് | 36,000 | 96,000 | 18,000 |
| സ്ഥലവും വീടും ഇല്ലാത്തവർക്ക് | 68,000 | 1,00,000 | 28,000 |
| വിവാഹവും ചികിത്സയും | 1,750 | 6000 | |
| HDP കോളനി | | 90,000 | |
| കക്കൂസുകൾ | | 2400 | |
| തോട്ടിപ്പണി | | 5,258 | 5,795 |
| ആകെ | 1,13100 | 3,29,658 | 66, 295 |
| നോൺ പ്ലാൻ | | | |
| പുരകെട്ടിമേയുക | 5,000 | 5,000 | 5,000 |
| വിധവകൾ | | | 12,000 |
| ടെസ്റ്റ് ഇന്റർവ്യൂ | | 2,000 | |
| പുര ഓടുമേയാൻ | | 3,000 | |
| ആകെ | 5,000 | 10,000 | 17,000 |

★★★★★

## ജനകീയ പങ്കാളിത്തത്തിന്റെ തുടക്കം



*നവംബർ 1 ന്റെ പുനരർപ്പണ ദിനത്തിൽ ബേക്കറി ജംഗ്ഷൻ മുതൽ ഉമ്പിക്കാരം വരെയുള്ള റോഡിന്റെ നിർമ്മാണോൽഘാടനം.*

# ടൂറിസം

ടൂറിസത്തിന് വളരെയധികം വികസനസാദ്ധ്യതയുള്ള മേഖലയാണ് കൈനകരി. പമ്പാനദിയാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഈ പ്രദേശം ചെറുതോടുകളാലും, തുരുത്തുകളാലും സമൃദ്ധമാണ്. വിശാലമായ കായൽപ്പരപ്പുകളും അവയുടെ പുളകച്ചാർത്തേറ്റുനിൽക്കുന്ന കേരവൃക്ഷങ്ങളും നയനാനന്ദകരമാണ്. പ്രകൃതി സൗന്ദര്യത്തിൽ "ദൈവത്തിന്റെ സ്വന്തം നാട്" എന്നു വിശേഷിപ്പിക്കാവുന്ന പ്രദേശം. കിലോമീറ്ററുകൾ ദൈർഘ്യമുള്ള ചെറുതോടുകളിൽ കൂടിയുള്ള തോണി യാത്ര ഏതുവിദേശിയേയും ആകർഷിക്കുവാൻ പര്യാപ്തമാണ്. സമൃദ്ധമായി ലഭിക്കുന്ന ആറ്റുകൊഞ്ച് ടൂറിസ്റ്റുകളുടെ ഇഷ്ട ഭോജ്യമാണ്. പരിസ്ഥിതി പ്രശ്നം ഉടലെടുക്കാത്ത എക്കോടൂറിസം പ്രോത്സാഹിപ്പിക്കപ്പെട്ടാൽ കൈനകരിയുടെ സമ്പദ്‌വ്യവസ്ഥയ്ക്ക് ഒരു മുതൽക്കൂട്ടാകും. ഹൗസ്ബോട്ടുകളും ഔട്ട് ബോർഡ് എൻജിൻ വെച്ച ചെറുവള്ളങ്ങളും ഉപയോഗിച്ച് ടൂറിസ്റ്റുകളെ പരമാവധി ആകർഷിക്കുവാൻ കഴിയും. ബോട്ടുകളിൽ ടൂറിസ്റ്റുകൾ എത്തുന്നുണ്ടെങ്കിലും വ്യവസായികമായി ഈ മേഖലയെ ഇതുവരെയും കൈനകരിക്ക് ഉപയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല. ടൂറിസ്റ്റുകൾക്ക് ആവശ്യമായ ഹോട്ടൽ സംവിധാനങ്ങളുടെ അപര്യാപ്തത ഒരു പ്രധാന പ്രശ്നമാണ്. കൈനകരിയിലേക്ക് എത്തിച്ചേരുന്നതിനുള്ള റോഡുഗതാഗതത്തിന്റെവികസനത്തിന് അഭാവവും ഈ മേഖലയുടെ വികസനത്തി് തടസ്സം സൃഷ്ടിക്കുന്നു. കേരവൃക്ഷങ്ങളും സമുദ്രനിരപ്പിനു താഴെ വെള്ളം വറ്റിച്ചു കൃഷിചെയ്യുന്ന നെൽപ്പാടങ്ങളും കൈനകരിയുടെ സൗന്ദര്യത്തിനു മാറ്റുകൂട്ടുന്നു. കൈനകരിയെ ടൂറിസം മാപ്പിൽ വരുത്തുന്നതിനുംഈ ഗ്രാമത്തെ ടൂറിസത്തിലൂടെ വ്യാവസായികവൽക്കരിക്കുന്നതിനും ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. കൈനകരിയിലേക്കുള്ള റോഡ് ഗതാഗതവും ജലഗതാഗതവും സുഗമമാക്കുക.

2. ഹൗസ് ബോട്ടുകളും, ബോട്ടുകളും, വള്ളങ്ങളും പാർക്ക് ചെയ്യുന്നതിനും ടൂറിസ്റ്റുകൾക്ക് ഇവ വാടകയ്ക്ക് ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുക.

3.. ആധുനിക സംവിധാനങ്ങളുള്ള ഒരു ഹോട്ടൽ KTDC കൈനകരിയിൽ ആരംഭിക്കുക.

4. തോടുകളും നദികളും' പരിസ്ഥിതിക്ക് അനുയോജ്യമാം വിധം സംരക്ഷിക്കുക

5. ഇടത്തോടുകളിലെ ഗതാഗതസൗകര്യം വർദ്ധിപ്പിക്കുക

6. Paying Gust കളായി ടൂറിസ്റ്റുകൾക്ക് താമസിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

7. ടൂറിസവുമായി ബന്ധപ്പെട്ടുവരുന്ന സ്വകാര്യസംരഭകരെ പ്രോത്സാഹിപ്പിക്കുക

8. പ്രാദേശിക അസംസ്കൃത വസ്തുക്കളായ ചകിരി, ചിരട്ട, തൊണ്ട്, ഈറ്റ, കച്ചി എന്നിവ ഉപയോഗിച്ച് കരകൗശല വസ്തുക്കളുടെ നിർമ്മാണവും വ്യവസായവും ആരംഭിക്കുക.

9. നാലാം വാർഡിൽ ടൂറിസ്റ്റുകൾക്കു സൈക്കിളിൽ പോകാൻ കഴിയുന്ന നിലയിൽ പാടശേഖരം ചുറ്റി ഒരു നടപ്പാതയും ചെറിയ Tea Stall ഉം സ്ഥാപിക്കുക. Urine Shed സ്ഥാപിക്കുക.

10. R ബ്ളോക്ക് കേന്ദ്രീകരിച്ചു ടൂറിസം വികസന വ്യവസായങ്ങൾ ആരംഭിക്കുക.

11. രണ്ടാം വാർഡിൽ ടൂറിസ്റ്റുകൾക്ക് സൈക്കിളിൽ പോകുവാൻ കഴിയുന്ന നിലയിൽ പാടശേഖരം ചുറ്റി ഒരു നടപ്പാത ഉണ്ടാക്കുക.

★★★★★

# വിഭവസമാഹരണം

വ്യവസായ കാർഷിക മേഖലകളിലെ പിന്നോക്കാവസ്ഥയാണ് കൈനകരി നേരിടുന്ന പ്രധാന പ്രതിസന്ധി. ചില നാമമാത്രമായ ചെറുകിട വ്യവസായങ്ങളാണ് നിലവിലുള്ളത്. കാർഷിക രംഗത്ത് വരവും ചിലവുമായി പൊരുത്തപ്പെടുത്താൻ കൃഷിക്കാർ പെടാപ്പാടുപെടുകയാണ്. കാർഷിക മേഖലയെ ലാഭകരമാക്കുന്നതിനും ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ശ്രമങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ സ്ഥലത്തിന്റെ പരിമിതി, ഊർജത്തിന്റെ ദൗർലഭ്യം ഗതാഗതസൗകര്യങ്ങളുടെ അഭാവം എന്നിവ സംഘാടകർക്ക് വിഘാതം സൃഷ്ടിക്കുന്നു. മൂലധനം മുടക്കുന്നതിന് സ്വകാര്യമേഖലയിലുള്ള വിഭവദാരിദ്ര്യം മറ്റൊരു ഘടകമാണ്.

കാർഷിക മേഖലയിൽ ശാസ്ത്രീയമായ കൃഷിരീതികളുടെ പോരായ്മ കർഷകർക്കു ദോശമായി ഭാവിക്കുന്നു. ജൈവ, നേർവളപ്രയോഗങ്ങൾ ചെയ്യാതിരിക്കുക. മണ്ണിന്റെ സ്വഭാവം മനസ്സിലാക്കാതെയുള്ളവളപ്രയോഗം കൃഷിക്കാരന്റെ നഷ്ടത്തിന് ആക്കം കൂട്ടുന്നു. ടി കാരണങ്ങളാൽ കാർഷിക രംഗം മുരടിക്കുകയാണ്. കാർഷിക വ്യാവസായിക മണ്ഡലങ്ങളിൽ ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയാൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം

ഗവർമെന്റ് ഗ്രാന്റുകൾ യഥാസമയം ലഭിക്കുന്നതിന് ഇന്നും ബുദ്ധിമുട്ടുകൾ അനുഭവപ്പെടുകയാണ്. ഗ്രന്റുകൾ പിരിക്കുന്ന മേഖലയിൽ വച്ചു തന്നെ പഞ്ചായത്തുകൾക്കു നൽകുന്നതിനുള്ള നിയമങ്ങൾ ഉണ്ടാക്കിയാൽ ഗ്രാന്റ് ലഭ്യതയിലെ കാലതാമസം ഒഴിവാക്കാൻ കഴിയും. ജനസംഖ്യയിലെ ദുർബല വിഭാങ്ങളുടേയും, പട്ടിക ജാതിക്കാരുടേയും സ്ത്രീകളുടേയും എണ്ണം എന്നിവയെ അടിസ്ഥാനമാക്കി ഗ്രാന്റുകൾ വിതരണം ചെയ്യപ്പെട്ടങ്കിലേ ഇതു നീതി പൂർവ്വമാകുകയുള്ളു സ്റ്റാമ്പു ഡ്യൂട്ടിയുടെ 25% വിതരണം ചെയ്യുന്നതിനുള്ള പഞ്ചായത്ത് ഡയറക്ടറുടെ വിവേചനാധികാരം അവസാനിപ്പിക്കുകയും 75% ഡ്യൂട്ടി വിതരണം ചെയ്യുന്നതു പോലെ 25 % ഡ്യൂട്ടിയും വിതരണം ചെയ്യുന്ന സംവിധാനം ഏർപ്പെടുത്തണം.

ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം 250 നോടടുത്തുണ്ടങ്കിലും സ്വന്തമായി ഉയർന്ന സാമ്പത്തിക നില കൈവരിച്ചവർ അംഗുലിപരിമിതയാണ്. ഗൾഫിൽ നിന്നും തിരിച്ചു വരുന്നവർ പോലും വ്യവസായസംരംഭങ്ങൾക്ക് മുതൽ മുടക്കുവാൻ തയ്യാറുകുന്നില്ല.

1995-96 ൽ പിരിച്ചെടുത്ത കെട്ടിടനികുതി 142919/- രൂപയും തൊഴിൽ നികുതി 105996/ രൂപയും ലൈസൻസ് ഫീസ് 5267 രൂപയും വാഹനനികുതി 1580/ രൂപയും മാത്രമാണ് ഈ വരുമാനത്തിന്റെ കണക്കു പരിശോധിച്ചാൽ തന്നെ പഞ്ചായത്തിന്റെ വരുമാനത്തിലെ പിന്നോക്കാവസ്ഥ ബോധ്യപ്പെടും, വിനോദനികുതിയിനത്തിലോ, പ്രദർശനനികുതിയിനത്തിലോ, സർവ്വീസ് ചാർജ്ജ് ഇനത്തിലോ ചന്തവരവിലോ ലാന്റ് സെസ്സ് ഇനത്തിലോ യാതൊരു വരുമാനവും ഈ പഞ്ചായത്തിനില്ല. ഉള്ള നികുതി പോലും പിരിച്ചെടുക്കപ്പെടുന്നില്ല.

കാർഷിക മേഖലയിൽ പണിയെടുക്കുന്ന സാധാരണക്കാരാണ് ഇവിടെയുള്ള ജനവിഭാഗത്തിൽ ഭൂരിപക്ഷവും സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവരുടെ എണ്ണവും വ്യവസായ സ്ഥാപനങ്ങളുടേയും, വ്യാപാര സ്ഥാപനങ്ങളുടെയും ഇല്ലായ്മയും വരുമാനത്തേയും നികുതിയേയും സാരമായും ബാധിക്കുന്നു.

നിലവിലുള്ള നികുതികൾ കാലോചിതമായി പരിഷ്കരിക്കുകയും പഞ്ചായത്തിന്റെവികസന പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കലാണ് നികുതി

കൊടുക്കൽവഴിചെയ്യുന്നത് എന്ന ബോധം ജനങ്ങൾക്ക് ഉണ്ടാക്കികൊടുക്കുകയും ചെയ്താൽ വരുമാനം കൂട്ടുന്നതിന് കഴിയും

1. ജനങ്ങൾക്ക് ദുസ്സഹവും ഭാരവുമാകാത്ത രീതിയിൽ നികുതി ഘടനയിൽ മാറ്റം വരുത്തുക.

2. എല്ലാവരിൽ നിന്നും നികുതി ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുക

3. നികുതിയിനത്തിലുള്ള വരവിന്റേയും ചിലവിന്റേയും കണക്കിൽ സുതാര്യതയുണ്ടാവുക.

4. കണക്കുകൾ കൃത്യമായി സൂക്ഷിക്കുകയും , അത് ജനങ്ങൾക്ക് ബോദ്ധ്യപ്പെടാൻ അവസരം ഉണ്ടാകുകയും ചെയ്യുക.

***കെട്ടിടനികുതി.***

1. കെട്ടിടത്തിന്റെ മതിപ്പുവിലയുടെ കൂടെ കെട്ടിടത്തിന്റെ ആഡംബരവും കൂടി കണക്കിലെടുത്ത് നികുതിചുമത്തുക.

2. സബ്ജക്ട് എക്സ്പർട്ടുകളെ ഉൾപ്പെടുത്തി അസ്സസ്സ്മെന്റ് കമ്മറ്റി രൂപീകരിക്കുക.

3. കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ നികുതി കുറയ്ക്കാതിരിക്കുക.

4. ഗ്രാമസഭകളുടെ സഹകരണത്തോടെ നികുതിപിരിവു ഊർജ്ജിതപ്പെടുത്തുക.

***തൊഴിൽ നികുതി.***

1. സർക്കാർ എയിഡഡ് സ്കൂൾ ജീവനക്കാരിൽ നിന്നും കൃഷിക്കാരിൽ നിന്നും മാത്രം തൊഴിൽ നികുതി പിരിക്കുന്ന സമ്പ്രദായം അവസാനിപ്പിക്കുക.

2. എല്ലാ തൊഴിലാളികളേയും ഗ്രൂപ്പു ഇൻഷ്വറൻസിന്റെ കീഴിൽ കൊണ്ടുവരുകയും സ്കീമിൽ ഉൾപ്പെന്ന തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി പിരിക്കുകയും ചെയ്യുക.

3. നിർമ്മാണ തൊഴിലാളിക്ഷേമനിധിബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുക.

## ഖനനം.

***കക്ക***

വളരെക്കാലമായി ഈ പഞ്ചായത്തിൽ നിന്നും ഖനനം ചെയ്തെടുക്കുന്ന കക്കയിൽ നിന്നും യാതൊരു വിധ വരുമാനവും പഞ്ചായത്തിന് ലഭിക്കുന്നില്ല. നിരന്തരമായി ഖനനം മൂലം കക്കയുടെ ഉറവിടം കുറഞ്ഞു വരുകയാണ് ഒരു പാട്ടയ്ക്ക 50 പൈസ എങ്കിലും പഞ്ചായത്ത് നികുതിചുമത്തിയാൽ പഞ്ചായത്തിന് നല്ലൊരു വരുമാന മാർഗ്ഗമായിരിക്കും.

***ചെളി.***

കരഭൂമിക്കും പാടശേഖരത്തിനും ദോഷം വരാത്തരീതയിൽ ചെളിയെടുക്കേണ്ടതാണ്.

പഞ്ചായത്തിന്റെകൈവശത്തിലുള്ള നദികളിൽ നിന്നും കായലുകളിൽ നിന്നും ചെളികുത്തിയെടുക്കുന്ന സമ്പ്രദായം മൂലം ഉള്ള കരഭൂമിയുടെ നിലനില്പുതന്നെ അവതാളത്തിലായിരിക്കുകയാണ്. ചെളികുത്തിയെടുക്കുന്ന സമ്പ്രദായം നിർത്തലാക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

***ബാങ്കിംഗ്***

ഈ പഞ്ചായത്തിൽ ഒരു ദേശസാൽകൃതബാങ്കിന്റെ ശാഖയും, ഒരു ഷെഡ്യൂൾഡ് ബാങ്കും നാലുസഹകരണ ബാങ്കുകളുമാണുള്ളത്. ഇതുകൂടാതെ സ്വകാര്യവ്യക്തികൾ രേഖകളില്ലാതെ നടത്തുന്ന സ്വകാര്യവിക്രയങ്ങൾ ഓരോ വാർഡുകളിലും തിട്ടപ്പെടുത്തുവാൻ പോലും കഴിയാത്തത്രയുണ്ട്. ഇവർ 60% മുതൽ 96% വരെ പലിശയാണ് ഇടാക്കുന്നത്. ഇവരുടെ നീരാളിപ്പിടുത്തത്തിൽ നിന്ന് ജനങ്ങളെ രക്ഷിക്കണമെങ്കിൽ പൊതുമേഖലാ ബാങ്കുകളും, സഹകരണബാങ്കുകളും തങ്ങളുടെ വായ്പാനയം ഉദാരമാക്കിയേ കഴിയൂ. നാട്ടിൽ നിന്നും നിക്ഷേപങ്ങൾ പ്രദേശം വിട്ടുപോകാതെയും ശേഖരിക്കുന്ന നിക്ഷേപത്തിന്റെ 90 % എങ്കിലും ഇവിടെത്തന്നെ വായ്പയായി വിനിയോഗിക്കുവാൻ ഇവർ തയ്യാറാകണം. വ്യവസായ കാർഷിക മേഖലകൾക്ക് വായ്പ നൽകുന്നതിന് ബാങ്കുകൾ അയഞ്ഞ സമീപനം കാണിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തുരാജ് ആക്റ്റു പ്രകാരം ഗ്രാമസഭകളും പഞ്ചായത്തും അംഗീകരിക്കുന്ന പദ്ധതികൾക്ക് ബാങ്കുകൾ വായ്പ നൽകുന്നതിന് ബാദ്ധ്യസ്ഥമായ നിയമം കൊണ്ടുവരേണ്ടിയിരിക്കുന്നു.

***മറ്റു ധനാഗമ മാർഗ്ഗങ്ങൾ***

ഈ പഞ്ചായത്തിലെ പുഴ പുറമ്പോക്കായി ഉള്ള ഭൂമി സ്വകാര്യവ്യക്തികൾ കയ്യടക്കിയിരിക്കുന്ന സ്ഥിതിയാണുള്ളത്. ഈ ഭൂമി തൊട്ടടുത്ത താമസക്കാരന് മാർക്കറ്റുവിലയുമായി താരതമ്യപ്പെടുത്തി പഞ്ചായത്തു കമ്മറ്റി തീരുമാനിക്കുന്നവിലയ്ക്ക് നൽകിയാൽ അന്യാധീനപ്പെട്ട പുറമ്പോക്കുഭൂമിയിൽ നിന്നും ആദായം ഉണ്ടാക്കുന്നതിനു കഴിയും . ഇങ്ങനെ ലഭിക്കുന്ന പണം പ്രത്യേക അക്കൗണ്ടിൽപ്പെടുത്തി പ്രത്യുൽപ്പാദനപരമായ മേഖലയിൽ മുതൽമുടക്കാം.

പഞ്ചായത്തിൽ പ്രവേശിക്കുന്ന ഹൗസ് ബോട്ടുകൾക്ക് പ്രവേശനനികുതി ഏർപ്പെടുത്തിയും കെട്ടുവള്ളങ്ങൾക്ക് നികുതി ഏർപ്പെടുത്തിയും വരുമാനം വർദ്ധിപ്പി

ക്കുവാൻ കഴിയും . രണ്ടുലക്ഷം രൂപയിൽ അധികരിച്ച് എസ്റ്റിമേറ്റുള്ള കെട്ടിടം നിർമ്മിക്കുന്നവർക്ക് പ്രത്യേക (ആഡംബര) നികുതി ഏർപ്പെടുത്താവുന്നതാണ്.

***ചെലവുകൾ***

വരുമാനത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൽ ചെലവുകൾ ബഹുഭൂരിപക്ഷവും പ്രത്യുൽപ്പാദനപരമല്ലാത്ത മേഖലയിലാണ് ചെലവഴിക്കപ്പെടുന്നത്. ആകെ ചിലവിന്റെ സിംഹഭാഗവും ഭരണച്ചിലവിനും പൊതുമരാമത്തിനുമായി ചിലവഴിക്കപ്പെടുന്നു. നല്ല നടവഴികളില്ലാത്തത് ആവർത്തനച്ചിലവിന് ഇടവരുത്തുന്നു. അറ്റകുറ്റപ്പണികൾക്ക് ചിലവഴിക്കപ്പെടന്നതിനാൽ പ്രായോഗികമായി ഉണ്ടാകുന്ന വെള്ളപ്പൊക്കവും, വർഷത്തിലൊരിക്കലെങ്കിലും വഴികൾക്ക് ആവർത്തനച്ചിലവുണ്ടാക്കുന്നു. യഥാർത്ഥത്തിൽ താൽക്കാലിക റിപ്പയറിംഗ് വർക്കുകൾ യാതൊരു ഗുണവും ചെയ്യുന്നില്ല. ഭരണച്ചിലവ് കുറയ്ക്കുന്നതിന് കാര്യമായി ഒന്നും ചെയ്യുവാനും കഴിയുന്നില്ല.

***ഷോപ്പിംഗ് കോംപ്ലക്സ്***

പഞ്ചായത്താഫീസിനു സമീപം റോഡ് എത്തിച്ചേുന്ന സ്ഥലം ഭാവിയിൽ വികസനസാദ്ധ്യതയുള്ളതാണ്. ഈ പ്രദേശത്ത് ഒരു ബസ്സ്റ്റാന്റും ഷോപ്പിംഗ് കോംപ്ലക്സും സ്ഥാപിച്ചാൽ പഞ്ചായത്തിന് കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിന് കഴിയും. ഒരു ഗ്രാമചന്തയും, മത്സ്യമാർക്കറ്റും ഇറച്ചി മാർക്കറ്റും തുടങ്ങിയാൽ ഇതിന്റെ ഗുണം പഞ്ചായത്തിന്റെ വരുമാനത്തിൽ പ്രതിഫലിക്കും. ഇതു കൂടാതെ ഗ്രാമീണർക്കു ആവശ്യമായ സാധനങ്ങൾ ഒരു സ്ഥലത്തു നിന്നും വാങ്ങുന്നതിന് സഹായകരമാവുകയും ചെയ്യും. പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുവാൻ തയ്യറായാൽ ഗ്രാമീണരുടെ ആരോഗ്യ വരുമാനരംഗത്തും ഉയർച്ചയുണ്ടാക്കുന്നതിന് കഴിയുന്നതാണ്.

***ടൂറിസം.***

ഈ പഞ്ചായത്തിൽ ടൂറിസത്തിന് വമ്പിച്ച വികസന സാദ്ധ്യതയാണുള്ളത് കായലും, പുഴയും തോടുകളും അവയ്ക്കിടയിലുളള തുരുത്തുകളും കായലുകളിലേക്കും, പുഴകളിലേക്കും തള്ളിനില്കുന്ന മുനമ്പുകളും, പച്ചച്ചനെൽപാടങ്ങളും, ഹരിതാഭമായ തെങ്ങിൻ തലപ്പുകളും കൈനകരിയുടെ പ്രകൃതിഭംഗിയുടെ വരദാനങ്ങളാണ്. ടൂറിസം വ്യവസായത്തെ പ്രോത്സാഹിപ്പിക്കാൻ കഴിഞ്ഞാൽ നികുതിയിനത്തിൽ പഞ്ചായത്തിനും, തൊഴിൽ രംഗത്തു തൊഴിൽ രഹിതർക്കും ഇതൊരു മുതൽക്കൂട്ടായി മാറും.

നാഷണൽ സേവിങ്ങ് സ്കീമിൽ നിക്ഷേപിക്കുന്ന തുകയുടെ 15 മുതൽ 25 വരെ പഞ്ചായത്തുകൾക്ക് ലഭിക്കുന്ന അവസ്ഥ ഇപ്പോൾ നിലവിലുണ്ട്. നാഷണൽ സേവിങ്ങ് സ്കീമിൽ (ഇന്ദിര വികാസ് പത്ര ) പരമാവധി നിക്ഷേപം സ്വരൂപിക്കുന്ന പ്രവർത്തനത്തിൽ ഗ്രാമസഭകളും പഞ്ചായത്തു കമ്മറ്റിയും മുൻകൈയെടുത്താൽ പഞ്ചയത്തിന് നല്ലൊരു വരുമാനമാർഗ്ഗമാക്കി ഇതിനെ മാറ്റുവാൻ കഴിയും. പ്രാദേശിക വികസനത്തിനായി ധനകാര്യ സ്ഥാപനങ്ങൾ മുതൽ മുടക്കുവാൻ തയ്യാറാകണം.

***മനുഷ്യാധ്വാനം***

സ്വന്തം നാടിന്റെ വികസനത്തിന് ജാതിമത രാഷ്ട്രീയ പരിഗണനകൾക്കതീതമായി തങ്ങളുടെ അദ്ധ്വാനം ചിലവഴിക്കുന്നതിന് ബഹുജനങ്ങളെ തയ്യാറാക്കിയെടുക്കുന്നതിന് സാധിച്ചാൽ നമ്മുടെ വികസന പ്രവർത്തനങ്ങൾക്ക് ഇതൊരു മുതൽക്കൂട്ടാക്കി മാറ്റുന്നതിനു കഴിയും. ഗ്രാമസഭകളിൽ നിന്നും സ്വന്തം അദ്ധ്വാനം വികസനത്തിനുവേണ്ടി സമർപ്പിക്കുവാൻ തയ്യാറാണെന്നുള്ള വാഗ്ദാനം ഉയർന്നുവന്നുകഴിഞ്ഞു. ഈ വാഗ്ദാനത്തെ പ്രവൃത്തിപഥത്തിൽ എത്തിക്കുവാൻ കഴിയണം. ചെറിയ റോഡുകളുടേയും നടവഴികളുടേയും നിർമ്മാണം നടത്തുന്നതിന് അതിന്റെ പരിസരവാസികൾ വിചാരിച്ചാൽ കഴിയുന്നതാണ്.

സ്കൂളുകളിലെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് സന്നദ്ധരായ അഭ്യസ്ഥവിദ്യരായ ആളുകൾ വിചാരിച്ചാൽ കഴിയും. S.S.L.C യും അതിനുമുകളിലും വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് നമ്മുടെ ഗ്രാമീണ വിദ്യാർത്ഥികളെ വിദ്യാഭ്യാസകാര്യത്തിൽ സഹായിക്കുവാൻ കഴിയേണ്ടതാണ്. സന്നദ്ധസംഘടനകളും യുവജനസംഘടനകളും ധാരാളമായി പ്രവർത്തിക്കുന്ന നമ്മുടെ പഞ്ചായത്തിൽ വികസനപ്രവർത്തനങ്ങൾക്ക് പൊതുജനപങ്കാളിത്തം ഉറപ്പാകുവാൻ കഴിയുമെന്നുള്ളതിൽ തർക്കമില്ല. വർഷംതോറും ജനങ്ങളിൽ നിന്നും തുക പിരിച്ചെടുത്ത് ഒരു പഞ്ചായത്ത് വിദ്യാഭ്യാസഫണ്ട് ഏർപ്പെടുത്താവുന്നതാണ്.

മനുഷ്യാദ്ധ്വാനത്തെ പരമാവധി പ്രയോജനപ്പെടുത്തിയെങ്കിൽ മാത്രമേ വികസന പ്രവർത്തനങ്ങൾക്കു കരുത്തുണ്ടാകൂ. തന്റെ കൂടി പങ്കാളിത്തം വികസനത്തിനുണ്ടാവേണ്ടത് അനിവാര്യമാണന്ന ബോധം ഗ്രാമീണരിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

1. പഞ്ചായത്തുകളിലെ പാരലൽ കോളജുകളിൽ നിന്നു ടാക്സ് ഈടാക്കാവുന്നതാണ്.

2. വിവാഹരജിസ്റ്ററിനു വരുന്നവരിൽ നിന്നും ഫീസ് ഈടാക്കി വരുമാനം വർദ്ധിപ്പിക്കണം.

3. തെരുവുവിളക്കുകൾക്ക് ഉപയോഗിക്കുന്ന വൈദ്യുതിക്കുമാത്രം ചാർജ്ജ് ഈടാക്കുക

4. കക്കയുടെ റോയൽറ്റി പഞ്ചായത്തിന് കിട്ടണം.

***95 _ 96 ലെ പഞ്ചായത്ത് വരവിനങ്ങൾ***

| ബാക്കി | പിരിച്ചത് | ധനാഭ്യർത്ഥന | ഇനം |
|---|---|---|---|
| 32,460 | 1,42,919 | 1,75,379 | കെട്ടിടനികുതി |
| 9,129 | 1,05,996 | 1,15,125 | തൊഴിൽ നികുതി |
| 420 | 1,580 | 2,000 | വാഹനനികുതി |
| 172 | 5,267 | 5,439 | ലൈസൻസ് ഫീസ് |
| | 33,073 | 33,673 | വസ്തു കൈമാറ്റ നികുതി (75%) |
| 16,150 | | 16,150 | ഡിപ്പോസിറ്റ് |
| 6,000 | 19,000 | 25,000 | മറ്റുള്ളവ |
| 64,331 | 3,07,835 | 3,72,166 | ആകെ |

## *ഗ്രാന്റ് വിവരങ്ങൾ*

| അടിസ്ഥാന നികുതി | | | | | | | | |
|---|---|---|---|---|---|---|---|---|
| VRM രൂ | ML രൂ | VTC | 25%രൂ | 75% രൂ | Spl. Grand രൂ | JRY രൂ | അൺടൈഡ് ഫണ്ട് രൂ | ആകെ |
| 21,475 | 10,00 | 1,60,615 | | 33,073 | 79,610 | 1,85,918 | 2,80,00 | 7,70,242 |

★★★★★

# ഉപസംഹാരം

ഗ്രാമസഭകളിൽ സമ്മതിദായകർ ഉന്നയിച്ച പ്രശ്നങ്ങളും പരിഹാരവിധികളും നാട്ടറിവുകളും കേട്ടറിവുകളും കുറേയേറെ സ്ഥിതിവിവര കണക്കുകളും ആധികാരിക രേഖകളുമൊക്കെ ചേർത്തുവച്ചൊരുക്കിയ ഈ വികസന രേഖ ഇവിടെ ഉപസംഹരിക്കുകയാണ്. പക്ഷെ ഈ രേഖ വഴിച്ചൂട്ടാക്കി നാം തുടങ്ങാൻപോകുന്ന വികസന യാത്രയ്ക്കൊരു ഉപസംഹാരമില്ല. ഒൻപതാം പദ്ധതിക്ക് ജനകീയതയുടെ തൂവെളിച്ചം പകരുന്ന ഈ താളുകൾക്ക് യാഥാർത്ഥ്യത്തിന്റെ നിറമേകാൻ എല്ലാം മറന്ന് നമുക്ക് ഒന്നാകാം. ഗ്രാമങ്ങളെ ഭാരതത്തിന്റെ ആത്മാവുകൾ എന്നുവിളിക്കുകയും ഗ്രാമങ്ങളെ പറ്റി ഒരുപാട് പറയുകയും അവയുടെ ദുരിതങ്ങളോർത്ത് ഏറെ പരിതപിക്കുകയും ചെയ്ത അർദ്ധനഗ്നനായ ആ മഹാപുരുഷന്റെ, മഹാനായ നമ്മുടെ രാഷ്ട്രപിതാവിന്റെ ഗ്രാമസ്വപ്നങ്ങൾക്ക് ഓജസ്സും തേജസ്സും പകർന്നുകൊടുത്ത് ഒരുമയോടെ മുന്നേറുവാൻ കക്ഷി രാഷ്ട്രീയ, ജാതി മത വർണ്ണ വർഗ്ഗ ഭേദങ്ങൾ നമുക്ക് വിലങ്ങുകൾ തീർക്കാതിരിക്കട്ടെ!!! "ഒൻപതാം പദ്ധതി" വിഹിതമായി നമുക്ക് ലഭിക്കാൻ പോകുന്ന 35_40 ശതമാനത്തെ എത്ര മടങ്ങുകളാക്കി വർദ്ധിപ്പിക്കുവാൻ കഴിയുന്നുവോ അപ്പോഴാണ് നാം ശരിയായ ആസൂത്രണ വഴിയിലെത്തുന്നത്. അങ്ങനെ, വർദ്ധിപ്പിക്കലിന്റെ യജ്ഞവേദിയിലേക്ക് ഐക്യഗീതവും പാടി നാം പോകുമ്പോൾ ഒരു മാർഗ്ഗദർശിയായി ഈ പുസ്തകം നിലകൊള്ളും. നാം പറഞ്ഞതും കണ്ടതും കേട്ടതും സത്യവുമായ കുറേയേറെ കാര്യങ്ങൾ ഈ കടലാസ്സുകളിലുണ്ട് നമ്മുടെ മണ്ണും മനവും വയലും നെല്ലും പുഴയും കായലും തെങ്ങും ജീവിതവുമെല്ലാം ഇതിലുണ്ട്. പതിറ്റാണ്ടുകളായി വികസന സംവാദങ്ങളിൽ നിന്നും ആസൂത്രണ പ്രക്രിയകളിൽ നിന്നും തിരസ്കൃതരാക്കപ്പെട്ടുകഴിയുന്ന കൈനകരിയുടെ ഗ്രാമജീവിതത്തിന് ഈ പുസ്തകം സമർപ്പിക്കുന്നു. ഒരുപക്ഷേ ഇതിൽ പോരായ്മകൾ ഉണ്ടാവാം. പോരായ്മകൾ അരിച്ചുമാറ്റി ശുദ്ധിവരുത്തേണ്ടതാണ്. അതിന് വിശദമായ ചർച്ച അനിവാര്യമാണ്. സംപുഷ്ടമായ വിശകലനത്തിലൂടെ, ചടുലമായ സംവാദത്തിലൂടെ ഈ പുസ്തകം കുറ്റമറ്റതാക്കി, ഭാവി തൻ പന്ഥാവിലെന്നുമൊരു ശിലാലിഖിത സ്മൃതിയായി ഇതിനെ മാറ്റിത്തീർക്കുവാൻ എല്ലാവരും സഹായിക്കുമെന്ന് സാദരം പ്രതീക്ഷിച്ചുകൊള്ളുന്നു.



*With Best Compliments From*

**S.T. REDDIAR & SONS(Alleppey)**

**Printers and Publishers**

**Alappuzha**

**Phone : 253483**

We under take quality offset Multi Colour Printing, Colour Scanning, Colour Seperation, Duplex and corrugated cartons for packing various products.

Printing and supply of :
wedding cards
visiting cards
Letter pads
&
Jobworks etc

**PROMPT FOR 48 HOURS DELIVERY**

## അനുബന്ധം- I

## കൈനകരി ഗ്രാമപഞ്ചായത്ത് വികസന സെമിനാർ
## 21-12-96 ന് സെൻറ്. മേരീസ് ഹൈസ്കൂൾ, കൈനകരി

# അവലോകനം

## പരിപാടികൾ :

9 **A M** to 9.30 **A M** – രജിസ്ട്രേഷൻ
9.30 ,, ,, 9.35 ,, – സ്വാഗതം : ശ്രീ. **M C** പ്രസാദ് (ഗ്രാമ പഞ്ചാ: വൈസ് പ്രസി:)
9.35 ,, ,, 9.45 ,, – ഉദ്ഘാടനം : ശ്രീ. **K K** പങ്കജാക്ഷൻ (ചമ്പക്കുളം ബ്ലോക്ക് പ്രസി;)
9.45 ,, ,, 10 ,, – അദ്ധ്യക്ഷ : ശ്രീമതി. **B** കൃഷ്ണകുമാരി (ഗ്രാമപഞ്ചാ പ്രസിഡൻറ്)

## ആശംസകൾ :

10 **A M to** 10.15 **A M** ശ്രീ. **P P** വിജയപ്പൻ (CPI(M))
,, **K N** ചന്ദ്രഭാനു (മുൻപഞ്ചാ പ്രസി:)
,, ബാബുപാറക്കാടൻ (കേരള കോ: ജെ.)
,, **A Z** സ്കറിയ (H M St. Mary's H S)

10.15 **am to** 10.30 **am** – ഒൻപതാം പദ്ധതി വിശദീകരണം
ശ്രീമതി. മറിയാമ്മ ജോസഫ്

10.30**A M to** 10.45**AM**– വികസന റിപ്പോർട്ട് അവതരണം
ശ്രീ. **P K** മാധവൻ (കൈനകരി പഞ്ചാ: സ്റ്റാ: ക; ചെയർ)

## ഗ്രൂപ്പ് ചർച്ച :

11 am to 3.45 pm ചർച്ച ക്രോഡീകരണം: 3.45 pm to 4.30 pm

പൊതുസഭ: 4.30 pm to 6.00 pm

ഗ്രൂപ്പ് ചർച്ച റിപ്പോർട്ട്, കർമ്മസമിതി രൂപീകരണം, പൊതുയോഗം: 6.00 pm ന്

## സംഭാവന :

ഫയൽ, നോട്ട്ബുക്ക്, പേന; കൈനകരി കക്കാ വ്യവസായ സഹകരണ സംഘം ക്ലിപ്തം ന: 2065.

വാളൻററി ഗ്രൂപ്പ്: സ്ക്കൗട്സ് & ഗൈഡ്സ് SNDP H S കുട്ടമംഗലം

## നാട്ററിവ് നൽകിയവർ

1) ദാമോദരൻ കൊതവറ 70

2) ഭവാനി തേവർകാട്ട് 79

3) കുഞ്ഞികുട്ടി ഊരിക്കേരിച്ചിറ 77

4) നാരായണൻ നായർ മാത്തൂർ 80

5) P R പരമേശ്വരപ്പണിക്കർ പുതുശേരി 83

6) കുട്ടപ്പൻ മാറാന്തറ 70

7) കൃഷ്ണകൈമൾ മാളിയേക്കൽ 80

8) പത്രോസ് കാരിക്കാത്ര 85

## വികസന സെമിനാറിൽ പങ്കെടുത്തവർ

| ഗ്രൂപ്പ് | വിഷയം | പുരുഷൻ | സ്ത്രീ. | ആകെ |
|---|---|---|---|---|
| 1 | കൃഷി, ജലസേചനം | 33 | ... | 33 |
| 2 | മൃഗസംരക്ഷണം, മത്സ്യബന്ധനം | 10 | 3 | 13 |
| 3 | വിദ്യാഭ്യാസം | 9 | 6 | 15 |
| 4 | കുടിവെള്ളം—ആരോഗ്യം | 8 | 2 | 10 |
| 5 | വ്യവസായം—ടൂറിസം | 19 | .... | 19 |
| 6 | ഗതാഗതം—ഊർജ്ജം | 28 | 1 | 29 |
| 7 | പാർപ്പിടം—സാമൂഹ്യ ക്ഷേമം | 9 | 18 | 27 |
| 8 | സംസ്കാരം | 6 | .... | 6 |
| 9 | വനിതാ ക്ഷേമം | .... | 17 | 17 |
| 10 | സഹകരണം | 9 | .... | 9 |
| 11 | പട്ടികജാതി—പട്ടികവർഗം | 11 | .... | 11 |
| 12 | വിഭവ സമാഹരണം | | | |

## ഗ്രൂപ്പ് റിപ്പോർട്ട് അവതരിപ്പിച്ചവർ

1) കൃഷി, ജലസേചനം: ശ്രീ. K P രാജേന്ദ്രൻ
2) മൃഗസംരക്ഷണം, മത്സ്യബന്ധനം : ,, ഡോ; സാം ടി. ജോയി
3) വിദ്യാഭ്യാസം : ,, V B മനോജ്കുമാർ
4) കുടിവെള്ളം, പൊതുജനാരോഗ്യം : ,, R വിശാഖൻ
5) വ്യവസായം, ടൂറിസം: ,, സുനിൽ
6) ഗതാഗതം, ഊർജ്ജം : ,, K D മോഹൻദാസ്
7) പാർപ്പിടം, സാമൂഹ്യക്ഷേമം : ,, P R സജീവ്കുമാർ
8) സംസ്കാരം : K A പ്രമോദ്
9) വനിത ക്ഷേമം : ശ്രീമതി. മിനിമോൾ S
10) സഹകരണം : ശ്രീ. D ചക്രപാണി
11) പട്ടിക ജാതി പട്ടികവർഗ്ഗവികസനം: ,, K രാഘവൻ (H.M. U. P. S. തോട്ടുകടവ്)
12) വിഭവസമാഹരണം: ,, സിബിവർഗീസ്

## പഞ്ചായത്ത് തല സെമിനാറിൽ പങ്കെടുത്ത അതിഥികൾ

| | | |
|---|---|---|
| 1 | ബ്ലോക്ക് പ്രസിഡന്റ് | 1 |
| 2 | പഞ്ചായത്ത് മെമ്പർ | 1 |
| 3 | ബ്ലോക്ക് പഞ്ചായത്ത് മെമ്പർ | 1 |
| 4 | ഗവ: ഉദ്യോഗസ്ഥർ | 19 |
| 5 | അംഗൻവാടി ജീവനക്കാർ | 15 |
| 6 | K. R. P. | 1 |
| | ആകെ | 38 |

## അനുബന്ധം- II

പഞ്ചായത്ത്തല വികസനസെമിനാറിൽ വിഷയ ഗ്രൂപ്പുകളിൽ ചർച്ചചെയ്ത പ്രിന്റഡ് റിപ്പോർട്ടിൻമേൽ ഉയർന്നുവന്ന പുതിയ നിർദേശങ്ങൾ

### കൃഷിയും ജലസേചനവും

1] വലിയകരി കനകാശേരി പാടശേഖരങ്ങളുടെ തിരിവ് ബണ്ടുകൾ [900 മീററർ] രണ്ടുവശവും കല്ലുകെട്ടി ഉയർത്തുക.

2] പുഞ്ചിരി ജെട്ടിമുതൽ മീനപ്പള്ളിക്കായലിലേയ്ക്ക് തോടുവെട്ടുക.

3] മീനപ്പള്ളി, കനകാശേരി പാടശേഖരങ്ങളുടെ ഡിവൈഡിംഗ് ബണ്ട് $1\frac{1}{2}$ മീററർ ഉയർത്തി ഇരുവശവും കല്ലുകെട്ടുക. [400 മീററർ]

4] ഉതിമട പുന്നാത്തുറ ഡിവൈഡിംഗ് ബണ്ട് ഉയർത്തി കല്ലുകെട്ടുക. [820 മീ:]

5] ഒരു നെൽകൃഷിയും ഒരു മത്സ്യകൃഷിയും പഞ്ചായത്തിന്റെ സഹായത്താൽ ചെയ്യുക.

6] നെൽകൃഷിയും മത്സ്യകൃഷിയും മാറി മാറി ചെയ്യുന്നതിന് രണ്ടോ മൂന്നോ മാതൃകാപാടശേഖരങ്ങൾ തെരഞ്ഞെടുക്കുക.

7] ഇപ്പോൾ ബ്ലോക്കടിസ്ഥാനത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ഇൻഷ്വറൻസ് സംവിധാനം ഭേദഗതിചെയ്ത് പാടശേഖരാടിസ്ഥാനത്തിൽ ഏതു രൂപത്തിൽ കൃഷിനഷ്ടപ്പെട്ടാലും എല്ലാ കർഷകർക്കും നഷ്ടപരിഹാരം ലഭ്യമാക്കണം.

8] പ്രധാനമന്ത്രിയുടെ പ്രത്യേകഘടക പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടില്ലാത്ത പാടശേഖരങ്ങൾക്കു ടി പണികൾക്ക് സമയപരിധി നീട്ടിത്തരുകയും, എസ്റ്റിമേററുതുക വർദ്ധിപ്പിക്കുകയും വേണം.

9] എല്ലാ പാടശേഖരങ്ങളുടേയും മോട്ടോർചാലുകൾ കല്ലുകെട്ടി സംരക്ഷിക്കണം.

10] വിത്ത്, വളം, കീടനാശിനി എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഇപ്പോൾ നിലവിലുള്ള സംവിധാനങ്ങളുടെ അപാകതകൾ പരിഹരിച്ച് കാര്യക്ഷമമാക്കുക.

11] 2700 ഹെക്ടർ കൃഷിഭൂമിക്ക് ഒരുകൃഷിക്ക് 270 ടൺ വിത്ത് ആവശ്യമാണ് ഈ ആവശ്യത്തിലേയ്ക്കായി അനുയോജ്യമായ 550 ഹെക്ടർ നിലം 'സീഡ് ഫാം' ആയി പ്രഖ്യാപിച്ച് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകണം. നെല്ലുവിലയുടെ 40% അധിക വിലയും പ്രസ്തുത കർഷകർക്ക് നൽകണം.

12 കല്ലുകെട്ടും റിംഗ് ബണ്ടും ലഭിക്കാത്ത പാടശേഖരങ്ങൾക്ക് അവ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

13 ഫലപ്രദമായ ഒരു മണ്ണുപരിശോധനാകേന്ദ്രം കൈനകരിയിൽ സ്ഥാപിക്കണം.

14 ഒരു സീസണിൽ കൃഷിയിറക്കിയില്ലെങ്കിൽ അടുത്ത അതേ സീസണിലെ കൃഷിയുടേയും പമ്പിംഗ് സബ്സിഡി തരാത്ത നിയമമാണ് നിലവിലുള്ളത് . ഈ സമ്പ്രദായം മാററിമുൻകാലപ്രാബല്യത്തോടെ മടവീഴ്ച ഉൾപ്പെടെയുള്ള എല്ലാകൃഷിക്കും പമ്പിംഗ് സമ്പ്രദായം ലഭ്യമാക്കണം.

15] നെല്ലിന്റെ ശത്രു–മിത്ര കീടങ്ങളെ തിരിച്ചറിയാൻ കർഷകനെ പ്രാപ്തനാക്കുന്ന സമ്പ്രദായം ഉണ്ടാകണം.

16] ആറുപങ്ക് പാടശേഖരവും, ചെറുകാലികായലും വേർതിരിക്കുന്ന തിരിവ് ബണ്ട് മാററി പകരം തോടുവെട്ടണം,

17] ആലപ്പുഴ പട്ടണത്തിലുള്ള വിവിധ കനാലുകളുടെ ആഴംകൂട്ടി ഷട്ടറുപയോഗിച്ച് കടലുമായി ബന്ധപ്പെടുത്തണം.

18] മീനപ്പള്ളി പാടത്തിന് റിംഗ് ബണ്ട് നിർമ്മിക്കുക.

19] കരഭൂമിയിൽ ഏത്തവാഴ, പച്ചക്കറി കൃഷികൾ വ്യാപകമാക്കുക.

## കൃഷി

1. ഗ്രൂപ്പ്ഫാമിംഗ് മരുന്ന് തളിക്കുന്നതിന് ഹെലികോപ്ററർ ഉപയോഗിക്കുക. ഹെലിപാഡിനുവേണ്ടി തോട്ടുകടവ്, കപ്പപ്പുറം സ്കൂൾ ഗ്രൗണ്ടുകൾ ഉയർത്തി ഉപയോഗ്യമാക്കുക.
2. എല്ലാ പാടശേഖരങ്ങൾക്കു ചുററുമുള്ളപുറംബോക്ക് ഉയർത്തി വീതികൂട്ടുക.
3. പഞ്ചായത്തതിർത്തിയിലുള്ള ഇടത്തോടുകൾ അടച്ച് യാത്രായോഗ്യമാക്കുക.

## മൃഗസംരക്ഷണം

1] രണ്ടാം വാർഡിൽ ചാലേച്ചിറയിൽ മിൽമാബൂത്ത് ആരംഭിക്കണം.

2] ഗുണമേൻമയുള്ള ആടുമാടുകളെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിതരണംചെയ്യുക. 507 സാമ്പത്തിക സഹായം നൽകണം.

3] ബോധവൽക്കരണത്തിനു ആവശ്യമായ ലഘുലേഖനങ്ങൾ വിതരണംചെയ്യുക.

4] ജൈവവളത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും ചാണകം സംഭരിച്ച് ജൈവ വളനിർമ്മാണ കേന്ദ്രം ആരംഭിക്കുകയുംചെയ്യുക.

5] മൃഗഡോക്ടറുടെ സേവനം എല്ലാ വാർഡിലും നിശ്ചിത ദിവസം കിട്ടുന്നതിനു ക്രമീകരണങ്ങൾ ഉണ്ടാക്കുക.

6] പാൽവില നിശ്ചയിക്കുന്ന ഇന്നത്തെ രീതിയിൽ ആവശ്യമായ മാററം വരുത്തുക.

7] ഹാഫ് — ഫീഡ് സബ്സിഡി സ്കീമിൽ ഈ പഞ്ചായത്തിനേയും ഉൾപ്പെടുത്തുക.

8] മൃഗാശുപത്രിക്ക് ഫോൺ, വാഹനം, സ്ഥിരം ഡോക്ടർ എന്നീ സൗകര്യങ്ങൾ ലഭ്യമാക്കണം.

## മത്സ്യബന്ധനം

1. ചെറുകാലികായലിന്റെ തോട്ടിൽ കുററിനാട്ടി വലവെച്ച് മീൻ പിടിക്കുന്നത് തടയണം.
2. ഇടനിലക്കാരെ ഒഴിവാക്കി മത്സ്യം സംസ്ക്കരിച്ച് കയററുമതി ചെയ്യുന്നതിന് സംവിധാനം ഉണ്ടാക്കണം.
3. പൊതു ജലാശയങ്ങളിൽ നെററുകെട്ടി സംരക്ഷിച്ചുകൊണ്ട് വളർത്തണം.
4 കേന്ദ്ര സർക്കാരിൽ നിന്ന് മത്സ്യതൊഴിലാളികൾ ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഉൾനാടൻ തൊഴിലാളികൾക്കും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം
5 മത്സ്യ തൊഴിലാളികളുടെ രജിസ്ട്രേഷൻ പഞ്ചായത്തടിസ്ഥാനത്തിൽ നടത്താൻ കഴിയണം.
6. C ബ്ലോക്കിനും, D ബ്ലോക്കിനും ഇടയിൽ തോട് വെട്ടിയാൽ മത്സ്യം വളർത്തുന്നതിനും, ഗതാഗതത്തിനും സൗകര്യമാകും.
7. മത്സ്യ തൊഴിലാളികളിൽ സമ്പാദ്യശീലം ഉണ്ടാക്കാൻ ആവശ്യമായ നടപടികൾ പഞ്ചായത്തു തലത്തിൽ ചെയ്യണം

## വിദ്യാഭ്യാസം

1) എല്ലാ സ്കൂളുകളിലും പ്രീ—പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഉണ്ടാകണം.
2) വാർഡുകളുടെ ആവശ്യത്തിന് ആശാൻ കളരികളുടെയും പ്രീ — പ്രൈമറി സ്ഥാപനങ്ങളുടെയും എണ്ണം വർദ്ധിപ്പിക്കണം.
3) പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവരുടെ നിലവാരം മെച്ചപ്പെടുത്താൻ പഞ്ചായത്തുതല സംവിധാനം വേണം
4) പ്രൈമറിതലത്തിൽ പ്രൈവററായി പരീക്ഷ എഴുതുവാനുള്ള സൗകര്യം ഒഴിവാക്കണം,
5) കുപ്പപ്പുറം ഗവ:ഹൈസ്കൂളിന്റെ പരാധീനതകൾ പരിഹരിയ്ക്കാൻ പ്രത്യേക ശ്രദ്ധയുണ്ടാകണം.
6) കലാ—കായിക പരിശീലനത്തിന് പഞ്ചായത്തുതലത്തിൽ ഒരുകേന്ദ്രീകൃത സംവിധാനം ഉണ്ടാകണം.
7) R ബ്ലോക്കിൽ പ്രീ-പ്രൈമറി സ്കൂൾ ആരംഭിക്കുക.
8) വിദ്യാർത്ഥി — അധ്യാപക അനുപാതം 1:30 ആക്കുക.
9) സാങ്കേതിക വിദ്യാഭ്യാസം മാതൃഭാഷയിലാക്കണം.
10) എഡ്യുക്കേഷൻ ഫൗണ്ടേഷൻ സെൻറർ സ്ഥാപിക്കണം.

## ഊർജ്ജം

1. എല്ലാവാർഡുകളിലും വഴിവിളക്ക് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക.
2. R ബ്ലോക്കിനു ചുററും വഴിവിളക്കുകൾ സ്ഥാപിക്കുക.
3. കൈനകരിയിലെ ഇലക്ട്രിസിററി ആഫീസിൽ ഫോണും, വാഹനവും അനുവദിക്കുക.
4 കൈനകരി പഞ്ചായത്തിൽപ്പെട്ട Q S T കായലുകൾക്ക് ഇപ്പോൾ വൈദ്യുതി ലഭിക്കുന്നത് പള്ളം ആഫീസിൽ നിന്നാണ് ഇതിന്റെ എല്ലാ നടപടിക്രമങ്ങളും കൈനകരി ആഫീസിൽ നിന്നു മാക്കണം.
5. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ 15 ട്രാൻസ് ഫോമറുകളും അനുബന്ധലൈനുകളും വലിക്കുക.
6. ലോഡ്ഷെഡിൽ നിന്നും പുഞ്ചകൃഷിയെ ഒഴിവാക്കുക.
7. ചക്രപ്പുരയ്ക്കൽ 11 KV ലൈനും ആലുംചുവട് 11 KV ലൈനും തമ്മിൽ യോജിപ്പിക്കുക.
8. വൈദ്യുതിലൈൻ മാററിയെടുക്കുന്നതിനാവശ്യമായ 11 കെ. വി. ലിങ്ക് സ്ഥാപിക്കുക.
9. I H D P ലക്ഷംവീടുകോളനികളിൽ സോളാർ പാനൽ സ്ഥാപിച്ചും വൈദ്യുതി ലഭ്യമാക്കുക.
10 കോളനികളിൽ ഗ്രൂപ്പടിസ്ഥാനത്തിൽ ഗോവർഗ്യാസ് ഉല്പാദിപ്പിച്ച് വിതരണംചെയ്യുക.
11. ആലപ്പുഴ ഇലക്ട്രിക്കൽ സെക്ഷനിൽ കട്ടനാടിനുവേണ്ടിയുള്ള ഫീഡ്സിൽ നിന്നും കൃഷിയാവശ്യത്തിന് വൈദ്യുതി ലഭിക്കുവാൻ നടപടി സ്വീകരിക്കുക.

12. തോട്ടുകടവു മുതൽ പുഞ്ചിരി ജെട്ടിവരെ തെരുവ് വിളക്ക് സ്ഥാപിക്കുക.

13. കപ്പപ്പുറം ഹൈസ്കൂൾ മുതൽ പുഞ്ചിരി ജെട്ടി വരെ തെരുവ് വിളക്ക് സ്ഥാപിക്കുക.

14. കൈനകരി വടക്ക് ജെട്ടിമുതൽ വടക്ക് പടിഞ്ഞാറ് ഭരെ വഴിവിളക്ക് സ്ഥാപിക്കുക.

# കുടിവെള്ളം
# പൊതുജനാരോഗ്യം

1] പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും ശുദ്ധജലമെത്തിക്കുവാനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ ഏറ്റെടുക്കുക.

2] കൈനകരിയുടെ കേന്ദ്രഭാഗത്ത് ഒരു പൊതുകുളം സ്ഥാപിക്കുക.

3] കയ്യാററിപള്ളി പരിസരത്തുള്ള കുഴൽകിണർ പ്രവർത്തന സജ്ജമാക്കുക.

4. മലിനീകരണം തടയുന്നതിന് വാർഡുതലത്തിൽ ബോധവൽക്കരണം നടത്തുക.

5. ആലപ്പുഴ നഗരത്തിലെ മാലിന്യങ്ങൾ കുട്ടനാടൻ ജലാശയങ്ങളിൽ ഒഴുക്കുന്നത് തടയുന്നതിന് മുൻസിപ്പാലിററിയുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുക.

6. തോടുകളിലേയ്ക്കും, ആറുകളിലേയ്ക്കും വളർന്നുകിടക്കുന്ന കടകലും മരങ്ങളും പഞ്ചായത്തിന്റെ നേതൃത്വത്തിൽ നശിപ്പിക്കുക.

7. നിലവിലുള്ള ടാപ്പിന്റെ കേടുപാടുകൾ തീർക്കുക.

8. പൊതു അറവുശാല സ്ഥാപിക്കുക.

# പൊതുജനാരോഗ്യം

1. പഞ്ചായത്തിലെ P H സെൻററിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കുക.

2. ആയിരവേലി കേന്ദ്രീകരിച്ച് ഒരു ഹോമിയോ ഡിസ്പെൻസറി തുടങ്ങുക.

3. പഞ്ചായത്തിൽ കക്കൂസ് ഇല്ലാത്തവരുടെ ലിസ്റ്റ് തയ്യാറാക്കി ചേർക്കുക.

4. എയ്ഡ്സിനും മററു രോഗങ്ങൾക്കുമെതിരെയുള്ള ബോധവൽക്കരണ ക്ലാസുകൾ നടത്തുക.

5. R ബ്ലോക്കിൽ 3 കുഴൽ കിണർ സ്ഥാപിക്കുക.

6. കൊതുക് നിവാരണത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

7. ഹൗസ്ബോട്ടുകളിൽ നിന്നും മോട്ടോർ ബോട്ടുകളിൽ നിന്നുമുള്ള മാലിന്യങ്ങൾ ജലാശയങ്ങളിൽ കലരുന്നത് നിയമം മൂലം തടയണം.

8. പാണ്ടിച്ചേരി പൈപ്പിന് ചുററും കല്ലുകെട്ടിശുദ്ധീകരിക്കുക.

9. അഞ്ചാം വാർഡിൽ അടച്ചിട്ടിരിക്കുന്ന മിഷ്യൻ ആശുപത്രി ഏറെറടുത്ത് പ്രവർത്തിപ്പിക്കുക.

10. ഭജനമഠം രണ്ടാം വാർഡിൽ പഞ്ചായത്തു വക പുറംപോക്ക് സ്ഥലത്ത് ഒരു ആയുർവേദ ആശുപത്രി നിർമ്മിക്കുക.

# വ്യവസായം

1] നാളികേര വ്യവസായം സഹകരണ മേഖലയിൽ രൂപീകരിച്ച് 'പ്രൊസസിംഗ്' യൂണിററ് ആരംഭിക്കുക.

2] കച്ചികെട്ടുകളാക്കി ക്ഷീരസംഘങ്ങൾവഴി വിപണനം നടത്തുക.

3] ഒരു ഐസ് ഫാക്ടറി സ്ഥാപിക്കുക.

4] കക്കാഉപയോഗിച്ച് ജനതാസം, കാർബൈഡ് വ്യവസായ യൂണിററുകൾ ആരംഭിക്കുക.

5] ഖാദിബോർഡുമായി സഹകരിച്ച് വാഴനാര് തുടങ്ങിയ അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ ഉണ്ടാക്കി വിപണനംചെയ്യുന്നതിനുള്ള യൂണിററ് ആരംഭിക്കുക. ആവശ്യമായ പരിശീലനം നൽകുക.

6] പലിശ രഹിത വായ്പകൾ സ്ത്രീകൾക്ക് നൽകി വ്യവസായ യൂണിററുകൾ ആരംഭിക്കുക.

7. ഇൻഡസ്ട്രിയൽഗൈഡ്സെൽ രൂപീകരിക്കുക

8] വ്യവസായാടിസ്ഥാനത്തിൽ പ്ലാസ്റ്റിക് തറപ്പാള ഉണ്ടാക്കുന്ന യൂണിററ് ആരംഭിക്കുക.

9] പഞ്ചായത്തിൽ ഇൻഡസ്ട്രിയൽ എസ്റ്റേററ് സ്ഥാപിക്കുക. വിവിധ വ്യവസായസംരംഭങ്ങൾക്ക് പരിശീലനം നൽകുന്നതിനും ഏർപ്പാടുണ്ടാക്കുക.

10] ഹോളോബ്രിക്സ് ഉണ്ടാക്കുന്ന യൂണിററ് ആരംഭിക്കുക.

# ഗതാഗതം

1. A C റോഡിൽ നിന്നും കൈനകരി പഞ്ചായത്താഫീസിന് സമീപം ആറ്റുതീരംവരെ വന്നുനിൽക്കുന്ന റോഡ് വണ്ടിവന്നു തിരിയുന്നതിനും പാർക്കുചെയ്യുന്നതിനും ആവശ്യമായസ്ഥലം അക്വയർചെയ്തു റോഡിന്റെവികസനത്തിനുള്ള തടസ്സം മാറ്റണം. പഞ്ചായത്ത്‌രാജ് ആക്ട് 220 B അനുസരിച്ചുള്ള നിയമനടപടികൾ സ്വീകരിക്കണം.

2. പള്ളിക്കടവ്—കളപ്പുരസ്കൂൾ റോഡിൽ നിന്നും 4, 5, 10 വാർഡുകളിൽ കൂടി C ബ്ലോക്ക് വരെ ഒരു റോഡ് നിർമ്മിക്കണം.

3. നെടുമുടിയിൽ നിന്നു, R ബ്ലോക്ക് Q S T കായൽ വഴികോട്ടയം ബോട്ട് സർവ്വീസ് ആരംഭിക്കുക

4. നാലാം വാർഡിൽ കളപ്പുരസ്കൂൾ പാലംമുതൽ ആയിരംവേലിവരെ ഓട്ടോറോഡ് നിർമ്മിക്കുക.

5. കേരളത്തിൽ ഏററവും പിന്നോക്കം നിൽക്കുന്ന പഞ്ചായത്ത് എന്നനിലയിൽ റോഡ്‌വികസനത്തിന് കൂടുതൽ ഫണ്ട് അനുവദിക്കുക.

6. 3–ാം വാർഡിൽ കൊച്ചുചക്കാലസ്കൂൾ, പനച്ചിക്കൽ, കൊച്ചുമുക്കാട്ടുതറ എന്നീ തുരുത്തുകൾ ചിറയുമായി ബന്ധിക്കുന്ന പാലം പണിയണം.

7. 3ാം വാർഡിലെ ഐലൻറിൽ ഒരുമീററർ പൊക്കത്തിൽ 3 മീററർ വീതിയിൽ ഗ്രാവൽ വഴി ഉണ്ടാക്കുക.

8. കുന്നിട്ടപ്പറമ്പ് പാലംമുതൽ SCB No. 1437 വരെ ആട്ടോ റോഡ് ഉണ്ടാക്കണം.

9. ആലക്കാട്ട മുതൽ പാടത്തിനു കുറുകെ ചാവറക്കളം വരെ ട്രാക്ടർ റോഡ് നിർമ്മിക്കണം.

10. 7ാം വാർഡിൽ ചാണാംപള്ളി പൗവ്വം റോഡ് പൂർത്തിയാക്കണം.

11. 7ാം വാർഡിൽ കണ്ടുകൃഷിയിൽ പാർട്ടിയാഫീസ് പാലം നിർമ്മിക്കുക.

12. കനകാശേരി I H D P കോളനിയിൽപ്പെട്ട മീനപ്പള്ളിക്കായലിന്റെ തുരുത്തുകളിൽ താമസിക്കുന്ന ആളുകൾക്ക് ചിറയുമായി ബന്ധപ്പെടാനുള്ള മാർഗം ഉണ്ടാക്കണം.

13. മുട്ടേൽ ജട്ടിയിൽ നിന്നും പടിഞ്ഞാറോട്ട് നടപ്പാത ഉണ്ടാക്കുക.

14 R ബ്ലോക്ക് പുല്ലാത്തുശേരി ജട്ടിയിൽ നിന്നും നടിച്ചിറ ഹരിജൻ കോളനിവഴി ഷേഷേടം ജട്ടിവരെ നടപ്പാത ഉണ്ടാക്കുക.

15. കാവാലം ആലപ്പുഴ റൂട്ടിൽ C ബ്ലോക്കു വഴിയുള്ള ബോട്ട് ചെറുകാലികായൽ ജെട്ടിയിൽ അടുപ്പിക്കുക.

16. ആലപ്പുഴ ബോട്ടു ജട്ടിയിൽ യാത്രക്കാർക്ക് വിശ്രമിക്കാനുള്ള സൗകര്യം, സ്ത്രീകൾക്ക് പ്രാഥമികാവശ്യത്തിനുള്ള സൗകര്യം ഉണ്ടാക്കണം.

17. R ബ്ലോക്കിലെ കൃഷ്ണൻകുട്ടിമൂല, പാലടിംബോഴ്സ്, R ബ്ളോക്ക് L C എന്നീ ജട്ടികൾ B ക്ലാസ്സായി ഉയർത്തി പുതുക്കിപ്പണിയണം.

18. റോഡുകളിലും വഴികളിലും ഇപ്പോൾ നടക്കുന്ന കേബിൾ വർക്ക് പഞ്ചായത്തിന്റെ നിർദേശത്തിന് വിധേയമാക്കണം.

19. വേണാട്ടുകാട്ടിൽ നിന്നും ആരംഭിച്ച് മൂന്നാററുമുഖംവഴി കൈനകരി സ്ക്കൂളിലേയ്ക്കും തിരിച്ച് സർവ്വീസ് ആരംഭിക്കുക. (രാവി: 9നും വൈ: 4നും)

20. കപ്പപ്പുറം ആശുപത്രി ജെട്ടിയും ചെട്ടിശേരി ജെട്ടിയും സ്ഥാപിക്കുക.

21. കപ്പപ്പുറം ജട്ടിമുതൽ കൈനകരിവടക്ക് ജെട്ടിവരെ റോഡുനിർമ്മിക്കുക.

22. തോട്ടുകടവ് മുതൽ പുഞ്ചിരിജെട്ടിവരെ റോഡു നിർമ്മിക്കുക.

23. പുഞ്ചിരി ജട്ടിമുതൽ തട്ടുങ്കൽ വരെ റോഡ് നിർമ്മിക്കുക.

24. കപ്പപ്പുറം ജെട്ടിമുതൽ ചുങ്കപ്പുരക്കൽ വരെ റോഡു നിർമ്മിക്കുക.

25. ചാലേച്ചിറ തോടിന്റെ ഇരുകരകളിലും കല്ലുകെട്ട് പുനസ്ഥാപിക്കുക.

# വാർത്താവിനിമയം

1] എല്ലാവാർഡുകളിലും ടെലഫോൺ ബൂത്ത് സ്ഥാപിക്കുക.

2] മുഴുവൻ അപേക്ഷകർക്കും ടെലഫോൺകണക്ഷൻ നൽകുക.

3] I H D P കോളനിയിൽ ബൂത്തിന് പ്രത്യേക പരിഗണന നൽകുക.

4] R ബ്ളോക്ക് E D പോസ്റ്റാഫീസിൽ പോസ്റ്റുമാനെ നിയമിക്കുക.

5] എല്ലാ വാർഡിലും T V സെൻറർ സ്ഥാപിക്കുക.

# ടൂറിസം

1. ചാവറ ഭവൻ കേന്ദ്രമാക്കി ടൂറിസ്റ്റ് കേന്ദ്രം തുടങ്ങുക.
2. കായൽ തീരങ്ങൾ ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കി വികസിപ്പിക്കുക.

# പാർപ്പിടം സാമൂഹ്യക്ഷേമം

1. ലഭ്യമാകുന്ന ആനുകൂല്യങ്ങളെക്കുറിച്ച് അറിവ് നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.
2 അംഗൻവാടികളുടേയും, ആശാൻ കളരിയുടേയും ഉദ്ദേശങ്ങൾ ജനങ്ങളെ ബോധ്യമാക്കണം.
3. അംഗൻവാടിയും ആശാൻകളരിയും അടുത്തടുത്തു സ്ഥാപിക്കരുത്
4. രണ്ടാംവാർഡിൽ ജനമഠം ക്ഷേത്രത്തിനു സമീപം ഉള്ള പഞ്ചായത്തു വക ഭൂമിയിൽ അംഗവാടി കെട്ടിടം പണിയുന്നതിനു പതിച്ചു നൽകണം.
5, പോങ്ങാന്തറ ലക്ഷം വീടുകോളനിക്ക് സമീപവും 8ാം വാർഡിൽ വായനശാലക്ക് സമീപമുള്ള പഞ്ചായത്തുവക സ്ഥലം അംഗൻവാടിക്കായി നൽകണം.
6. 3ാം വാർഡിൽ കളപ്പുരക്കൽ പാലത്തിനു സമീപവും 5ാം വാർഡിൽ പുന്നച്ചുവട് ഷാപ്പിനു സമീപവും ഉള്ളസ്ഥലം അംഗൻവാടിക്ക് പതിച്ചു നൽകണം.
7. എല്ലാവാർഡിലും അംഗൻവാടികൾക്ക് ആവശ്യമായ സ്ഥലം പുറമ്പോക്ക് ഭൂമികൾ പതിച്ചു നൽകണം.
8. സന്നദ്ധ സംഘടനകളുമായി ബന്ധപ്പെട്ട് വീടുകളും കക്കൂസുകളും സൗജന്യമായി വച്ചുകൊടുക്കണം.
9. മൈത്രി ഭവന നിർമ്മാണ പദ്ധതിയിലൂടെ ആവശ്യക്കാർക്ക് വീടുവച്ചുകൊടുക്കുകയും സ്പോൺസർ തുക പഞ്ചായത്തു നൽകുകയുംചെയ്യുക.
10. അർഹതപ്പെട്ടവർക്ക് ഭൂമി ഉയർത്തുന്നതിനു സാമ്പത്തിക സഹായം നൽകുക.
11. അത്യുല്പാദന ശേഷിയുള്ള ഇനം ആടുകളെഓരോ വാർഡിലും യൂണിററടിസ്ഥാനത്തിൽ വിതരണംചെയ്യുക.
12. ഓരോവീടിനും 50 കോഴികൾ വീതം നൽകുകയും സഹകരണ സംഘങ്ങൾ രൂപീകരിച്ച് മുട്ടയും കോഴിക്കുഞ്ഞുങ്ങളേയും എടുക്കുകയും വിതരണം ചെയ്യുകയും വേണം.
13. കക്കൂസുകൾ ഇല്ലാത്ത എല്ലാ വീടുകൾക്കും കക്കൂസ് വച്ചുകൊടുക്കണം.

# സംസ്ക്കാരം

1. ടാഗോർ വായനശാല സമീപമുള്ള പഞ്ചായത്തു പുറംമ്പോക്കിലേക്ക് മാററിസ്ഥാപിച്ച് അതോടൊപ്പം അംഗൻവാടിയും ആരംഭിക്കുക.
2. സാക്ഷരതാ പ്രവർത്തനത്തിന്റെ ഭാഗമായി ജനശിക്ഷണ നിലയങ്ങൾ എല്ലാവാർഡിലും രൂപീകരിക്കുകയും കാര്യക്ഷമമായി പ്രവർത്തിപ്പിക്കുകയുംചെയ്യുക,
3. ശുചിത്വ സംസ്ക്കാരം വളർത്തുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ തുടങ്ങുക.
4 കേരളോത്സവം എല്ലാവർഷവും ഒരുനിശ്ചിത തീയതിയിൽ നടത്തണം. ഇതോടനുബന്ധിച്ച് സാംസ്ക്കാരിക ഘോഷയാത്രയും നടത്തണം.
5. വനിതകൾക്കെതിരെ ഉയർന്നുവരുന്ന അക്രമങ്ങൾ തടയാൻ വാർഡുതോറും വനിതാ സമതികൾ രൂപീകരിച്ച് ബോധവൽക്കരണം ശക്തമാക്കണം
6. സംസ്ഥാന ദേശീയ തലങ്ങളിൽ ശ്രദ്ധേയരാകുന്ന കലാ—കായിക താരങ്ങളെ അനുമോദിക്കണം.
7. സ്പോർട്ട്സ് കൗൺസിൽ കോച്ചുകളെ സ്കൂളുകളിലേയ്ക്കും ക്ലബുകളിലേക്കും പരിശീലനത്തിനു ലഭ്യമാക്കുക.
3, കായികോപകരണങ്ങൾ എല്ലാ സ്കൂളുകൾക്കും നൽകുകയും ട്രെയിനിംഗ് ഡോക്കുകളും മററും സ്ഥാപിക്കുകയും ചെയ്യുക.
9. ലൈബ്രറി സെസ്സ് പുനരാരംഭിച്ച് അതു ഗ്രന്ഥശാലകൾക്ക് കൊടുക്കുക.
10. സ്കൂൾ ഗ്രൗണ്ടുകൾ പുനരുദ്ധരിച്ച് കായിക പരിശീലനം ചിട്ടപ്പെടുത്തുക.
11. അവധിക്കാലത്തു് വാർഡുകൾ തോറും കലാ—കായിക മേളകൾ സംഘടിപ്പിച്ച് ജനങ്ങളിൽ ഐക്യബോധം ശക്തമാക്കുക. ഇവയിൽ സാഹിത്യ—സാംസ്കാരിക നായകൻമാരെ പങ്കെടുപ്പിക്കുക.

## വനിതാക്ഷേമം

1. വനിതാ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാൻ വിവിധതലങ്ങളിലുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുക.
2. വനിതകൾക്കുള്ള വിവിധ വ്യവസായ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്യാമ്പുകൾ നടത്തുക.
3. 5 ാം വാർഡിലുള്ള ഖാദിബോർഡ് കേന്ദ്രം പ്രവർത്തനക്ഷമമാക്കുക.
4. ട്രൈസം പദ്ധതി കാര്യക്ഷമമാക്കുക.
5. കായൽതീരങ്ങളിലും പ്രകൃതിരമണീയമായ മറ്റുകേന്ദ്രങ്ങളിലും ടൂറിസ്റ്റുകൾക്ക് വേണ്ടി വിശ്രമകേന്ദ്രങ്ങളും, ഹോട്ടലുകളും, സ്ഥാപിച്ച് അവയുടെ നടത്തിപ്പ് സ്ത്രീകളെ ഏല്പിക്കുക.
6. വിവിധതരം കടൽ വ്യവസായങ്ങൾ തുടങ്ങുക.
7. ഖാദിബോർഡുമായി ബന്ധപ്പെട്ട് വ്യവസായ യൂണിറ്റുകൾ വാർഡ് അടിസ്ഥാനത്തിൽ സ്ഥാപിക്കുക.

## സഹകരണമേഖല

1. ഓരോ പ്രദേശത്തേയും കൃഷിസീസൺ അനുസരിച്ച് വായ്പയുടെ കാലാവധി നിശ്ചയിച്ച് യഥാസമയം വായ്പനൽകാനുള്ള അധികാരം പ്രാഥമിക സംഘങ്ങൾക്ക് നൽകുക.
2. സഹകരണ മേഖലയിൽ ത്രിതല സമ്പ്രദായം അവസാനിപ്പിച്ച് ദ്വിതല സമ്പ്രദായമാക്കുക. അതിനായി ജില്ലാ സഹകരണ ബാങ്കിനെ സംസ്ഥാന ബാങ്കിന്റെ ശാഖകളാക്കുക. ജില്ലാ ബാങ്കിന് കിട്ടുന്ന വായ്പ പലിശമാർജിൻ പ്രാഥമിക സംഘങ്ങൾക്കും ഉപഭോക്താക്കൾക്കും നൽകുക.
3. അപ്പക്സ് ബാങ്കുകളിൽ നിന്നും കാർഷികവായ്പനൽകുമ്പോൾ A B വിഭാഗങ്ങളായി തിരിക്കാതെ വായ്പ അനുവദിക്കുക. അംഗങ്ങൾക്ക് വായ്പനൽകുമ്പോൾകാലോചിതമായി A B തിരിച്ച് നൽകാനുള്ള അധികാരം സംഘങ്ങൾക്ക് നൽകുക.
4. ലേബർ കോൺട്രാക്ടേഴ്സ് സംഘം നമ്പർ. A 227ന്റെ പരിധികളിൽ അതേസ്വഭാവമുള്ള പുതിയ സംഘങ്ങൾ അനുവദിക്കാതിരിക്കുക.
5. പാൽസംഘങ്ങൾക്ക് ഏരിയനിശ്ചയിക്കുമ്പോൾ ഭൂമിശാസ്ത്രപരമായ സൗകര്യങ്ങൾ കൂടി പരിഗണിച്ച് കർഷകരെ സഹായിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ താഴെപ്പറയുന്ന സഹകരണ സംഘങ്ങൾ കൂടി പ്രവർത്തിച്ചുവരുന്നു.

1. കൈനകരി പഞ്ചായത്ത് – പട്ടികജാതി കോ: സൊസൈറ്റി നമ്പർ. എ 754.
2. കൈനകരി വടക്ക് വില്ലേജ് – ഉൾനാടൻ മത്സ്യത്തൊഴിലാളി ക്ഷേമവികസന സഹ: സംഘം നമ്പർ, F (A) i 107
3. കൈനകരി തെക്ക് വില്ലേജ് – ഉൾനാടൻ മത്സ്യതൊഴിലാളി ക്ഷേമവികസന സഹകരണ സംഘം നമ്പർ. F A i 99.

## പട്ടിക ജാതി - പട്ടിക വർഗ ക്ഷേമം

1. പട്ടികജാതി പട്ടികവർഗ ഭവന നിർമ്മാണത്തുക 25000 രൂപയായി ഉയർത്തുകയും വീടുനിർമ്മാണത്തിന് മാത്രം അനുവദിക്കുകയുംചെയ്യുക.
2. മിച്ചഭൂമിയിൽ 50% പട്ടികജാതി–പട്ടികവർഗ്ഗത്തിനായി നീക്കിവെയ്ക്കണം.
3. വൈദ്യുതീകരിക്കാത്ത മുഴുവൻ വീടുകളും വൈദ്യുതീകരിച്ച്, 4 പോയിന്റ് വയറിംഗ് നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കുക.
4. ഇതിനായി കൺസെന്റ് സമ്പ്രദായം ഒഴിവാക്കണം.
5. സ്വയം തൊഴിലിന് അപേക്ഷിക്കുന്ന മുഴുവൻ ആളുകൾക്കും കുടുംബത്തിലെ മറ്റുള്ളവരുടെ ബാദ്ധ്യത പരിഗണിക്കാതെ വായ്പ അനുവദിക്കണം.
6. ഒറ്റപ്പെട്ടു താമസിക്കുന്ന കുടുംബങ്ങളെ കൂടി I H D P കോളനിയിൽ ചേർത്ത് ആനുകൂല്യങ്ങൾ നൽകണം. I H D P കോളനികൾ ആക്ഷൻ പ്ലാൻ അനുസരിച്ചുള്ള പണികൾ പൂർത്തിയാക്കുക.
7. കനകാശേരി I H D P കോളനിക്കു വേണ്ടി പുഞ്ചിരി ജെട്ടിയിൽ നിന്നും കിഴക്കോട്ട് ചാക്കോങ്കളം മുട്ടുവരെയുള്ള വഴി പൂർത്തിയാക്കുക.
8. മണ്ണൊലിപ്പ് തടയുന്നതിനായി വസ്തുക്കൾ കല്ലുകെട്ടി സംരക്ഷിക്കുകയും ആവശ്യമായ ഭൂമി മണ്ണിട്ട് ഉയർത്തുകയും ചെയ്യുക.
9. പഞ്ചായത്തിനെ 4 മേഖലകളായി തിരിച്ച് 4 ശ്മശാനങ്ങൾ നിർമ്മിക്കുകയും നിലവിലുള്ളവ പുനരുദ്ധരിക്കുകയും ചെയ്യുക.

10. താമസഭൂമിക്ക് രേഖയില്ലാത്തവർക്ക് മതിയായ രേഖകൾ ലഭ്യമാക്കുക. റീസർവ്വേയിലെ അപാകതകൾ പരിഹരിക്കുക.

11. S E P ഫണ്ട് വകമാററി ചെലവാക്കുന്ന രീതി സ്വീകരിക്കാതിരിക്കുക.

12. എല്ലാകോളനികളും IHDP കോളനികളാക്കുക.

13. സെററിൽമെൻറ് കോളനികളിൽ കമ്മ്യൂണിററിഹാൾ നിർമ്മിച്ച് TV സ്ഥാപിക്കുക.

14. മുഴുവൻ വീടുകൾക്കും കക്കൂസ് നിർമ്മിച്ചുനൽകുക.

15. പ്രാഥമിക സംഘങ്ങളിൽ നിയമനം നടത്തുമ്പോൾ SC/ST വിഭാഗത്തിന് നിയമാനുസൃത പ്രാധിനിത്യം നൽകുക.

16. കോളനികളിൽ ഉള്ള ഇരട്ടവീടുകൾ ഒററവീടാക്കുക.

17. പിന്നോക്ക സമുദായത്തിൽപ്പെട്ട ജനവിഭാഗങ്ങൾ ക്രിസ്തുമത പരിവർത്തനം ചെയ്യപ്പെട്ടവരെ പട്ടികജാതി വിഭാഗത്തിൽപ്പെടുത്തി സർക്കാർ ആനുകൂല്യങ്ങളും തൊഴിലവസരങ്ങളും ഉണ്ടാകണം.

## വിഭവ സമാഹരണം

1. പഞ്ചായത്തതിർത്തിയിൽ ഖനനംചെയ്യുന്ന കക്കായുടെ റോയൽററി പഞ്ചായത്ത് ഫണ്ടിലേക്ക് വിട്ടുതരാനുള്ള നിയമഭേദഗതി കൊണ്ടുവരിക.
2. പഞ്ചായത്ത് അതിർത്തിയിൽപോകുന്ന ടൂറിസ്റ്റ് ബോട്ടുകൾക്ക് ടോൾ ഈടാക്കുക.

## ചരിത്രം

ചങ്ങനാശേരി അതിരൂപതയുടെ ബിഷപ്പായിരുന്ന മോൺ: ജെയിംസ് കാളാശേരി കൈനകരി നിവാസിയായിരുന്നു. കൈനകരി ജന്മം നൽകിയ മററു ചരിത്രപുരുഷൻമാരാണ് 1. ദിവാൻ പേഷ്ക്കാർ, T ചാണ്ടി തേവർകാട് 2. തിരുക്കൊച്ചി M L C തോമസ് ചാണ്ടി മുക്കാടൻ.

## വിട്ടുപോയത്:

ദേശീയ പ്രശസ്തി നേടിയ ഒരുകായിക താരമാണ് ബീനാ S പുത്തൻപറമ്പ്, പോളയ്ക്കൽ അന്തപ്പൻ ഭാഗവതർ, ചെട്ടിപറമ്പിൽകൃഷ്ണൻ ഭാഗവതർ, നമ്പിമഠം ഗോപാലൻ, കൈനകരി തങ്കപ്പൻ(മൃദംഗം), ശോഭനാ (ഗാനഭൂഷണം) വല്ല്യാറ ചാക്കോ(നാഗസ്വരം)

---

## വിട്ടുപോയ സ്ഥാപനങ്ങൾ

1. ലിററിൽ ഫ്ളവർ L P S ആററുവാത്തല കൈനകരി
2. സെൻറ് മേരീസ് L P S കൈനകരി
3. പമ്പ് ഹൗസ്, വാട്ടർ അതോറിററി
4. V E O ആഫീസുകൾ, തോട്ടുവാത്തല & കുട്ടമംഗലം
5. Govt ഹൈസ്ക്കൂൾ കപ്പപ്പുറം

---

## ചേർക്കേണ്ടത്:

പേജ് 7 ഖണ്ഡിക 1 അവസാനം

പിന്നോക്ക ജനവിഭാഗങ്ങളെ സംഘടിപ്പിക്കുന്നതിനും ബോധവൽക്കരിക്കുന്നതിനും ധീരമായ നേതൃത്വം നൽകിയിട്ടുള്ള ആളാണ്. കൈനകരി കുററിക്കാട്ടിൽ ശങ്കരൻ ചിന്നാൻ

## തിരുത്ത്:

P 6 ഖണ്ഡിക 1 1920 കളിൽ ശ്രീനാരായണഗുരു കൈനകരിയിൽ സന്ദർശനം നടത്തിയിട്ടുണ്ട്.

7 ,, 1 P കൃഷ്ണൻ എന്നത് A K നാരായണൻ എന്ന് തിരുത്ത്

,, ,, 4 സ്ത്രീകളുടെ വിശുദ്ധമായ ജീവിതത്തിനും അഭിവൃദ്ധിക്കും വിദ്യാഭ്യാസത്തിനും ചാവറയച്ചൻ സ്ഥാപിച്ച മഠമാണ് CMC എന്നപേരിൽ അറിയപ്പെടുന്നത്.

— o —

# വികസനരേഖ തയ്യാറാക്കിയവർ

| | |
|---|---|
| 1) ആമുഖം, ചരിത്രം : | എം. സി. പ്രസാദ്<br>കെ. എ. പ്രമോദ്<br>പി. വി. വിനോദ്<br>പി. റ്റി. ജോസഫ് |
| 2) ഭൂപ്രകൃതി,<br>ജനപ്രകൃതി,<br>ജലപ്രകൃതി : | കെ. എ. പ്രമോദ്<br>സിബി വർഗ്ഗീസ് |
| 3) കൃഷിയും<br>ജലസേചനവും : | ബേബി പാറക്കാടൻ<br>പി. ആർ. സജീവു കുമാർ<br>കെ. പി. രാജേന്ദ്രൻ<br>കെ. ഡി. മോഹൻദാസ് |
| 4) മൃഗസംരക്ഷണവും<br>മത്സ്യബന്ധനവും : | എം. എസ്. കുട്ടപ്പൻ<br>കെ. എ.പ്രമോദ്<br>പി. വി. വിനോദ് |
| 5) വിദ്യാഭ്യാസം : | പി. റ്റി. ജോസഫ്<br>കെ. എ. പ്രമോദ്<br>മറിയാമ്മ ജോസഫ് |
| 6) കുടിവെള്ളവും<br>പൊതുജനാരോഗ്യവും : | കെ. ഡി. മോഹൻദാസ്<br>പി. ആർ. സജീവ് കുമാർ<br>മിനിമോൾ. എസ്. |
| 7) വ്യവസായം : | സിബി വർഗ്ഗീസ്<br>മിനിമോൾ. എസ്.<br>പി. ആർ. സജ്ജീവ് കുമാർ |
| 8) ഗതാഗതം,<br>ഊർജ്ജം,<br>ടൂറിസം : | സിബി വർഗ്ഗീസ്<br>കെ. ടി. മോഹൻദാസ്<br>പി. എം. കുര്യൻ |
| 9) പാർപ്പിടം,<br>സാമൂഹ്യക്ഷേമം : | കെ. എ. പ്രമോദ്<br>കെ. ടി. മോഹൻദാസ്<br>മറിയാമ്മ ജോസഫ് |
| 10) സംസ്കാരം : | കെ. എ. പ്രമോദ്<br>പി. വി. വിനോദ്<br>കെ. ടി. മോഹൻദാസ് |
| 11) വനിത : | മറിയാമ്മ ജോസഫ്<br>മിനിമോൾ. എസ്.<br>ഐ. കെ. ലൈസമ്മ |
| 12) സഹകരണം : | സിബി വർഗ്ഗീസ്<br>കെ. വി. സെബാസ്റ്റ്യൻ |
| 13) പട്ടികജാതിക്ഷേമം : | കെ. ടി. മോഹൻദാസ്<br>സിബി വർഗ്ഗീസ് |
| 14) വിഭവസമാഹരണം : | സിബി വർഗ്ഗീസ് |

# KAINAKARY GRAMAPANCHAYAT

